ഷഹബാസ് അമ്പ്രാട്ടിന്റെ

ഇരുട്ട് കടക്കും.

(ഒരു ഓർമ്മ കുറിപ്പ്)

കുഞ്ചൻനമ്പ്യാരുടെ

തുള്ളൽകഥകൾ

(രണ്ടാം ഭാഗം)

പ്രസാധകന്മാർ: —

യോഗക്ഷേമം കമ്പനി ലിമിറ്റഡ്.

തൃശ്ശിവപേരൂർ

മംഗളോദയം അച്ചുക്കൂടത്തിൽ

അച്ചടിച്ചത്.

കോപ്പി 1000 വില 3ക.

Digitized By Kerala Sahitya Akademi

വിഷയവിവരം.

		മുതൽ	വരെ
1.	രുഗ്മിണീസ്വയംവരം	1	71
2.	സ്യമന്തകം	72	175
3.	രാമാനുചരിതം	176	213
4.	സത്യാസ്വയംവരം	214	266
5.	ബാണയുദ്ധം	267	305
6.	സന്താനഗോപാലം	306	345
7.	ഗോവർദ്ധനചരിതം	346	373
8.	ശ്രീകൃഷ്ണലീല	374	409
9.	കാളിയമർദ്ദനം	410	428
10.	പൌണ്ഡ്രകവധം	429	464
11.	നൃഗമോക്ഷം	465	499
12.	ധേനുകവധം	500	510
13.	ധ്രുവചരിതം	511	557
14.	പ്രഹ്ലാദചരിത്രം	558	586
15.	ഗജേന്ദ്രമോക്ഷം	587	599

Digitized By Kerala Sahitya Akademi

പ്രസ്താവന

കുഞ്ചൻനമ്പ്യാരുടെ തുള്ളൽകഥകൾ സംഗ്രഹിച്ചു വേറെ വേറെ ഭാഗങ്ങളായി തിരിച്ചു മംഗളോദയം പ്രസ്സിൽനിന്നു പ്രസിദ്ധപ്പെടുത്തുവാൻ തുടങ്ങിയിട്ടുള്ള ഗ്രന്ഥപരമ്പരയിൽ ഒന്നാമത്തെഭാഗം വായനക്കാർ കണ്ടിട്ടുണ്ടല്ലോ. അതിൽ പുരാണം സംബന്ധിച്ച പലവക കഥകളിൽ നൈഷധം, രാമായണം, ശിവപുരാണം എന്നീ കഥകളാണ് അന്തർഭവിച്ചിട്ടുള്ളത്. പ്രസ്തുത ഗ്രന്ഥാവലിയിൽ സാഹിത്യരസജ്ഞന്മാരുടെ ശ്രദ്ധ സാദരം പതിയുകയും ഇതിന്റെ ഉപരിഭാഗങ്ങളുംകൂടി പ്രസിദ്ധപ്പെടുത്തുവാൻ പലരും അഭ്യർത്ഥിക്കുകയും ചെയ്തപ്രകാരം രണ്ടാംഭാഗം ഇതാ വായനക്കാരുടെ മുമ്പിൽ സമർപ്പിച്ചുകൊള്ളുന്നു.

ഈ ഭാഗത്തിൽ ശ്രീമദ്ഭാഗവതപ്രതിപാദിതങ്ങളായ കഥകളാണ് അടങ്ങിയിട്ടുള്ളത്. രുഗ്മിണീസ്വയംവരം, സ്യമന്തകം, രാമാനുചരിതം, സത്യാസ്വയംവരം, ബാണയുദ്ധം, സന്താനഗോപാലം, ഗോവർദ്ധനചരിതം, എന്നിങ്ങനെ ഏഴ് ഓട്ടൻതുള്ളലുകളും ശ്രീകൃഷ്ണലീല, കാളിയമർദ്ദനം, പൌണ്ഡ്രകവധം, നൃഗമോക്ഷം, ധേനുകവധം, ധ്രുവചരിതം, പ്രഹ്ലാദചരിതം എന്നിങ്ങനെ ഏഴ് ശീതങ്കൻതുള്ളലുകളും, ഗജേന്ദ്രമോക്ഷം എന്ന കരുപറയൻതുള്ളലും ഈ ഭാഗത്തിൽ അന്തർഭവിച്ചിട്ടുണ്ട്.

നമ്പ്യാരുടെ തുള്ളൽകഥകളിൽ രുഗ്മിണീസ്വയംവരം,

Digitized By Kerala Sahitya Akademi

സ്യമന്തകം, സത്യാസ്വയംവരം, ശ്രീകൃഷ്ണലീല, ധ്രുവചരിതം, ഗജേന്ദ്രമോക്ഷം എന്നിവ സാരംകൊണ്ടും സാരസ്യംകൊണ്ടും ഉയർന്ന തരത്തിൽ പെടുത്താവുന്നവയാണ്. അവ ഈ ഭാഗത്തിന്റെ പ്രത്യേകം ഒരു മോടി പിടിപ്പിക്കുന്നുണ്ടെന്നു പറയേണ്ടതില്ലല്ലൊ. സന്താനഗോപാലം മുതലായ ചില കഥകളുടെ കർത്തൃത്വം നമ്പ്യാർക്കു കൊടുത്തിട്ടുള്ളതിൽ സഹൃദയജനങ്ങളിൽ ചിലർ അഭിപ്രായഭേദം പറയുന്നവരുണ്ടാകും. എന്നാൽ ഈ കഥകൾ തേടിപ്പിടിച്ചു കണ്ടുപിടിച്ചു പ്രസിദ്ധംചെയ്ത മഹോത്സാഹനായ എസ്. കെ. വെങ്കിടരാമയ്യർ അവർകൾ ഇവയുടെ എല്ലാം ഉടമസ്ഥത നമ്പ്യാരുടെ പേരിൽ പതിച്ചുപോയതുകൊണ്ടു സർവ്വസമ്മതമല്ലെങ്കിലും ആ ക്രമംതന്നെ ഇവിടേയും അനുവർത്തിച്ചതാകുന്നു.

ഫലിതങ്ങൾ, പഴഞ്ചൊല്ലുകൾ, മുതലായവയെ ഘട്ടിയിണക്കി കഥകളെ മോടി പിടിപ്പിക്കുന്നതിൽ നമ്പ്യാരെപ്പോലെ മറ്റൊരു കവി കേരളത്തിൽ ഉണ്ടായിട്ടില്ലെന്നു നിസ്സംശയം പറയാം. ഈ ഭാഗത്തിൽ പ്രസിദ്ധം ചെയ്തിട്ടുള്ള ധ്രുവചരിതം കഥയെപ്പറ്റി ഒരൈതിഹ്യം കേട്ടിട്ടുണ്ട്. നമ്പ്യാരും ഉണ്ണായി വാരിയരുംകൂടി തിരുവനന്തപുരത്തു പാർത്തുവരുന്ന കാലത്തു നമ്പ്യാരെപ്പോലെ ഒരു തുള്ളൽകഥ തനിക്കും എഴുതണമെന്നു ഉണ്ണായിവാരിയരുടെ മനസ്സിൽ ഒരാഗ്രഹം തോന്നി. അതുപ്രകാരം അദ്ദേഹം ധ്രുവചരിതം എഴുതുവാനും തുടങ്ങി. ശബ്ദാർത്ഥഭംഗികൊണ്ടും രസാലങ്കാരങ്ങളെക്കൊണ്ടും മോടിപി

Digitized By Kerala Sahitya Akademi

ടിപ്പിച്ചു അദ്ദേഹം എഴുതിവന്ന കഥയിൽ ഉത്താനപാദന്റെ പത്നിമാരായ സുരുചിയും സുനീതിയും തമ്മിൽ വഴക്കടിച്ചു മുതലുകാര്യം ഭാഗിച്ചതിനെപ്പറ്റി വളരെ വരികയും അദ്ദേഹം എഴുതി. പണ്ടങ്ങളും, പാത്രങ്ങളും മുതലായ ജംഗമസ്വത്തുക്കളും ഭൂമി മുതലായ സ്ഥാവരസ്വത്തുക്കളും ഭാഗം വെച്ചതിനെ അദ്ദേഹം വിസ്തരിച്ചു വർണ്ണിച്ചു. ഗ്രന്ഥത്തിന്റെ ആ ഭാഗം കുറെയധികം സ്ഥൂലമായിത്തീർന്നു. എന്നിട്ടും അദ്ദേഹത്തിന്നു തൃപ്തി വന്നില്ല. ഒടുവിൽ നമ്പ്യാരോടു ഉത്താനപാദന്റെ പത്നിമാർ തമ്മിലുള്ള ഭാഗം കഴിപ്പിച്ചതന്നാൽ കൊള്ളാമെന്നു് അദ്ദേഹം ആവശ്യപ്പെട്ടു. നമ്പ്യാരാകട്ടെ ആ ഭാഗത്തെ മറ്റൊരു നമ്പ്യാരുടെ പാക്കായിട്ടു.

"കേട്ടില്ലയോനിങ്ങളുത്താനപാദന്റെ
വീട്ടിലെകോലാഹലങ്ങളിതൊന്നുമേ
ജ്യേഷ്ഠത്തിയുമനുജത്തിയുംതങ്ങളിൽ
ചട്ടികലങ്ങളുംകൂടെപ്പകുത്തുപോൽ."

എന്നു നാലുവരി എഴുതി ഭാഗം അവസാനിപ്പിച്ചു. അതു കണ്ടപ്പോൾ വാരിയർ തുള്ളൽകഥ എഴുതുവാൻ നമ്പ്യാർതന്നെയാണു നല്ലതെന്നു കരുതി താൻ എഴുതിയതു ചീന്തിക്കളകയും വാരിയരുടെ ആവശ്യപ്രകാരം നമ്പ്യാർ ധ്രുവചരിതം കഥ എഴുതുകയും ചെയ്തു എന്നാണു ഐതിഹ്യം. ഇതിൽനിന്നു നമ്പ്യാക്കന്മാരുടെ മർമ്മം മാത്രം സ്പർശിക്കുന്ന വിദ്യ ധാരാളം വശമായിരുന്നു എന്നു വ്യക്തമാകുന്നു.

Digitized By Kerala Sahitya Akademi

ന്മ്പ്യാരുടെ കവിതാഗ്രഹണങ്ങളെപ്പറ്റി പ്രത്യേകി ച്ചൊന്നും ഈ പ്രസ്താവനയിൽ പറയേണ്ടുന്ന ആവശ്യമി ല്ല. ആ സരസകവിയുടെ തുള്ളൽകഥകൾ തെറ്റുകൂടാ തെ അച്ചടിച്ച പ്രസിദ്ധപ്പെടുത്തുകയെന്നതു വലിയൊരു ലോകോപകാരമാണെന്നു ഏവരും സമ്മതിക്കും. അതു മാത്രമേ ഈ പ്രസിദ്ധികരണംകൊണ്ടു തൽപ്രവർത്തക ന്മാർ ഉദ്ദേശിച്ചിട്ടുള്ളൂ.

ഈ ഗ്രന്ഥപരമ്പരയുടെ മൂന്നാംഭാഗമായി ഭാരതം കഥകളാണു ഇവിടെനിന്നു പ്രസിദ്ധപ്പെടുത്തുവാൻ ഉദ്ദേ ശിക്കുന്നതു്. മഹാജനങ്ങൾ ഈ സമാരംഭത്തിൽ മതി യായംവണ്ണം സഹകരിക്കുന്നപക്ഷം ആ ഭാഗവും താമസി ക്കാതെ പ്രസിദ്ധപ്പെടുത്തുമെന്നു് ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്നു്

തൃശ്ശിവപേരൂർ,
25__5__1107.

കെ. വി. എം.
മംഗളോദയം പണ്ഡിതർ.

Digitized By Kerala Sahitya Akademi

കുഞ്ചൻനമ്പ്യാരുടെ

തുള്ളൽകഥകൾ.

(രണ്ടാം ഭാഗം.)

---

1. രുഗ്മിണീസ്വയംവരം.

ഓട്ടൻതുള്ളൽ.

അഖിലഭുവനകന്ദംഹാസനിർദ്ധൂതകന്ദം
ശമിതവിമതവൃന്ദം ധ്യായ്മമാണാരവിന്ദം
സമുചിതമുചുകുന്ദം പൂതപാദാരവിന്ദം
സുരവരതടിനീന്ദം സാധുവന്ദേ മുകുന്ദം

ഭ്രപാളി.

ഇന്ദുകാതരസ്ഥലേവിളങ്ങിടുന്നൊരംബികേ
തിരുമനസ്സൊടൊരു കടാക്ഷമരുളിയടിയനിൽ ദൃഢം
ചന്ദ്രബിംബസന്നിഭാനനേ ഭവപ്രിയതമേ!
പരമഭക്തചിത്തനത്തൽതീക്ഷ്ണനാമമഹേശ്വരി!
പന്നഗാധിനാഥശായിതന്നുടെ സഹോദരി!
പരമഭക്തചിത്തനത്തൽതീക്ഷ്ണനാമമഹേശ്വരി!
വന്നെതിർത്തുരിതദുർഗ്ഗതിക്കുജനനി! നീയൊരു
വഹ്നിയായ്ഭവിച്ചെനിക്കു സർവ്വഭ്രതിനൽകണം

Digitized By Kerala Sahitya Akademi

പദം.

കൊണ്ടാടിയുടൻകുടമാളൂരമന്ദവേട്ടയ്ക്കൊരുമകനേ
കൊണ്ടാടണമേകവിതയ്ക്കിന്നമന്ദമോദം പരിചൊടുമേ
കണ്ടാലനിശംസുഖമേറുംകളേബരന്തേമധുരതരം (യ്
കണ്ടാവിതുഞാനൊരുനാളിൽകനത്തമോദംവരുവതിനാ
കടുത്താൻപടതട്ടുപ്പതിന്നൊട്ടുക്കമെന്നിയെപടുതാവും
തുകിയമ്പുകൾതൊടുത്തുവമ്പൊടുപ്പടക്കളങ്ങളിലടുക്കയും
കഠിനരടിതമൊട്ടനടനമുടനുടനെ
വടിവിലിടകലരുമടവുടയോനേ (കൊണ്ടാടി)
കല്യാണഗുണാകരനേ! നീകനത്തകീർത്തിയരുളേണമേ.
കല്യാണമെനിക്കരുളേണംകളങ്കമെല്ലാംകളയണമേ
കിളർത്തകൌതുകമുറയ്ക്കുണം കുളർത്തശോഭകൊഴിനിറയ്ക്കുണം
കളിച്ചുകൊണ്ടിഹവസിക്കണംമമമുച്ചസമ്മതമടക്കണം
വരവുമരുളുമമകരളിലരുളുഗതി
അരുണചരണയുഗമതുമമശരണം (കൊണ്ടാടി)
ഇണക്കമോടിഹതുണയ്ക്കുണംവനെക്കമെന്നുടൻഗണിക്ക
കണക്കിൽവന്നിഹ വസിക്കണം (ണം
തണക്കുമാഗ്ഗുണമണയ്ക്കുണം
വെളിവിലെഴുന്നരുളിവെളുവെളെവിലസിയാ
ഹസനാരസമൊടിഹവിലസണമനിശം (കൊണ്ടാടി)
വണ്ടാർകുഴലോടിടചേരും
കരണ്ഡമാലാവിലസിതനായ്
തണ്ടാർശരനും പരിതാപം
വളത്തഭംഗിക്കുടയോനേ!
സുഗന്ധിചന്ദനവിലേപവും

Digitized By Kerala Sahitya Akademi

സുബന്ധുരാനനവിലാസവും
സുബന്ധമാകിനകിരീടവുംവില
സുഗന്ധിയാകിനശരീരവും
വിമലകരവലയചലനകിലികിലിത
വലസമലനമതിവിലസിതഗതിയും (കൊണ്ടാടി)
ഫണിപതിഭ്രഷണനാകിനഭഗവാ-
നണികലയാണ്ഡമഹേശ്വരനൊരുനാൾ
ഗ്രണവതിയാകിയപാർവ്വതിയോടും
ഗ്രണമിയലുന്നൊരുകരിവടിവായി
ആടവിയിലങ്ങുകടന്നുനടന്നും
മടിക്കുടാതെകളിച്ചുരസിച്ചും
തരുണിയെവിരവിലടുത്തുവിളിച്ചും
പെരുകിനസരസസുഖേനകളിച്ചും
മരുവിനമലർശരഹരനുടെനീജം
ഉരുതരമുടനത്തുകരിമുഖമായി
ധരണിയിൽവന്നുപിറന്നൊരുമൂത്തേ!
കരിവദന!ഭവാൻകാത്തരുളേണം.
വാണീഭഗവതി! കല്യാണി!ഘനവേണി!സു-
ശ്രോണി!സുന്ദരി!ശുകവാണി!വാരിജവേണി!
കാണിപിഴിഞ്ഞിടാതെവാണീടേണംനീയെന്നെ
വാണിയിൽവഴിപോലെതാണുവണങ്ങുന്നേൻഞാൻ
ഏണാങ്കാനനയാളേ! വേണംനിൻകൃപയെങ്കൽ
നാണമകാറിമമക്ഷീണമൊഴിച്ചീടേണം
ക്ഷോണീവാസികഠംക്കൊരുഭ്രഷണമെന്നപോലെ
വാണീപിശേഷംകൊണ്ടങ്ങാനന്ദിക്കേണംദേവി!

Digitized By Kerala Sahitya Akademi

അംബരനദീവാസനംബുജവിലോചനൻ
ചിന്മയൻജഗന്മയൻകല്മഷവിനാശനൻ
തുംബുരുനാരദാദിസേവിതൻമഹാവന്ദ്യൻ
ശംബരരിപുതാതൻകാത്തുകൊൾകടിയനേ
പീലിത്തിരുമുടിയുംമാലയുംചില്ലികളും
നീലോല്പലത്തവെല്ലുംലോചനപ്രഭാവവും
ചേലൊത്തനാസികയുംബാലത്തരുണിമാർത്തൻ
ചേതസ്സെവഞ്ചിച്ചീടുംലോലമാമധരവും
കുണ്ഡലാലങ്കാരമത്യകണ്ഡലവിലാസവും
കുണ്ഡാടിവെല്ലുന്നോരുഗണ്ഡസ്ഥലവുംനല്ല-
പൂർണ്ണചന്ദ്രനുംപുനരർണ്ണോജവുംനമിക്കും
പൂർണ്ണമായീടുന്നോരുസുപർണ്ണരമ്യാനനവും
കാമൽക്കഴുത്തിൽമുത്തുമാലയുംവനമാലാ-
ശ്രീമൽപ്രകാശങ്ങളുംശ്രീവത്സകൌസ്തുഭവും
ചേരുന്നമാവിടവുംചേർച്ചയുള്ളുരവും
ചാലേവിളങ്ങിടുന്നോരോമനക്കൈകൾരണ്ടും
മഞ്ഞപ്പട്ടുടയാടകാഞ്ചിയുംകലാപവും
മഞ്ജുളമായുള്ളോരുപാടപങ്കജങ്ങളും
ശോഭിച്ചകരങ്ങളിൽചേരുംചമ്മട്ടിശംഖും
ചാലേധരിച്ചുരഥമേറിത്തിരിച്ചുപണ്ടു
പാരാതെവിജയനേറതേരുതെളിച്ചകൃഷ്ണൻ
പാലിച്ചീടേണമെന്നെഞാനിതാവണങ്ങുന്നേൻ
ഏവംസുഖിച്ചുവസുദേവൻവസിച്ചുബല-
ദേവൻചിചാഹമൊന്നുചെയ്വൻഞാനെന്നുറച്ചു
രേവതാത്മജയാകുംരേവതിയുടെവേളി

Digitized By Kerala Sahitya Akademi

ആയോളംഘോഷത്തോടെആശുകഴിച്ചുംകൊണ്ടു
ഭാവംതെളിഞ്ഞുതത്രമേവുന്നകാലമങ്ങു
ഭീഷ്മകനെന്നുള്ളൊരുഭ്രമിപാലേന്ദ്രൻപാരം
ഉൗഷ്മയുള്ളൊരുവീരനൂഴിവാഴുന്നകാലം
രുഗ്മിയെയന്നൊരുപുത്രനുണ്ടായിഭീഷ്മകന്നു
രുഗ്മികനുജന്മാരുംമൂന്നുപേരുണ്ടായ്തിന്നെ
രുഗ്മിണിയെന്നുപേരായുള്ളൊരുകന്യകയും
രുഗ്മപ്രകാശംപോലെത്രുപപ്രകാശത്തോടും
ഉണ്ടായിതവൾപിന്നെകണ്ടാലെത്രയുംസുഖ-
മുണ്ടാമാകൃതികണ്ടുതണ്ടാർമാനിനിതന്റെ
രണ്ടാമവതാരംപോൽവണ്ടാർവേണിമാരൊക്കെ
കൊണ്ടാടിസ്തുതിക്കുന്നുകണ്ടാൽതൃപ്തിയുമില്ല.
വണ്ടിനുമകതാരിലിണ്ടലുളവാക്കുന്ന
കൊണ്ടൽപുരികുഴൽ ചുരുണ്ടുവിളങ്ങീടുന്നു
തൊണ്ടിപ്പഴങ്ങാംമങ്ങിമണ്ടിയൊളിക്കുമല്ലോ
ചുണ്ടിന്റെഭംഗിയതുകണ്ടുവെന്നാകിലുടൻ
രണ്ടുകൺമുനകളെക്കൊണ്ടുകടാക്ഷമതു
കണ്ടുപുരുഷന്മാർവിരുണ്ടുവലംകെടുന്നു.
മല്ലീശരന്റെപടവില്ലിൻവിലാസമൊക്കെ
തല്ലിയമർത്തുംകുനുചില്ലീയുഗവുംനല്ല
മുല്ലമുകുളംപോലെപല്ലുംചുന്ദസ്മിതവും
ഉല്ലാസമേറുന്നൊരുനല്ലാർമണീജനങ്ങ-
ളെല്ലാമവളെവന്നുനില്ലാതെവണങ്ങണം.
അല്ലാതെയൊന്നുമിന്നുചൊല്ലുവാനെളുതല്ല
ചൊല്ലേറുമവളുടെകല്യാണകാലംവന്നു

Digitized By Kerala Sahitya Akademi

നല്ലൊരുപുരുഷനുനൽകിടവേണമെനാ-
ങ്ങെല്ലാവരോടുംനൃപനുല്ലാസഭാവത്തോടെ
മെല്ലെന്നുചോദിച്ചിതുനല്ലകുതുകത്തോടെ.

"കണ്ഡിനവാസികൾബോധിക്കേണം
പെണ്ണിനുപത്തുവയസ്സുതികഞ്ഞു
മന്നിൽപലഗുണമുള്ളൊരുപുരുഷനു
മന്നകളെപ്രതിപാടിക്കേണം
ജാതിശ്രേഷ്ഠതമുമ്പിൽവരേണം
ജാതിഗുണങ്ങളിണങ്ങീടേണം
ശില്പവിധങ്ങളിൽനിപുണതവേണം
കല്പനാതങ്കലുറപ്പുംവേണം
കണ്ടാൽനല്ലൊരുരൂപഗുണംപുന-
രുണ്ടായ്വരികവിശേഷാവശ്യം
ധനസമ്പത്തുംഗുണസമ്പത്തും
ജനസമ്പത്തുംജയസമ്പത്തും
കനിവേറീടിനശാസ്ത്രജ്ഞാനവു-
മനുപമമായുധവിദ്യാവിധവും
കനിവുംകാന്തിയുമതിസംസതവു-
മിനിയുംപലഗുണമുണ്ടായ്വരണം.
കീർത്തികഥാവേണംകുശലതവേണം
പൂർത്തികഥാവേണംപൂജ്യതവേണം
ശത്രുജനത്തെയമപ്പാനുള്ളൊരു
ശക്തിവിശേഷിച്ചുണ്ടായ്വരണം
നാടകകാവ്യപുരാണാദികളിൽ
പാടവമവനുണ്ടായിവരേണം

Digitized By Kerala Sahitya Akademi

തക്കവ്യാകരണാദികളിൽപട്ട-
കശ്ശബുദ്ധിവിചാരംവേണം
കവിതകൾകേൾക്കുന്നേരംതന്നേ
ചെവിയുള്ളോർക്കാനന്ദംവേണം
കവിടിക്രിയയിൽവിദഗ്ദ്ധതവേണം
കവിയണമീവക മറുള്ളവരെ.
സംഗീതംപുനരധികംവേണം
ഭംഗിയിലോരോകുശലതവേണം
വൈദ്യംവേണംഗണിതംവേണം
വൈദികവിധിബഹുമാനിക്കേണം
ദേവബ്രാഹ്മണവിശ്വാസത്തിനു
കേവലമവനൊരുപാത്രതവേണം
രത്നപരീക്ഷാകനകപരീക്ഷാ
യത്നംചെയ്യുവരുത്തീടേണം
എന്തിനുപലവിധമുരചെയ്യുന്നു
ചിന്തിതമിനിയുംപലവിധമുണ്ട്.
സകലഗുണങ്ങളുമുള്ളവനെന്നുടെ
മകളെവിവാഹംചെയ്വാനുചിതൻ.
ഇങ്ങിനെയുള്ളവനവനിതലങ്ങളി-
ലെങ്ങാനുംപുനരുണ്ടെന്നാകിൽ
അവനെവരുത്തുവിനാദരവോടെ
അവനുകൊടുപ്പാൻമടിയില്ലേതും
അല്ലാതുള്ളവരാരുംമകളുടെ
കല്യാണത്തിനുയോഗ്യരതല്ല
മടിയന്മാരുംതടിയന്മാരും

Digitized By Kerala Sahitya Akademi

മുടിയന്മാരുംകുടിയന്മാരും
ജരയന്മാരുംജരഠന്മാരും
മുണ്ടന്മാരുമുരണ്ടന്മാരും
ചെണ്ടക്കാരുംചെകിടന്മാരും
ശണ്ഠയിട്ടന്നൊരുശ്രുണിക്കാരും
ശണ്ഠികൾനല്ലകഷ്ണിക്കാരും
ദുഷ്ടവിടകെട്ടിനടക്കുന്നവരും
ദോഷ്ടുപറഞ്ഞുനടക്കുന്നവരും
ദുസ്സാമർത്ഥ്യക്കാരുംപലവക
ദുസ്സംപറയുന്നജനങ്ങളും
ഘൃഷ്ണിപറയുന്നവരുംചിലരൊട്ട
ഭീഷ്ണികാട്ടിവലയ്ക്കുന്നവരും
ദൂഷ്ണവാക്കുകൾമോഷിക്കുന്നൊരു
ദോഷന്മാരുംവിഷമന്മാരും
ഇങ്ങിനെയുള്ളവരാരുംമകളുടെ
മംഗലകർമ്മംമോഹിക്കേണ്ടാ."
രുഗ്മിണിതന്നുടെസോദരനാകിയ
രുഗ്മിപറഞ്ഞുപിതാവിനൊടപ്പോൾ:—
"കൂറംകൂടാത്തുള്ളനരന്മാർ
കുറയുംഭ്രമിയിലെന്നുടെതാത!
ലക്ഷമെറുമനുഷർകൂടുമ്പോളതിൽ
ലക്ഷണമുള്ളവരൊന്നോരണ്ടോ
ഉടലതിരമ്യമൊരുത്തനുകാൽക്കൊരു
മുടവുണ്ടവനുനടക്കുന്നേരം
ഉറെരൂപുരുഷൻസുന്ദരനെങ്കിലു-

Digitized By Kerala Sahitya Akademi

മൊറക്കണ്ണനതായതുദോഷം;
ചേച്ചികഠപലതുണ്ടൊരുവനകിഞ്ചിൽ
പൂച്ചക്കണ്ണുണ്ടെന്നൊരുദോഷം
കാഴ്ചക്കാരുചിരിച്ചുതുടങ്ങും
ചേച്ചിസ്സുവനുംചിതമല്ലല്ലൊ.
നല്ലൊരുവിടപാനവനുടെവായിൽ
പല്ലുകളൊന്നുംകാണ്മാനില്ല
പലഗ്രഹണമുള്ളൊരുപുരുഷനവന്റെ
തലമുടിയൊക്കെനരച്ചുവെളുത്തു.
തിലകക്കുറിയുംചൊടിയുംകൊള്ളാം
തലയിലവന്നൊരുരോമവുമില്ല;
ശാസ്ത്രമശേഷംവശമൊരുപുരുഷനു
ഗാത്രംകണ്ടാലഭ്യാവികൃതം
ശ്രോത്രംരണ്ടുംവെടിവെച്ചാലൊരു-
മാത്രംപോലുംകേൾപ്പാൻവഹിയാ.
വ്യാകരണങ്ങടെവ്യാഖ്യാനങ്ങളു-
മാകത്തുന്നൊമുഖസ്ഥമൊരുത്തനു
വാക്കിനുസ്ഖലിതവുമുണ്ടവനല്പം
കാക്കക്കണ്ണുണ്ടെന്നൊരുദോഷം;
തക്കംപലതുംകണ്ടവനൊരുവനു
വക്ത്തില്ലശരീരംകണ്ടാൽ
മിക്കതുമൊരുവനുലക്ഷംശ്ലോകമൊ-
രിക്കൽകേട്ടാലങ്ങുഗ്രഹിക്കാം;
വിക്കുകഠംകൊണ്ടതുപറവാൻവഹിയാ
സൽക്കഥവളരെയറിഞ്ഞൊരുദേഹം

Digitized By Kerala Sahitya Akademi

കകകകകംസൻകികികികൃഷ്ണൻ
പുപുപുപുപൂതനയെന്നാംകഥയിൽ;
നല്ലൊരുജാതിയിൽവന്നുപിറന്നു
നല്ലൊരുത്രുപഗ്രണങ്ങളുമുണ്ടു
ഹരിയെന്നാദിയൊരക്ഷരമവനുടെ-
യരികേകൂടെപ്പോയിട്ടില്ലാ
പ്രൌഢതയെല്ലാംകണ്ടാൽതോന്നും
മൂഢതയല്ലാതവനറിവില്ലാ
ഗണിതഗ്രന്ഥംവൈദ്യവുമുണ്ടതി
ഗ്രണവാനെന്നുപ്രസിദ്ധൻതാനും
ലോകതയെന്നതുകണികാണ്മൊനി-
ല്ലേകനുദോഷമതേകുസംഖ്യം
കണ്ടാൽനല്ലൊരുപുരുഷനാവന്നു
വേണ്ടാസനാവുംകോപവുമേറും
കണ്ടജനത്തൊടുശുണ്ഠികടിച്ചും
രണ്ടാംവാക്കിനുകേറിയടിച്ചും
മീശക്കൊമ്പുംലന്തക്കുഴലും
ദേശത്തെക്കൊരുമുമ്പുംവമ്പും
ഉശന്താടിയുമുള്ളവനൊരു
കാശിനുപിടിയാപടയിൽച്ചെന്നാൽ
പഞ്ഞികണക്കെറാരച്ചൊരുവൃദ്ധനു
കുഞ്ഞികടിപ്പാറൊരുവകയില്ല
മുഞ്ഞിയതങ്ങിനെമുക്കുംതാടിയു-
മൊന്നിച്ചമ്പതുവഷ്മതായി
അക്കിഴവച്ചാക്കിന്നുംപടകളിൽ

Digitized By Kerala Sahitya Akademi

വക്കാണിപ്പാനൊരുകുറവില്ല;
തോക്കുമെടുത്തുനടക്കുമതിന്നും
ചാക്കെന്നുള്ളതുമായാഠക്കില്ല;
ഉൗട്ടുകളിൽചെന്നഷ്ടികഴിക്കും
പാട്ടുംപാടിനടക്കുമൊരിക്കൽ
വീട്ടിലിരുന്നാൽകടമുണ്ടാമത്ര
വീട്ടിക്കൊഠവാൻമുതലുംനാസ്തി;
അമ്മാവൻപണ്ടക്ഷരവിദ്യയി_
ലെമ്മാന്ത്രംപിടിപെട്ടൊരുദേഹം
സമ്മാനക്കവിചൊൽവാനുചിതൻ
ഉമ്മാറുംവകയില്ലെന്നല്ല
അമ്മാവിക്കുംമക്കഠിക്കുംപല
സമ്മാനങ്ങൾകൊടുത്തുപുലർത്തി
തിന്മാനില്ലാതിങ്ങിനെയാക്കിയ_
തമ്മാപാപിപിണച്ചീരനത്രം;
ഇങ്ങനെപൂവ്വന്മാരെക്കൊണ്ടൊരു
ഭംഗിക്കാരൻഭാഷിക്കുന്നു.

മറുംപലഗ്രഹണമുണ്ടെന്നാലും
കുറവംവരുമിതുഗ്രഹനിന്ദകളാൽ
ആടിയനിതൊക്കെവിചാരിച്ചാലി_
ത്തടിയന്മാർപലരുള്ളതിലിപ്പാഠ
മടിയാതൊരുവനുപെങ്ങൾകൊടിയാളെ
ത്ഡടിതികൊടുപ്പാൻതോന്നുന്നില്ല;
ശിശുവാമെന്നുടെസോദരിതന്നെ
ശിശുപാലന്നുകൊടുത്താൽകൊള്ളാം;

Digitized By Kerala Sahitya Akademi

ശിശിരാചലപതിതന്നുടെമകളെ
ശിശുശശിചൂഡനുവേൾപ്പാൻനൽകി
ചേദിമഹീപതിയെന്നതുപോലെ
നന്നായ്വരുമവനോടിവൾചേർന്നാൽ
വേദിയർപലരുംബഹുമാനിച്ചു
ആദിയിലവനുടെജനനദശായാം
ജനനീഗർഭേനിന്നുജനിച്ചുട-
നവനീഭാഗേവീഴുന്നേരം
അവനീപാലനുമുന്നുളജങ്ങൾ-
മവയവശോഭയുമെത്രവിചിത്രം!
അവനുടെവൈരിയൊരുത്തൻചെന്ന-
ങ്ങവനൊക്കയ്യിലെടുത്തൊരുസമയേ
മൂന്നാംളജമതുസപദിമറഞ്ഞു
മൂന്നുലകൊക്കെനിറഞ്ഞൊരശസ്സും
അതിശയമുള്ളൊരുപുരുഷനവൻപുന-
രതിബലവീര്യപരാക്രമശാലി
പ്രതിഭടപടലമശേഷമമപ്പാൻ
മതിമാനവനിഹമതിയാമൊരുവൻ;
മതിലുംഗോപുരമെത്രമനോഹര-
മതിലുംവിസ്മയമെഴുനിലമാടം
മതിയുടെമണ്ഡലമതിലംഘിപ്പാൻ
മതിയുള്ളൊരുമഹാസൌധങ്ങളും
അതിരേകംധനധാന്യസമൃദ്ധിയു-
മതിലൊരുപാതിനാമുക്കില്ലുത്ഥം;
അതിമാനുഷനവനവനീവല്ലഭ-

Digitized By Kerala Sahitya Akademi

നതിസുന്ദരനവനതിസുകുമാരൻ
ഗതിയുംനല്ലൊരുമതിയുംരാജ്യ-
സ്ഥിതിയുംക്രീഡാരതിയുംകണ്ടാൽ
അഴൽപെടുമാസുരപതിയുംധനപതി
ജനപതിമാരുംമാമുനിമാരും
മതിമുഖിയാകിയരുഗ്മിണിതന്നുടെ
പതിയാവാനുചിതൻശിശുപാലൻ"
ഇങ്ങിനെനിന്നുടെമാനസമെങ്കിലി-
തങ്ങിനെയെന്നുപിതാവരുൾചെയ്തു.
രുഗ്മിണിതന്നുടെസഖിമാരക്കഥ
രുഗ്മിണിയോടുംചെന്നറിയിച്ചു
"നരപതികന്യേ!നിന്നുടെവേളി-
ക്കൊരുവരപാലനെവേസ്ഥവരുത്തി
ശിശുവാംനിന്നുടെഭർത്താവാവാൻ
ശിശുപാലൻതാനെന്നുംകേട്ടു
മൂപ്പീന്നുംപുനരെളുമയുമങ്ങിനെ
കല്പിക്കുന്നതുപലരുംകേട്ടു
നാളെക്കുഴിയെവരാനാഞ്ഞുല്പി-
പ്പാളെയയച്ചുനിന്നുടെയച്ഛൻ
നീളെക്കേളിതുടന്നിതുമതിമുഖി
യാളേ!നിൻെറവിവാഹവിശേഷം
മേദിനിപതികളിലഴകേറുന്നതു
ചേദിമഹീശ്വരനെന്നുംകേട്ടു
ഖേദിക്കരുതേരുഗ്മിണിനിൻമതി
മോദിക്കേണമടുത്തുവിവാഹം."

Digitized By Kerala Sahitya Akademi

ഇവണ്ണമവർചൊന്നപറഞ്ഞതുനേരംതന്നെ
വിഷണ്ണഭാവംപൂണ്ടുവിറച്ചുശശിമുഖി
തളർന്നുതന്നുലതവളർന്നുവിവശത
ഗളിച്ചുകണ്ണുനീരിൽകുളിച്ചുപറഞ്ഞീടും
തളിച്ചുസഖിമാരുംവിളിച്ചുരുഗിണിയെ
എടുത്തുമടിതന്നിൽകിടത്തിവിശറിയു
മെടുത്തുമെല്ലെവീശിത്തുടങ്ങിതവരെല്ലാം
തുടങ്ങിയിരുന്നപ്പോൾപറഞ്ഞുകണ്ണുനീരും
വിറഞ്ഞുശകുതിപാരംകൂറഞ്ഞുമതിമുഖി
വിരഞ്ഞുനിങ്ങൾചെന്നുതിരഞ്ഞുവെക്കമൊരു
സമർത്ഥൻഭ്രുസുരനെവരുത്തീടേണമിപ്പോൾ;
കുത്തിയതുകേട്ടതരത്തിൽപുറപ്പെട്ട
പുരത്തിലന്വേഷിച്ചുവരുത്തിയരികില-
ങ്ങിരുത്തിഭ്രുസുരനെവണങ്ങിരുഗ്മിണി-
യിണങ്ങിവിപ്രനോടുപറഞ്ഞുപലവഴി.
"വേദിയേന്ദ്രാ!കേട്ടാലുംമേഖേദമുള്ളിലുള്ളതെല്ലാം
സോദരനുംതാതൻതാനുംമാതാക്കന്മാരും
മന്ത്രികളുംകൂടിമന്ത്രിക്കുന്നുപോലുമയ്യോ!
യന്ത്രികളെല്ലാരുംനമ്മെവഞ്ചിച്ചീടുന്നു.
ഭൂത്രുഭമൂത്തിയായുള്ളൊരു
ശിശുപാലനുകല്പിച്ചുപോൽ
ശിശുവാമെന്നൊരോനംചെയ്വാൻ
ശിവശിവശംഭോപറയൻകയ്യിൽ
പശുവെമേപ്പാൻപരിചിനോടേകുന്നപോലെ
പറയുന്നിന്നുകേൾക്കുന്നൊരുമാനുഷരെല്ലാം;

Digitized By Kerala Sahitya Akademi

കരുണയില്ലെൻമാതാവിനുംഗ്രുവിനുംസോദരനുമാക്കും
മരണഖേദംപോലെഖേദംമനസിമേജാതം
കരുണാസിന്ധുകാവ്വുണ്ണന്റെചരണപങ്കജങ്ങൾതരണ്ടും
ശരണംതന്നെരുഗ്മിണിക്കാസ്വരനുമികാലം
പാരാതെനീഭ്രമിദേവ!ദ്വാരാവതിതന്നിൽചെന്നു
നാരായണനോടെൻമോഹംബോധിപ്പിക്കേണം.
പാർജ്ജാക്ഷ! നീയല്ലാതെപാരിലാരുമില്ലാധാരം
ദാരികയാംരുഗ്മിണിക്കെന്നറിയിച്ചീടണം;
വൃഷ്ണിവംശേശോഭിക്കുന്നകൃഷ്ണൻതന്നിലിന്നിക്കേറേറം
തൃഷ്ണമേന്മേൽവർദ്ധിക്കുന്നുഭ്രസുരാധീശാ!
വരനായിട്ടെൻഗോവിന്ദനെ
വരണംചെയ്വാൻകൂടിലെങ്കിൽ
മരണംതന്നെരുഗ്മിണിക്കെന്നറിയിച്ചീടണം
മാരനാകുംവീരൻതന്റെക്രൂരമുകൾകൊണ്ടുകൊണ്ടു
പാരമയ്യോകേണിടുന്നുരുഗ്മിണിയെന്നു
ഉണ്ണമില്ലുറക്കമില്ലകാണിനേരംസൌഖ്യവുമില്ല
പ്രാണനാഥ!ഗോപിനാഥ!പാഹിമാമെന്നും
കേശവാ!നിന്നുടെരൂപംകേശാദിപാദാന്തംകാന്തം
ശൈശവേഞാൻതന്നെയോർത്തുമേവുന്നുനെന്നും
ആശയംമറാരിലുംമേആശയില്ലേവാസുദേവ!
ആശ്രുവന്നിന്നെന്നെനീയുംകൊണ്ടുപോകേണം
കണ്ണനാകുംശിശുപാലൻകണ്ടിരിക്കെത്തന്നെയെന്നെ
കൊണ്ടുപോകണംശ്രീകൃഷ്ണ!വിരവിനോടെന്നും
ഇപ്രകാരമെല്ലാംചെന്നുക്ഷിപ്രമങ്ങുബോധിപ്പിക്ക
വിപ്രദേവാ!നിന്നെത്തന്നെവിശ്വസിക്കുന്നേൻ."

Digitized By Kerala Sahitya Akademi

രുഗ്മിണിതന്നുടെ വാക്കുകളിങ്ങിനെ
രുചിരമിതമ്പൊടുകേട്ടൊരുവിപ്രൻ
രുഗ്മിണി! നിന്നുടെ മനസിവസിച്ചൊരു
രുചിപുനരധുനാ സാധിച്ചീടും
പരിചൊടുശിശുപാലന്റെമുഖത്തൊരു
കരിതേപ്പിപ്പാൻഞാൻമതിരുഗ്മിണി!
കാമ്പുകിൽവണ്ണനെവിരവിനൊടുംചെ-
ന്നരുവയർമണിയേ!കൊണ്ടിഹവരുവൻ
ക്ലേശംമതിമതിമതിമുഖി!നിൻനേരി-
ടേശംകേൾപ്പാൻമമകുറവില്ല
കേശവനാണേശിശുപാലനെഞാൻ
മീശകരിച്ചുവിടുന്നുണ്ടുടനേ;
കേശവനിങ്ങുവരുമ്പോൾനൃപതികൾ
പൂശകനെക്കണ്ടെലികൾകണക്കെ
നാശത്തിന്നവകാശംവരുമൊരു
വീശത്തിന്നുംവിലപിടിയാത്തോർ;
ആട്ടക്കാരുടെകൂട്ടൊരുകൂട്ടം
കൂട്ടക്കാരൊടുകൂടിവരുന്നൊരു
ചേട്ടക്കാരെപാടെപിടിച്ച-
ക്കോട്ടക്കാരനുവിരേറപോവു,
ചാട്ടക്കാരുവിളക്കിനുമീതേ
ചാടിച്ചത്തുപതിക്കുംപോലെ
കൂട്ടത്തോടേശിശുപാലാദിക-
ളൊട്ടൊഴിയാതെനശിക്കുമിദാനീം
കേട്ടിടുകനിയുകുലവരനെ

Digitized By Kerala Sahitya Akademi

കൂട്ടിക്കൊണ്ടുവരുന്നുണ്ടിഹഞാൻ
കട്ടംതാമസമില്ലനമുക്കൊരു
കൂട്ടംവേണ്ടവഴിക്കരിവേണ്ട;
ഉൗട്ടുള്ളേടത്തഷ്ടികഴിക്കാം
ചൂട്ടമെരിച്ചുനടക്കാംരാവും
കുടയുംപിന്നൊരുകുറിമുണ്ടുംമതി
മടിയിലിരിക്കുംവെറിലപാക്കും
ഇടയിൽതെല്ലുചരിഞ്ഞുകിടപ്പാ-
നിടമുള്ളാൽത്തറകേറിക്കൊള്ളാം;
മടിയിലിരിക്കുംവെറിലപുകയില
പടലേയെത്തുംനേരത്തേതും
മടികൂടാതെയിരുന്നുംതിന്നാ-
മതിനൊരുസംശയമില്ലനമുക്ക്;
സഞ്ചിയെടുക്കാൻചെക്കൻപോന്നാൽ
സഞ്ചാരത്തിനുസഹ്യതയുണ്ടാം
സഞ്ചിക്കാരനുചോർകിടയാഞ്ഞാ-
ലിഞ്ചിക്കാരനുവൻതാനപ്പോൾ
പൂണുക്കാരനുവാധ്യേടത്തും
ഉൗണുകഴിപ്പാൻതടവില്ലേതും
ചെക്കനുചോറുകൊടുക്കരുതെന്നുവി-
ലക്കുമടുക്കളവെക്കുന്നവരൊട്ട
വക്കാണത്തിനുവട്ടംകൂട്ടിന-
ടക്കുംനമ്മുടെചന്ത്രക്കാരൻ;
നായന്മാക്കുംചോറുകൊടുപ്പാൻ
കോയിത്തമ്പുരാസമ്മതമല്ല!

Digitized By Kerala Sahitya Akademi

പട്ടന്മാരുടെസദ്യകഴിഞ്ഞാൽ
കിട്ടുംഭക്ഷണമെന്നുണ്ടൊരുവക
പട്ടിണിയിട്ടുപതിറടിയോളം
പാത്തുടടന്മാർപാട്ടുപെടുന്നു;
അച്ചികഠാവന്നുവിളിച്ചെന്നാകിലൊ-
ളിച്ചുകൊടുക്കുംചോറുംകറിയും
വെച്ചതുമിക്കതുമെത്തുന്നോളില
വെച്ചതുടരുംറായന്മാക്ക് ;
കഞ്ഞിയൊഴിച്ചൊരുകറിയുണ്ടാക്കും
വെള്ളമൊഴിച്ചൊരുമോരുണ്ടാക്കും
ചട്ടിവിണ്ണുമടുക്കളവെയ്പും
പട്ടന്മാക്കുമാറുകയില്ല;
പൊട്ടന്മാരെയെടുത്തുമറിപ്പാൻ
പട്ടന്മാക്കെതിരാരുംപോരാ;
പിള്ളേർക്കുടെപ്പോന്നാലവരുടെ
പള്ളവിശന്നുനടക്കേയുള്ളൂ.
നല്ലതുതാനേകുടയുമെടുത്തിനി
വല്ലതുമങ്ങുതിരിക്കനമുക്ക്'
യദുവരനിലതികുതുകമിയലുമവളോടുടൻ
യാത്രയുംചൊല്ലിപ്പുറപ്പെട്ടദ്ഭുസുരൻ;
നഗരികളുമടവികളുമചലതടഭാഗവും
നാടുംകടന്നുനടന്നുചെന്നാങ്ങിനെ
കടലുടയതടനികടഭുവിരുഡടിതിചെന്നാവൻ
കപ്പലേറിക്കടന്നക്കരെച്ചെന്നുടൻ
കനകമണിഭവനശതമനഘമണിമാടങ്ങ-

Digitized By Kerala Sahitya Akademi

ളങ്ങാടിവാടിപൂങ്കാവുംപുരങ്ങളും,
മണിയറകളുണിയറകളുനവധിധനങ്ങളും
മാണിക്യവൈഡൂര്യപദ്മരാഗങ്ങളും
തെരുവുകളുമിരുപുറവുമൊരുകൂറവുക്കൂടാതെ
തെങ്ങുംകവുങ്ങുംപുഷ്പാവുമൂതങ്ങളും
മതിലുകളുമതിലുപരിമരതകപുരങ്ങളും
മാടമഞ്ചങ്ങളുംമാളികാജാലവും
ഇവപലതുമവനിസുരനഴകിനൊടുകണ്ടുട-
നിന്ദിരാകാന്തനെറമന്ദിരചെന്നുടൻ
പരിചിനൊടുനരകരിപുസതതമപിവാഴുന്ന
പള്ളിമാടംകേറിയങ്ങുചെല്ലുംവിധൌ
വിരവിനൊടുമുരമഥനനരികിലഥവന്നുടൻ
വിപ്രനെപൂജിച്ചുസല്ക്കരിച്ചാദരാൽ
രചിതസുഖമതിസുമുഖനവനിസുരനെത്തദാ
രത്നസിംഹാസനത്തിലിരുത്തീടിനാൻ;
അതികുശലമതിസുഹൃണമവനിസുരപുംഗവാ!
ആഗമിപ്പാനുള്ളകാരണംചൊൽകെടോ.
കടലുടയനടവിലിഹമമനഗരമിന്നുനിൻ
കാൽപ്പൊടികൊണ്ടഹോശുദ്ധമായിവിഭോ!
വിമലതരഹൃണമുടയവിനയഹൃണശീലരാം
വിപ്രരല്ലോനമുക്കീശചരന്മാർസഖെ!
അതിസരസമഖിലപതിവചനമതുകേട്ടുട-
നാനന്ദമോടേപറഞ്ഞുഭ്രമീസുരൻ.

വല്ലവിമാരുടെ വല്ലഭനോകുന്ന
മല്ലരിപോ!ഭഗവൻ!ശൗരെ

Digitized By Kerala Sahitya Akademi

മല്ലവിലോചന!പാപവിമോചന!മാമകവാക്യമിദം
കുണ്ഡിനമന്ദിരേനിന്നുവരുന്നുണ്ടാ-
ണ്ഡജവാഹന!കേളൊരുചെണ്ണിന്റെ
ദൂതുപറവാനായ്വന്നിതുനന്ദസുതാ!
കണ്ണിന്റെകായ്മംവരുത്തേണമെങ്കിലാ
പെണ്ണിന്റെശ്രവണങ്ങൾകാണ്മാൻ
ഭണ്ഡിച്ചുകൊള്ളേണമേവനെന്നാകിലും
ഖണ്ഡിച്ചുചൊല്ലാമിദം
മണ്ണിലുംവിണ്ണിലുംമറുള്ളുലകിലും
മേവുന്നസുന്ദരിമാരിന്നു
കുണ്ഡിനഭ്രപന്റെനന്ദിനിയാകുമ-
പ്പെണ്ണിനൊക്കുമ്പിടേണം;
ഉർവ്വിമോഹകരംഭതിലോത്തമ
മുമ്പായനാരിമാരുമിപ്പോ-
ളുർവ്വിശപുത്രിയെക്കണ്ടുവെന്നാകി-
ലൊളിച്ചുനടക്കേയുള്ളൂ;
നീണ്ടങ്ങിരുണ്ടുചുരുണ്ടതലമുടി
കണ്ടാൽമനോഭിരാമംവരി-
വണ്ടിന്റെവണ്ണവുംമണ്ടിയൊളിച്ചോരു
കണ്ടിൽപതിക്കയുള്ളു
തൊണ്ടിപ്പഴത്തിനങ്ങിണ്ടൽവളക്കുന്ന
ചുണ്ടിന്റെശോഭകളുംകണ്ണു
രണ്ടിന്റെഭംഗിവിലാസങ്ങളും
നല്ലചില്ലികൾവില്ലാട്ടവും
പൂർണ്ണശശാങ്കനെത്തുണ്ണംജയിക്കും

Digitized By Kerala Sahitya Akademi

മുഖാംബുജസൌന്ദര്യവും
ഹേമപ്രകാശവുമംഗപ്രകാശവുമെത്രമനോജ്ഞമെ
പങ്കജമൊട്ടിനൊടങ്കംപൊരുതു (ഹോ!
ജയിപ്പാൻവിരുതുംകെട്ടിമാവിൽ
കൊങ്കകൾവന്നടനങ്ങരിച്ചീടുന്നു
പങ്കജനാഭാവിഭോ!
പഞ്ചശരന്തന്നേറപഞ്ചശരങ്ങളെ
ആഞ്ചാതെകയ്യിലാക്കിവന്നു
സഞ്ചരിച്ചീടുന്നുകാമുകന്മാരുടെ
നെഞ്ചുപിളർന്നീടുവാൻ
പങ്കജനാണനശേഷന്നുപന്നാരെ
ശിങ്കകളിപ്പിക്കുന്നുരു
ശങ്കയില്ലേഅവർതങ്കലേകല്പന
കേൾപ്പാനൊരുമ്പെടുന്നു;
രുഗ്മിണിയെന്നുപുകഴ് നോരുപെണ്ണിനേറ
സോദരനുണ്ടൊരുവൻദുഷ്ടൻ
രുഗ്മനെന്നിങ്ങനെപേരുള്ളവനൊട്ടും
നേരില്ലേനാരായണ!
മൂഢനായുള്ളശിശുപാലമന്നനു-
ന്യകാമോനംചെയ്വാൻആതി
ഗൂഢപ്രയത്നംതുടങ്ങിമഹാശഠൻ
കൂടെപ്പലരുമുണ്ട്
അച്ഛനുമമ്മയ്ക്കുമിച്ഛയില്ലെങ്കിലു-
മായതുസമ്മതിപ്പാൻ,വഴി
യെച്ചുപാലിച്ചതിൽകൂട്ടിച്ചുമച്ചതി

Digitized By Kerala Sahitya Akademi

കശ്മലൻമൂഢനവൻ-
ആക്കഥകേട്ടിട്ടുദുഃഖിച്ചിരിക്കുന്ന
രുഗ്മിണീതാനുമഥോ!കരു
തക്കത്തിലെന്നെപ്പറഞ്ഞുനിയോഗിച്ചു
നിന്നോടുണർത്തീടുവാൻ
രാമസഹോദര!നിൻഗ്രഹണമൊക്കവേ
കേട്ടവർമുമ്പേതന്നെപാരം
കാമപരവശയായ്മരുവീടുന്ന
കാമിനീരുഗ്മിണീതാൻ.
ഗോവിന്ദമുകുന്ദമുരാന്തക!
ഗോപാലഹരേ!മധുസൂദന!
നീവന്നുവിവാഹംചെയ്യണ-
മേവമവർക്കഭിമതമധുനാ.
കരുണാകര!മാധവ!നിന്നുടെ
ചരണാംബുജയുഗളമവർക്കൊരുശരണംഭവി
ശശിബിംബാനന!വരണംചെയ്തതി-
നധുനാനീവരണംമേരുചിരം
വിരവൊടുമരണംവരുമല്ലെന്നാകിൽ
മറൊരുഗതിയില്ലാമുക്ക്
മധുസൂദനേ!ബോധിച്ചാലും
ഉറവരും വിപരീതംമമ
പെറുമ്മയുമച്ഛനുമേവം
കുറംവരുമവരറിയുന്നോൾ
കുടിലന്മാരവരെല്ലാരും
തെറ്റെന്നുഹരിക്കുഹരേ!ഗ്രഹണ-

Digitized By Kerala Sahitya Akademi

മേറ്റവും വരുമതുചെയ്തെന്നാൽ
ശിശുപാലജരാസന്ധാദികളുശുഭന്മാർ
നോക്കിയിരിക്കെശിശുവാമൊരു മറി-
മാൻപേടയെപഞ്ചാനനനെന്നതുപോലെ
വന്നുഹരിച്ചീടുകവിരവൊടു
വരഗുണഗണഭൂഷണഭഗവൻ!"
എന്നിങ്ങിനെരുഗ്മിണിചൊന്നതു
വന്നിഹഞാനുരചെയ്യുന്നോൻ
അവളുടെഹൃദിവിവശതശിവ!ശിവ!
അവയവമതിയായിമെലിഞ്ഞു.
നവശശികലപോലേകുശതനു
തവവിരഹംകൊണ്ടുതളർന്നു.
ഉണ്ണില്ലുറക്കവുമില്ലാ
ഉരിയാട്ടവുമൊന്നുകുറഞ്ഞു;
കാണുന്നാനമുക്കുംചേതസി
കളിയല്ലവിഷാദമനോകം
നിന്നുടെയുടലടിമുടിപരിചോടുനിരൂപി-
ച്ചൊരുനെടുവീർപ്പുകളും
ഖിന്നതയുംപാവതിനിഹപണി
നിന്നുടെകൃപതാനിഹശരണം.
ധരണീസുരേന്ദ്രനുടെസരസവാക്കുകൾകേട്ട
തരസാസന്തോഷത്തോടേനരകാരിയരുൾചെയ്തു
"വരവാണിരുഗ്മിണിയെവിരവോടുചെന്നുകണ്ടു
വരുവാനെന്നിക്കുമോഹംപെരുതായ്വളർന്നിട്ടുന്നു;
സ്മരതാപംവളരുന്നുപെരുതായിട്ടുന്നുപണ്ടേ

Digitized By Kerala Sahitya Akademi

സ്സുരിച്ചുംകൊണ്ടെപ്പൊഴുംഞാനിരിക്കുന്നുഭൂമിദേവ!
തെരിക്കെന്നുചൊന്നുഞാനുംഘരിക്കുന്നാനേരംകണ്ട-
ങ്ങിരിക്കുന്നരാജാക്കന്മാരൊരിക്കലേകോപത്തോടേ
ആടുത്തുകൈകളിൽവില്ലുമെടുത്തുസായകങ്ങളും
തൊടുത്തുവലിച്ചുവന്നുതടുത്തുവെന്നാകിൽഞാനും
മടങ്ങുകയില്ലയുദ്ധംതുടങ്ങുമന്നേരമവർ
മടങ്ങുംനായന്മാരെല്ലാമൊടുങ്ങുമെന്നതേവേണ്ടു;
ഒടുക്കംരാജാക്കൾമണ്ടിത്തിരിക്കുംബ്രാഹ്മണരെല്ലാം
ചിരിക്കുമന്നേരംനാണിച്ചിരിക്കുംസംശയംവേണ്ടാ

"കൊണ്ടാടാരുക!തേരുംകുതിരകളും
വണ്ടിനടപ്പാനടിക്കൂട്ടീടുക
രണ്ടാമ്പടിമാർമാത്രം,മതിപുന-
രുണ്ടാമാളുകൾപെരുവഴിതോറും
തേരിൽകേറുകവിപ്രാ!താനിനി
നേരംപോക്കുപറഞ്ഞുഗമിക്കാം"
തേരിൽനമുക്കുകേറുകവിഷമം
തേരിൽനടന്നൊരുപരിചയമില്ല
നമ്മുടെപാണിപിടിച്ചുകേറുക
സമ്മതമെങ്കിലതങ്ങിനെചെയ്യാം;
തേരിഹതെരുതെരെയോടുന്നേരം
തേരിലുറച്ചിഹനില്പാൻവിഷമം
"കൊടിമരമാശുപിടിച്ചുമുറുക്കി-
പ്പിടിമേൽവന്നുവസിക്കരുതായോ!
"കൊടിമരമിളകിമുറിഞ്ഞെന്നാകിൽ
പൊടിയാമെന്നുടെദേഹമശേഷം"

Digitized By Kerala Sahitya Akademi

"മരണഭയംപുനരെന്തിനുവിപ്രാ!
നരനുവിനാശംനിശ്ചയമല്ലോ"
"പത്തുപണത്തിനുമുതലില്ലാതേ
ചത്തുമറിഞ്ഞാലെന്തിനുകൊള്ളാം"
"ചത്തമനുഷ്യനുവിത്തംകൊണ്ടൊരു
കൃത്യമതുണ്ടോപൃത്ഥീദേവ!"
"പിണ്ഡംവെപ്പാനാളുണ്ടാക്കുക
ദണ്ഡമതാംധനമില്ലെന്നാകിൽ!"
"സുതനുണ്ടെന്നാലവനിഹതന്നുടെ
പിതൃപിണ്ഡത്തിനുമടിയുണ്ടാമോ?"
"വേളികഴിപ്പാൻമുതലില്ലാത്തൊരു
വേളിയനുണ്ടോസുതനുണ്ടാവൂ?"
ഇത്തരമവനീസുരനുംകൃഷ്ണനു-
മുത്തരമുത്തരമുരചെയ്യുടനേ
സത്വരമഥരഥമേറിനടന്നു
ചിത്തരസേനവനങ്ങൾകടന്നു
അണ്ഡജവാഹനനാകിയഭഗവാൻ
കുണ്ഡിനനഗരംപ്രാപിച്ചുടനേ
കുണ്ഡിനനരപതിഭീഷ്മകനപ്പോടു
കുണ്ഡികതന്നിൽനിറച്ചൊരുജലവും
ധൂപംദീപംകുസുമംചന്ദന-
ലേപനമെന്നിവയാൽപൂജിച്ചും
ശ്രീപതിയെബ്രഹ്മമനിച്ചുഴകൊട്ട
ഭൂപതിദിഗ്വലനമസ്കൃതിചെയ്തു;
കാഞ്ചനമണിഗണശോഭിതമാംമണി-

Digitized By Kerala Sahitya Akademi

മഞ്ചംതന്നിലിരുത്തിവണങ്ങീ.
വിപ്രൻചെന്നഥരുഗ്മിണിയോടും
സുപ്രിയമാകിനവചനംചൊല്ലി
"രുഗ്മിണീ!ശുഭംതവരുഗ്മിണീ
രുഗ്മിസോദരീ!നിൻെറരുചിരംസാധുവായ്വന്ന
സുകൃതത്തിന്നൊരനുപമാനുഭവംമേലിൽ—രുഗ്മിണി
ദ്വാരകാപുരിതന്നിൽപാരാതെയകംപുക്കു
നാരായണനെക്കണ്ടുനലമൊടുഞാനും—രുഗ്മിണി
സുന്ദരാംഗനേ!നിൻെറസന്ദേശമറിയിച്ചു
സന്ദേഹമിനിവേണ്ടസാരസനയനേ!—രുഗ്മിണീ
നമ്മുടെമുഖേനിന്നുനിന്നൊഴിശ്രുവിച്ചപ്പോൾ
മന്മഥാത്തിപൂണ്ടൊരംമയങ്ങിഗോവിന്ദൻ—രുഗ്മിണി
ചന്തമേറിനനിൻെറചാരുരൂപസൌന്ദര്യം
ചിന്തിച്ചുപുറപ്പെട്ടചിരംതാനേനാഥൻ—രുഗ്മിണി
കുണ്ഡിനപുരംതന്നിൽവന്നുനിന്നുടെകാന്തൻ
കുണ്ഠിതംകളകനീകുവലയനയനേ?—രുഗ്മിണി"

ഭ്രസുരവരനുടെവാക്കുകളിങ്ങനെ
ഭാസുരസുഖമൊടുകേട്ടൊരുസമയേ
ഭ്രമിപനന്ദിനിഘനതരമോദാൽ
ഭ്രമിയിൽവീണുവണങ്ങിച്ചൊന്നാൾ:—
"ആത്യുപകാരംചെയ്തഭവാനൊരു
പ്രത്യുപകാരംചെയ്യതിനിപ്പോൾ
ക്ഷിതിതലമുടനുടകംചെയ്താലും
മതിയാമെന്നതുതോന്നുന്നില്ല;
കൈതൊഴുകെന്നേമറൊരുദാനം

Digitized By Kerala Sahitya Akademi

ചെയ്തകടത്തെയൊഴിപ്പാൻവിഷമം
കൈതവമല്ലിതു:നിന്തിരുവടിമമ
ചെയ്തുപകാരമസാരവുമല്ലാ
അറിവുള്ളോരുനീചെയ്തുപകാരം
മറവില്ലെന്നുടെമനസിമഹത്വം,
കുറവില്ലിനിമമകായ്വിശേഷം
തിരമൊട്ടുസാധിച്ചീടുംഭ്രസുര!"
കന്യകചൊന്നതുകേട്ടരചെയ്താൻ
ധന്യതപെരുകിനധരണിസുരേന്ദ്രൻ:
"നിന്നുടെകൃപയുണ്ടെന്നാലതുകൊ-
ണ്ടെന്നുടെജന്മംസഫലമിദാനീം
അന്തഞ്ജനവുംഞാനുംനമ്മുടെ
ബന്ധുക്കളുമടിയാർകുടിയാരും
സന്തതിയുംബ്രഹ്മസ്വവുമെല്ലാം
സന്തതമിഹതവതാതനധീനം;
ഇല്ലത്തെച്ചിലവിനുനെല്ലുംപണവുമിവ-
യെല്ലാമിക്കോയിക്കൽനിന്നല്ലോകൊണ്ടുപോകുന്നു
അല്ലാതൊരാശ്രയവുമില്ലുരുഗ്മിണി!നിങ്ങ
ളല്ലാതൊരാധാരവുമില്ലാനമുക്കുപിന്നെ
വല്ലോരാവശ്യത്തിങ്കൽവല്ലോരോടുംചോദിച്ചാൽ
ഇല്ലെന്നവർനമ്മോടുചൊല്ലുകയുമില്ലിപ്പോൾ
തെല്ലുപേടിയുണ്ടിവക്കെല്ലാമിനമ്മെയാശ്രു
വല്ലാത്തദേഹമൊരുവല്ലന്തിപ്രയോഗിക്കും
നന്നുമൂരിയുള്ളനോടുവന്നുതുടങ്ങീടൊല്ലാ
തന്നുരാൻതന്നെറതിരുമുമ്പിൽനിൽക്കുന്നദേഹം

Digitized By Kerala Sahitya Akademi

തമ്പുരാൻതന്നിക്കുമീനനൃരാരറിയിച്ചാ-
ലമ്പോടെകല്പിപ്പാനൊരുതരിമ്പുംസംശയമില്ലാ
എന്നുള്ളബഹുമാനമിന്നുംനമുക്കുമത-
മെന്നുംകുറവില്ലുതുതന്നെനാമുക്കുവേണ്ടൂ.

സദ്യശ്രമിപ്പാൻപോകുന്നിനിഞാ-
നദ്യനാമുക്കില്ലുവസരമൊട്ടും
വിടാന്മാരേസ്സുമ്മാനിപ്പാൻ
വിടാന്മാക്കെയെളുതാവുള്ളൂ"
ഇങ്ങിനൊരുശ്മിണിയോടുപറഞ്ഞുട-
നങ്ങുഗമിച്ചാനവനിസുരേന്ദ്രൻ.

രുഗ്മിണീസ്വയംവരം
ഒന്നാംകളം സമാപ്തം.

രുഗ്മിണീസ്വയംവരം.

രണ്ടാംകളം.

അക്കാലത്താടാരകതന്നിൽ
ചൊൽക്കൊണ്ടീടിനബലഭദ്രൻതാൻ
ചക്രായുധനെക്കാണാഞ്ഞഥകാ-
വൽക്കാരൊടുവക്കാണുമേശി
"നമ്മുടെസോദരനെങ്ങുഗമിച്ചു?
നമ്മെയൊളിപ്പാനെന്തവകാശം?
നിങ്ങൾഗ്രഹിക്കാതൊരുദിശിപോവാൻ

Digitized By Kerala Sahitya Akademi

സംഗതിയില്ലതിനില്ലവിവാദം;
പരമാത്മംപറയാഞ്ഞാൽനിന്നുടെ
ശിരസികലപ്പുപതിപ്പിപ്പൻഞാൻ
ഇന്നാലെയസ്മമയത്തിനുമുമ്പേ
നന്ദകുമാരനെയിവിടെക്കണ്ടു
രാവെങ്ങാനുംപോയെന്നാലീ
നായന്മാരിവരെന്തറിയാഞ്ഞൂ?
കള്ളന്മാരിവർമൂക്കോളംബത!
കള്ളുകുടിച്ചുകുടിച്ചുമയങ്ങി
തൊള്ളതുറന്നുമലന്നുകിടന്നുട-
നുള്ളൊരുകാലമുറങ്ങുവതിന്നൊ
നിങ്ങളെയിവിടെക്കാവലിനാക്കി?
നിങ്ങടെനാശമടുത്തിഹകൂടി
ഇങ്ങിനെയുള്ളജളന്മാരില്ലാ-
തിങ്ങൊരുഭൃത്യരുമെത്തുന്നില്ലാ
തിന്നുമുടിപ്പാനിങ്ങിനെയൊരുവക
വന്നുപിറന്നുനമ്മുടെനാട്ടിൽ
ഒന്നിനുകൊള്ളിച്ചാലതുചെയ്യാ--
നൊന്നിനുമില്ലൊരുണർച്ചയതിപ്പോൾ
തന്നുപുലർത്തുന്നവരെവണങ്ങണ-
മെന്നുള്ളതുമിവരറിയുന്നില്ലാ;
തങ്ങടെതങ്ങടെസാമർത്ഥ്യംകൊ-
ണ്ടങ്ങിനെചിലവുകഴിച്ചീടുന്നതു-
മെന്നൊരുഭാവമിവക്കുണ്ടായതു-
മൊന്നാകലുമ്പുംനേരത്തറിയാം.

Digitized By Kerala Sahitya Akademi

പട്ടിണിരണ്ടുകിടക്കുന്നേരം
പട്ടികളേക്കാൾപരവശഭാവം
കാട്ടിനടക്കുംകുറവന്തീന്നാൽ
ഗോഷ്ടികൾമുന്നേപ്പോലെതുടങ്ങും;
ശണ്ഠകളിട്ടശകാരിച്ചാലൊരു
കുണ്ഠിതമെന്നതുമില്ലാതായി
കണ്ടാലറിയാത്താളുകളുടനടി-
കൊണ്ടാലറിയുംപണ്ടൊരുകാലം
കൊണ്ടാലുംപുനരറിയാത്തവനെ-
ക്കൊണ്ടൊരുവേലയെടുപ്പിക്കാമോ?
കണ്ടകവാക്കുകൾപറയുന്നവനിഹ
ചെണ്ടക്കാരനതെന്നുഭവിക്കും.
കംസാന്തകനവനെങ്ങെന്നുള്ളതു
സംസാരികളാംനിങ്ങൾകഥിപ്പിൻ!
സംശയമില്ലതുചൊല്ലീലെന്നാൽ
വംശമൊടുക്കുംബലഭദ്രൻഞാൻ"
ഇങ്ങിനെഭഗവാൻനീലാംബരനഥ
തിങ്ങിനകോപാലരൂപംചെയ്യുമ്പോൾ
ഭീതനാതാമൊരുളുതൻപിരൊടു
കൈതൊഴുതുരചെയ്താനതുനേരം.
"ഇന്നലെനിശിശശിയുടെബിംബ-
മുദിച്ചുവിളങ്ങുന്നേരം
വന്നാനൊരുകുടയുംനല്ലൊരുമേ-
ല്പുടവയുമായൊരുവൻ
നന്ദജനുടെമണിമാളികമേൽ

Digitized By Kerala Sahitya Akademi

ചെന്നുകരേറിയിരുന്ന
വന്നതിനുടെകാരണമാരണ-
നന്നുജനുപനോടറിയിച്ചു
കുണ്ഡിനപുരിതന്നിൽവിളങ്ങിന
കുളർമതിമുഖിരുഗ്മിണിയാം
പെണ്ണിനുടെഗുണഗണമഖിലവു-
മാശ്രുപറഞ്ഞറിയിച്ചു,
സോദരനുംജനനിയുമച്ഛനു-
മിച്ഛമറിച്ചുതുടങ്ങീ.
സാദരമഥശിശുപാലനു-
കൊടുക്കണമെന്നവർപക്ഷം
ആയതുകേട്ടാധിപിടിച്ചവ-
ളെന്നെയയച്ചിതുഗൂഢം
ആയതുമിഴിയാകിയരുഗ്മിണി
യെന്നറിയിച്ചിതുവിപ്രൻ
മാരുകനെവിളിച്ചുവതുക്കെ
യുറക്കമുണത്തിമുകുന്ദൻ
തേരുമവിടാശ്രുവരുത്തിയൊ-
രുത്തിനിമിത്തമതെല്ലാം
അവരിരുവരുമൊരുമിച്ചുപോട്ട
ചൊന്നഥരഥവരമേറി
അവളുടെകഥകഥനംചെയ്തു
കളിച്ചുരസിച്ചുതിരിച്ചു
അടിയനുമതുകണ്ടിഹനിന്നിതു
മിണ്ടുകിലച്യുതനപ്പോൾ

Digitized By Kerala Sahitya Akademi

അടിക്കൂട്ടുമതിന്നൊരുസംശയ-
മങ്ങുഭവിക്കയുമില്ല
ഇങ്ങിനെയവരങ്ങുഗമിച്ചു
കുണ്ഡിനനഗരംനോക്കി
ഇങ്ങിനെപരമാത്മാവിതിൽപര-
മൊക്കെവിചാരിച്ചാലും"
ഇത്തരമവരുടെമൊഴികളുംപലവഴികളും
പരമാത്മാമറിഞ്ഞുളവേ
സത്പരമുടനഥഫലധരൻഭൂജധരൻ
പുരുഷോത്തമപൂർവ്വഭവൻ
യദുകുലപതികടെപടകളുംഗജഘടകളും
നലമേറിനമന്ത്രികളും
നലമൊടുബഹുജനപതികളുംകുലപതികളും
പലരോടെചേന്നാടേ
ചിന്തിച്ചുചിരകാലംചിന്തയിലിയലുന്നഭാവമരുൾചെയ്തു
ആരാനുംഅറിയുന്നോആരുംഗ്രഹിയാതൊപോയീമമ
(സഹജൻ
വൈദർഭീവരണാത്ഥംവൈരികൾമരുവുന്നകുണ്ഡിനംപുക്കു
കുണ്ഠന്മാർകുടിലന്മാർകുമതികൾപലരും
(കൊതിച്ചിരിക്കുന്നു
കുണ്ഠാടൻശിശുപാലൻകുണ്ഠൻകുരുപുംഗവൻജരാസന്ധൻ
അന്നേരംഅനുജൻതാൻഅരുവയർമണിഭയ
(സപയംഹരിക്കുമ്പോൾ
വില്ലരുംഎഴുനേല്ക്കുംവില്ലുംശരവുംതൊടുത്തുപടതുടരും
ബാലൻഭേ സഹജൻതാൻബന്ധുവിഹീനൻ
(വലഞ്ഞുപോവില്ലല്ലീ?

Digitized By Kerala Sahitya Akademi

നാട്ടിലിരിക്കുംനായന്മാരെ
കൂട്ടിസ്വരുപിച്ചീടുകവിരവൊട്ട
കൊട്ടിഘോഷിച്ചാത്തുവിളിച്ചു
കൂട്ടിക്കൊണ്ടുവരേണമിദാനീം
ആയുധപാണികളായിട്ടനവധി
നായന്മാരുമമാത്യന്മാരും
കാര്യസ്ഥന്മാരെജമാനന്മാ-
രായിരമായിരമാഠക്കധിപന്മാർ
പട്ടാണികൾപലകുതിരക്കാരും
കോട്ടപ്പടിയിൽക്കാവൽക്കാരും
കാട്ടാളന്മാർമുക്കോപ്പരിഷകൾ
കൊട്ടക്കാരന്മാരുംപലവക
നസ്രാണികളുംജോനകർപിന്നുസ-
ഹസ്രാധികമിഹവന്നീടേണം
നീലാംബരനുടെശാസനയിങ്ങിനെ
നീളെനടത്താനാദരവോടെ
ഭൃത്യന്മാരെയയച്ചുവെക്കമ-
മാത്യന്മാരിലധീശൻസാത്യകി
കല്പനപറവാൻകൂറവില്ലാത്തവർ
കെല്പൊടുനാട്ടിൽനടന്നുപറഞ്ഞു;
കേട്ടവർകേട്ടവർവരവുതുടങ്ങീ
കൂട്ടമിരുന്നുപറഞ്ഞുതുടങ്ങീ.
"നായന്മാരെവരുത്താനെന്തോ..
ന്നായതുതാനതുകേട്ടോക്കുവ്വേ!"
"കല്പനയെന്നതുമാത്രംകേട്ടിത-

Digitized By Kerala Sahitya Akademi

തിൽപരമുള്ളതെനിക്കറിയാമോ?"
"ദ്വാരാവതിപുരിവെട്ടിയടക്കാൻ
വൈരികൾവരവുണ്ടെന്നതുകേട്ട"
"നാരായണനുടെനഗരമടക്കാ-
നാരെന്നാകിലുമെളുതല്ലിപ്പോൾ"
"എന്തിനുതാനിഹക്ലേശിക്കുന്നു
തന്തിരുവടിയുടെകല്പനയെന്നാൽ
എന്തെങ്കിലുമതുസാധിക്കാഞ്ഞാ-
ലെന്തിനുകൊള്ളാമിജ്ജനമെല്ലാം"
"പീട്ടിലൊരമളിനമുക്കുണ്ടായതു
കേട്ടില്ലെങ്കിൽപറയാമല്പം
മാക്കോമ്പ്യാരുടെമകനുംനമ്മുടെ
മൂക്കച്ചാരുംതമ്മിലടിച്ചു
നാലുപണംകൊണ്ടെടവാടുണ്ടതു
മൂലംതങ്ങളിലിങ്ങനെനേപ്പാൻ
ഊക്കുംകോപമടക്കരുതാഞ്ഞവർ
മൂക്കുകടിച്ചുമുടിക്കുപിടിച്ചു
ഇങ്ങിനെയുള്ളൊരുകലശലുകേട്ടട-
നങ്ങേക്കുറവചിരികണ്ടച്ചാർ
ഓടിയടുത്തങ്ങവരുടെയിടയിൽ
ചാടിക്കൈക്കുപിടിച്ചുവലിച്ചു
വണ്ണാൻവാഴകണക്കെയിഴച്ചാ-
പ്പൊണ്ണാന്മാരെപ്പുറമേനീക്കി;
നായന്മാർചിലരക്കഥയെല്ലാം
കോയിക്കൽചെന്നങ്ങറിവിച്ചു;

Digitized By Kerala Sahitya Akademi

കായ്മക്കാരതുകേട്ടടനൊനാ-
ലായ്മപ്പെട്ടന്നാരെയയച്ചു
പട്ടന്മാർവന്നെന്നരുടെവീട്ടിൽ
തൊട്ടതശേഷംതല്ലിമുടക്കി
തിരുവാണയുമിട്ടായവരോരോ
കരുമനാചെയ്തതുപറവാൻവിഷമം
ഒന്നിനുപോയിട്ടില്ലനമുക്കതു
വന്നുഭവിച്ചതുമെന്നറിയണം
ആരാൻതമ്മിലടിച്ചതിനെന്നൊട്ടു
ചേരാനെന്തവകാശംപാത്താൽ
വീട്ടിൽവരുന്നവർകാട്ടിയദോഷം
വീട്ടിലെറായക്കെന്നുവരാമോ?
ഇങ്ങിനെയുള്ളതിടക്കംവന്നാ-
ലെങ്ങിനെകല്പനകേട്ടീടേണ്ടു
കല്പനകേൾക്കാത്തവനോനിന്നു
പൊറുപ്പാനുംപുനരെളുതല്ലല്ലോ"
പത്തുവിതച്ചാലതുപത്തുംവിളയുംകണ്ടും
പത്തുപറയുള്ളതെടുത്തുമറാക്കാനുംകൊ-
ടുത്തുഎജമാനന്മാർപത്തുപണംകയ്യ ലെ
ടുത്തുകൊടുത്തെന്നാൽപൊറുത്തുഞതല്ലെന്നാൽപു-
റത്തുപോമെന്നല്ലാമുരുത്തുപണിതുടങ്ങും,
ശത്രുക്കളോടുപടയെത്തുന്നനേരുങ്ങു
ചത്തുമറിഞ്ഞെന്നാകിലുസ്വപിന്നെയിങ്ങൊത്ത
വസ്തുക്ലേശവുമില്ലെന്നോത്തുനടന്നാനേകൻ;
ഇത്ഥംപറഞ്ഞുമറൊരുത്തൻ"നമുക്കുനൂറു

Digitized By Kerala Sahitya Akademi

പുത്തൻകടമുണ്ടെങ്കിൽപത്തെങ്കിലുമിപ്പോൾകൊ-
ടുത്തേച്ചുപോയാൽപിന്നെച്ചത്തെങ്കിലുംനമുക്കോ-
രത്തൽവിശേഷിച്ചുവരത്തില്ലുനായന്മാരേ!
തുക്കുപുകയിലയ്ക്കുതോക്കുപണയംവെച്ചു
പാക്കുകൊടുത്തകടംപോക്കുന്നതുണ്ടെന്നൊരു
വാക്കുംപറഞ്ഞുംകൊണ്ടുപാക്കുന്നുകണ്ടേച്ചേട്ടൻ
തോക്കുംകൂടാതെചെന്നാൽതോല്ക്കുമബദ്ധക്കാരൻ
വായ്ക്കുനാപടതന്നിൽനേക്കുന്നാനേരംപല
ചാക്കുംമുറിവുമുണ്ടാക്കുമറിഞ്ഞുകൂടാ;
കല്യാണത്തിനുവീട്ടിൽനെല്ലുംപണവുമൊന്നു-
മില്ലാഞ്ഞുരണ്ടുവാളുവില്ലുമെടുത്തുവിറു
നെല്ലുംപണവുംവാങ്ങിക്കല്യാണവുംകഴിച്ചു
വില്ലാളിവിരുതന്മാരെല്ലാംപടയ്ക്കുരുങ്ങി-
ച്ചെല്ലാൻകല്പനവന്നുവല്ലാതെനാണംകെട്ട-
വല്ലോചങ്ങാതിനിങ്ങൾക്കെല്ലാമായുധമുണ്ടോ
രണ്ടുകൈകളുംവീശിക്കൊണ്ടുപടയ്ക്കുചെല്ലും
തണ്ടുതപ്പിക്കുവെടികൊണ്ടുമരിക്കയല്ലാ-
തുണ്ടോമറെറാരുകായ്മം?ചെണ്ടക്കാരെന്നുപേരും
കൊണ്ടുകാലൻറെവീട്ടിൽമുണ്ടുവിരിച്ചിരിക്കും
പണ്ടുള്ളപരാക്രമംകൊണ്ടുള്ളകീർത്തികൾക്കു-
മുണ്ടാമിളപ്പമയ്യോകണ്ടാലുംകാലദോഷം"

ഇങ്ങനെപലപലനായന്മാർവ-
നാങ്ങുപുരത്തിൽനിറഞ്ഞൊരുസമയേ
ഉദ്ധവർസാത്യകിതവമ്മാവുസ-
മത്ഥയദുപ്രവരന്മാരോടും

Digitized By Kerala Sahitya Akademi

മത്തഗജപ്പടകുതിരപ്പടകളു-
മൊത്തുരഥങ്ങളുമനവധിക്കൂടി;
ബലദേവൻനിജകുലബലസഹിതൻ
ജലധികടന്നുരഥത്തിൽക്കേറി
പുരുഷാരത്തൊടുകൂടിക്കുണ്ഡിന-
പുരവരഗോപുരസീമനിചെന്നു;
പടകൾക്കെല്ലാംപാളയവാടികൾ
പലതരമവിടെക്കെട്ടിത്തീർത്തു;
പടഹംതുടിപറതാളംമേളം
പൊടിപൊടിവെടിയുംകലശലുക്കൂട്ടി
ഉടനേഹലധരനരമനപുരു
കുടതഴചാമരമെന്നിവയോടെ
വെക്കംചെന്നവിദർഭനരേന്ദ്രൻ
സൽക്കാരാദികൾചെയ്തുവണങ്ങി;
പൊക്കമതേറിനമണിമഞ്ചാഗ്രേ
ചിക്കെന്നവിടെയിരുന്നുനിതാന്തം
ഉദ്ധവർകൃതവമ്മാദികൾചെന്നു-
ത്തമപുരുഷനെവന്ദിച്ചുടനേ
ചിത്തസുഖേനാവസിച്ചുസഭായാ-
മിത്ഥംബഹുജനമവിടെനിറഞ്ഞു
കെട്ടുംചുമടുമെടുത്തൊരുകൂട്ടം
പട്ടന്മാരുടെവരവുതുടങ്ങി
കൂട്ടികളൊരുവകടുസ്സാമർത്ഥ്യം
കാട്ടിക്കശപിശവാക്കുപറഞ്ഞും
കൊട്ടിലിൽവന്നുസ്ഥലംവസ്തുനവ-

Digitized By Kerala Sahitya Akademi

രൊട്ടല്ലതുമൊരുനൂറുസഹസ്രം
കെട്ടുകളൊക്കെയഴിച്ചതിലുള്ളോരു
പട്ടുകൾപുടവകൾതുപ്പട്ടാകളുമി-
രട്ടുകരിമ്പടമുറുമാൽവകകളി-
രട്ടിപ്പട്ടുമണപ്പുടവകൾ
കൊട്ടാരൻമുറിപാണ്ടിക്കവണികൾ
പട്ടാണിത്തുകിൽപൂമുണ്ടുകളും
പെട്ടന്നൊക്കെയഴിച്ചുനിരത്തി
ച്ചെട്ടികളൊരുവകകൊങ്കണിജാതികൾ
കൊട്ടിൽനിറഞ്ഞുപുറത്തുകവിഞ്ഞു
കുടയുംസഞ്ചിയുമൊരുമാറാപ്പും
വടിയുമെടുത്തിഹമണ്ടിവരുന്നു.
കൊടുവെയിൽകൊണ്ടുവിയർത്തുതളർന്നിഹ
നെടുവീർപ്പിട്ടുപടിപ്പുരകേറി
നമ്മൂരാരൊരുലക്ഷംകൂടിയ-
കംപ്യൂകുന്നൊരുതിക്കുംമുഖ്യം
കുടകൾതടഞ്ഞുമിടഞ്ഞുപൊടിഞ്ഞും
ഝടഝടഘോഷമഹങ്കാരികളുടെ
നടനംതമ്മിൽതിക്കിഞെരിച്ചുട-
നടനേചെന്നൊടുമുരപുക്കു;
ഉൗട്ടിനുമുമ്പുപ്രതിഗ്രഹമെന്നതു
കേട്ടുഴറിപ്പുലകൂട്ടത്തോടെ
കൊട്ടിലിലിങ്ങുകരേറിച്ചെന്നൊരു
കോട്ടിലിരുന്നമഹീസുരവൃന്ദം;
രുഗ്മിണിതങ്ങടെസോദരനാകിയ

Digitized By Kerala Sahitya Akademi

രുഗ്മിയുമവനുടെസഹജന്മാരും
പെട്ടിനിറച്ചുത്രപൊന്നുംപണവും
കെട്ടിയെടുപ്പിച്ചാഭരവോടെ
കൊട്ടിലിൽവന്നുകൊടുത്തുതുടങ്ങി
വൃഷ്ടികണക്കിനൊവളരെദ്രവ്യം
നന്മൂരാക്കുപ്രതിഗ്രഹമെന്നാ-
ലമ്പതുവഴിയൊരുരഥസ്സിൽനടക്കാം
വാരമൊളിച്ചൊരുകലശമുഹൂത്തമ-
താരംഭിക്കാൻഭാവിക്കുമ്പോഠം
കുടയുംസഞ്ചിയുമായിക്കാണാ
മുടനൊരുമുന്തിരവനിസുരന്മാർ,
സോമാത്തിരിമാരാശിയടുത്താൽ
ചോമാതിരിമാരക്കിത്തിരിമാർ,
നന്മൂതിരിമാരെന്പ്രാന്മാരുമ-
കംപൂകുന്നതുകാണാമുടനേ.
വേളിയൊരേടത്തുണ്ടെന്നുള്ളതു
കേളിപരക്കുംമുമ്പേതന്നെ
വിപ്രന്മാരതുസപദിഗ്രഹിക്കും
ക്ഷിപ്രംചെന്നുപുറത്തളമേറും:
കാശീലങ്കിലുമൊരുകലശത്തിനു
രാശിയടുത്താലവിടെക്കാണാം
രാശിക്കുഗ്രഹമെന്നല്ലായൊരു
കാശിനുകാതംവഴിമണ്ടുന്നു
അയ്യെപണംചോമതിരിമാ-
ക്കുഞ്ഞിനെതന്നോളട്ടേരിക്കും;

Digitized By Kerala Sahitya Akademi

അക്കിത്തിരിമാക്കതിലൊന്നോറാമ-
തൊക്കെവിശേഷക്കാരുടെവകയിൽ
നന്നാലുപണംനന്നൂരാക്കും
എന്പ്രാന്മാക്കുമതങ്ങിനെതന്നെ.
മുമ്മൂന്നുപണംപട്ടന്മാക്കതി-
ലൊന്നുകുഠച്ചുചിലമ്പാണ്ടിക്കു .
അമ്പലവാസിക്കോരോപണമതി-
ലപ്പുറമുള്ളോക്കഷ്ടികൊടുക്കാം;
ഇങ്ങിനെയുള്ളൊരുസംസാരത്തിനു
സംഗതിപോലുമിതവിടെക്കാണാ.
ഇരുകൈകൊണ്ടുംവാരിക്കോരി-
തെരുതെരെയങ്ങുകൊടുത്തുതുടങ്ങീ;
കനകപ്പൊടിയുംപണവുംരാശിയു-
മനവധിമുത്തുമാഭരണങ്ങളു-
മവനിസുരന്മാരാത്തുവിളിച്ചു
ശിവ!ശിവ!നല്ലൊരുപരമാനന്ദം;
രണ്ടുകരങ്ങൾനിറഞ്ഞപ്പോൾകുറി-
മുണ്ടുവിരിച്ചതിലാക്കിമുറുക്കി
കെട്ടിത്തലയിലെടുത്തുകരേറി
ക്കുട്ടിപ്പട്ടക്കിരുമുടിയാക്കി
കെട്ടിയെടുപ്പിച്ചങ്ങിനെയവർപണി
പെട്ടനടന്നാരവനിസുരന്മാർ;
സദ്യുള്ളിലവസ്ഥാനപ്പോൾചില-
രുദ്യോഗിച്ചുശ്രമിച്ചുതുടങ്ങി.

Digitized By Kerala Sahitya Akademi

വമ്പന്മാരെവിളിച്ചുവരുത്തി
കല്പനപറവാൻകായ്ക്കാർപുന-
രപ്പൊഴതൊരുദിശിവനിടകൂടി
കെല്പൊടുനിന്നുപറഞ്ഞുതുടങ്ങീ;
"സംഘങ്ങളിലെപ്പരിഷക്കാരെ!
ശങ്കിക്കാത്തശരന്മാരെല്ലാം
സത്രക്കൊട്ടിലിൽനിന്നുഗമിക്കണ-
മത്രനടന്നുകഴിഞ്ഞുരുതാരും
ചോദ്യംകാരികളുമുപദംശങ്ങളും
മാറുംമുമ്പെവിളമ്പീടേണം
ചോദ്യനിരുപുറകേകാരികൾവരാഞ്ഞാൽ
മാറ്റാരികൾനിന്നുശകാരംകൂട്ടും;
ഏലാചെമ്മടനോചോദ്യവരാഞ്ഞാൽ
കലഹിച്ചേറുതിരിക്കുംചിലർ
കരുതിക്കൊണ്ടുവിളമ്പിവിളമ്പി-
ത്തെരുതെരെയൊക്കെകാരികത്തീടേണം
ഇലകളിൽവളരെശ്ലേഷിപ്പിക്കും
ചിലരതുനോക്കിനാടത്തീടേണം
പിശകിവിളമ്പിശ്ലേഷിപ്പിച്ചാൽ
പിഴയുണ്ടായ്വരുമെന്നറിയേണം
കിട്ടിയതൊന്നുംമതിയാകില്ലാ
പട്ടന്നാക്കുബോധിക്കേണം
"ഘടബടവാവിടുവിണ്ടകണക്കേ
പോടടമെത്തക്കരികിരിസഃ" ഇ-
ങ്ങിനെപിശകിവിളമ്പിച്ചങ്ങിനെ

Digitized By Kerala Sahitya Akademi

ചിങ്ങൻപഴവുംതെരുംക്കൂട്ടി
ചളുപിളെയാക്കിശേഷിപ്പിച്ചതു
വളുവളെവാരിവിതച്ചുതിരിച്ചും
പപ്പടവുംപഴവുംപഞ്ചാരയു-
മപ്പോൾതന്നൊരുമുണ്ടിൽകെട്ടിയി-
ടത്തേക്കയിലെടുത്തുംകൊണ്ടുപു-
റത്തക്കുപുറപ്പെട്ടടനേ
വെറിലപുകയിലകൊടുവാനായതു
വിറുപിരിച്ചുതിരിച്ചുനടക്കും
കാവൽക്കാരെത്തിക്കിഴറിച്ചവർ
ധാവതിചെയ്യുമതോത്തീടേണം;
സത്യംകഴപ്പമതെന്നുവരുത്താ-
നുദ്യോഗിച്ചുനടക്കുന്നാളുക-
ളിട്ടിക്കിൽപലരുണ്ടായ്വരുമവ-
രിത്തിരിപാകംവന്നോയറിവൂ.
നാനാവിധമിവകാട്ടുന്നവരുടെ
നാശംവരുമേസംശയമില്ലാ
കൊല്ലാവുന്നജനങ്ങൾപിഴച്ചാൽ
കൊല്ലാൻകല്പനയുണ്ടെന്നാരിവിൻ
കൊല്ലരുതാത്തവരെക്കൂട്ടത്തിൽ
കൊള്ളരുതാത്തവഴിക്കുംകൂട്ടും
മോഷ്ടിപ്പാൻചിലർഭാവിച്ചാലതു
ഗോഷ്ടിയതെന്നോവന്നുഭവിപ്പൂ;
കട്ടംകൊണ്ടുപുറപ്പെട്ടാലൊരു
വെട്ടംകൊണ്ടുമരിക്കാമുടനേ

Digitized By Kerala Sahitya Akademi

അതുകൊണ്ടൊരുഭയമില്ലെനമുക്കി-
നിതുകൊണ്ടേ പുനരാധിയുമുള്ളൂ;
ഉൗട്ടിനുചെറുകുഴപ്പുണ്ടായാൽ
നാട്ടിനുഹാനിനമുക്കുംഹാനി
സംഘങ്ങൾക്കുതുറപ്പുണ്ടെന്നാൽ
സങ്കടമേതുംവരുവാനില്ലാ
കല്പനപോലെനടപ്പാൻനിങ്ങൾ-
ക്കല്പംകുറവുഭവിച്ചീടൊല്ലാ
എന്നാൽഞങ്ങൾഗമിച്ചീടുന്നേ-
നെണ്ണയെടുപ്പാൻകാലംവൈകി"
എന്നുപറഞ്ഞഥയജമാനന്മാർ
മന്നവനോടറിയിപ്പാൻപോയാർ.
കളിമ്പുമെണ്ണതേമ്പുംകുളിമ്പുംപേരുചൊല്ലി
വിളിമ്പുംജലംതന്നിൽപുളമ്പുംതെരുതെരെ
നടന്നുംപുരകളിൽകടന്നുംസ്ഥലംവെമ്പും
കിടന്നുംചിലരുങ്ങുകടന്നുംഓടുമ്പുര
വിളമ്പിവരുംമുമ്പേകലമ്പിയൊരുകൂട്ടം
സ്ഥലംപിടിച്ചിരുന്നുകലമ്പിയിരിക്കും ചിലർ
കുറിയരിവെമ്പുവെളുത്തരിചോറും
കറികളുമാശുവിളമ്പിനിരന്നു
നറുനെയ്ശർക്കരനേന്ത്രപ്പഴവും
ചെറുവപ്പടമൊരുപത്തിരുനൂറും
ആനമ്പുവടൻവപ്പടമൊരുവക
തേനുംനല്ലൊരുപഞ്ചാരപ്പൊടി
ചേർക്കരിചിലപമ്പടികിമ്പടി

Digitized By Kerala Sahitya Akademi

പാനകമൊരുവകനാരങ്ങാക്കറി
മാങ്ങാപ്പച്ചടിഇഞ്ചിപ്പച്ചടി
ചേനവറുത്തുംപയറുവറുത്തും
ചക്കപ്രഥമനടപ്രഥമൻവിധ-
മൊക്കെപ്പറവാൻനോരംപോരാ;
പാലുംതൈരുംമോരുംപലവക
കോലാഹലതരമെന്തുരചെയ്യാം.
കൊണ്ടാപഴുപ്പടമെന്നൊരുടിക്കിൽ
കൊണ്ടാപഴമെന്നാഞൊരുടിക്കിൽ
ചക്കപ്രഥമൻകൊണ്ടാവളരെ
ശർക്കരയുണ്ടകളമ്പത്തുകൊണ്ടാ
പച്ചടികൊണ്ടാകിച്ചടികൊണ്ടാ
പഞ്ചാരപ്പൊടിയൊരുപാടുകൊണ്ടാ
മധുരക്കറിയോ(മഥിത)ക്കറിയോ
മതിമതിപോരാകോരിക്കൊണ്ടാ
എരിച്ചകറികൊണ്ടാപുളിച്ചകറികൊണ്ടാ
പരിപ്പുകൊണ്ടാനല്ലുകരിമ്പിൻനീരുകൊണ്ടാ
ഭരിപ്പുകാരാതന്നേറഞ്ഞരിപ്പുചിതമല്ലാ
നിറപ്പിൽനടന്നൊന്നുഭരിപ്പിച്ചതായാട്ടു.
എരിച്ചകറിവെച്ചകരിച്ചതെന്തെടിനാ
പുളിച്ചകറിയൊന്നുതിളച്ചാലെന്തുചേതം
പഴത്തിനൊന്നുംനല്ലുപഴുപ്പുമതിയില്ലാ
പഴപ്രഥമൻപാരംപഴുപ്പുമായിട്ടുണ്ടായി;
കരിമ്പിൻനീരിനൊരുതരിനുപുളിയുണ്ട്
രുത്തവിധമാട്ടുംകുത്തരിയുമായി

Digitized By Kerala Sahitya Akademi

കടിച്ചുകുടാ; തെല്ലുപാടിച്ചുകൊണ്ടന്നാലും
അടക്കമില്ലാത്തവർകടക്കാപുറത്തോട്ട
കടക്കുംനേരമങ്ങുതടുക്കുമെന്നുംചിലർ
കരിക്കുറവുകൾകഥിക്കുംനേരമിങ്ങു
വെറുപ്പുവരുമിനിമറിപ്പുവഷ്ക്കുമിപ്പോൾ.
സദ്യമനോഹരമെന്നിഹവന്നവ-
രുദ്യതഘോഷംവർണ്ണിക്കുന്നു.
നാനുമൊരെട്ടുംരാശിയെടുത്തു'
വേറുതിരിച്ചാരുകിഴിയാക്കെട്ടി
അങ്ങിനെലക്ഷംകിഴിയുണ്ടാക്കി
ഭംഗിയൊടോരോപൊന്നിൻതളികയി-
ലിട്ടുനിരച്ചതിലോരോരോകിഴി
പട്ടന്മാക്കുകൊടുത്തുതുടങ്ങീ
കിഴിമേടിക്കുംപട്ടന്മാക്കൊരു
വഴിയെയുള്ളുപുറത്തുകടപ്പാൻ
മേടിച്ചാളുകമറൊരുവഴിയേ
ചാടിച്ചെന്നുകരേറാൻമേലാ.
എടയിൽച്ചെന്നുകലമുന്നവരുടെ
പിടലിപിടിച്ചുപുറത്തുംതള്ളും;
വടിയുംതടിയുമെടുത്തുനാടക്കും
ഭടജനമനാവധി എടയിൽകാണാം
സവ്വാണിപ്പണമിങ്ങിനെവിരവൊടു
സവ്വമഹീസുരനികരങ്ങൾക്കും
സപദികൊടുത്തുപ്രസാദിപ്പിച്ചു
നൃപതികുമാരകനാകിയരുഗ്മൻ:

Digitized By Kerala Sahitya Akademi

കന്യാമണിയുടെവേളിക്കുള്ളൊരു
സന്നാഹങ്ങൾതുടങ്ങിപതുക്കെ
കാലമടുത്തുമുഹൂർത്തമഹോശിശു-
പാലമഹീപതിയോടറിയിക്കാം;
എന്നൊരുവാർത്തകൾകേട്ടനപ്പോൾ
മന്നവനാകിനശിശുപാലൻതാൻ
ക്ഷൗരംചെയ്യിപ്പിച്ചുകുളിച്ചു
ഗോരോചനാവുംതൊട്ടുലലാടേ
തലമുടിനന്നായ്ക്കെട്ടിമുറുക്കി
തിലകംചാന്തുംകുറികളുമിട്ടു
വളകളുമിട്ടുകരങ്ങളിൽമുഴുവൻ
കളഭംകൊണ്ടുമുഴുക്കാപ്പിട്ടു
ചേലപ്പട്ടിണകെട്ടിയുടുത്തു
ചാലേമാലകൾപലതുമണിഞ്ഞു
പൊന്നരഞ്ഞാണംതോൾവളകടകം
പൊന്മണിഹാരംകുണ്ഡലമെന്നിവ
കോപ്പുകളിട്ടുഞെരിഞ്ഞുംപിരിഞ്ഞു
കാപ്പുംകെട്ടിക്കരമതിലുടനേ
ആയിനിയുണകഴിച്ചുപുറപ്പെ-
ട്ടായിരമാമ്പടിപിമ്പിൽനടന്നു;
മുമ്പിൽതന്നുടെനാമുപ്പടകളു-
മമ്പിനകോലാഹലമിടകൂടി;
ആർത്തുവിളിച്ചുടനവനിസുരന്മാ-
രാൽത്തറകേറിനിരക്കെയിരുന്നാ
രുഗ്മിയകമ്പടിയായഥമുമ്പിൽ

Digitized By Kerala Sahitya Akademi

തിഗ്മപരാക്രമശാലിനടന്നു
മണിമഞ്ചത്തിൽകേറിയിരുന്നു
മണിഗണഭ്രഷ്ടിതനാംശിശുപാലൻ.
തുടങ്ങീമഹാഘോഷംതുടികൾപടഹവും
നടുങ്ങീമഹീലോകംനഗരനികരവും
അണിഞ്ഞുപുറപ്പെട്ടാരലസമിഴികളും
കുണിഞ്ഞുനടക്കുനാമുതുവൃഷലികളും
വിടന്മാർഭടന്മാരുംവികൃതഗതികളും
നടന്മാർശഠന്മാരുംനഗരവാസികളും
നിറഞ്ഞുപുരംതന്നിൽബഹളഗളഗളം
പറഞ്ഞുമഹായോഗംപലതുമവിരളം.
നാളീകമുഖിതാനാളീജനങ്ങളുമായ്
മേളിച്ചുമെല്ലെമെല്ലെലാളിച്ചുനടന്നു
കാളീഭഗവതിയെക്കണ്ടുവണങ്ങീടുവാൻ;
"കാളമേഘരുചികളികാലകരപാളിയാമമലകേളിസുശീ
വണ്ടാർകുഴലി! നീയുംകണ്ടാലുമോരോവക (ലേ
തണ്ടാർശരന്മാർപലരുണ്ടായിതധുനാ
കണ്ടാലഴകുള്ളാരുകാമുകന്മാരാമിവർ
രണ്ടുപന്തിനിരകൊണ്ടുനിൻവടിവു
കണ്ടുകാമകണകൊണ്ടുഴലുന്നു.
ധന്യേ!രുഗ്മിണി!കേൾനിനെക്കൊതിച്ചുകൊണ്ടു
തന്നെവന്നിരിക്കുന്നുമന്നിലെന്യപന്മാർ
തന്നത്താൻമറക്കുംമനാവന്മാരാമിവർ
നിന്നെവെച്ചുപുനരന്യചിന്തകളു-
മൊന്നുമില്ലിവർകനാന്നിതുസകലം.

Digitized By Kerala Sahitya Akademi

ഇങ്ങുറിന്നടെരമണൻവന്നവസിച്ചീടുന്ന
നന്ദതനയനതിസുന്ദരവദനൻ
സുന്ദരി,യിവൻതന്നെനിന്നെവിവാഹംചെയ്യും
നന്നുനന്നുതവവന്നകായ്മിടമിറുബിംബമുഖിസുന്ദരനയ
ഇങ്ങിനെസഖിമാരിംഗിതമുരചെയ്തു (നേ!"
തിങ്ങിനാരസംപൂണ്ടുമംഗലസമയേന
അംഗജരിപുതനാംഗനായാകുംദേവി
ഭംഗിയൊടിഹവിളങ്ങിമേവുമൊരുമംഗലാലയചെന്നക
വേളിമഹോത്സവഘോഷംകാണ്മാൻ (ടന്നു
വേശ്യപ്പെൺകുലമന്നൊരുക്കൂട്ടം
മേളിച്ചൊരുദിശിവരവുതുടങ്ങീ
മാളികകേറിനിരക്കെയിരുന്നു
അച്ചികഠാതങ്ങടെവീട്ടിലിരുന്നുവി-
ളിച്ചുകയത്തുപറഞ്ഞുതുടങ്ങീ
"കൊച്ചുനരജത്തികൊതിച്ചുതിരുവു
നിച്ചിരിയത്തിക്കില്ലൊരുനാണം;
കോയിക്കൽപോയ്ക്കാഴ്ചകഠാകാണ്മാൻ
സ്ഥായിക്കാർചിലരുണ്ടെന്നാകിൽ
പോയിക്കണ്ടുവരാമെന്നാലതി-
നായിക്കൊണ്ടൊരുപുരുഷൻവേണം.
കുഞ്ഞുലിക്കൊരുനാന്മൂരിച്ചൻ
അഞ്ഞൂറഞ്ചുപണത്തിനുവല്ലൊര-
രഞ്ഞാണംപണിയിച്ചുകൊടുത്തതു
കുഞ്ഞിക്കാളിക്കിരുകൊടുത്തു
തന്നുടെയരയിലെടുത്തിടുവാനാ-

Digitized By Kerala Sahitya Akademi

പെണ്ണിനുസംഗതിവന്നതുമില്ലാ
ആങ്ങിനെവരുമത്താന്തോന്നിത്തം
തങ്ങൾതുടങ്ങുകകൊണ്ടതുവന്നു;
ഈച്ചരനായരൊഴിച്ചപ്പിന്നെ
കാഴ്ചയ്ക്കുംഞാൻപാരില്ലാ
താച്ചൻനായരുമായിപ്പോയാൽ
താഴ്ചവരുംതരമല്ലിക്കാലം.
ആങ്ങേക്കുറുറക്കൊച്ചിളയച്ചിയു-
മവളുടെനായരുമൊരുമിച്ചുമ്പോട്ട
ചെന്നൊരുദിക്കിലിരിക്കുംനേരം
വന്നവരെല്ലാമാനകളിച്ചു
ആങ്ങോരായതുകേട്ടുകയത്തുട-
നങ്ങോട്ടാപലവാക്കുപറഞ്ഞു
കൊച്ചിളയച്ചികരഞ്ഞുംകൊണ്ടൊരു
വമ്പുപ്പട്ടരുമായിപ്പോയി
നിച്ചിരിയന്മാരായവരോടൊരു-
മിച്ചിരിയാസ്സനമുക്കിനിറുത്തി.
ഇക്കാലത്തൊരുകാഴ്ചകഠകാണ്മാ-
നിഷ്ടുട്ടത്തിനുവിഷമംതന്നെ
കഠകൂടിയന്മാർപലരുണ്ടവരുടെ
തിക്കുകഠകൊണ്ടുസഹിപ്പാൻമേലാ
പണ്ടൊരുപടയണികാണ്മാൻനമ്മെ
ക്കൊണ്ടുപുറപ്പെട്ടാനീവിടവാൻ
മെണ്ടക്കാരൻചെല്ലുന്നോട-
ത്തുണ്ടാംവാഗ്ഗുതുമൊരുവൈഷമ്യം

Digitized By Kerala Sahitya Akademi

ഈക്കരെയുണ്ടൊരുതുള്ളക്കാരൻ
തെക്കേത്തട്ടേൽവന്നുകുരിറി
പറയൻകഥചൊൽവാനൊരുഗണപതി
കുറയെച്ചുല്പിത്തുള്ളുന്നേരം
ധൃഷ്ടനൊരുത്തൻവന്നുവടക്കേ-
ത്തട്ടേൽക്കേറിത്തുള്ളൽതുടങ്ങി
ശ്രുണികടിച്ചുമുറിക്കുവർത്തമ്മിൽ
ശണ്ഠതുടങ്ങിപ്രഹരംപൂട്ടി
കണ്ടുവസിക്കുംനായന്മാരവർ
രണ്ടുമുറിക്കാരോടിടകൂടി
കല്പംതടിയുമെടുത്തവർതമ്മിൽ
തല്പംതല്ലുംകലശലുകൂട്ടി
നമ്മുടെവിദ്വാനോറുവാടന്നു
നമ്മെമറന്നുപറന്നുതിരിച്ചു
മണ്ടുംനേരംമുണ്ടുംപോയൊരു
കണ്ടുകിണറിൽചെന്നുപതിച്ചു
കൊണ്ടന്നവനൊക്കാണാഞ്ഞിട്ട്
കണ്ടവരോടുകരഞ്ഞുപറഞ്ഞൊരു
വണ്ണംഞാനിഹവീട്ടിൽപോന്നു
പൊണ്ണനെയിന്നുംഞാൻകണ്ടില്ലാ
ദോഷമതിങ്ങിനവരുമടനേചില
ദോഷന്മാരുടെകൂടെപ്പോയാൽ
ചക്കിപ്പെണ്ണിനുശങ്കരനെന്നാരു
ചക്കരവായൻചൊല്ലുതുടങ്ങി
കൈക്കലിരിപ്പുതുചൊല്ലാതിക്ക..

Digitized By Kerala Sahitya Akademi

ച്ചക്കച്ചുള യെന്നാകിലുമില്ലാ
കച്ചയുടുക്കാനില്ലാഞ്ഞവളെ
കാഴ്ചക്കായിക്കൊണ്ടുതിരിച്ചാൽ
ആനന്ദിച്ചുനടക്കുംവിപ്ര-
ക്കാനകളിപ്പാൻവകയുണ്ടാകും;
ഞാനൊരുകാഴ്ചക്കിളകണമെങ്കിൽ
സ്ഥാനത്തുള്ളതിലൊരുവൻവേണം
പണ്ടുപണിക്കരുനിൽക്കുംകാലം
കണ്ടതുകായ്മതെന്നുമുറച്ചു
കണ്ടവതാളന്നാരുടെപുറകേ
മണ്ടിനടപ്പാനിവളൊട്ടുടാ
കാണ്മാൻവിധിയില്ലാത്തജനത്തിനു
മാമാങ്കത്തിനുപോയാലുംശരി
ഏതാനൊരുതടവുണ്ടാംമാറികഥ
യാതൊന്നിനുകൊപ്പിട്ടുതിരിച്ചു
തൊടുകുറിയിട്ടുചമഞ്ഞൊരുങ്ങി-
പ്പുടവയുടുത്തുംമോടികഥിച്ചു
കൊടുവെയിൽകൊണ്ടൊരുകാഴ്ചപ്പന്തലി-
ലുടനേചെന്നൊരുദിക്കിലിരുന്നു
തടവില്ലിനിയെന്നോർത്തപ്പോളവൾ
തൊടുവാൻവഹിയാതായിമടങ്ങി
വിടരോഷിണിയെന്തിനുവന്നു?
ഉടനൊരുപരിഹാസത്തിനുമാത്രം
കൊച്ചിനുമാസംപത്തായില്ലവ-
ളിച്ചിരികാഴ്ചകൾകൊയിയൊരുങ്ങി

Digitized By Kerala Sahitya Akademi

നീച്ചിരിയത്തികടിഞ്ഞൂൽപെറൊരു
കൊച്ചിനെയിന്നിവൾകൊല്ലുംതാനും
വേശ്യകളൊന്നുനടിക്കുംനേരം
വാഴ്ത്തുമൊരുപരിഹാസവുമുണ്ടാം
നന്മൂരാരിവർനമ്മെക്കണ്ടാൽ
അമ്പതുഭൂഷണമൊരുവൻചൊല്ലും
വീട്ടിൽവരുമ്പോൾസരസന്മാർ
പാട്ടിൽവരുമ്പോൾവിരസന്മാർ
കൂട്ടിക്കൊണ്ടൊരുസഭയിൽചെന്നാൽ
കോട്ടമറിഞ്ഞുപറഞ്ഞുചിരിക്കും
പട്ടന്മാരുടെകൂടെപ്പോയാൽ
ഒട്ടുപൊറുപ്പുണ്ടെന്നൊരുപക്ഷം
ഗോഷ്ഠികളാരാൻഭാവിച്ചാലവർ
കൂട്ടത്തോടേവടിയുമെടുക്കും
പോടാഒലുവാ!പീത്തായോളി!
കൂടാകൂസ്തികളെന്നുകയക്കും
കേടുകളോരോനോത്തുതുടങ്ങാൽ
കൂടുകയില്ലാകാഴ്ചകൾകാണ്മാൻ
ദുഗ്ദിനിതന്റെസഭയംവരുമോ?
രുചിരമനോഹരമായതുകാണ്മാൻ
പെണ്ണുങ്ങളിലൊരുപെണ്ണിനുമാഗ്രഹ-
മെന്നുള്ളതിനൊരുകുറവില്ലുതും"

പെണ്ണുങ്ങൾവിരവോടിവണ്ണംപറഞ്ഞുപല
പൊണ്ണന്മാരോടുംനല്ലുടൻപന്മാരോടുംകൂടി
കുണ്ഡിനപുരംപുക്കുപെണ്ണിനൊക്കാനെമാൻവന്നു

Digitized By Kerala Sahitya Akademi

തിണ്ണംനിറഞ്ഞുപലതിണ്ണപ്പുറങ്ങളേറി
കൊട്ടംകുഴൽവിളിയുംപാട്ടുംപലവിധത്തിൽ
കേട്ടുരസിച്ചുംപലക്കൂട്ടംവസിച്ചനേരം
വേളിയടുത്തനേരംനാളീകമുഖിയാളും
ആളീജനവുംകൂടിക്കേളീവിനോദത്തോടെ
കാളീഭഗവതിതൻകേളീഭവനത്തിൻപ്ര-
തോളീപ്രദേശത്തുപ്രവേശംതുടങ്ങിമെല്ലെ.
ദുർഗ്ഗാദേവിവാണരുളുംചാരുഗേഹാന്തന്നിൽ
രുക്മിണിയുംതോഴിമാരുംവിപ്രനാരിമാരും
മന്ദമന്ദംചെന്നുനിന്നുവന്ദനങ്ങൾചെയ്തു
സുന്ദരീരുക്മിണിതൻറെകാമമുരചെയ്തു
"ചന്ദ്രചൂഡജായേ!ദേവി! ചണ്ഡി! ചാരുശീലേ!
വല്ലവീവല്ലഭൻദേവൻവാസുദേവനെൻറെ
വല്ലഭനായ്വരവേണംവൈകീടാതെതന്നെ
ഈരേഴുഭുവനങ്ങൾക്കുംവേരായോരുമൂർത്തി
നാരായണനെന്നെന്നുനല്ലപരായൊരുദേഹം
കരുണാവാരിരാശികൃഷ്ണൻതരുണിമാക്കൾകാമൻ
തരുണാംബുവാഹാഭിരാമൻവരനായ്നീടേണം
ഹരജായേ! നിൻപാദാംഭോജംശരണംമേഹൈഗൗരീ!
പരമാനന്ദാകാരേ!ധീരേ!പരിപാലിക്കണംനീയെന്നെ."
വരമപിവിരവൊടുവാങ്ങിമനോഹരി
ഉരുതരസുഖമൊടുനടനംചെയ്താൾ
നരവരകുലമുടനഖിലവുമവളുടെ
വരവതുകണ്ടുകുതൂഹലമോടേ
സരസിരുഹശരനുടെശരതിയെയാരു

Digitized By Kerala Sahitya Akademi

പരമശിവികൃതികളാശ്രുതടങ്ങീ
ഹര!ഹര!ശിവ!ശിവ!നരവരവികൃതിക-
ളുരചെയ്താനരഗേശനമലസ്മൻ
കന്യകതന്നുടെവദനസരോജേ
കണ്ണുകൾരണ്ടുമുറപ്പിച്ചൊരുവൻ
തന്നെത്താനെമറന്നവസിച്ചാ-
നന്നതമായൊരുകുറികണക്കെ;
മറൊരുമന്നവ്വാല്യക്കാരൻ
ചെറ്റലതെറുത്തുകൊടുത്തതുവാങ്ങി
തലമുടിതന്നിലതെല്ലാംചൂടി
ചലമിഴിയാളെക്കണ്ടുവസിച്ചാൻ;
വെള്ളിയടപ്പൊടുത്തുതുറന്നാതി-
നുള്ളിലിരിക്കുംചുണ്ണാമ്പെല്ലാം
വമ്പുപ്പുഴവെന്നോത്തുമുഖത്തു
തേച്ചുതുടങ്ങീമറൊരുഭ്രപൻ
അവളെക്കണ്ടുഭ്രമിച്ചൊരുഭ്രപതി
വവിഴംകോത്തൊരുമാലയെടുത്തു
കണ്ഠിച്ചാരോമണികളെടുത്തതു
കൊണ്ടുടനാഭ്നാവിധികൾതുടങ്ങി;
മറൊരുനാരപതിമഞ്ചത്തിൽനി-
ന്നോറുപതുക്കെപ്പുലരുംകാൺകെ
ഏറരംഭോഷൻകാതുപിടിച്ചുട-
നേത്തംവിട്ടുതുടന്നാനപ്പോൾ;
ഗ്രന്ഥമുഴിച്ചുപിടിച്ചൊരുവിദ്വാൻ
ബന്ധംവിട്ടുപറഞ്ഞുതുടങ്ങി

Digitized By Kerala Sahitya Akademi

"സുഗ്രീവൻധൃതരാഘ്രൻശകുനിദ-
ശഗ്രീവൻദമയന്തിവിരാധൻ
ലക്ഷ്മീഭഗവതിശൂർപ്പണഖാമുനി
ലക്ഷ്മണനാജ്ഞനെ"ന്നീവണ്ണം
മദ്ദളമൊത്താൻവിരുതനൊരുത്തൻ
മദനഭ്രാന്തുപിടിച്ചൊരുഭോഷൻ
കുട്ടിപ്പട്ടരുമദ്ദളമാക്കി
കെട്ടുമുതിണത്തോംതോംവോഷിച്ചു;
ഓടക്കഴലെന്നോത്തൊരുഭ്രപതി
ക്കൂടെയാടക്കുംശാസ്ത്രിദ്വിജനുടെ
പുസ്തകമൊന്നവലിച്ചുമുഖത്ത്
ഹസ്തംകൊണ്ടഥചേർത്തുതുടങ്ങി;
തപ്പിനുവിരുതുള്ളൊരുധരണിശൻ
തപ്പില്ലാത്തിഹതപ്പിത്തനുടെ
മുന്നിലിരിക്കുംമുതുവിപ്രൻതൊറകു-
ഷണ്ടിത്തലയിൽത്തടവിക്കൊട്ടി;
ശാതോദരിയുടെത്രുപംതന്നുടെ
ചേതോദപ്പണമതിൽനിഴലിച്ചു
കണ്ണാടച്ചഥരുഗിണിരുഗിണി
എന്നുപിചുവസിച്ചാനൊരുവൻ;
വിദ്വാൻതാനെന്നായിപ്പാനൊരു
വിദ്വാൻഗ്രന്ഥമഴിച്ചുപിടിച്ചു
'പ്രതിപത്തുഗിരിശസ്തിമിതാ'മെന്നഥ
പലരുംപാരുംചൊല്ലിരസിച്ചാൻ;
തുമ്പുരുതുല്യൻതാനെന്നൊരുവൻ

Digitized By Kerala Sahitya Akademi

തംബുരുകയ്യിലെടുത്തുപതുക്കെ
സരിഗമപധനിസഎന്നുംചൊല്ലി
പരിചൊടുപാട്ടുംപാടിരസിച്ചാൻ
വണ്ടാർകുഴലിവരുന്നതുമരികെ-
ക്കണ്ടാനന്ദിച്ചവളുടെരൂപം
കൊണ്ടൊരുശ്ലോകംകെട്ടിത്തീർത്തതു
കൊണ്ടാടിച്ചിലപൊള്ളുപറഞ്ഞും
സുന്ദരിമാരുടെരൂപംതീപ്പാൻ
സൌന്ദര്യാദിഗ്രഹണങ്ങളെവളരെ
പണ്ടേപണ്ടേപങ്കജസംഭവ-
നുണ്ടാക്കിപ്പലപെട്ടീലിട്ടതു
മൂട്ടിത്തന്നുടെപുരിയിൽപരിചൊട
പാട്ടിലിരിപ്പതശേഷവുമിപ്പോൾ
രുഗ്മിണിതന്നുടെരൂപംതീപ്പാൻ
രുചികൊണ്ടൊക്കെയടിച്ചുതുടച്ചിഹ
ചിലവിട്ടതിനാലെത്തിപ്പോയൊരു
തിലമാത്രംബതശേഷിച്ചില്ലാ;
നഷ്ടിപിടിച്ചുനാനുഖനിപ്പാൻ
സൃഷ്ടിപ്പാനുംസാധാമില്ലാ
എന്നതുകാരണമന്യസ്ത്രീകഥ-
ക്കൊന്നിനുമിപ്പോൾപൂണ്ണതയില്ലാ
തലമുടിയുള്ളൊരുപെണ്ണിനുചെറുമ
മുലയില്ലാതെചമഞ്ഞീടുന്നു;
നല്ലമുഖശ്രീയൊരുവൾക്കുണ്ടു
പല്ലുകളെല്ലാംവെളിയിൽകാണാം;

Digitized By Kerala Sahitya Akademi

വണ്ണംകൊള്ളാമൊരുനാരിക്കൊരു
കണ്ണംനാസ്തിയതങ്ങിനെകുറവം;
ഇപ്പോഴുള്ളൊരുപെണ്ണുങ്ങൾക്ക
ചൊല്പ്പോങ്ങുംഗ്രഹണമെല്ലാമില്പ്പാ
വാരിജഭവനുടെദാരിദ്ര്യംബത
കാരണമെന്നതിനർത്ഥവുമിത്ഥം

ഏവംവികൃതിയുള്ളഭാവംപ്രകാശിപ്പിച്ച
ഭ്രൂപാലകന്മാരെല്ലാംമേവുന്നകാലമങ്ങു
ചേദിഭ്രൂപാലനോറംമോദിച്ചുതൻറെകായ്യം
സാധിക്കുമെന്നുതന്നെബോധിച്ചുശിശുപാലൻ
മാലയേല്ക്കുവാനുള്ളൊരുകാലമെന്നോർത്തുകൊണ്ടു
നാലുഭാഗത്തുംവാദ്യകോലാഹലങ്ങൾകൂട്ടി
മാലോകരെല്ലാമെന്നെയാലോകനംചെയ്യണം
നാലാഴിനടുവിലെഭ്രൂലോകമൊക്കെശിശു
പാലനാധീനമനുകൂലംതൈവമെന്നനു-
വേലംമദിച്ചുമദശീലൻമരുവുന്നേരം;

തദനുമധുസൂദനൻതനപംഗിയെക്കണ്ടു
മദനതരളാശയൻമുഖത്തിൽനിന്നാശു
അവനിയിലിറങ്ങിവന്നാനുടൻമുഞ്ഞിതാൻ
കമലളനേത്രയാംകന്യയെപ്രാപിച്ചു
കരമതുപിടിച്ചുടൻകാമമോഹനൻ:—
"രുചിരഗ്രഹണമോഹനേ!രുഗ്മിണീ!മൽപ്രിയേ!
രുചിരമനുരാഗിഞാൻസുദതികേളടോ!
കനിവിനൊടുനിന്മുഖംകാൺമതിനേഷഞാൻ

Digitized By Kerala Sahitya Akademi

മനസിബഹുകൌതുകാൽമണ്ടിവന്നീടിനോൻ
മമതരുണിനീയെടോ!മാനിനീമാലിംഗ!
മമതയുടയോരുമാംമാനിക്കനീമുദാ
തരികപരിരംഭണംതാമ്രബിംബാധരേ!
പെരികെവളരുന്നുഹോപ്രേമഭാരംപ്രിയേ!
കരികളഭഗാമിനീ! കാമിതംദേഹിമേ
തെളിവൊടുപിടിച്ചുജേ! തേരിലേറീടുക
ലളിതതനു! വല്ലഭേ!ലജ്ജമോചിക്കനീ"
സരസതരമിങ്ങിനെസാധുവാക്യംപറ-
ഞ്ഞരുമതിവരുത്തിനാനംബുജാക്ഷൻമുദാ;
നരപതികളൊക്കവേനോക്കിനിൽക്കുംവിധൌ
നരകരിപുമാധവൻനാരിയെക്കൈക്കൊണ്ടു
വിരവൊടുനടന്നുതേവിരചൂഡാമണി
വിരചിതമഹോത്സവംവിശ്വലോകാധിപൻ.

അംഗമഹീപതി,മഹിഷ്മഹീപതി,
വംഗമഹീപതി,സിന്ധുമഹീപതി,
ആന്ധ്രമഹീപതി, സിംഹളേശ്വരപതി,
കുന്തിമഹീപതി,കുരുധരണീപതി,
കൊങ്കണേശ്വരപതി,കോസലാധിപതി,
മങ്കണമന്നവരെന്നിവരെല്ലാം
കന്യാഹരണംകണ്ടുകലമ്പി-
സ്സന്നാഹത്തൊടുകൂടെയടുത്താർ;
"നില്ലെടകൂടിലാ!നിന്നുടെതോഴിലിതു
നല്ലതിനല്ലെ വല്ലവബാലാ!

Digitized By Kerala Sahitya Akademi

രുഗ്മിണീസ്വയംവരം.

നൃപതികളൊക്കവെ നോക്കിനില്ക്കുംവിധൌ
നരകരിപു മാധവൻ നാരിയെ കൈക്കൊണ്ടു
വിരവൊടുനടന്നുതേ വീരചൂഡാമണി.

P. 58.

Digitized By Kerala Sahitya Akademi

വല്ലവനെങ്കിലുമിങ്ങനെചെയ്താൽ
കൊല്ലുമതിനൊരുകില്ലുമതില്ലാ
ശിശുപാലന്റെകളത്രമതിനൊരു
പശുപാലന്നുതൊടാമോമൂഢ!
അശുഭമഹോതവമോഷണമെന്നുതു
ശിശുവായനോശീലമിതെല്ലാം
പാലുംതൈരുംകട്ടുകവന്നൊരു
ബാലാ! നില്ലെടാ! ഗോപകുമാര!
നാലുജനങ്ങടെസഭയിൽനിനക്കൊരു-
നാളുംവരുവാൻസംഗതിയുണ്ടാ?
മാതുലനെക്കൊലചെയ്തകുമാരാ!
പൂതനയെക്കൊലചെയ്തകുമാര!
കൈതവമല്ലാതൊരുകർമ്മംനീ
ചെയ്തവനല്ലജനിച്ചപ്പിന്നെ
വെണ്ണകവർന്നുഭുജിച്ചുനടന്നും
പെണ്ണുങ്ങടെവസനംമോഷ്ടിച്ചും
കണ്ണിൽകണ്ടതുകട്ടുമുടിച്ചും
കഞ്ഞികുടിപ്പാനില്ലാതാക്കി
യജമാനന്മാർപലരുണ്ടവരുടെ
പ്രജകളുമനവധികായ്കുകാരും;
മേനോന്മാരുപണിക്കരുമെന്നിവർ
നാനാജാതികളുംനോക്കിയിരിക്കെ
ഒടിയന്മാരിലൊരുത്തൻവന്നു
മടിക്കുടാതിക്കന്യായരതം
ഝടിതിചിടിച്ചുരഥത്തിൽകേറി
പടഹമടിച്ചുതിരിച്ചുതുകൊള്ളാം!"

Digitized By Kerala Sahitya Akademi

കൊടുപ്പിൻതാഡനംപാഞ്ഞെ-
ങ്ങടുപ്പിൻ!കള്ളനെച്ചെന്നു
തടുപ്പിനു!കന്യയേമെല്ലെ
പ്പിടിപ്പിൻചേടിച്ചുപന്നു
കൊടുപ്പിൻവില്ലുകളെല്ലാ-
മെടുപ്പിൻ!ബാണമെയ്ക്കാശു
തടുപ്പിൻ!യാദവന്മാരെ
മുടിപ്പിൻ!ശ്രീപാലന്മാരെ
നടപ്പിൻ!തേത്തടംതല്ലി
യൊടിപ്പിൻ!കൃഷ്ണൻറമാവിൽ
തൊഴിപ്പിൻ!പാരാതെവേഗം
ഭരിപ്പിൻ!കൂട്ടത്തിൽവന്നു
മരിപ്പിൻ!പേടിയുള്ളോരി-
ങ്ങിരിപ്പിൻ!പെണ്ണിനൊച്ചാല്ലി
മുരിപ്പിൻ!മന്നവന്മാരെ!
ധരിപ്പിൻ!കംസനെക്കൊന്നു
ശംഖൊന്നുംവരിക്കേണ-
മുടനേരം.ശയംവേണ്ടാ
വിടാതൊക്കെക്കലെത്തുമ്പോൾ
വിടൊല്ലാമന്നവന്മാരേ!

ഇങ്ങിനെയവലക്ഷണവാക്കുകൾ
തിങ്ങിനരടൊട്ടുപാടിച്ചുതിരു
മുറുമ്പുവതികൾവാണാടത്താനു
പുറുമറിഞ്ഞുതട്ടകന്നാനുടൻ

Digitized By Kerala Sahitya Akademi

സാത്യകിവീരൻകൃതവമ്മാവും
സാത്വതസംഘവുമവരുടെപടയും
ഉദ്ധവരുംബലദേവരുമൻപൊട്ട
യുദ്ധംചെയ്വതിനെത്തിമുതിർന്നു;
"ക്ഷത്രിയകീടകമൂഢന്മാരേ!
ശത്രുതകൊണ്ടൊരുഫലമില്ലേതും
എലികളൊരായിരമുണ്ടെന്നാലൊരു
പുലിയെയാട്ടകലഹിപ്പാനൊള്ളതാമോ?
കുറുനരിലക്ഷംവന്നാലിന്നൊരു
ചെറുകടുവായെവധിപ്പാനെള്ളതോ?
വിങ്ങൽക്കീവകകന്യാലാഭം
സംഗതിവരുമോ?ചപലന്മാരേ!
തങ്ങടെവാത്ത്കഥതാനറിയാത്തവ_
രിങ്ങിനിവന്നുതരംകെട്ടുമുടനേ
ഉപ്പുചുമന്നുനടക്കുമവന്നൊരു
കപ്പലുകടലിലിറക്കാൻമോഹം
ആണ്ടികഥചപ്പിനടക്കുന്നവനൊരു
തണ്ടലിരിപ്പാനാശകണക്കേ
കുണ്ടുകിണറ്റിൽതവളക്കുഞ്ഞിനു
കുന്നിന്മീതെപറക്കാൻമോഹം
ചൊട്ടച്ചാൺവഴിവട്ടംമാത്രം
കഷ്ടിച്ചുള്ളുപറക്കുംകോഴികഥ
ഗരുഡനുപിറകേചിറകുംവീശി_
ഗഗനഗമനാംചാഞ്ഞരിക്കുന്ന
ഞാഞ്ഞൂലൊരുക്കുട്ടംഭ്രമിയി_

Digitized By Kerala Sahitya Akademi

ലഞ്ഞൂറായിരമെണ്ണംകൂടി
സപരുപിച്ചെങ്കിലനന്തനെടുക്കും
ധരണിയെടുപ്പാനെളുതായ്വരുമോ?
കൊതിയന്മാരേ!മതിയന്മാരേ!
മതി!മതി!നിങ്ങടെമതിയിലെമോഹം
മതിമുഖിയാകിയരുമിണിതന്നിലെ
മതിരതിയൊക്കെവൃഥാഫലമിപ്പോൾ
ആയനിയുണ്ടവനെങ്ങു?ദുർഭഗ-
നായവനാണോപെണ്ണോചൊൽവിൻ
ചെങ്ങാതിക്കിനിവേളികഴിപ്പാ-
നെങ്ങാനൊരുപെണ്ണുണ്ടായ്വരുമോ?
ചേദിമഹീശനുവേളിമുടങ്ങി-
ച്ചേതംവന്നതുമൊട്ടുപൊറുക്കാം
മലയാളത്തുംപരദേശത്തും
തലയുംപൊക്കിനടപ്പാൻമേലാ
രംഗിപറഞ്ഞുപ്രതിഗ്രഹമെല്ലാം
വാങ്ങിക്കൊണ്ടവർതന്നെയിപ്പോൾ
പരിഘാസത്തിനുവട്ടംകൂട്ടി
പ്പൃഥിപ്പൃഥിവന്നവർപാഞ്ഞീടുന്നു
യുദ്ധമഹോത്സവമുടനേതുടരുകി-
ലുദ്ധതഭാവമശേഷംതീരും."

ഉദ്ധവർകൃതവമ്മാസാത്യകിസകലയദുക്കളുമുടനെ
ഉദ്ധതമതിനൃപതിബലത്തൊടയുദ്ധവിധങ്ങൾതുടങ്ങി
വില്ലുശരം ചുരികകടുത്തിലശൂലംചവളംകുന്തം
നല്ലഗദകൾവാളുമ്പരിചകൾ മുൾത്തടിചക്രംപരിഘം

Digitized By Kerala Sahitya Akademi

ലന്തക്കുഴലീട്ടികാംശകുതികളൊരുവകപീരങ്കികളും
ചന്തത്തൊടുപലവിധമായുധമഖിലമെടുത്തുഭടന്മാർ
വെട്ടംപലവെടികളുമിടയിടചടചടഘോഷത്തോടെ
തട്ടംചിലകുഴൽവിളിനിലവിളികൊമ്പുകാഹളപുകാഹ
ളാനപ്പടകുതിരപ്പടകളുമിടവകമാടമ്പികളും (കാട്ടി
സേനാപതിമേനോക്കികുളഥമൂത്തപടത്തലവന്മാർ
പട്ടാണികാംപലതരമിങ്ങിനെകളകളമിളകിനിറഞ്ഞും
പെട്ടെന്നൊരുസമരമഥോഭവിയതുപുനരതുലകരാളം:
സാത്യകിയുടെശരശതമേറിഹതോറുമടങ്ങിനൃപന്മാർ
നൃപതികളുടെകണ്ണുപൊടിഞ്ഞുഥചിലരുടെകാലു
(മൊടിഞ്ഞു
നൃപനൊരുവനുപല്ലുതകനൊരുമല്ലനുമുക്കുചതഞ്ഞു
വസ്ത്രംപോയാഭരണംപോയുടലുചിലക്കുലഭിച്ചു
ഛത്രംപോയ്നാണംകെട്ടഥരഥടിതിനടന്നുതിരിച്ചു,
പെണ്ണിനെമോഹിച്ചുലഭിച്ചൊരുമാനക്ഷയമധികമഹോ!
വന്നതുമിനിമതിമതിനമ്മുടെപീട്ടിലിരുന്നാൽപോരും
ഇത്തരമതിഭയമിടകൂടിനരാജസമൂഹമശേഷം
സത്വരമങ്ങോടിയൊളിച്ചുശമിച്ചുഗമിച്ചുവസിച്ചു.

വാളുമെടുത്തുപിടിച്ചുകളിച്ച-
ച്ചീളുന്നോടിയടുത്തിതുരുഗ്മൻ
വേളിമുടക്കിയമൂഢാ!നില്ലെട
കേളിവിനോദമിതല്ലെടകൃഷ്ണ!
ഗോക്കളെമേച്ചുനടക്കുന്നവനി-
പ്പോക്കുമെന്നുഗ്രഹിച്ചിട്ടുണ്ടോ!

Digitized By Kerala Sahitya Akademi

നോക്കെടാ!നിന്നുടെകുലബലധനജന-
മൊക്കെയുമാശുമുടിക്കുംരുഗ്മൻ.
ശിശുപാലന്നുകൊടുപ്പാനായി
ശിശുവായന്നേകല്പിതയാക്കിയ
മത്സോദരിയെക്കട്ടൊരുനിന്നുടെ
ദുസ്സാമർത്ഥ്യംനമ്മോടുകൂടാ;
പാലുംതൈരുമിതല്ലെടകൃഷ്ണ!
പോരുംനിന്നുടെപൌരുഷമെല്ലാം
അമ്മാനമ്മൂടെപെൺകൊടിയാളെ-
സ്സമ്മാനിപ്പാൻനല്ലൊരുപാത്രം
അമ്മാവനെയുംകൊന്നുമുടിച്ചാ-
നമ്മാനിപ്പോളൊരുവകയില്ലാ;
കട്ടുഭുജിച്ചുംകാലികൾതമ്മെ
വട്ടകളിച്ചുംകാട്ടിലൊളിച്ചും
മട്ടോൽമൊഴികടെപുടവകവന്നും
നാട്ടാരോടുപിടിച്ചുപറിച്ചും
പെരുവഴിപോകുന്നോരംചെന്നൊരു
പെരുമണ്ണാനെക്കുത്തിക്കൊന്നും
പെരുതെടാ!നിന്നുടെവിരുതുകളിങ്ങിനെ
കരുതിപ്പൊരുതിക്കൊള്ളെടകൂടില!
ഇങ്ങിനെവന്നശകാരംക്കൂട്ടി -
സ്സംഗരസീമനികണ്ടൊരുസമയേ
തിങ്ങിനകോപാലോടിയടുത്താൻ
മംഗലമൂർത്തിമുകുന്ദനുമപ്പോൾ.
പടയുടെകലശലുകേട്ടപ്പോൾചിലർ

Digitized By Kerala Sahitya Akademi

പടികളുടച്ചുമുടക്കനുമിട്ടു
ഊട്ടിനുവന്നൊരുപട്ടന്മാർചിലർ
കേട്ടഭയപ്പെട്ടഴറിത്തന്നുടെ
കുട്ടികളെച്ചിചർതോളിലെടുത്തും
കുട്ടിസ്സാദംകെട്ടിനുമീതെ
കെട്ടിമുറുക്കിദ്ധാവതിചെയ്തു.
ചന്ത്രക്കാരൻകലവറപൂട്ടി
ച്ചന്തത്തൊപ്പിയുമിട്ടുമുറുക്കി
കുന്തമെടുത്തുകുറുക്കുവിളിച്ചുകു-
ത്തിച്ചുത്രാടിപ്പാഞ്ഞുതിരിച്ചും
അച്ചികൾമൂലുംമുറവുമെറിഞ്ഞും
മച്ചിലൊളിച്ചുംമണ്ടിനടന്നും
അച്ഛനെവിളിയെടിയങ്ങോക്കിപ്പോൾ
കൊച്ചിനെവേണ്ടാകോയിക്കൽ ചില
നിച്ചിരിയത്തികളുണ്ടവർമേനികൊ-
തിച്ചുനടക്കുന്നെന്നിഹകേട്ടു;
കള്ളന്മാക്കുതനിക്കുപിറന്നൊരു
പിള്ളയെവേണ്ടാതായാൽപിന്നെ
തള്ളയിലൊരുകനിവുണ്ടായ്വരുമോ?
പള്ളപൊറുപ്പാനിങ്ങുവലഞ്ഞു
പടവന്നെന്നുടെവീട്ടിൽകേറി
പ്പടിയുംകതകുംതല്ലിയൊടിച്ചു
കൊടിയുംവാഴയുമൊക്കെനശിക്കും
മുടിയുംനുള്ളുടെനാടുകളെല്ലാം

Digitized By Kerala Sahitya Akademi

ഇങ്ങിനെയിവരെയെടുത്തുംകൊണ്ടിനി
യെങ്ങൊരുടിക്കിനുപോയീടേണ്ടു?
ഖഡ്ഗമെടുത്തുകയത്തുവരുന്നൊരു
രുഗ്മനെവിരവിലെടുത്തുമുകുന്ദൻ
വെക്കംചെന്നുപിടിച്ചുടനവനുടെ
ഖഡ്ഗവുമിങ്ങുപിടിച്ചുപറിച്ചു,
തലമുടിപിടിപെട്ടസികൊണ്ടവനെ-
ക്കൊലചെയ്വാനുടനാരംഭിച്ചു;
കാടൻപൂച്ചപിടിച്ചെലിപോലെ
മൂഢൻനിന്നുവിറച്ചുതുടങ്ങീ;
ആയതുകണ്ടുകരഞ്ഞുവിരഞ്ഞുട-
നായതമിഴിയാൾരുഗ്മിണിയപ്പോൾ
തൃക്കാൽചെന്നുപിടിച്ചുപറഞ്ഞു
ചക്രായുധനൊടുചട്ടലാപാംഗി: —
"കരുണസാഗരനാഥ!ശരണംനീശരണം
ചരണാന്തേപണിയുന്നോനരുതയ്യോകോപം
കുലനാശംവരുത്തൊല്ലാകുവലയനയന!
കൊലചെയ്തീടരുതെന്നേറസഹജനാമിവനെ
ഇവൻചെയ്താരപരാധംകഠിനമെന്നാലും
സഹിക്കണംമുകിൽവർണ്ണ!നമുക്കുള്ളമൂലം
ചെറുപ്പംകൊണ്ടിവനോരോജളതപങ്ങൾപറഞ്ഞതു
ചെറുപ്പമിന്നതുകേട്ടാൽവധിപ്പാനുംതോന്നും;
പൊറുപ്പാനുള്ളോരുമോഹംവരുമോകൊലചെയ്താൽ
പുറപ്പെട്ടുഗമിക്കുമെൻജനകാദിസകലം
കരുളോഷ്ടംപൊറുക്കേണംചെയ്തായിവനാലും

Digitized By Kerala Sahitya Akademi

നിരൂപിച്ചുസഹിക്കേണംനിഖിലേശ! കൃഷ്ണ!
ഇതിനെല്ലാംനിമിത്തംഞാനെന്നല്ലോവരുന്നതും
അതുപാരംമമഖേദംമധുവൈരിൻ!നാഥാ!
നമസ്തേശ്രീഗോവിന്ദ!നമസ്തേഗോപാല!
നമസ്തേശ്രീധരവീര!നമസ്തേഭുവനേശ!"

ഇങ്ങിനെവന്നുകരഞ്ഞുപറഞ്ഞൊരു
മംഗലമധുമൊഴിയാളെക്കണ്ടുട-
നങ്ങിനെയെന്നരുൾചെയ്തുകൃപാനിധി
അംഗനമാർമണിയോടനുരാഗാൽ
ഗുമൽപ്രിയകാന്തേ!രുഗ്മിണി!തവപുന-
രപ്രിയമുണ്ടോഞാൻചെയ്യുന്നു?
ദുഷ്പ്രഭുവാകിയസോദരനിചനാതി
ദുഷ്ടതമൂത്തിമഹാശനധമൻ
ധിക്കാരങ്ങൾപറഞ്ഞതശേഷവു-
മിക്കാലത്തുസഹിക്കാമിഹഞാൻ;
പങ്കജനയനേ!നിന്നുടെചേതസി
സങ്കടമെങ്കിലെനിക്കുംസങ്കടം
എന്നാലൊരുപിഴയിന്നുപൊറുക്കാ-
മെന്നരുൾചെയ്തുപത്തുക്കെമുകുന്ദൻ
പാണികമ്പംകൊണ്ടഥരുഗ്മിണിതന്നുടെ
പാണിപിടിച്ചുപുണർന്നുവസിച്ചു.
ദുഷ്ടതപെരുകിനരുമനെവിരവൊട്ട
മുഷ്ടികമ്പംകൊണ്ടുശിരസ്സിലടിച്ചു
ഖഡ്ഗംകൊണ്ടുടനവനുടെതലമുടി

Digitized By Kerala Sahitya Akademi

ചിക്കെന്നങ്ങുചിരിച്ചൊരുശേഷം
നാലുമൊരൊന്നുംകൂടുമകൾവെച്ചൊരു
കോലംകണ്ടാൽചിരിയാമങ്ങിനെ
നാണക്കേടുവരുത്തിയയച്ചു
പ്രാണൻമാത്രംപോയതുമില്ലാ.
മൂന്നുംരണ്ടുംകൂടുമക്കാരൻ
പോന്നപുരത്തിൽപുക്കഥരുഗ്മൻ
കതകുമടച്ചുപുതച്ചുകിടന്നു
ഹിതമല്ലാത്തതുചെയ്തുനിമിത്തം.

വീയ്പാംബുരാശികൃഷ്ണൻഭായ്യാസഹിതനായി
തേരിൽകരേറിയടുവീരന്മാരോടുംകൂടി
സീരായുധനെച്ചെന്നുപാരാതെകൈവണങ്ങി
ദ്വാരാവതിക്കുപോവാനാരംഭിച്ചുഴകോടേ
കൊട്ടുംകുഴൽവിളിയുംപാട്ടുംതഴകളാല-
വട്ടംതേവിടിശ്ശികളാട്ടം,കൂത്താടികടെ
കാട്ടംഎന്നിവചെറുകൂട്ടംമേളങ്ങൾപല
കൂട്ടിനടന്നുചെന്നുക്ഷിപ്രംകടൽകടന്നു;
വിപ്രന്മാരോടുംകൂടിവപ്രംഗോപുരംപല
സുപ്രദേശംലംഘിച്ചുള്ളിൽകടന്നുകൃഷ്ണൻ,
പുള്ളിമാൻമിഴിയാളുംപള്ളിശ്രാമ്പിമേലേറി
പള്ളിക്കട്ടിലിന്മീതേചെന്നങ്ങധിവസിച്ചു;
നന്ദനന്ദനൻകൃഷ്ണൻമേളിച്ചുപുലർകാലേ
നന്ദിച്ചുമാതാവിനെഉന്നിച്ചുതാതനേയും
വന്ദിച്ചുവഴിപോലേമേളിച്ചുരുഗ്മിണിയെ

Digitized By Kerala Sahitya Akademi

ലാളിച്ചങ്ങവളുടെവേളികഴിച്ചുനല്ല
കേളിയുമാടിക്കൊണ്ടുമാളികമീതേവാണു;
നാളീകമുഖിയുടെവ്രീളിതവുമകന്ന-
ങ്ങാളീകൌശലമൂലമെന്നതേപറയാവൂ.

ഇങ്ങിനെരുഗ്മിണിഹരണംചെയ്തു
ഭംഗിയിലംബുജനയനൻകൃഷ്ണൻ
മംഗലമിക്കഥകഥനംചെയ്കാൽ
സംഗതമായ്വരുമമിതാനന്ദം;
ഉലകുടെപെരുമാളിക്കഥയെല്ലാം
നലമൊടുമനസിനിനാമുവസിച്ചു
ഉലകുടെപൊലിമവരുത്തിംമിക്കാം
കലബലപുഷ്ടിയുമുളവാംഭദ്രം.

മംഗളം.

സുരതടിനീനിലയോത്തമ!മുരരിപോ!
സരസിജലോചന!പാഹി!
നരപതിവിജയൻരഥമണിയാംയദു-
വര!കരിവരദ!പാഹി
മത്സ്യക്കൂർമ്മസൂകരനരഹരി
വാമനഭൃഗുവര!പാഹി
ശ്രീരാഘവ!സീതാവരജയ!
പീതാംബര!ജയജയപാഹി
ശ്രീവസുദേവാത്മജ!ജയശൌരേ!
ശ്രീലക്ഷ്മീരമണ!മാംപാഹി

Digitized By Kerala Sahitya Akademi

വാരിജഭവമുഖസുരവരവിനുത!
സാരസനയന!ശൌരേ!
നീരദമോഹനദിവ്യകളേബര!
ഹാരവിരാജിതകണ്ഠ!
ദേവകിനന്ദന!യാദവബാല!
ദേവജനാവനശീല!
വസുദേവാത്മജ!വാനവർപാല!
വാസവിനുത!മുരാരേ!
മഞ്ജുളകുണ്ഡലമണ്ഡിതഗണ്ഡ!
ഖണ്ഡിതാരിഷണ്ഡ!ലോലാ-
രഞ്ജിതമഞ്ജുളകുന്തളശോഭിത!
ബിംബഫലാധര!നാഥ!
മാരമലർപാശമുത്തിഫപാലയ!
ചോരനികരവാസ!
നളിനാസനമുഖസുരഗണപൂജിത!
അന്ധകജനപാലന!പാഹി
മനസിജനാശന !ജനിമൃതിമോചന!
മഹിതഗുണാലയ!പാഹി
ശിശുശശിശേഖര!ശിവമൃഡശങ്കര!
ശിതിഗള!ശംഭോ!പാഹി
വാനോർസേവിത!വാസുകിഭൂഷണ!
വരമുരളീധരവന്ദേ
യക്ഷേശവരവരദാ!നതജനമോക്ഷദ!മാം
പരിപാഹി

Digitized By Kerala Sahitya Akademi

ശ്രീപൂണ്ണത്രയീമന്ദിര!നാഥ!
ശ്രീപുരുഷോത്തമവനേ
ശ്രീഗുരുവായുപുരേശ!ഹരേമാം
പരിപാലയമാംദേവ!
നാരായണജയ!നാരായണജയ!
നാരായണകൃഷ്ണ!ശരണംശരണം.

ഋഗ്വിണീസ്വയംവരം ഓട്ടംതുള്ളൽ

സമാപ്തം.

Digitized By Kerala Sahitya Akademi

സ്യമന്തകം

കാട്ടംതുള്ളൽ.

വാരണമദഹരനന്ദനനാകിയ
വാരണവദനൻനിഖിലജനാശ്രിത-
വാരണനിപുണൻസമദാസുരരിപു-
വാരണസേവിതചരണസരോജൻ
കാരണഭ്രതൻവിമലസരോജദ-
ളാരുണനയനൻചാരണനമിതൻ
പ്രണതജനാഭയദാനവിധാനൻ
പ്രണതപരായണനാകിയദേവൻ
ഗ്രണഗണനിലയൻനിത്യവുമെന്നെ-
ഗ്രണപതിഭഗവാൻകാത്തരുളേണം;
വേണീവിജിതകളേണീനതജന
വേണീചടുലയതാകിയഭഗവതി
വാണീദേവിമനോഹരയാകിയ
വാണിജനിപ്പാനെന്നുടെനാവിൽ
വാണീടേണംസന്തതവുംകള-
വാണീമണിയാംദേവിനമസ്തേ!
വീണാപാണേ!നിൻപദകമലേ
വീണോരടിയനുവരമരുളേണം
ഏണിശാബവിലോചനായാളേ!

Digitized By Kerala Sahitya Akademi

വീണാലാപിനി! നിൻകൃപയാലേ
വാണീഭംഗിതരംഗിണിതന്നുടെ
വേണീമധുരതയാൽ മധുപോലും
കേണീടേണമതിന്നായടിയൻ
ക്ഷോണീതലമതിൽ വീണതിവേലം
പാണികഠക്ലപ്പിവണങ്ങീടുന്നോൻ.
"സംഗീതമപിസാഹിത്യം
സരസപത്യാസ്സനദ്വയം
ഏകമാപാതമധുരം
അന്യദാലോചനാമൃതം."
മംഗലയാകിയഭാരതിതന്നുടെ
തുംഗകുചങ്ങളിലൊന്നിൽനിറഞ്ഞൊരു
സംഗീതാമൃതസാരംതന്നെ
ഭംഗിയൊടുങ്ങുവിളങ്ങീടുന്നു;
മറ്റതിലപ്പോടുസാഹിത്യാമൃത-
മറ്റമകന്നവസിച്ചീടുന്നു;
മുറ്റുംകേൾക്കുംനേരംതന്നേ
പറ്റുന്നുരസമെന്നിലമന്ദം;
മറ്റതുപിന്നെവിചാരിക്കുമ്പോ-
ളേറ്റംതെളിവുവരുത്തീടുന്നു
എന്നതുകൊണ്ടീരണ്ടുകുചങ്ങളിൽ
നിന്നുഗളിക്കുംപീയൂഷത്തെ
ഇന്നടിയത്തിനുബുദ്ധികളുറ്റാൻ
തന്നരുളേണമൊരല്പംപോലും.

Digitized By Kerala Sahitya Akademi

വൃന്ദാരകകുലവന്ദിതനാകിന
നന്ദതനൂജൻസുന്ദരവദനൻ
വൃന്ദാവനതലലീലാലോലൻ
മന്ദാരകകുസുമാഞ്ചിതമാലൻ
വന്ദേയിരുൾതിരുചിമാലതമാലം
വൃന്ദാരകപശുപാലനശീലൻ
മന്ദേതരമദമാനവകാലൻ
ഇന്ദീവരദളലോചനനീലൻ;
ഇന്ദ്രോപമകലിതാചലലീലൻ
നന്ദിതപശുപവധൂജനജാലൻ
വാരിജനാഭപമപീതദുകൂലൻ
പാർത്ഥനസാരഥിയായിക്കനിവൊടു
തേർത്തടമേറിപ്പടകളിലുടനോ
പാർത്ഥിവരാമരിജാലമൊടുക്കി
പാർത്തലമങ്ങുകവിഞ്ഞുവിളങ്ങിന
കീർത്തിനടത്തീട്ടഖിലജനാനാം
ആർത്തികളെല്ലാംതീർത്തരുളീടിന
മൂർത്തിനമുക്കിഹകീർത്തിവരുത്താൻ
ചീർത്തൊരുകരുണനിവർത്തിടേണം;
ധൂർത്തപെരുത്തൊരുകുരുകുലമെല്ലാം
പാർത്തിരിയാതെയമർത്തുപോലെ
നമ്മുടെവൈരിസമൂഹമമർത്താൻ
അംബരതടിനീപുരവരമരും
കംബുകരോപരിശോഭിതകരനാം
അംബുജനായനൻകനിവൊടുനമ്മെ
കൺമുനകൊണ്ടുകടാക്ഷിക്കണം.

Digitized By Kerala Sahitya Akademi

കാട്ടിലണഞ്ഞൊരുവേട്ടക്കായി
പാട്ടിലിണങ്ങിനപടയൊട്ടുക്കൂടി
ചട്ടയുമിട്ടാരുവേലുമെടുത്തഥ
ചട്ടറരിടിനപച്ചപ്പട്ടം
കെട്ടിയുടുത്തൊരുവാലുംതൂക്കി
ചട്ടറരിടിനാകുതിരയുമേറി
കാട്ടുമൃഗങ്ങടെക്കൂട്ടമശേഷം
വെട്ടിവധിച്ചുവിശിഷ്ടതയോടെ
വാട്ടമകന്നിഹതകഴിയിൽമരുവും
വിഷ്ണുപ്രായകനാകിയശാസ്താ-
വിഷ്ണംനൽകിപുഷ്ടിവരുത്തി
ദുഷ്ടവിനാശനനാകിയദേവൻ
തുഷ്ടിനമുക്കുവരുത്തീടേണം.

ജംഭാരിപുരത്തിൻെറസംഭോഗകരമായ
സംഭാരമെല്ലാംക്കൂട്ടിസമ്പാദിച്ചുണ്ടായൊരു
ചെമ്പകശ്ശേരിനാട്ടിലിമ്പമാസ്ഥാണരുളും
തമ്പുരാനൊൻെറദേവനാരായണഭൂപാലൻ
കെല്പോടുകരുണയാലെപ്പോരുംകാത്തീടേണ-
മിപ്പാരിലശ്രുഭങ്ങളെപ്പോരുംകളഞ്ഞെന്നെ
സൽപാത്രമാക്കിപ്പരിപാലിക്കവണങ്ങുന്നേൻ.

അംഭോജാലയനായവിരിഞ്ചനു-
മംഭോജായതനയനൻവിഷ്ണുവു-
മംഭോജാകരബന്ധുദിനേശനു-
മംഭോജാകരവൈരിശശാങ്കനും

Digitized By Kerala Sahitya Akademi

അംഭോജാത്മജയാകിയലക്ഷ്മിയു-
മംഭോവായുമഹീദഹനൻബത
സംഭാവിതമാംഭ്രതമശേഷം
ജംഭാരാതിയുമമരന്മാരും
കുംഭജനാദിമഹാമുനിവരരും
കുംഭിവരാനനനാമവനുംശര-
സംഭവനായകുമാരൻതാനും;
കുംഭോദരമുഖഭ്രതഗണങ്ങളു-
മമ്പൊടുനമ്മുടെകവിഗ്രംഭത്തെ
സംഭാവിച്ചുതുണച്ചീടേണം.

ഗുരുചരണാംബുജയുഗളംനമ്മുടെ
കരളിൽപരിചൊടുമരുവീടേണം
ഗുരുവരചരണംകൊണ്ടുലഭിക്കാം
സുരവരമന്ദിരവാസംപോലും
ധരണിസുരന്മാർമകുടമഹാമണി
ഷരനല്ലോമമഗുരുവായുന്നതു
സരസഗുണാകരനഖിലനരാണാം
ദുരിതനിവാരണകാരണഭ്രതൻ
തന്തിരുവടിയുടെകൃപയുണ്ടെന്നാൽ
എന്തുനമുക്കിഹവശമല്ലാത്തു?
അന്തണരെല്ലാംസന്തതമെന്നെ
ചിന്തതെളിഞ്ഞിഹകാന്തീടേണം.
ചെന്തളിരടികളിലടിയൻവിരവൊടു
ശാന്തന്മാരെവണങ്ങിടുന്നൻ.

Digitized By Kerala Sahitya Akademi

മന്ദേതരഗ്രഹണമന്ദിരമൊൻഗ്രഹ
നന്ദിതനാകിയബാലരവിക്കു്
നന്ദിവരുത്തുംപരമൈവതമേ!
സുന്ദരി!കണ്ടംകരിപുരമമരും
വൃന്ദാരകകുലവന്ദിതചരണേ!
വന്ദേഭഗവതിനന്ദിതഭവനേ!
മന്ദാശയനാമടിയനൊചിരമൊട്ട
നന്ദിച്ചാശ്രുതുണച്ചീടേണം
"ചീയതേബാലിശസ്യാപി
സുക്ഷേത്രപതിതാകൃഷിഃ
നശാലേഃസ്ഥാണുകരിതാ
വപ്തുർഗ്രഹണമപേക്ഷതേ."

കറവില്ലാതുള്ളക്ഷരവിദ്യക-
ളറിചാന്മാത്രംബുദ്ധിയുമില്ല
അറിവുള്ളതിനൊസ്സഭയിൽചെന്നാൽ
പറവാൻവാക്കിനുകൌശലമില്ല;
ചിലവകനാടകകാവ്യാദികളിൽ
ചിലവുംകവിതാമാർഗ്ഗവുമില്ല
ചിലവസ്തുക്കൾചമയ്ക്കാമതിനൊരു
വിലപിടിയാചിലർകേൾക്കുന്നേരം
അങ്ങിനെയുള്ളൊരുമാനുഷനാകിലു-
മിങ്ങിനെയുള്ളമഹാജനസഭയിൽ
ചെന്നൊരുവിദ്യപ്രയോഗിച്ചാലതു
നന്നെന്നുള്ളതുവന്നുഭവിപ്പതു

Digitized By Kerala Sahitya Akademi

സജ്ജനസഭയുടെസൽഗ്രുണഗണ്യത
ഇജ്ജനമതിനാളായിട്ടല്ല;
വളമേറിനകണ്ടത്തിൽവിതച്ചാൽ
വിളവൊരുപത്തിനുസംശയമില്ല
വളമില്ലാത്തപറമ്പിൽവിതച്ചാൽ
അളവേവിത്തുംകിട്ടുകയില്ല
കണ്ടത്തിൻറഗ്രുണംകൊണ്ടേവിള-
യുണ്ടാവുള്ളുവിതച്ചതിലധികം
കൊണ്ടിഹചെന്നുവിതയ്ക്കുന്നവനെ-
ക്കൊണ്ടെടാരുകായ്മംവരുവാനില്ല;
നല്ലകൃഷിക്കാരൻതാൻവിത്തൊരു
കല്ലിൽവിതച്ചാൽകരികേയുള്ളു
നല്ലൊരുവയലിലതുഴുതുവിതച്ചാൽ
റൊല്ലൊരുനാഴിക്കൊരുപറവിളയും
എന്നകണക്കേകേൾക്കുന്നാവറി-
യുന്നജനങ്ങൾമറന്നുകളകിൽ
ഇന്നവനെന്നില്ലവനുടവാക്കുകൾ
നന്നെന്നുംവരുമിതിനുടയത്നം
അക്ഷരമെന്നാലമ്പതുമെന്നാ-
തിൽപരമെങ്ങൾക്കേറ്റംപാരുണ്ടോ!
പ്രാകൃതമെന്നുംസംസ്കൃതമെന്നും
വ്യാകരണംവരുമിതിനുടെപുരാണം
സൂത്രംനാടകകാവ്യാഖ്യാകം
ശാസ്ത്രംപലവകചമ്പൂബ്ബിരുദൽക്കഥ
ഗദ്യഗ്രുന്ഥാവദ്യഗ്രുന്ഥം

Digitized By Kerala Sahitya Akademi

ഗണിതംവൈദ്യംവൈദികതന്ത്രം
ഇത്തരമനവധിപുസ്തകജാലസ-
മസ്തവുമമ്പത്തൊന്നിലടങ്ങും
അക്ഷരമീവകക്കൂട്ടിച്ചേത്തതി-
ലക്ഷതമാകിയരസമുളവാക്കി
പ്രാസവുമർത്ഥവുമിടചേത്തതിലു-
ള്ളാസ്യരസങ്ങളുമങ്ങുളവാക്കി
തീക്ഷ്ണനല്ലൊരുകവിയുടെകവിതകൾ
കേൾക്കുംപരിഷകളെത്രരസിക്കും
കണ്ണുള്ളോർക്കുസഹിക്കാത്തുള്ളൊരു
വണ്ണമതാകിച്ചൊല്ലുംപിഴവി
ഇത്ഥംസൽക്കവിപിഴവിഭേദം
സിദ്ധമതായ്വരുമെന്നിരിനർത്ഥം
ശിക്ഷയിലൊരുസാദൃശ്യംചൊല്ലി
തൽക്ഷണമിഹഞാൻബോധിപ്പിക്കാം
പൃത്ഥ്വിയുമപ്പുംവഹ്നിമരുത്തും
പ്രത്യേകമാകാശവുമിവയഞ്ചും
സാധനമഖിലശരീരംതീർപ്പാൻ
സാധുവതാകിയബ്രഹ്മാവിന്നും
ചട്ടികുലംകുടമെന്നിവയെല്ലാം
കൊട്ടിത്തിക്കുംകുശവന്മാക്കും
ചട്ടമിതല്ലാമൊരുപോലിരുവരു-
മൊട്ടുംഭേദവുമില്ലുനിനച്ചാൽ
മണ്ണുംവേണംജലവുംവേണം
മണ്ണുത്തുചുടുവാൻതീയുംവേണം

Digitized By Kerala Sahitya Akademi

ആയതുതിൻകാൽവെള്ളംവലിവാൻ
വായുറുമതിലുള്ളാകാശവുമാം
ഭ്രുതമതഞ്ചുംകുശവനുവേണം
ബ്രഹ്മാവിനുമതുതന്നേസാധനം
ഇന്ദ്രാദികളാമമരന്മാരും
ചന്ദ്രദിവാകരചാരണഗണവും
മനുജന്മാരുംദനുജന്മാരും
മനുമുതലായമഹീശന്മാരും
ഫണികളുമനവധിപലപലഭുവനേ
പണികൂടാതെചമയ്ക്കുംബ്രഹ്മൻ
ആയതുപോലേവരുമോകുശവൻ
നായർചമയ്ക്കുംകലവുംകുടവും
സാധനമൊന്നെന്നാലുമതിങ്ങിനെ
ഭേദവിശേഷംവരുവാൻസംഗതി;
ഇത്ഥംസൽക്രിയവിദുഷ്ടവിഭേദം
സിദ്ധമതായ്വരുമെന്നിതിനർത്ഥം

പണ്ടുസ്യമന്തകമെന്നതുകാരണ-
മുണ്ടായോരപവാദകളങ്കം
പണിപലചൊല്ലുസമസ്തമൊഴിച്ചു
കരുണാകരനതുകേട്ടിട്ടില്ലേ?
അരുളിച്ചെയ്താനലകുടെപെരുമാ-
ളതുഞാനേതുംകേട്ടിട്ടില്ല;
അക്കഥനമ്മോടറിയിക്കേണം
സൽക്കഥകേട്ടാൽദുരിതംനീങ്ങും;

Digitized By Kerala Sahitya Akademi

എന്നാതുകേട്ടതെളിഞ്ഞാസ്സചിവൻ
നന്ദിച്ചുരചെയ്തുതുടങ്ങി:—
ലക്ഷ്മീകുചതടകുംകുമരേഖാ-
ലക്ഷ്മീലളിതഭുജാന്തരനാകിയ
ലക്ഷ്മീപതിനിജഭക്തജനാനാം
ലക്ഷ്മീവിതരണശീലൻഭഗവാൻ.
ലക്ഷ്മീഭഗവതിരുഗ്മിണിയോടും
ലക്ഷ്മീവാനൊരുമിച്ചുവസിച്ചു;
മന്ദിരമുത്തുകൾകീർത്തിപ്പാന്നമ
മന്ദതകൊണ്ടതിരുല്പടമല്ലോ;
മന്ദരശൈലമഹാശിഖരങ്ങളു-
മന്നതിനോടെതിരാകരുതേതും;
ചന്ദനവാടിയിലിടചേന്നീടിന
സാന്ദ്രാലയശതമുണ്ടൊരുഭാഗേ;
ചന്ദ്രികതട്ടിയലിഞ്ഞൊഴുകീടിന
ചന്ദ്രോപലമയമതിലുകളതുലം
ചന്ദ്രാനനമാർപതിനാറായിര-
മിന്ദ്രാവരജമനോഹാരിണിമാർ.
സാന്ദ്രമനോഹരഗാനാരംഭേ
മന്ദമണഞ്ഞുപുണർന്നുപുണർന്നും
കുന്ദകുരണ്ടകമാലകൾചൂടി
കന്ദുകതാഡനലീലകളാടി
ഇന്ദിശമലഹരിബലഹരിപാടി
ഇന്ദളമെന്നിവസരസംപാടി

Digitized By Kerala Sahitya Akademi

അങ്ങാടിയതുതന്നിലെങ്ങാനുമൊരുദിശി
പാടേകനകപ്പൊടിക്കൂടെയിടകലർന്ന
മുത്തുമണിപലതുമുത്തുംഗകാന്തിയോടെ
വിങ്ങുന്നപാതിരാവിലെങ്ങുംനടക്കുന്നേരം
കണ്ടാലതിങ്കലൊട്ടുമുണ്ടാകയില്ലരുചി;
കാണാതഹരിക്കകാണിപോലുമില്ലുന്ന
പ്രാണികൾക്കെല്ലാമുണ്ടുപ്രാണാപായത്തിൽഭയം
നാടുമകന്നുനിശികാടുകൾതോറുംനല്ല
ചോടുമിറക്കിച്ചിലർകഴമിഴിമാർതാനേ
പേടിയുംവെടിഞ്ഞുറങ്ങുതാനേകിടക്കുന്നേരം
വേടക്കുലങ്ങളെല്ലാമോടിയകന്നീടുന്നു
അത്രയുമല്ലതിലും ചിത്രമിതെത്രപാരം
പെട്ടന്നുറങ്ങുന്നേരം ചട്ടറവായുതാനും
പെട്ടന്നിളക്കുനില്ലുതട്ടാതെപോയിടുന്നു.
ഏവംനിജപുരിയിൽദേവൻസുഖിച്ചുണ്ടാ-
ദേവൻതന്നോടുകൂടെമേവുന്നകാലമങ്ങു
വൃത്രാരിസഹജന്നുമിത്രമായ്ത്തീരുന്ന
സത്രാജിത്തൊരുദിനംമിത്രനെസ്സേവിപ്പാനായ്
കാലേകുളിച്ചുചിരംമൂലമന്ത്രംജപിച്ചു
ചാലേസമുദ്രന്തന്നേറകൂലേവസിച്ചുരവി
തന്നെസ്തുതിച്ചാനവനന്നേരമാടലോടെ
"ഓംഭോജാകരതോഷണംത്രിജഗതാ..
മാനന്ദസംപോഷണം
ഗംഭീരാമയശോഷണംവരതര-
ശ്രീമന്മഹാഭീഷണം

Digitized By Kerala Sahitya Akademi

ഡംഭാഹമ്മതിഭൂഷണംസുരഗിരേ-
രേകംമഹാഭ്രഷണം
സംഭിന്നാരിഷുരോഷണംപ്രതിദിനം
വന്ദാമഹേപൂഷണം."

ആംബരചാരിൻ! അംബുജധാരിൻ!
ഉത്തരദുരിതമഹാമയഹാരിൻ!
മണ്ഡനധാരിൻ!ഖണ്ഡിതവൈരിൻ!
ദിനമനുദിനമഖിലചരാചരഹാരിൻ!
കാമവിനാരിൻകോമളധാരിൻ!
ജയജയ!ദിനകരവാതാഹാരിൻ!
കട്ടൊഴിയാതെചരാചരമെല്ലാം
കട്ടപുലച്ചുതുടങ്ങുന്നേരം
കട്ടംതാഴ്ത്തിവരാതെഗമിച്ചുട-
നോട്ടംതേടിനടന്നീടുകയും
വാട്ടമകന്നുപിടിച്ചുകളിച്ചും
വേട്ടകളാടിനടന്നുരസിച്ചും
പാട്ടിലിരുന്നുരസിച്ചുമുടിച്ചും
തണ്ടാർമലർശരമേറുവലഞ്ഞും
തണ്ടാർമിഴികളെയങ്ങുതിരഞ്ഞും
തേടിനടന്നുനടന്നുവലഞ്ഞും
തണ്ടിലിരുന്നുശരീരമുലഞ്ഞും
ക്ഷണമാശ്രുകഴിച്ചുകിടന്നും
ഭിക്ഷുകളേറുവിശന്നുതളർന്നും
രക്ഷകഠംചെയ്യുതിനാങ്ങുനിഞ്ഞും
ശ്രുക്ഷമതാംചിത്രകനകടന്നും,

Digitized By Kerala Sahitya Akademi

ദുഷ്ടവിചേഷ്ടിതമൊക്കെലഭിച്ചും
ശിഷ്ടജനത്തെയടിച്ചുപിടിച്ചും
കഷ്ടമഹോചിലർകള്ളുകുടിച്ചും
പുഷ്ടമിറച്ചിയെടുത്തുകുടിച്ചും
നിന്തിരുവടിയുടെചരിതമിതെല്ലാം
സന്തതമഖിലംകാണാകുന്നു
സൃഷ്ടിക്കുന്നുഭവാനിഹലോകേ
പുഷ്ടതയാപരിപാലിക്കുന്നു.
ദുഷ്ടരെയൊക്കെയൊടുക്കീടുന്നു
വിഷ്ടപമൊക്കെവഹിച്ചീടുന്നു
ജനനാംചെയ്യുതുമവനാംചെയ്യുത-
മഖിലചരാചരഹനനംചെയ്യുത-
മാവരതംദിനനാഥ!കൃപാലോ
നനുകലയാമിഭവാനിഹനൂനം
ശങ്കരനായതുനിന്തിരുവടിതാൻ
ശങ്കയെനിക്കിഹതോന്നുന്നില്ല;
പങ്കജയോനിൻനിന്തിരുവടിതാൻ
പങ്കജഭവനംനിന്തിരുവടിതാൻ;
വൃന്ദാരകപതിയാദിയതാംസുര
വൃന്ദമശേഷംനിന്തിരുവടിതാൻ,
നിൻകഴലിന്നിഹകൂപ്പീടുന്നോൻ
നിൻകൃപയെങ്കലുദിച്ചീടേണം
എന്നിവപലവകചൊല്ലിനമിച്ചും
ഇന്ദ്രിയമഖിലമടക്കിജയിച്ചും
ഘോരമതായതപസ്സിലുറച്ചും

Digitized By Kerala Sahitya Akademi

വാരിജബന്ധുമനസ്സിലുറച്ചും
പഞ്ചപാവകമദ്ധ്യഗനിന്ദ്രിയ-
പഞ്ചകത്തെജയിച്ചുനിതാന്തം
ചഞ്ചലത്തെവെടിഞ്ഞൊരുനേരം
നെഞ്ചകത്തുമുദിച്ചുദിനേശൻ;
അഞ്ചിതായതലോചനനാമവ-
നഞ്ചുനാളിനകത്തൊരുഭേദം
തഞ്ചിനാനൊരുകാന്തിവിശേഷം
പഞ്ചസായകനോടുസമാനൻ.
നെഞ്ചിലെപ്പൊഴമഞ്ചിതമാകിന
വാഞ്ഛിതംമമനൽകണമിപ്പോൾ
കന്ദമൂലഫലങ്ങൾപലുങ്ങളി-
ലൊന്നിലുംരുചിയില്ലവനന്ന
മന്ദവാതമതെന്നിയെമറവ-
യൊന്നുവേണ്ടഭുജിപ്പതിനായി;
ഡംബരങ്ങളകന്നിരുവോ-
ലംബനംരവിയെന്നുമൊച്ചു
"ദേവ!ദേവ!ദിവാകരപാലയ!
കേവലാഗമമാകിയമൂർത്തേ!
ദേവസേവിതനായഭവാനുടെ
സേവചെയ്വതിനാരിഹഃപാരും"
ഇത്തരംപലവാക്കുപറഞ്ഞതി
ഭക്തിയോടെവണങ്ങിവണങ്ങി
ആത്തമോദംതപസ്സുതുടങ്ങിനാ-
നാർത്തിതീർക്കണമെന്നവനപ്പോൾ.

Digitized By Kerala Sahitya Akademi

അന്നേരംദിനനാഥനവന്റെ
മുന്നിൽപ്പുരിചൊടുകാണായ്വന്നു
മന്ദസ്മിതവുംതുകിനികാമം
മന്ദമൊരക്ഷരമരുളിച്ചെയ്തു;
"ഹന്തകുമാരക!ചൊല്ലേണംനീ
ചിന്തയിലെന്തുനിനക്കഭിലാഷം?
സന്താപങ്ങളകന്നീടേണം
സന്തതമോദംവന്നീടേണം
ആത്തികളൊക്കെയകറ്റീടേണം
ചീത്തഗുണങ്ങളിണങ്ങീടേണം
പുത്തികളാശ്രയിളങ്ങീടേണം"
ഇത്തരമുള്ളതിവാകരവചനം
സത്വരമവിടെക്കേട്ടദശായാം
അത്തലകന്നിഹസത്രാജിത്തും
ഉത്തരമിത്ഥമുണത്തിച്ചുമുദാ:—
"ദുഷ്ടതികൊണ്ടുഗൃഹത്തിലിരിപ്പാൻ
ദുഷ്ടമെന്നതറിഞ്ഞീടേണം
സമ്പ്രമറിഞ്ഞൊരുനിതിരുവടിയൊട്ടു
സാമ്പ്രതമെന്തിനരണത്തിക്കുന്നു?
പാരിടമൊക്കെയടഞ്ഞുനിറഞ്ഞൊരു
കൂരിരുളൊക്കെയടക്കിക്കളവാൻ
കാരണമായൊരുതേജസ്സുണ്ടു
ചാരുതരംതപയികാണാകുന്നു
അടിയനുമൊന്നതുതന്നരുളേണം
മടിയരുതേതുംകരുണാസിന്ധോ!

Digitized By Kerala Sahitya Akademi

ങ്ങടിമലർക്കൂപ്പുന്നോക്കുമിലാഷം
വടിവൊടുനിന്തിരുവടിതാൽകുന്നു;
ഇത്തരമുള്ളോരു സത്രാജിത്തിൻ
ചിത്തമനോരഥസാരമറിഞ്ഞു
ഉത്തമനാകിയസൂര്യൻഭഗവാൻ
ഉത്തരമെന്നിടമരുളിച്ചെയ്തു:—
"ഭോ! ഭോ! സത്രാജിദത്രാജിതപദകമലാ-
ലംബനം സാമ്പ്രതംതേ
മാത്രം ചേതോനുകൂലംകിമപിചടുതരം
നൈവലോകേഷിഹലോകേ
കാമംകാമപ്രദായീവപുഷിവിജയതേ
കോപിചിന്താമണിർമ്മേ
സപ്രണ്ണാനാമഷ്ടഭാരംദിനമനുജനയേ-
ദേഷദാസ്യാമിചൈനം."

ഇത്തരമുള്ളോരുപദ്ധ്യംചൊന്നാ-
നുത്തമനാകിയസൂര്യൻഭഗവാൻ;
അത്രമിതിന്നറിവാൻപണിയെങ്കിൽ
അത്രംഭോഷയിലങ്ങറിയിക്കാം:
കൈകൊണ്ടൊട്ടറിയിച്ചീടേണം
മൈകൊണ്ടൊട്ടനടിക്ക്യുംവേണം
എന്നതുകൊണ്ടുമറിഞ്ഞില്ലെങ്കിൽ
ചൊന്നതിനത്രംചൊല്ലുന്നുണ്ടു
സത്രാജിത്തേ!കേട്ടാലും!നീ
ചിത്രംചിത്രം!നിന്നുടെധൈര്യം

Digitized By Kerala Sahitya Akademi

വല്ലവിമാരുടെവല്ലഭനാകിയ
മല്ലവിലോചനനല്ലാസേന
വാണീടുമ്പോൾനിങ്ങൾക്കെല്ലാം
കാണീപോലുംഖേദവുമില്ല.
എന്നതിലേറവുമൊന്നുതരുന്നതി-
നെന്തിഹവേണ്ടിതിചിന്തിതമിങ്ങു
പണ്ടേയുണ്ടെൻരംഗംതന്നിൽ
കണ്ടാലുംനീകണ്ണുതയെന്യേ
ഹന്തസ്യമന്തകമെന്നമഹാമണി
കാന്തികൾകൊണ്ടതികാന്തമിതല്ലോ
നിത്യംനിത്യംപൂജിക്കേണം
ചിത്താനന്ദംസേവിക്കേണം
എട്ടൊട്ടഭരംപൊന്നളിനംപ്രതി
മുട്ടാതേതരുമിമ്മണിരാജൻ;
എന്നാലിതുനീമേടിച്ചാലും!
തന്നീടുന്നോനിന്നിതുതന്നെ.
ശിക്ഷയിലിന്നിതുസൂക്ഷിച്ചങ്ങിനെ
രക്ഷിക്കേണമിതെന്നരുൾചെയ്തു

സ്യമന്തകംമണികൊടുത്തുസൂര്യൻ
സമന്ത്രമങ്ങിനെമറഞ്ഞനേരം
അന്ധകവേഗമൊടവൻനടന്നു
ക്രമേണകാനനതലംകടന്നു
ഗളത്തിലമ്മണിവിളങ്ങിയപ്പോൾ
കുളത്തിൽ ശൗകരൻനിറഞ്ഞുകണ്ടു;

Digitized By Kerala Sahitya Akademi

പൂരത്തിലങ്ങവനാടുക്കുമപ്പോൾ
കുട്ടിക്കനേചിലരകന്നനിന്നു
തെരുക്കനെച്ചിലരൊരുക്കിയെല്ലാ-
മുരുത്തിരിപ്പിനൊരുമ്പെടുന്നു;
ദിനേശനുണ്ടിഹവരുന്നതാനേ
ജനേശനെപ്പുനരണഞ്ഞുകാണ്മാൻ
ജനങ്ങളിങ്ങനെനിനച്ചുതൽക്ഷണ-
മനേകസംഭ്രമമകന്നനിന്നു,
അക്കനെഴുന്നള്ളുന്നതുകാണ്മാൻ
വെക്കംചെന്നനിറഞ്ഞുജനങ്ങൾ
ദിക്കുകളിൽചിലതിക്കുതുടങ്ങി
പൊക്കത്തിൽചിലരേറിനിന്നു;
അച്ചികളെല്ലാംകാഴ്ചയിതെന്നി-
ട്ടുച്ചത്തിൽചിലവാക്കുതുടങ്ങി
"ഇച്ചിരിയമ്മേ!നിച്ചിരിയത്തി,-
ഇച്ചിരിയൊട്ടുംനന്നല്ലേടി!
കൊച്ചുകളോടുകളിച്ചിരിയാമൽ
കാഴ്ചയിലിച്ചുനിനക്കുണ്ടെങ്കിൽ
കാച്ചിയപുടവയുടുക്കുതായോ!
പച്ചപ്പുഴുവുംതേക്കുതായോ
കുഞ്ഞിപ്പെണ്ണിനുകുഞ്ഞികുടിപ്പാൻ
കുഞ്ഞുകുരഞ്ഞിട്ടാവതുമില്ല;
മുഞ്ഞത്തുകിലുംകുഞ്ഞിപ്പുടവയു-
മാഞ്ഞുപിടിച്ചൊരുകുഞ്ഞച്ചാരും
കുഞ്ഞിക്കാവുംഅവളുടെമകളും

Digitized By Kerala Sahitya Akademi

പാഞ്ഞിതപോന്തുകാഴ്ചകൾകാണ്മാൻ;
മായച്ചിക്കൊരുനായർവരാനു-
ണ്ടായതുകൊണ്ടവൾപോരുന്നില്ലാ
മായംവേണ്ടയിതേറെമടിച്ചാൽ
തായുംതെറുമതോത്തീടേണം
ചക്കിക്കുണ്ടൊരുചക്കരവായൻ
ചക്കച്ചാരെന്നക്കരവീടൻ
തക്കംനോക്കിയടുക്കുംനേരം

വെക്കമൊടവനെപ്പോക്കണമെന്നും
നീലിപ്പെണ്ണവൾതാലിയണിഞ്ഞും
ചേലഞൊറിഞ്ഞുംമാലയണിഞ്ഞും
കേളച്ചാരുടെകോലംകണ്ടും
കാലംപോയതറിഞ്ഞില്ലവളും."
ഇങ്ങിനെയോരോവാക്കുകളോരോ-
നംഗനമാരുപറഞ്ഞുതുടങ്ങി
തെക്കൻകത്തിയെടുത്തൊരുതോളിൽ
തൂക്കിക്കൊണ്ടൊരുകൂക്കുവിളിച്ചു
ചെക്കനെയങ്ങുമറിഞ്ഞുമനോക്കി
ച്ചിക്കെന്നങ്ങുനടന്നുതുടങ്ങി,
പൌരന്മാരതുനേരമതെല്ലാം
നാരായണനോടറിയിപ്പാനായ്
ദ്വാരകതന്നിൽച്ചെന്നൊരുസമയേ
നാരായണനെക്കാണ്മാറായി
വൃഷ്ണികുലത്തിന്നകടമഹാമണി
കൃഷ്ണൻതിരുവടിതാനതുനേരം

Digitized By Kerala Sahitya Akademi

വല്ലഭയാകിയരുഗ്മിണിയോടും
നല്ലവിശേഷംചൊല്ലിരസിച്ചു.
ശീതളമായൊരുമണിയറതന്നിൽ
പൂതുംപടവുമെടുത്തുനിരത്തി
പൂതായുധസമനാകിയഭഗവാൻ
പൂതുംപൊരുതുകളിച്ചുരസിച്ചു
ഇരുമൂന്നാറുകളിച്ചാലിന്നീ-
ക്കരുവതിനിക്കിഹവെട്ടാമെന്നും
പെട്ടെന്നിപ്പൊളൊരെട്ടുകളിച്ചാൽ
പെട്ടപിരിച്ചതുവെട്ടാമെന്നും
പകിടകളിച്ചതുകപടംതന്നെ
പകിടികളെന്നൊടുകൂടായെന്നും
തോല്പിപിണഞ്ഞുനമുക്കെന്നാലെൻ
താലിയിലൊന്നതരുന്നോൻപണയം
കൊങ്കകൾരണ്ടുംപണയംതന്നാ-
ലെങ്കിലൊരിക്കൽപൊരുതാമെന്നും
ഇത്തരമോരോവാക്കരുൾചെയ്തു
ചിത്തവിനോദത്തോടവസിക്കും
പുരുഷോത്തമനെച്ചെന്നുവണങ്ങി-
പ്പുരുജനമേവമുണർത്തിച്ചുമുദാ.
"രാകാശശിവദന!ദേവശൌരേ!ജയ
ലോകാഭിരാമഗുണ!ദേവശൌരേ!
ലക്ഷ്മീരമണ!ജയദേവശൌരേ!
അക്ഷീണഭുജബലദേവശൌരേ!
ലീലാരസികതനോ!ദേവശൌരേ!വന-
മാലാവലിഭ്രഷണദേവശൌരേ!

Digitized By Kerala Sahitya Akademi

ആദിത്യദേവനിങ്ങെഴുന്നരുളീതാനേ
മോദേനഗോപുരത്തിൽപാർത്തിടുന്നു;
കാന്തിപടലംകൊണ്ടീരാജധാനിയിലുള്ള
കാന്താരമഖിലവിളങ്ങീടുന്നു;
നിന്നടിമലർവന്നുകൂപ്പുവാനായവ-
നിന്നിഹവന്നീടുന്നുമോദമോടേ;
എന്നാലവനെയിന്നുകാണിക്കേണം
നന്നായിട്ടൊരുദിക്കിൽപാർപ്പിക്കേണം."
എന്നീവാക്കുകൾകേട്ടുമുകുന്ദൻ
മന്ദസ്മിതമൊടുമൊന്നരുൾചെയ്തു:
"എന്നുംദിനകരനല്ലുവരുന്നതു
മന്ദന്മാരറ്റുബോധിച്ചാലും!
അംബരമാഴ്ന്തന്നിൽവിളങ്ങുമൊ-
രംബരമണിയുടെബിംബമൊരുനാൾ
ഭുവനിതലത്തിലിറങ്ങുകയില്ലെ-
ന്നറിയരുതായോ?ഭോഷന്മാരേ!
സത്രാജിത്തുതപസ്സുതുടങ്ങി-
ത്തത്രവസിക്കുന്നെന്നതുകേട്ട
മിത്രവരംകൊണ്ടവനുടെകാന്തികൾ
ഇത്രവിളങ്ങിയതെന്നറിയേണം;"
ഇത്തരമൊന്നരുൾചെയ്തുശൗരേ
സത്രാജിത്തുമണഞ്ഞുവണങ്ങി
വൃത്രാരാതിസഹോദരനോടാ-
വൃത്താന്തങ്ങളുണർത്തിച്ചുമുദാ;
ചെന്താർമാനിനിതന്നുടെകണവൻ

Digitized By Kerala Sahitya Akademi

ചിന്തതെളിഞ്ഞൊന്നരുളിച്ചെയ്തു: —
"യാദവ! നിന്നുടെഭാഗ്യംകൊണ്ടു
സാദരമാശുലഭിച്ചിതുമണിയും
ഭൂമിയിലുള്ളജനങ്ങൾക്കിമ്മണി
കാണ്മാൻപോലുംപണിയാകുന്ന
അക്കനകനികുലുടിച്ചാരുകരുണയ-
തോക്കുംതോറുംചിത്രം! ചിത്രം!
പരമമഹാധനമാകിയരത്നം
പരിപാലിപ്പാനൊട്ടതല്പേതും
ചോരന്മാരുണ്ടനവധിപാത്താ-
ലാരെന്നാലുംസൂക്ഷിക്കേണം;
നിങ്കലൊരമളിവരാതെയിരിപ്പാ-
നൊങ്കിലതെങ്കലിരുന്നീടട്ടെ!
ആശയതിങ്കൽനമുക്കില്ലുത്തം
നാശംവരുമതുകൊണ്ടുപറഞ്ഞു.
ചിത്താനന്ദംമണിയിൽവിളഞ്ഞൊരു
വിത്തമതൊക്കെനിനക്കുതരുന്നോൻ"
ഇത്തരമൊന്നരുൾചെയ്തതുകേട്ടതി-
രുത്തരമൊന്നാവനരിയാടാതെ
ചിത്തംകൊണ്ടുചിരിച്ചുതുടങ്ങി
സതപരമങ്ങുനടന്നുതുടങ്ങി;
"ദ്രവ്യത്തിങ്കലെയാഗ്രഹമെന്നതു
ഭവ്യന്മാക്കുമിളയ്ക്കുന്നുത്തും
വിത്തത്തിൽക്കൊതിയുണ്ടാമെന്നാൽ
ഇത്രയതെന്നൊരുനിയമംവേണം;

Digitized By Kerala Sahitya Akademi

കാറുംമഴയുംവെയിലുംമഞ്ഞും
ഏറുംകൊണ്ടുടനാടലിനോടേ
ഏറമുറക്കംമാറിപ്പരിചോടു
നോറുകിടന്നുടനേറമിരന്നും
പണിപെട്ടിങ്ങുനമുക്കുലഭിച്ചോരു
മണിപെട്ടന്നുപിടിച്ചുപറിപ്പാൻ
മടിക്കൂടാതരുതെന്നൊരുവചനം
കൂടുതായ്വന്നുടനോക്കുംതോറും;
സ്വർണ്ണമശേഷംതരുവനിതെന്നൊരു
കുണ്ഠാനന്ദംചൊല്ലുകയത്രേ;
പാട്ടിലണഞ്ഞധനത്തിലൊരല്പം
കാട്ടുകയില്ലീയജമാനന്മാർ;
പെട്ടിതുറപ്പാനിന്നെളുതല്ലാ
പൂട്ടിയപുരുഷൻവീട്ടിൻപോയി
നാളെവരേണംവേണമതെങ്കിലൊ-
രാളെയയച്ചാലതുമതിതാനും;
ഇങ്ങിനെയുള്ളൊരുശഠതപറഞ്ഞി-
ട്ടിങ്ങുലഭിപ്പാൻകൂടുകയില്ല."
ഇത്ഥംമനസിനിനപ്പംകൊണ്ടേ
സത്രാജിത്തുംഭവനംപുക്കാൻ;
നിത്യവുമമ്മണിവച്ചൊരുപീഠേ
ഭക്തിമുഴുത്തഥപൂജകൾചെയ്തു
ചിന്താനന്ദംമണിയിൽവിളഞ്ഞൊരു
വിത്തമെടുത്തുസുഖിച്ചുവസിച്ചു.

Digitized By Kerala Sahitya Akademi

പ്രസേനനൊന്നൊരുസഹോദരൻതാൻ
പ്രസാദമോടവനടുത്തുവന്നു
വണങ്ങിയമ്മണിഗ്രഹണങ്ങൾകൊണ്ടവ-
നിണങ്ങിനിന്നഥപറഞ്ഞുകിഞ്ചന:
"കനത്തകൌതുകമിനിക്കുചേതസി
ജനിയ്ക്കുകൊണ്ടിതുനിനച്ചിടുന്നു
മനക്കരുന്നതിലനുഗ്രഹംമയി
നിനക്കുകിഞ്ചനജനിച്ചിടേണം;
വിരാകുലംമമതരേണമിമ്മണി
ചിരേണവാഞ്ഛിതമെനിക്കുചേതസി
സരോജവല്ലഭവരേണവനാതു
കരേണഞാനതുധരിക്കണം
ഗളത്തിലമ്മണിവിളങ്ങണംമമ
കൂത്തശോഭകൾനിറയ്ക്കുണം
നെടുത്തകാനനമടക്കിവാഴും
മൃഗങ്ങളെപ്പലതൊടുക്കണം
മുടക്കിയമ്പുകൾതൊടുക്കണംമൃഗ-
നടിപ്പതുംചിലമുടക്കണം"
സാദരമിങ്ങനെസോദരവചനം
യാദവനമ്പൊടുകേട്ടശായാം
ഖേദംമനസിജനിച്ചുതടുത്തി-
സ്സോദരനമ്മണിയുടനേനൽകി;
അപ്പോഴമ്മണിമേടിച്ചവനും
ശില്പമെടുത്തുകുഴത്തിലണിഞ്ഞു;
പച്ചവിളങ്ങിനകച്ചമുറുക്കി

Digitized By Kerala Sahitya Akademi

പച്ചപ്പുട്ടുമുടുത്തഥകെട്ടി
പച്ചപ്പരിചയുമസിയുമെടുത്തൊരു
പച്ചക്കുതിരമെലേറിനടന്നു;
വേട്ടയ്ക്കിളമയെഴുന്നള്ളുന്നതു
കേട്ടതുനേരംനായന്മാരൊരു
കൂട്ടമിരുന്നുപറഞ്ഞുതുടങ്ങി
കൂട്ടിവിളിച്ചുപറഞ്ഞുതുടങ്ങി;—
"നായാട്ടെന്നതുകേൾക്കുംനേരം
നായന്മാക്കൊരുത്സവമല്ലോ
മായംചിലവകബോധിക്കേണം
തായംകൊണ്ടതുസാധിക്കേണം
നാല്പേരുനേകംകൂട്ടംവേണം
നായാട്ടികളിലുമൊരുവകവേണം
വലയുംകെട്ടിയുറപ്പിക്കണം
മലയുംകാടുമിളക്കീടേണം
കലഹിക്കുന്ന മൃഗങ്ങളെയൊക്കെ
കൊലചെയ്യാനൊരുവിരുതുംവേണം;
കണ്ടുചാരുമരിച്ചുപ്പിന്നെ
തെണ്ടിപ്പെല്ലാംകൂടെമറന്നു;
വേട്ടക്കളരിയിലെത്തുംപോഴും
കോട്ടമിതൊന്നുംനമ്മുടെകണ്ട—
ജ്യേഷ്ഠനിരുന്നന്നുണ്ടായില്ല;
നമ്പൻനായെക്കൊണ്ടൊരുകൂട്ടം
വമ്പെന്നാലതുമതിയായില്ല
വമ്പടയൊക്കെക്കൂട്ടിക്കൊണ്ടു
മുമ്പിൽനടപ്പാൻപോരാതാറും;

Digitized By Kerala Sahitya Akademi

പണ്ടുപടയ്ക്കുമുറിഞ്ഞെപ്പിന്നെ
തണ്ടലിനിക്കോനേരായില്ല;
കേളച്ചൻകൊടുത്തുവളത്തൊരു
കാളൻനായവനെഞ്ഞുതിരിച്ചു
ചീളന്നെത്തിപ്പുന്നിത്തടിയൻ
വേളകടിച്ചുപൊളിപ്പാൻപോയി!
കേളച്ചന്റെകാളൻനായുടെ
ശീലംനിങ്ങളറിഞ്ഞിട്ടില്ല;
ചാലേപന്നികൾകോലംകണ്ടാൽ
വാലുംതറുപറക്കുംകള്ളൻ,
കരിമ്പനെന്നൊരുനായുണ്ടവനൊരു
തരിമ്പുപേടിയുമില്ലൊരുനേരവും
ഉരമ്പിനല്ലൊരു വരമ്പുപറ്റി
തരംവരുമ്പോൾകടിയുംക്കുട്ടും;
വെളുമ്പനൻപൊട്ടമുഗങ്ങളോടേ
കലമ്പുവാൻമതിബലംകടാതെ
പെരുത്തവൻപുലിയുരത്തുവന്നാൽ
കുഴത്തറുപ്പാൻകരുത്തുപോരും;
കടുവായോടൊരുകടികൊണ്ടേന്നേ
നെടുവാലൻതന്നുടലുമറിഞ്ഞു
ആടവിയിലിന്നരുനടനംചെയ്വാൻ
ഉടനേനിന്നാപടവല്ലേതും
ചാത്തച്ചന്റെചാത്തൻനായും
തൊമ്മച്ചന്റെതൊമ്മൻനായും
കണ്ടച്ചന്റെകണ്ടൻനായും

Digitized By Kerala Sahitya Akademi

കോരച്ചാരുടെവീരൻനായും
എന്നിവനായ്ക്കളനേകംവേണം
നിന്നുപിണങ്ങുമിണങ്ങരുവേണം
പടയ്ക്കുനല്ലവനിടയ്ക്കുമാകാ
യിടയ്ക്കുനല്ലവൻപടയ്ക്കുമാകാ
പടയ്ക്കുടക്കുംകണക്കുതന്നെ
കടുത്തവേട്ടയ്ക്കൊരുമ്പെടേണം.
വെളുക്കുമപ്പോൾകളിച്ചുനല്ല
വെളുത്തമുണ്ടുംഞൊറിഞ്ഞുടുത്തു
വെളുത്തവെണ്ണീറെടുത്തണിഞ്ഞു
കുളുത്തചോറുംചിലത്തിനന്നായ്
തളത്തിലേറിച്ചരിഞ്ഞുറങ്ങും
ജളത്വമേറിനതനിച്ചനായർ
പടയ്ക്കുചെന്നങ്ങടുക്കുമപ്പോൾ
പടയുംകുടയുംവടിയുംപൊടിയും
പൊട്ടപൊടെവെടിയുംചാക്കുംമുറിവും
വാക്കുംതെറിയുംചോരപ്പുഴയും
തീരാപ്പുഴിയുംകണ്ടൊരുനേരം
തൊണ്ടനവന്റെതുടകളുരണ്ടും
കിടുകിടനെന്നുവിറച്ചുവിറച്ചും
ഉടലുതളർന്നുംപേടിച്ചളർന്നും
പടലുതടഞ്ഞിട്ടുചിടമറിഞ്ഞും
വെക്കംവീട്ടിലടുക്കളതന്നിൽ
പുക്കൊരുവമ്പൻകതകുമടച്ചു
കുഴലുവനിച്ചുകിടക്കേയുള്ളൂ.

Digitized By Kerala Sahitya Akademi

കിട്ടച്ചാരൊരുവേട്ടക്കിടയിൽ
കാട്ടിൽചെന്നൊരുകോട്ടിലുറച്ചു
ക്ലേട്ടംപന്നികഠംചാട്ടംകണ്ടി-
ട്ടോട്ടംകൊണ്ടിഹവീട്ടിൽപോന്നു
അഷ്ടികൊതിച്ചുവസിച്ചീടുന്നൊ
രഷ്ടിയുമെന്തിനുപോന്നിടുന്നു?
കണ്ണൻപഴവുംചോറുംകറിയും
പൊണ്ണത്തടിയാകാട്ടിൽകിട്ടാ;
സുന്ദരനെന്നൊരുഭാവത്തോടെ
സിന്ദൂരക്കുറിയിട്ടുംകൊണ്ട്
വേട്ടയ്ക്കെന്തിനുതാൻപോരുന്നു?
കാട്ടിലിരിപ്പതുവേശ്യകളെന്നോ?
കള്ളാ!ചെന്നുകളത്രംതന്നുടെ
പിള്ളയെടുത്തുകളിപ്പിച്ചാലും!
തുള്ളിവരുന്നകുരങ്ങുകണക്കേ
തുള്ളിവരുന്നൊരുകോന്തച്ചാരുടെ
പിള്ളേരുടയൊരുറായാട്ടങ്ങിനെ
വള്ളികളേറിയിരുന്നുവിറയ്ക്കും
തള്ളപിരിഞ്ഞൊരുകുഞ്ഞുകളൊന്നിനു
കൊള്ളരുതെന്നതുകേട്ടിട്ടില്ലേ!
ചേന്നച്ചാക്കുതിടുക്കംവന്നു
തന്നുടെമകളവൾപെറ്റതുകൊണ്ടു
ഉള്ളിയരച്ചുംമുക്കുടിവെച്ചും
വെള്ളംവെച്ചുംകൊള്ളിപിടിച്ചും
ഉള്ളൊരുനേരമടങ്ങിയിരിപ്പാൻ

Digitized By Kerala Sahitya Akademi

കള്ളപ്പുഴുന്നെയ്യുതല്ലേതും
കൊട്ടാരത്തിൽകൊച്ചുപണിക്കരു
വേട്ടയ്ക്കായിപ്പോകണമെന്നാൽ
മുമ്പിലൊരൻപതകമ്പടിവേണം
പിന്നെച്ചിലവകവേറെവേണം
പെട്ടിയെടുപ്പാൻപട്ടരുവേണം
കാലുതിരുമ്മാൻനായരുവേണം
വേലുക്കോരുനരിമരികേവേണം
സഞ്ചിയെടുപ്പാൻപൊതുവാൾവേണം
ചന്തംകൂട്ടിവരാത്തിൽചെന്നാൽ
എന്തൊരുകായ്മംചിന്തിക്കുന്നു!
കാട്ടിൽചെന്നുമഹാഷ്ടംപറവാൻ
കൂട്ടിക്കൊണ്ടിഹപോകയുമല്ല,
കല്പിക്കുന്നതുമെന്തിനുപാഴിൽ
കല്പനവന്നതുബോധിച്ചില്ലേ"
തങ്ങളിലിങ്ങനെയോരോവാക്കുകൾ
അങ്ങുപറഞ്ഞുനിറഞ്ഞാൽപടയിട-
തിങ്ങിയിടഞ്ഞുനടന്നുതുടങ്ങി
ഭംഗിയിണങ്ങിനകോപ്പുംകൂട്ടി
തപ്പുമദ്ദളമിടക്കയുടുക്കുകൾ
തിത്തിവീണമുഖവീണമുരശ്ശും
ചേങ്ങിലാതിമലനല്ലമുരംഗം
ചെണ്ടകടന്തുടിവണ്ണംജാലം
ഡിണ്ഡിമശംഖ്യമിടക്കയുടുക്കുകൾ
മദ്ധ്യുതല്ലരികൾതർസുരവാദ്യം

Digitized By Kerala Sahitya Akademi

ഇത്തരംവിവിധവാദ്യസമൂഹം
പത്തുലക്ഷമിവയൊക്കെമുഴക്കി
തിത്തിമത്തതത്തരികിടകിടതക
തികധകിടധിമിതത്തധരികിട
കിടതകിജംതധാംകിടതകിധോം
ധിത്താംതധധനകിടതകിധത്തിം
കക്കധരിക്കുധരിക്കുധകതധണ
കതധണതക്കുതിക്കുതക്കുട്ടേതക്കിടകിടതകിതാം
ഇത്താമുള്ളൊരുത്സോഷംപലവക
സതരമങ്ങുതുടങ്ങീടുന്ന
വില്ലംനാല്പശരങ്ങളുംചുരികയും
ചക്രങ്ങൾശൂലങ്ങളും
ചൊല്ലേറുംചിലകത്തിവാളുചവളും
തോക്കുംമുനക്കത്തിയും
ഉല്ലാസത്തൊടെടുത്തടുത്തിതുടനേ
മെല്ലേപടക്കുട്ടമ-
ങ്ങെല്ലാംക്ലുക്കിവിളിച്ചുകാട്ടിനരികേ
വേട്ടയ്ക്കൊരുമ്പെട്ടതേ
പടയിളകീടിയസമയേശിവശിവ?
ഭടജനമുടനേതുടിതിചവിട്ടി
ധരണിതലങ്ങളിടിഞ്ഞുപൊടിഞ്ഞും
പൊടിപടലങ്ങളുമവിടെനിറഞ്ഞു
അഖിലമെഴുന്നനിരുന്നുപരന്ന-
ങ്ങംബരസീമനിറഞ്ഞുകിരണങ്ങളു-
മൊക്കെമറച്ചുടനവിടെയടങ്ങാ-
ഞ്ഞമരപുരത്തിനകത്തുകടന്നാ-

Digitized By Kerala Sahitya Akademi

ഗംഗാജലവുംചെന്നുകലക്കി
വട്ടപ്പരിചതുടക്കിട്ടപ്പോൾ
ചടുപടനെന്നൊരുകടുതരഘോഷം
എട്ടുദിഗന്തംപൊട്ടിച്ചീടിനു
കൊട്ടംവെടികളുമൊട്ടൊഴിയാതെ
കേട്ടുശായാമഷ്ടമഹാഗജ
കൂട്ടവുമുടനെഞെട്ടീടുന്നു;
മലകളുമാശുകുലുങ്ങീടുന്നു;
ജലധികളാശുകലങ്ങീടുന്നു
വിടപികളൊക്കെയുലഞ്ഞീടുന്നു;
തടിനികളൊക്കെയലഞ്ഞീടുന്നു;
ധരണിധരിപ്പാനുള്ളതല്ലാഞ്ഞി-
ട്ടുരഗാധിപതിവലഞ്ഞീടുന്നു
കമഠാധീശൻതന്നുടെയുടലും
ചടുജടനെന്നുതകർന്നീടുന്നു;
ചാടിച്ചിലരുപിടിച്ചുകളിച്ചും
കൂടെച്ചിലരുപിടിച്ചുതടുത്തും
വടികൾവലിച്ചുതടികളൊടിച്ചും
പടലിലടിച്ചുംപൊടികൾതുടച്ചും
ശിലകൾപൊടിച്ചുംവലകൾപടുത്തും
വഴികൾതടുത്തുംവികടമടുത്തും
നായാട്ടിനിഹനായന്മാരവർ
കാട്ടിൽചെന്നുനിരഞ്ഞൊരുസമയേ
നായാടികളുംകാടുവിളക്കി
മിക്കുകളിൽചിലവലയുംകെട്ടി

Digitized By Kerala Sahitya Akademi

തക്കമറിഞ്ഞുതിരഞ്ഞുമൃഗങ്ങളെ
വക്കാണത്തിനടുത്തൊരുസമയേ
സത്രാജിത്തിൻറനുജനുമപ്പോൾ
തത്രജനത്തോടൊന്നരുൾചെയ്തു
"വേടന്മാരിതുബോധിക്കേണം
കാടുകളൊക്കെയുറപ്പിക്കേണം
കാട്ടിന്നൊരുമൃഗമോടിപ്പോയാൽ
കോട്ടംനിങ്ങൾക്കെന്നറിയേണം
വേടികുറഞ്ഞതുവേടന്മാരിൽചില-
രോടിയണഞ്ഞുപിണങ്ങീടേണം;
വേടന്മാരൊടുകൂടിനടക്കണ-
മാടൽമനസ്സുതിലുള്ളവരെല്ലാം
അമ്പൊടുകുന്തക്കാരൊരുമിച്ച
മുമ്പിൽനടന്നുപിണങ്ങീടേണം
വമ്പടയൊക്കെയുറപ്പിക്കണം
വമ്പുപറഞ്ഞാലെളുതാകില്ല;
വമ്പുലിവന്നിഹചാടീടുന്നതു
അമ്പൊടുകുന്തിനടന്നീടേണം"
പ്രസേനനിങ്ങിനെഗഭീരമായി
സൽസേനയോടഥപറഞ്ഞനേരം
വടജ്ജനങ്ങൾവനത്തിലപ്പോൾ
അടുത്തുകാടുകളിളക്കിമെല്ലെ
തുടങ്ങിനായാട്ടനേകമപ്പോൾ
കടുക്കമില്ലാമൃഗങ്ങളപ്പോൾ
പൊടുക്കനേചിലപരിഭ്രമിച്ചും

Digitized By Kerala Sahitya Akademi

കടുക്കനെച്ചിലകിരിഞ്ഞുറച്ചും
നാടുക്കമോടുടനൊളിച്ചൊളിച്ചും
നെടുത്തവല്ലുകളിളിച്ചിളിച്ചും
കടുത്തമാനുകളുകന്നുകന്നും
തടിച്ചവന്നികളുകന്നുകന്നും
തനിച്ചുകാട്ടിൽ ജനിച്ചഘോഷം
നിനപ്പതിന്നുപ്രയാസമല്ലോ;
കൊമ്പിടഞ്ഞൽചിലകൊമ്പുകളുള്ളോരു
അമ്പതുലക്ഷംകലകളണഞ്ഞു
ഒന്നിച്ചനവധിവന്നിക്കൂട്ടം
തിന്നുപിണഞ്ഞുചെന്നായ്ക്കൂട്ടം
കടമാനംചിലമരിമാനുംപല-
നെടുമാനുംചിലകുറുമാനുകളും
പുള്ളിപ്പുലിയുംവൻപുലിചെമ്പുലി
വള്ളിപ്പുലിയുംവരിയൻപുലിയും
ഘനതരമാകിനവനമഹിഷങ്ങൾ-
മെട്ടടിമാൻപലകേഴക്കൂട്ടം
ന്യുംകുകഠരംകുകഠംഗന്ധമൃഗങ്ങൾ-
മളവില്ലാതൊരുകടുമാനുകളും
ചമരിമൃഗങ്ങളനേകക്കൂട്ടം
കടുവാകരടികഠംകേഴക്കൂട്ടം
ഋക്ഷതരക്ഷുകഠല്ലുകങ്ങൾ-
മക്ഷതബലമാന്നാനക്കൂട്ടം
സിംഹംപലവകവികടകരാളം
വ്യാളസമൂഹംനരകരടികളും

Digitized By Kerala Sahitya Akademi

മുയലുകളും ചിലമയിലുകളുംബാഹ്യ
കുറുനരിയെന്നിവജന്തുസമൂഹം
കൊക്കെച്ചാടിക്കാട്ടുകഠോരം
തക്കത്തിൽ ചിലപോട്ടിലൊളിച്ചും
വെക്കംചിലവകയോടിയണഞ്ഞും
നാക്കുളട്ടുത്തുകടിച്ചുപൊളിച്ചും
വെട്ടുകഠംകുത്തുകഠംനിട്ടുകളെന്നിവ
വക്കാണങ്ങളുറോകവിധങ്ങഠം
വെടികൊണ്ടുംമൃഗങ്ങഠംമുറിഞ്ഞും
കടികൊണ്ടുംജന്തുക്കഠംമുറിഞ്ഞും
കരടികളെത്തിയടിച്ചുകടിച്ചും
കടുവാക്കുട്ടമടുത്തുപിടിച്ചും
വ്യാഘ്രങ്ങളുമതിശീഘ്രമടുത്തും
ഉറുറത്തിൽചിലർപന്നികഠംതന്നുടെ
തോറകളേറുമരിച്ചുതുടങ്ങി
ക്കുറമടുത്തഭടന്മാരെല്ലാം
തോറുമടങ്ങിനടന്നുതുടങ്ങി
അപ്പോളതിബലനാംയദുബാലൻ
കെല്പോടണഞ്ഞഥവില്ലുമെടുത്തു
അത്ഭുതമായ്ശരമാരിചൊരിഞ്ഞു
ഉൽഭടവേഗമശേഷമൃഗങ്ങടെ
കപ്പുമടക്കിമുടക്കിച്ചിലവഴി
ചാപമെടുത്തുതൊടുത്തഥവേഗാൽ
കോപമൊടാശുകടന്നുവനാന്തേ
മത്തഗജങ്ങടെമസ്തകസീമനി

Digitized By Kerala Sahitya Akademi

പത്തുംമുപ്പതുമമ്പുകളൂടനേ
കത്തുതറച്ചാനത്തമവീരൻ
ഇത്തരമുള്ളഗജങ്ങളുമെല്ലാം
അത്തൽപിണഞ്ഞിഹചത്തുമറിഞ്ഞും
ശരമേററൻപൊടുശരഭസമൂഹം
പരവശമായിമരിച്ചീടുന്ന
പന്നിക്കുട്ടമതൊന്നിച്ചനവധി
വന്നതശേഷംകൊന്നീടുന്നു;
കലവന്നിതൊരുവലയിൽചാടി,
പലരുംകൂടിക്കൊലചെയ്യേണം
പന്നിക്കന്തമെനിക്കുണ്ടെന്നാൽ
പന്നികളെച്ചിലകൊന്നീടുന്നേൻ
കുന്തമിനിക്കുമുറിഞ്ഞതുകൊണ്ടുട-
നന്തരമിപ്പോളുണ്ടായ്വന്നു;
മെല്ലെക്കരടിവരുന്നതുകണ്ടി-
ട്ടുല്ലലൊടുംപുനരോടുംനേരം
കല്ലുതടഞ്ഞുമറിഞ്ഞുടനെന്നുടെ
വല്ലുകളൊട്ടുകൊഴിഞ്ഞുംപോയി
കടുവായെന്നതുകേട്ടൊരുനേരം
ഝടിതിനടന്നിഹഞാനുംപരിചൊടു
പടലിൽപോന്നുകടന്നുകിടന്ന
കടുവായച്ചതികണ്ടതുമില്ല
ഇങ്ങനെയാരോജളതപറഞ്ഞും
തങ്ങളിലൊട്ടുവിളിച്ചുതെളിച്ചും
നായാന്മാരിഹകാടുകഠതോറും

Digitized By Kerala Sahitya Akademi

നായാട്ടാടിനടക്കുന്നേരം
കൊമ്പുകഠംകൊണ്ടുശിലാതലമെല്ലാം
അമ്പൊടുകുത്തിയടത്തുപൊടിച്ചും
തുമ്പിക്കൈകൊണ്ടഖിലമരങ്ങടെ
കൊമ്പുകളാഞ്ഞുപിടിച്ചുമൊടിച്ചും
സംഭ്രമമോടുവനത്തിൽനടക്കും
കുംഭികഠംതന്നുടെകുംഭതടങ്ങളി-
ലുടനോചാടിയടുത്തുകടിച്ചും
തുടുതുടയുള്ളൊരുചോരകുടിച്ചും
കഠിനരവംകൊണ്ടടവികളെല്ലാം
കിടുകിടനെന്നുകുലുക്കിനടന്നും
വികടതടാകുലകടുതരമാകിന
മുഖമതുയത്തിയെടുത്തൊരുനോക്കും
കടുതരമാകിനകണ്ണിലുടിച്ചൊരു
തീക്കനലുകളുടെകൂട്ടംകൊണ്ടും
കാടുംപടലുകളൊക്കെദഹിച്ചും
കുടിലനഖങ്ങളിലുടനേചിലവക
കടുവാകരടികളെന്നിവകോത്തും
സംഹാരാനലഭീഷണനാമൊരു
സിംഹത്തടിയൻരുഡടിതിയടുത്താൻ.

രുണ്ടംരുണ്ടംകോരാരവപരകരിണോ
മണ്ടകോമണ്ടമാനോ
ലുണ്ടംലുണ്ടഞ്ചകണ്ഡ്രുപനികഠിനതയാ
കുണ്ടതാംഭ്രമിമുണ്ടൻ

Digitized By Kerala Sahitya Akademi

ശൂന്യംശൂന്യഞ്ചകണ്ടേതരമഥനിലയോ
ഹന്തകണ്ടീരവോസൗ
വാനണ്ടോമണ്ടതാരീൻവികടഹടശനൈർ-
വണ്ടയൻകണ്ടനാളം.
കല്ലുകടിച്ചുപൊടിച്ചീടന്നൊരു
വല്ലുകളൊക്കെവളഞ്ഞുപിരിഞ്ഞും
സ്ഫുടതരമാകിനസടകൾകടഞ്ഞും
വിടപികളോടഥരഥടിതിതടഞ്ഞും
കൊടിമരമോടിഹപടപൊരുതീടിന
നെടിയൊരുവാലുമയത്തിക്കൊണ്ടും
തുടതുടയുള്ളൊരുചാരയണിഞ്ഞും
യദുസുതനോടതിഘോരമണഞ്ഞാൻ
ഭാസുരനാമൊരുകേസരിവീരൻ
പഞ്ചാനനനെക്കണ്ടൊരുനേരം
നെഞ്ചിനകത്തൊരുഭീതിവളർന്ന
ചഞ്ചലമാകിനഭടജനമെല്ലാം
തഞ്ചമിളച്ചുവർപാഞ്ഞുതുടങ്ങി.
വാളുംപരിചകടുത്തിലതോക്കുക-
ളാടികളാകുമൊരായുധമെല്ലാം
കൈകളിൽനിന്നുകളഞ്ഞുകളഞ്ഞും
കാടുകളിൽചിലരോടിയൊളിച്ചും
യജമാനനെയുമുപേക്ഷിച്ചവരും

Digitized By Kerala Sahitya Akademi

ങ്ങളവേപുരിപുക്കങ്ങുവസിച്ചാർ.
സിംഹംത്തടിതിയടുത്തുപിടിച്ചു
പ്രസേനനേയുംകുതിരയുമെല്ലാം
കഠോരമാകിനാകരയുഗളംകൊ-
ണ്ടടിച്ചുകൊന്നങ്ങവനിയിലിട്ടാൻ;
സ്യമന്തകംമണിപറിച്ചുകൊണ്ടുട-
നമന്ദസാഹസമവൻനടന്നു;
പെരുത്തകാനനതലത്തിലപ്പൊട്ട
കരുത്തനങ്ങനെചരിക്കുമപ്പോഠ.

സകലകപികുലതിലകത്രുപനാംജാംബവാൻ
സപദിനിജഗുഹയിൽനിന്നിങ്ങുപോന്നേകദാ
വനഭുവിഫലങ്ങളെത്തെണ്ടിമേവുംവിധൗ
ഘ്നനകുതുകമോടവൻകണ്ടുമൃഗേന്ദ്രനെ
വികടമണിഘ്യണിപടലവിലസിതശരീരനാം
മൃഗപതിയൊടെത്തിനേത്തീടിനാൻജാംബവാൻ
കുതുകമൊടുടൻകളിച്ചൊന്നടിച്ചീടിനാൻ
അതുപൊഴുതുതവിടുപൊടിയായിസിംഹേന്ദ്രനും;
മണിയതുമെടുത്തുടൻപുക്കുഗുഹാന്തരേ
മഹിതഗുണശാലിയാംവാനരാധീശനും
ഉചിതതരകാന്തിയുള്ളൊരുതനമതും
കൊച്ചിനുകളിപ്പതിന്നായിനൽകീടിനാൻ;
ഏട്ടെട്ടഭാരംധനംവിളഞ്ഞീടുന്ന
ചട്ടറരത്നത്തിനൊട്ടുല്ലസങ്കടം;
പെട്ടെന്നുകുഞ്ഞുങ്ങളുമിങ്ങുംവലി-
ച്ചിട്ടുംവലിച്ചുംകളിക്കുന്നാകയാൽ

Digitized By Kerala Sahitya Akademi

സത്രാജിത്തതുനേരംസോദര-
നത്രവരാഞ്ഞതുകണ്ടകതാരിൽ
ചിത്തവിഷാദംപൂണ്ടുടനവനുടെ
പുത്രാന്തങ്ങൾതിരഞ്ഞൊരുസമയേ
സത്യമൊരുത്തരുമുരചെയ്യാഞ്ഞി-
ട്ടത്തൽമുഴുത്തുവനത്തിൽനടന്നു
കാട്ടിൽനടന്നുതിരഞ്ഞുതിരഞ്ഞൊരു
കോട്ടിലുമവനെക്കാണാഞ്ഞിട്ടു
പെട്ടന്നുടലുതളർന്നുമനസ്സും
കെട്ടുകരഞ്ഞുപുരംപുക്കുചിരാൽ;
ഉടനുടനുടയകുലംകഴിച്ചൊരുവിജനേ
വടനംതാഴ്ത്തിവസിക്കുന്നേരം
ബന്ധുജനങ്ങളുമളവേചെന്നവ-
നന്തികസീമനിന്നുപറഞ്ഞു
"സന്താപിച്ചുകരഞ്ഞുവിരഞ്ഞാ-
ലെന്തൊരുഫലമിന്നിവരുവാനുള്ളൂ?
ചിന്തിച്ചാലതുഞങ്ങൾക്കേറാമൊ-
രന്തരമിന്നിഹതോന്നുന്നില്ല;
ഈശ്വരകല്പിതമെന്നതുപാർത്താൽ
വിശ്വജനത്തിനൊഴിക്കാവൊന്നോ?
കർമ്മത്താലെവരുന്നതുമെല്ലാം
ശർമ്മമിതെന്നുനിനച്ചീടേണം;
ജനനമിതെന്നുംമരണമിതെന്നും
മനുജന്നാക്കുവിധിച്ചതിലെല്ലാം
അനുജവിനാശംകല്പിതമെന്നാൽ

Digitized By Kerala Sahitya Akademi

അനുഭവിയാതെയിരുന്നീടാമോ?
പീരനിവണ്ണംവരുവാനെന്തൊരു
കാരണമെന്നതുതോന്നീലേതും
ക്ലേശിച്ചാലിതുതുമുണ്ടാമെ-
ന്നാശനമുക്കുചൊന്നീടുന്നു"
ഇത്തരമുള്ളോരുബന്ധുജനാനാം
ചിത്തത്തെ മഹരവചനംകേട്ടഥ
നേത്രജലങ്ങളടക്കിക്രമമപി
സത്രാജിത്തുപറഞ്ഞുതുടങ്ങി: —
"എല്ലാമെന്നുടെദുരിതംതന്നെ
വല്ലാതുള്ളോരവസ്ഥവിചിച്ചു;
നല്ലജനത്തൊടുകൂടിവസിപ്പാൻ
ഇല്ലനമുക്കൊരുഭാഗ്യമതോർത്താൽ
ബാലനെയങ്ങുവനത്തിലയച്ചതു
മൂലമെറിക്കിതുവന്നുഭവിച്ചു;
കാലമടുത്താലെവിടെയിരുന്നാ-
നാലുംവരുവതുവന്നേപോവൂ.
എന്നുമനസ്സിലുറച്ചെന്നാകിലു-
മിന്നിതുകൊണ്ടൊന്നോപ്പാറുണ്ട്
വന്നതുവന്നുനമുക്കിനിമേലിൽ
നിന്നുപൊരുപ്പാനെളുതല്ലേതും;
സഹജവിനാശമതിന്നൊരുതുമു-
ണ്ടിന്നതുചൊന്നാൽതലപോയേക്കും
എന്തിനതെല്ലാംശങ്കിക്കുന്നു?
എന്നുടെകമ്മമിതെന്നേവേണ്ടൂ"

Digitized By Kerala Sahitya Akademi

"ചൊല്ലുകചൊല്ലുകസത്രാജിത്തേ!
ഖിന്നതയേതുംവേണ്ടമനസ്സിൽ
തന്മുള്ളതിനെമറച്ചീടേണ്ടാ
വമ്പില്ലാഞ്ഞാൽപിന്നെയടങ്ങാം
ജീവസമന്മാരാകിയഞങ്ങളൊ-
ടീവകപറയാൻമടിയെന്തയ്യോ!"
ഇത്തരമുള്ളാരുബന്ധുജനങ്ങടെ
നിർബ്ബന്ധംകൊണ്ടവനരചെയ്തു:—
"ചൊല്ലരുതെന്നതുകൊണ്ടല്ലേതും
ചൊന്നതുകൊണ്ടിനിയെന്തൊരുകായ്മും
പെട്ടെന്നാരുവകണ്ടോധിക്കേണം
പെട്ടതിതെല്ലാംമണിയുടെമൂലം
മൂഢതകൊണ്ടുപറഞ്ഞിടുന്നു
ഗൂഢമിതെന്നുധരിച്ചീടേണം
കൃഷ്ണനൊരുന്നാളിമ്മണിമേലൊരു
തൃഷ്ണഭവിച്ചുകുറഞ്ഞൊരുനേരം
ഇപ്പൊഠിനമുക്തരേണമിതെന്നൊരു
കല്പനഞാനതുകൂട്ടാക്കീലാ
ഉണ്ണുമുറക്കമില്ലാതുലഭിച്ചുതു
വേണമെനിക്കെന്നോതീടാമോ?
തട്ടംകൊട്ടംചെണ്ടസ്ത്രൈ
കിട്ടുംപണമതുമാരാന്മാക്കും;
വെട്ടുംകുത്തുംപരിശസ്ത്രൈ
കിട്ടുംവിരുതുപണിക്കക്കെന്നും;
ഇത്തരമുള്ളപഴഞ്ചൊല്ലോടു-
ഞ്ഞൊത്തീടുന്നീവാത്തകളെല്ലാം

Digitized By Kerala Sahitya Akademi

ചിത്തത്തിൽകൊതിയുണ്ടാമെന്നാൽ
ഇത്രയതെന്നൊരുനിയമംവേണ്ടേ!
എന്നതുകൊണ്ടിഹശങ്കിപ്പാൻവഴി
വന്നുനമുക്കടനെന്നോവേണ്ട
വന്ദിക്കേണ്ടജനങ്ങളെയെല്ലാം
നിന്ദിക്കുന്നതുകഷ്ടംതന്നെ;
സുകൃതമശേഷമാടുങ്കുകൊണ്ടീ-
പ്രകൃതികളൊക്കെനമുക്കുവരുന്നു;
സുകൃതികളെക്കൊണ്ടുരുതരുതേതും
സുകൃതവിനിന്ദകളെന്നറിയേണം"
ഇത്ഥംകിമപിപറഞ്ഞുവിശേഷം
സത്രാജിത്തുവസിച്ചൊരുസമയേ
മിത്രജനങ്ങളുമാദരവോടെ
യാത്രപറഞ്ഞുതിരിച്ചുനടന്നു;
അവരതിഗൂഢംചിലരൊടുചൊല്ലി,
അവരുംചിലരൊടുചെന്നുപറഞ്ഞു;
അവരപ്പോളതുപലരൊടുചൊല്ലി
അവരതുമൊക്കെനാടന്നുപറഞ്ഞു;
ഇരുവരുകൂടിനാടക്കുന്നേരം
ചരിതമിതൊന്നേകേൾപ്പാനുള്ളൂ;
കുരളുപറഞ്ഞുനാടന്നവരുന്നൊരു
വിരുതന്മാക്കൊരുവകയുണ്ടായി;
ചെവിയിൽചിലരുപറഞ്ഞുതുടങ്ങി
ചിലരതുകേൾക്കാൻചെന്നുതുടങ്ങി
ചെവിപൊത്തിച്ചിലർനിന്നുതുടങ്ങി

Digitized By Kerala Sahitya Akademi

ചിലരതുകേട്ടു ചിരിച്ചുതുടങ്ങി;
ബാലന്മാരും വൃദ്ധന്മാരും
യൌവനമുള്ളോരുഭവ്യന്മാരും
കുളമൊഴിമാരുംകന്യകമാരും
വൃഷളികളും ചിലവിശ്രുതികളും
ചിത്തഗ്രഹണത്തിനൊത്തതുപോലെ
തത്തമിളച്ചുപറഞ്ഞുതുടങ്ങി
ഗോലത്തിൻറെപകുപ്പിനിനച്ചാൽ
മാലോകക്കൊരുപ്പാൻമേലാ
വേലികൾതന്നെവിളവുമുടിച്ചാൽ
കാലികളെന്തുനടന്നീടുന്ന
കപ്പലകത്തൊരുകള്ളനിരുന്നാൽ
എപ്പൊഴുമില്ലൊരുസുഖമറിയേണം
വീട്ടിലിരിപ്പാൻതരമില്ലാഞ്ഞാൽ
കാട്ടിലിരിക്കാംപണ്ടൊരുകാലം
കാട്ടിൽചെന്നുംകൊന്നുപഠിക്കും
കൂട്ടമതിപ്പോളുണ്ടായ്വന്നു
നാലുപണത്തിനുമുതലുണ്ടെന്നാൽ
നാട്ടിലിരിപ്പാനെളുതല്ലേതും
നല്ലമനോഗ്രഹണമുള്ളജനാത്തെ
കൊല്ലാനിന്നൊരുമടിയില്ലേതും;
പത്തമ്പതുപറനെല്ലുണ്ടെന്നതുടെ
പത്തായത്തളിലളവേകണ്ടതെ-
ടുത്തുകൊടുത്തൻവിത്തുംകൂലിയു-
മെത്താനൊരുവഴികണ്ടതുമില്ല;

Digitized By Kerala Sahitya Akademi

പത്തായത്തിനുറപ്പുംപോരാ
കാത്തുകിടപ്പാനാളുംപോരാ
കട്ടനടക്കുംദുഷ്ടജനത്തിനു
കിട്ടിയതെല്ലാംകൊള്ളാന്താനും;
തുമ്പകിളച്ചുംചേമ്പുകഠാനട്ടും
തുവരകഠവഴുതുംവാഴകഠവച്ചും
നമ്മൂരാരുടെപുറകെനടന്നി-
ട്ടിമ്മിണിമുതലുനമുക്കുണ്ടായതു
പാടേകട്ടുമുടിച്ചെന്നാകിൽ
പാളപിടിച്ചുനടക്കേയുള്ളൂ;
നെല്ലുംതാൻപൊലിശകടമുള്ളതു
മെല്ലാമിങ്ങുവശത്തായില്ല;
ഒരുമേനികളുംപലമേനികളും
സ്വരുപിച്ചുട്ടുകളത്തിലുമായി
പലിശകൊടുപ്പാനുള്ളോരുനെല്ലും
പലതരമാക്കിയളന്നുംവച്ചു
ഇപ്പോഠനമ്മുടെവീട്ടിൽകള്ളനു
കപ്പാൻനല്ലൊരുതരമായ്വന്നു;
ഏതാനുംചിലകാളകളുള്ളതു
മേതൊരുടിക്കിൽസൂക്ഷിക്കേണ്ടു
കാളകളേയുംമൂരികളേയും
കള്ളനുകപ്പാൻവിരുതേറീടും;
എള്ളുവിതച്ചിട്ടുള്ളതുമെല്ലാം
കള്ളന്മാരുടെവായിൽതന്നെ

Digitized By Kerala Sahitya Akademi

കള്ളന്മാരതുകട്ടുഭുജിച്ചാൽ
പള്ളപൊറുപ്പാനാവതുമില്ല.''

മംഗലഗുണനാംഭഗവാനെക്കൊ-
ണ്ടിങ്ങനെചിലരുടുഷിച്ചീടുന്നു
ഉള്ളിലസൂയമുഴുത്തിട്ടുള്ളവർ
ഭള്ളുനടിച്ചുടുഷിച്ചുതുടങ്ങി
"സത്രാജിത്തൊരുമണിയുംകൊണ്ടതി
ശുദ്ധതയാതിരുമുന്നിൽചെന്നു
കൃഷ്ണനവാറിൽതൃഷ്ണയുമുണ്ടായ്
സത്രാജിത്തുകൊടുത്തതുമില്ല
പെട്ടന്നനുജൻമണിയുംകൊണ്ടൊരു
കാട്ടിൽചെന്നുമരിച്ചുംപോയി;
ചിത്തംകൊണ്ടുവിചാരിക്കുമ്പോൾ
കൊത്തുംകോളുമതൊത്തുചമഞ്ഞു
ശൈശവകാലത്തുണ്ടായീടിന
കൈതവമുണ്ടോമാറീടുന്നു?
ആയിരവഷ്ംകുഴലിലിരുന്നൊരു
നായുടെവാലുവളഞ്ഞതിരു
കൊച്ചുകളോടുപിടിച്ചുപറിച്ചും
മച്ചിലൊളിച്ചുഥപാലുകുടിച്ചും
ആച്ചികളുടുകുളിക്കുമ്നേരം
കച്ചകളൊക്കെയെടുത്തുമറച്ചും
പച്ചപ്പാലുംമോരുംതൈരും
നിത്യവുമങ്ങിനെകട്ടുഭുജിച്ചും

Digitized By Kerala Sahitya Akademi

പൂച്ചയ്ക്കൊട്ടകൊടുത്തുംപലവക
പിച്ചകളിച്ചുനടന്നവനല്ലോ
കണ്ണൻകണ്ണനിതെന്നെല്ലാക്കും
തിണ്ണംതേടിനഭകുതിയുമോത്താൽ
വെണ്ണകഠകട്ടനടന്നപ്പോഴേ
കള്ളനിതെന്നൊരുപേരവനുണ്ട്
മത്തുവലിച്ചുംഭത്തിലൊരു
കുത്തുകൊടുത്താപ്പാലുകുടിച്ചും
ഇത്തരമുള്ളൊരുകള്ളംകാട്ടി-
ട്ടുത്തമയാകിയജനനിയൊരുന്നാൾ
സത്വരമവനെയണഞ്ഞുപിടിച്ചവ
ളുരലൊടുകൂട്ടിക്കെട്ടിട്ടില്ലേ?
പൂതനയെന്നൊരുപെണ്ണിനെയുംകൊല
ചെയ്തതുറിങ്ങഠംധരിച്ചിട്ടില്ലേ?
മാഗുലനായൊരുകംസനൊവെന്നൊരു
കൈതവമെല്ലാംബോധിച്ചില്ലേ?
കാടുകഠംതോറുംകാലികഠംമേപ്പാൻ
ആടലകന്നുകടന്നുനടന്നും
പേടമൃഗാക്ഷികളോടിടകൂടി
കൂടുന്നവരെത്തന്നെ ചതിച്ചും
കൂട്ടരുമായിക്കൂടിനടക്കും
കാടുകഠംപലതുംകാട്ടീടുന്നൊരു
കടുതരനാകിയകണ്ണൻതന്നുടെ
നാടകമെല്ലാംകേട്ടിട്ടില്ലേ?
ഏടയന്മാരുടെജാതിക്കുണ്ടോ

Digitized By Kerala Sahitya Akademi

ഏടയെന്നുള്ളതുമുണ്ടാകുന്നു?
തടിയുമെടുത്തുഞെളിഞ്ഞുനടക്കും
തടിയന്മാരവർകാടുകഠതോറും
ഏടയാ!നില്ലെന്നോതുന്നോരം
തുടയുംതുള്ളിജ്ഡടുതിപറക്കും
കപ്പാനുള്ളൊരുതക്കംനോക്കീ-
ട്ടെപ്പോഴുംപണിചെയ്യുയുള്ളൂ;
പെണ്ണുങ്ങൾക്കിഥകണ്ണനെയോത്താൽ
ഉണ്ണണമെന്നുമുറങ്ങണമെന്നും
തങ്ങടെതങ്ങടെവീടുകളെന്നും
ചങ്ങാതികളെക്കാണണമെന്നും
അമ്മപറഞ്ഞാൽകേൾക്കണമെന്നും
നമ്മെച്ചിലരെപ്പേടിയതെന്നും
നാണമിതെന്നുമടക്കമിതെന്നും
കാണിക്കൊരുകുറികാണ്മാനിച്ഛാ;
രാവെന്നുണ്ടോപകലെന്നുണ്ടോ
കാടെന്നുണ്ടോവീടെന്നുണ്ടോ
കയ്യെച്ചെന്നുപിടിക്കുമൊരുത്തി
മെയ്യിൽചെന്നുവസിക്കുമൊരുത്തി
മടിയിൽചെന്നുമലസ്സുമൊരുത്തി
അടിയിൽചെന്നുകിടക്കുമൊരുത്തി
മെല്ലെയിരുന്നുകളിച്ചുചിരിച്ചാ-
വല്ലവിമാരെപ്പാട്ടിലണപ്പാൻ
നല്ലതിനല്ലതുനിഞ്ഞീടുന്നു
മെല്ലെക്കൊന്നുകഴുത്തുപറിക്കും;

Digitized By Kerala Sahitya Akademi

മല്ലാക്ഷികളെക്കൊല്ലരുതെന്നാ-
മല്ലാരാതിക്കില്ലവിചാരം;"
ഇത്തരമോരോടിവ്വാക്കുകളെ
ചിലരുപറഞ്ഞുടഷിച്ചുതുടങ്ങി
ആച്ചികളും ചിലരങ്ങുവിളിച്ച-
ക്കൊച്ചുകളോടുപറഞ്ഞുതുടങ്ങി:—
"ഉണ്ണികളൊന്നുധരിച്ചീടേണം
കണ്ണനനേകംവിദ്യകളുണ്ട്
എന്നാതുകൊണ്ടുവനന്തികസീമനി
ന്നിങ്ങുകളിക്കരുതെന്നറിയേണം
കാലേലുള്ള ചിലമ്പുംമണിയും
ചാലേവന്നുപിടിച്ചുപറിക്കും
കണ്ണത്തിൽ ചിലമോതിരമുണ്ടതു
കൊണ്ടുനടപ്പാനെളുതല്ലേതും;
കണ്ടവരോടുപിടിച്ചുപറിപ്പാൻ
ഉണ്ടൊരുവിരുതക്കുണ്ണനുപാത്താൽ
സത്രാജിത്തിൻറെമുഞ്ഞെയെത്തി-
ക്കുത്തിക്കൊന്നാൻമണിയുടെമൂലം;
അരയിൽകെട്ടിയമണികൊണ്ടുപറിപ്പാൻ
പരിചൊടുനിങ്ങടെയടുവിളിക്കും
അപ്പുവുമടയുംപഴവുംകാട്ടി
ശില്പമണച്ചുമയക്കിക്കൊള്ളും;
അച്യുതികണ്ടാൽപോന്നീടേണം
അച്ഛൻവേണ്ടതുതരുമിഹവന്നാൽ"
ആച്ചികൾതമ്മിൽപേരുവിളിച്ചി-
ട്ടിച്ചക്കൊത്തുപറഞ്ഞുതുടങ്ങി

Digitized By Kerala Sahitya Akademi

"ചിരുതപ്പെണ്ണേ! കരുതിക്കോനീ
ചരിതംനിന്നടെകോപ്പുകളെല്ലാം
എന്തൊരുകഷ്ടമിടക്കാത്താലി
കഴുത്തിൽനിന്നതഴിപ്പാൻമേലാ;
കള്ളന്മാരവർരാവുംപകലും
ഭള്ളുപറഞ്ഞുനടന്നീടുന്ന
ഏളയച്ചിക്കൊരിളക്കവുമില്ല
കയ്യതിലുള്ളതുകളയാറായി,
കോളച്ചാരുനിറക്കണ്ടാക്കിയ
താലികളെല്ലാമെങ്ങെടിപെണ്ണേ!
കാലികളേമേയുനടക്കുംപ്പുട്ടം
തോലിപിണയ്ക്കുമതോത്തീടണം
കമ്മിണിയമ്മേ! നമ്മുടെനാട്ടിൽ
പൊൻമണികെട്ടിനടപ്പാൻമേലാ
മണികണ്ടാലുംതുണികണ്ടാലും
മടിക്കുടാതെപിടിച്ചുപറിക്കും
യജമാനന്മാർകുട്ടുടന്നാൽ
മറുജന്മത്തിനുടിയുണ്ടാമോ?
നിന്നോതിക്കോൻമുള്ളുന്നോരം
ഉണ്ണികാമരമേറീട്ടുംമുള്ളും;
എന്പ്രാനല്പംകെട്ടുഭുജിച്ചാ-
ലമ്പലവാസികളൊക്കെക്കുശം
ഇട്ടിപ്പെണ്ണേ! കേട്ടായോനീ?
കഷ്ടംകഷ്ടമിതോക്കുംതോറും

Digitized By Kerala Sahitya Akademi

കലിയുഗമെന്നാതുറന്നൊമുഴുത്തു
കപടമതൊന്നേകേപ്പാനുള്ളു"
ഇങ്ങനെപലരുംപലവിധമായി
തങ്ങളിലിതുകൊണ്ടാനകളിച്ചും
ആഗ്രഹമാരുടെകോപ്പുകളെല്ലാം
ആഞ്ഞൊരുടിക്കിൽഗ്രഹമൊളിച്ചും
വളയുംതളയുംമണിമോതിരവു-
മിടഞ്ഞാത്താലിമടക്കാത്താലികളും
പൂത്താലികളുംമാലകളുംനൂലുകളും
മിട്ടുകുംകുഴലുംകടകുംകാതില
തുക്കുംമണികളുംപതക്കംതോളുവള
തുടലുംക്കുട്ടമരഞ്ഞാണുകളും
അരമണിക്കൂട്ടംമണികിങ്ങിണിപൊൻ
മണിയുംമിന്നുമിരട്ടക്കുഴലും
പവിഴക്കുഴലുംമുത്തുക്കുലയും
കുരലാരംപലകാശാലികളും
മറുംപലപലകോപ്പുകളെല്ലാം
പെട്ടിയിലിട്ടവർപൂട്ടിക്കെട്ടി
പെട്ടെന്നടനേനാടുകടത്തി
പാട്ടിലുറപ്പിച്ചുരതകാലം;
ഭവനങ്ങളിലുംനഗരങ്ങളിലും
മാടപ്പുരയിലുമങ്ങാടിയിലും
മാളികകളിലുംമച്ചിട്ടറയിലു-
മാനക്കൊട്ടിലിലണിയറകളിലും
നെല്ലുരകളിലുമരപ്പുരകളിലും

Digitized By Kerala Sahitya Akademi

നാടകശാലകൾനടുമുറ്റത്തും
പെരുവഴികളിലുംതെരുവിലുമെല്ലാ-
ഭവനങ്ങളിലുംഗഗനങ്ങളിലും
ഇക്കഥതന്നേകേൾപ്പാനുള്ള
വിപ്രന്മാരുകളപ്പുരതന്നിൽ
സന്ധ്യാവന്ദനസമയത്തിങ്കൽ
സംസ്കൃതമായിട്ടിക്കഥതന്നെ
തങ്ങളിലങ്ങുപറഞ്ഞുതുടങ്ങി:—
"സത്രാജിത്കിലമിത്രവരാദതി-
ചിത്രതരംമണിമത്രസലേഭേ
യത്രഗൃഹീതേപുത്രഫലഞ്ചൈക-
ളത്രഫലഞ്ചസുമിത്രഫലഞ്ചവ-
വിത്രഫലഞ്ചൈജഗന്മയമംഗല-
പാത്രമയംഖലുതത്രസുഖാദതി-
മാത്രമുവാചചരിത്രമുദാരം;
കഷ്ടതരംകിലശിഷ്ടതരംപരി-
പുഷ്ടഗുണംശിശുശിഷ്ടതരാമണി
ഷ്ടിസമൂഹവിശിഷ്ടരുചോഘന
കഷ്ടനികാരണമിഷ്ടതരംഹരി
ശിഷ്ടഗുണോവതിവിഷ്ടപരാജം
സത്യംകിമിദമസത്യംവാകിമു
സത്യധനോനനുനിത്യമിഹാസൌ
ബാഹ്യലഗ്നേഭ്യോബാഹ്യകരണേഭ്യോ
വിഗതഭയേഭ്യോമനുജഹിതേഭ്യോ
നിപുണതരേഭ്യോലളിതപദേഭ്യോ

Digitized By Kerala Sahitya Akademi

ലപിതതമേഭ്യോജഗതിഹിതേഭ്യോ
ദനുജഹരേഭ്യോദലിതപരേഭ്യോ
പരപുരുഷേഭ്യോഹന്തനമോസ്തു
ചരിതമഹായജനേഭ്യോനിതരാം"
സംസ്കൃതമായിച്ചൊല്ലുകകൊണ്ടു
പലരുമറിഞ്ഞതുമില്ലുനേരം.

പങ്കജനയനൻതങ്കലിവണ്ണം
ശങ്കപലക്കുമതുണ്ടാകുന്നു
അച്യുതനെക്കാണുന്നതുനേരം
കൊച്ചുകളോടിയൊളിച്ചുതുടങ്ങി,
അണയത്തങ്ങുവിളിക്കുനേരം
മണിയുംപൊത്തിപ്പാഞ്ഞുതുടങ്ങി;
കയ്യേച്ചെന്നുപിടിക്കുനേരം
അയ്യോ!യെന്നുകരഞ്ഞുതുടങ്ങി;
തിമ്മാനായിട്ടടയുംപഴവും
സമ്മാനിപ്പാൻതുനിയുന്നേരം
അമ്മകലമ്പുംമേടിച്ചാലെ-
ന്നാക്കരഞ്ഞുഞൊണ്ടുപറഞ്ഞുതുടങ്ങി.
ഏന്തിഫനമ്മെഴുങ്കിപ്പാനൊരു
ബന്ധമിതെന്നതുചെയ്യുന്നേരം
"പ്രസേനനൊത്താൻകൊലചെയ്തില്ലേ
സ്യമന്തകംമണിമോഷ്ടിച്ചീലേ?
ഞങ്ങടെമണിയുംമോതിരമെല്ലാ-
മങ്ങുപറിപ്പാൻക്കൂടുകയില്ലാ;

Digitized By Kerala Sahitya Akademi

അപ്പുറമമ്മയുമൊന്നുപറഞ്ഞു
അച്യുതനരികെച്ചെല്ലുന്നാകിൽ
തച്ചുപറിക്കുംകോപ്പുകളെല്ലാം
കൊച്ചുകളറിയണമെന്നീവണ്ണം;
മണിപോയാലതുമുണ്ടാക്കീടാം
തുണിപോയാലതുമുണ്ടാക്കീടാം
പ്രാണൻപോയാലുണ്ണികളേ! പുനരു-
ണ്ടാകില്ലെന്നമ്മ പറഞ്ഞു
പണ്ടേതന്നുപാലുംതെരും
വെണ്ണയുമെല്ലാംകക്കുമ്പോൽനീ
എന്നീവണ്ണംപലരുംപലവക
നിന്നെക്കൊണ്ടുഷിച്ചീടുന്നു"
ഇത്തരമെല്ലാംബാലന്മാരുടെ
വാക്കുകൾകേട്ടൊരുനേരംകൃഷ്ണൻ
ചിത്തംകൊണ്ടുവിചാരിച്ചുരുളീ
സത്രാജിത്തിൻകപടമിതെല്ലാം
പാപികളോടുഹിതത്തെച്ചൊന്നാൽ
ആപത്തായിത്തന്നേതീരും;
പാമ്പിനുപാലുകൊടുത്തെന്നാകിൽ
കമ്പിരിയേറിപരാറേയുള്ളൂ
പരമാർത്ഥത്തെവിചാരിക്കാതെ
പരിഹാസത്തെനടത്തീടരുതു;
പരിചോടുസജ്ജനങ്ങളുമിപ്പോൾ
പരിപന്ഥികളുമതായിത്തീർന്നു
നമ്മെക്കൊണ്ടുദ്ധിഷണമിതാകെ

Digitized By Kerala Sahitya Akademi

നീന്തിച്ചെന്നതപലരുംകൂടി?
കമ്മറ്റലങ്ങളൊഴിക്കാവല്ലാ
ഇമ്മണിമൂലമിനിക്കുംവന്നു.

രണ്ടാംകളം.

എന്നാലമ്മണിപോയതുകാരണ-
മൊന്നുതിരഞ്ഞുമതിയാവുള്ളൂ
മന്ദന്മാരിതുബോധിക്കാഞ്ഞാ-
ലെന്നുംതീരാദുഷ്ടിത്തികളും;
ഇത്താരമൊക്കെമനസ്സിൽനിരൂപി-
ച്ചുത്തമപുരുഷൻഭഗവാനൊരുനാൾ
പത്മനുത്തയടുവീരന്മാരൊട്ട-
മൊത്തുപുറപ്പെട്ടടവികൾതോറും
സതരമാരാഞ്ഞങ്ങെഴുനള്ളി
സപസ്ഥതയോടുനടക്കുംകാലം
ചത്തുകിടക്കുംകൃതിരയുമവിടെ-
സ്സത്രാജിത്തിൻറനുജൻതന്നെയു-
മംഗത്തന്നിൽകേസരിതന്നുടെ
തുംഗനഖങ്ങൾപതിഞ്ഞുകലങ്ങി
തിങ്ങിവരുന്നൊരുചോരയണിഞ്ഞും
കണ്ണുതുറിച്ചുമരിച്ചുകിടപ്പതു
കണ്ണൻതിരുവടികണ്ടാനപ്പോൾ;
കാടുകൾതോറുംകേസരിതന്നുടെ
ചോടുകൾനോക്കിഗമിച്ചാൻപിന്നെ
അവിടെച്ചത്തുമറിഞ്ഞുകിടക്കും
സിംഹത്താനെക്കണ്ടാറുടനേ;

Digitized By Kerala Sahitya Akademi

വാനരവരനുടെ ചുവടുകൾനോക്കി
കാനനഭാഗേചെല്ലുന്നേരം
പാതാളത്തോടുസദൃശമതായി
ഭീതിക്കൊരുഭാജനമായി
ക്രൂരിരുളിന്നൊരുകുലഗൃഹമായി
ക്രൂരമൃഗങ്ങൾക്കാലയമായി
കലഗിരിരന്ധ്രപ്രതിനിധിയായി
ചടുചടപടുതരഭീഷണമായി
കണ്ടാനൊരുഗ്രഹകാട്ടിൻനടുവിൽ;
യാദവവീരന്മാരൊടുമെല്ലാം
സാദരമരുളിച്ചെയ്തുമുകുന്ദൻ:—
"നിങ്ങളുമെല്ലാമിവിടെവസിപ്പിൻ!
അങ്ങുകടപ്പാൻഞാനേവേണ്ടു
ഘോരമതായഗ്രഹാന്തരമെല്ലാം
ആരാഞ്ഞിങ്ങുവരുന്നേരടനേ
ദിവസംപലതുകഴിഞ്ഞെന്നാലും
അതുകൊണ്ടൊന്നുകുഴമ്പീടേണ്ട"
എന്നരുൾചെയ്താഗ്രഹയുടെയുള്ളിൽ
ചെന്നുകടന്നനടന്നുതുടങ്ങി
മുന്നിൽപരിചൊട്ടകാണായ്വന്നു
മിന്നിവിളങ്ങുംമണിഗോപുരവും
ഉന്നതമാകിനമതിലുകൾപലവക
തന്നിൽചേർന്നമഹാമണികിരണം
കൊണ്ടാക്കുരിരുളോടിയൊളിക്കും
ഖണ്ഡാപഥമതിനകമുള്ളാരുടൈശ്വര്യം

Digitized By Kerala Sahitya Akademi

കണ്ടാലധികമനോഹരമല്ലോ
ഇത്ഥംവിലസിനമണിഗോപുരമതി-
ലുത്തമപുരുഷൻചെന്നുകടന്നു
തത്രവലത്തേഭിത്തിതലത്തിൽ
ചിത്രമെഴുത്തുകഠംകണ്ടാൻദേവൻ;
ചിത്രംതത്രവിചിത്രാകാരം
ചിത്തവിനോദംരാമചരിത്രം
പൂർവ്വചരിത്രംകണ്ടുമുകന്ദനു
പൂർവ്വസ്മരണയുമുണ്ടായ്വന്നു.
ചിത്രംകണ്ടുരസിച്ചതിമന്ദം
സുന്ദരവദനാനെഴുന്നള്ളുമ്പോഠം
കുണ്ഠതതീർന്നുപിണങ്ങീടുംദശ-
കണ്ഠൻതന്നുടെനിധനംകണ്ടാൻ
കണ്ഠംപലകുറിനിശിതശരൌഘം
കൊണ്ടുമുറിച്ചുങ്ങിടണതുകണ്ടാൻ
ഇന്ദ്രതുല്യനഥലക്ഷ്മണനപ്പോ-
ളിന്ദ്രജിത്തിനെവധിക്കണകണ്ടാൻ
ജൃംഭമാനഗുണനാകിയരാമൻ
കുംഭകർണ്ണനെവധിപ്പതുകണ്ടാൻ
കുംഭനികുംഭാദികളെയുമെല്ലാം
അമ്പുകഠംകൊണ്ടുവധിക്കണകണ്ടാൻ
രാക്ഷസരുംപലകപികളുമായി
ത്രുക്ഷതപെരുകിനയുദ്ധംകണ്ടാൻ
സുഗ്രീവൻദശകണ്ഠൻതന്നുടെ
മകുടംതച്ചുപറിക്കണകണ്ടൻ;

Digitized By Kerala Sahitya Akademi

നീലൻചെന്നാശു കസാരണരെ-
ച്ചാലേകെട്ടിമുറുക്കണകണ്ടാൻ
രഥടിതികരങ്ങുകൾലങ്കാപുരിയിൽ
പടവീടുകളുംകെട്ടണകണ്ടാൻ;
നിറയുംഗിരികളടത്തുസമുദ്രേ
ചിറയുംകെട്ടിമുറുക്കണകണ്ടാൻ;
വരുണൻവന്നിഹ ചരണാംഭോജേ
ശരണംചൊല്ലിനമിക്കണകണ്ടാൻ;
അഗ്നേയാസ്ത്രമെടുത്തുതൊടുത്തഥ
സാഗരശോഷണമോഷംകണ്ടാൻ;
ഭക്തകൾകൊണ്ടുപരത്തിവിരിച്ചതി-
ലത്ഭുതമാകിനശയനംകണ്ടാൻ;
രാവണസോദരനായവിഭീഷണ-
നാവൊളമങ്ങുനമിക്കണകണ്ടാൻ;
ഹനുമാൻവന്നാ ചൂഡാമണിയും
മനുകുലവരനുകൊടുക്കണകണ്ടാൻ;
ധൃഷ്ടതയോടേലങ്കാനഗരം
ചുട്ടപൊടിക്കണമോഷംകണ്ടാൻ;
അക്ഷകുമാരകനിധനംകണ്ടാൻ
വൃക്ഷലതാദികൾനാശംകണ്ടാൻ;
ചൂഡാമണിമടിപ്പുതുകണ്ടാൻ
മോതിരമങ്ങുകൊടുപ്പുതുകണ്ടാൻ;
സിംഹികയെക്കൊലചെയ്യണകണ്ടാൻ
മൈനാകത്തെയമർപ്പുതുകണ്ടാൻ;
പവ്വുതമുകളിനാശുകപീഢൻ

Digitized By Kerala Sahitya Akademi

സ്യമന്തകം.



P· 128

Digitized By Kerala Sahitya Akademi

ഉഡുപകുലുക്കിയുയന്നതുകണ്ടാൻ;
ഗ്രഹയിൽചെന്നകടപ്പതുകണ്ടാൻ;
സീതാദേവിയെയാരാഞ്ഞുക്കപി
ഖേദത്തോടുനടപ്പതുകണ്ടാൻ;
ദിക്കുകൾനാലിലുമക്കപിവീരരെ
യക്കുലേശനയപ്പതുകണ്ടാൻ;
ചാതുർമ്മാസ്യമിരുന്നതുകണ്ടാൻ
സുഗ്രീവനെവാഴിപ്പതുകണ്ടാൻ;
ബാലിയെയുംകൊലചെയ്യണകണ്ടാൻ
സാലദ്രുമവുമുടനാകണ്ടാൻ;
ദുന്ദുഭിഗാത്രമിളക്കണകണ്ടാൻ
സുഗ്രീവനുമായ്സഖ്യംകണ്ടാൻ;
ഹനുമാനൊന്നുതൊഴുന്നതുകണ്ടാൻ
അനുജനുമായിനടപ്പതുകണ്ടാൻ;
പമ്പയുമുടനെകടന്നതുകണ്ടാൻ
അപ്പൊടുശബ്ദംകേൾപ്പിച്ചുകണ്ടാൻ;
അരുണകബന്ധവിനാശംകണ്ടാൻ
അരുണജസഹജവിനാശംകണ്ടാൻ;
മാരീചാദികളാനിധനംകണ്ടാൻ
ക്രുദ്ധതപെരുകിനരാക്ഷസരാജൻ
പക്ഷിയെവെട്ടിമുറിക്കണകണ്ടാൻ;
ഭിക്ഷുശരീരംപൂണ്ടവനുടനേ
ഭിക്ഷയെടുപ്പാൻചെല്ലുണകണ്ടാൻ;
സീതാലക്ഷ്മണസഹിതൻരാമൻ
പീതായാസമിരുന്നതുകണ്ടാൻ;

Digitized By Kerala Sahitya Akademi

വിരവൊടുഖരനെക്കൊല്ലുണകണ്ടാൻ
അവനുടെപടയുമൊടുക്കുണകണ്ടാൻ;
രാവണസോദരിതന്നുടെമൂക്കും
മുലയുംചെത്തിയയപ്പുതുകണ്ടാൻ;
ലളിതാകൃതിയാമവളെക്കൊണ്ടൊരു
കളിയാടുന്നതുമവിടെക്കണ്ടാൻ;
ഗോദാവരിയുടെതീരേരാമൻ
മോദത്തോടുവസിപ്പുതുകണ്ടാൻ;
പക്ഷീശ്വരനൊടുസഖ്യംകണ്ടാൻ
രാക്ഷസനിഗ്രഹസമയംകണ്ടാൻ;
കുംഭജമുനിയെവണങ്ങുണകണ്ടാൻ
അമ്പിൽവിരാധവധത്തെക്കണ്ടാൻ;
ശരഭംഗാശ്രമവാസംകണ്ടാൻ,
ഓരോമുനിപദനമനംകണ്ടാൻ;
അത്രിമഹാമുനിനമനംകണ്ടാൻ,
ചിത്രകൂടാചലവാസംകണ്ടാൻ;
ദശരഥമരണംകേട്ടുകുളിച്ചവ-
നുദയക്രിയയുംചെയ്യുണകണ്ടാൻ;
ഭരതൻപോന്നതൊഴുന്നതുകണ്ടാൻ,
തരസാഗംഗകടക്കുണകണ്ടാൻ;
വിരവൊടുചെന്നുഭരദ്വാശ്രമസവിധേ
ജടകൾധരിച്ചവിശേഷം കണ്ടാൻ;
സരയുകടന്നുവടന്നതുകണ്ടാൻ,
പുരിയിലിരുന്നരുളുന്നതുകണ്ടാൻ;
അഭിഷേകത്തെമുടക്കുണകണ്ടാൻ,

Digitized By Kerala Sahitya Akademi

മനുഷ്യരയോടിനടക്കുണകണ്ടാൻ;
നാലുപത്തുവിടെഭാര്യകളോടും
ചാലെസുഖിച്ചുവസിക്കുണകണ്ടാൻ;
മാദ്ര്യാഭാര്യവജയവുംകണ്ടാൻ,
സീതാപാണിഗ്രഹണംകണ്ടാൻ
ഹരനുടെവില്ലുമുറിക്കുണകണ്ടാൻ,
രാപരിതാപഹല്യാമോക്ഷംകണ്ടാൻ,
മുനിവരയാഗത്രാണംകണ്ടാൻ,
മാരീചാദികളനിധനംകണ്ടാൻ,
താടകയെക്കൊലചെയ്യുണകണ്ടാൻ,
കാടകമേറിനടപ്പതുകണ്ടാൻ,
വിശ്വാമിത്രമഹാമുനിയോടും
വിശ്വാസത്തൊടുചെന്നതുകണ്ടാൻ;
വിശ്വന്യുപാധിവശരഥനോടും
വിശ്വാമിത്രനിരുന്നതുകണ്ടാൻ,
നാലുനാളവിടെയയോദ്ധ്യാപുരിയിൽ
ബാലതയോടുവളർന്നതുകണ്ടാൻ;
ശത്രുഘ്നനുടെജനനംകണ്ടാൻ,
ലക്ഷ്മണനുടെയുംജനനംകണ്ടാൻ,
ഭരതൻതന്നുടെജനനംകണ്ടാൻ,
രഘുപതിതന്നുടെജനനംകണ്ടാൻ,
രാമായണമതനുക്രമമായി
രാമാദരനഥകണ്ടനടന്നു;
ചാലേയഞ്ഴിനള്ളിനുനേരം
ബാലകരങ്ങളിൽമണിയുംകണ്ടു.

Digitized By Kerala Sahitya Akademi

മണിമേടിപ്പാനുടനേമാധവ-
നണയുംനേരംപേടിയൊടവനും
അച്ഛനെയങ്ങുവിളിച്ചുകരഞ്ഞു
അച്യുതനതുമേടിച്ചതുമില്ല;
ബ്രഹ്മപ്രളയമടുക്കുന്നേരം
ബ്രഹ്മാണ്ഡത്തെമുടിപ്പാനായി
സാഹസമോടുനടക്കുംപുരഹര-
വാഹനമാകിയവൃഷഭേന്ദ്രന്റെ
കണ്ണുദ്ധടനിയെക്കുണ്ഠിതമാക്കും
കണ്ണുദ്ധതനിയതുകേൾക്കായ്വന്നു
ഗ്രഹകളിലൊക്കെനിറഞ്ഞുകവിഞ്ഞൊരു
ഘുമുഘുമുഘോഷംപെരുതായ്വന്നു.
ഘോരതരഭുജദണ്ഡംഗാത്രമത്യന്തചണ്ഡം
പ്രചലിതജഗദണ്ഡംഖണ്ഡിതാരാതിഷണ്ഡം
ഹുങ്കിനിശിചരമുണ്ഡംലംബതാലോലഗണ്ഡം
വികടകഠിനതുണ്ഡംജാംബവാനാജിഹിണ്ഡേ"

ഉറച്ചകോപമൊടകത്തുനിന്നഥ
പുറത്തുവന്നുടനെതിർത്തുജാംബവാൻ
അടച്ചകണ്ണിണതുറന്നതില്ലവ-
നരത്തവാക്കുകൾപറഞ്ഞുകൊണ്ടുട-
നടുത്തുകണ്ണനെത്തടുത്തുതേമൽ
പുരത്തിലെന്നോടുവരുന്നാരിഹ?
കരുത്തനെന്നതുവരുത്തുവാനൊരു
ജളത്വമിങ്ങൊനടിക്കയോമമ
കരങ്ങടേപുരുതരിപ്പുതീപ്പുതി-
നൊരുത്തനില്ലിഹജഗത്രയേജള

Digitized By Kerala Sahitya Akademi

പൊടുക്കനെപ്പുനരടുത്തുവന്നിഹ
ഞടിച്ചുനിന്നടമടക്കുവൻതവ
നടിപ്പുഞാനിഹമടക്കുവൻഭുവി
പടയ്ക്കുനല്ലൊരുപടുതപമുള്ളൊരു
കുരങ്ങുഞാനതുധരിക്കനീ
കുരങ്ങനെന്നതുനിനയ്ക്കുകൊണ്ടൊട്ടും
കുറച്ചുകാണരുതൊരിക്കലുംനടേ
പെരുത്തരാവണപുരത്തിലുള്ളൊരു
പരാക്രമങ്ങളെനിനയ്ക്കുനീ
തടിച്ചരാക്ഷസരടുത്തുനിന്നിഹ
തൊടുത്തൊരമ്പുകൾതടുത്തതുംചില
തടിച്ചവീരരെയടിച്ചതുംതല
കടിച്ചതുംമലപൊടിച്ചതുംചില
പിടിച്ചതുംചിലപുരങ്ങളെപ്പൊടി
പൊടിച്ചതുംപലതരത്തിലങ്ങടി-
കൊടുത്തതുംകപിബലേനകൊന്നിഹ
കളിച്ചതുംപുനരരക്കരൊക്കെയു-
മൊളിച്ചതുംപടവിളിച്ചതുംമറ-
വിളിച്ചതുംനിലവിളിച്ചതും
ഞതൊക്കെയങ്ങനെനിനയ്ക്കുനീതവ
മനക്കരുത്തിഹനിലയ്ക്കുയില്ലതു
ധരിക്കുനീയിഹതിരിക്കനീ;
ഞടക്കമെന്നിയെകടന്നുവന്നൊരു
മിടുക്കുകാട്ടിയാലടങ്ങുമോ?
മിടുക്കനെന്നൊരുനടിപ്പുതാൻമണി

Digitized By Kerala Sahitya Akademi

യടക്കുവാനിഹതുടന്നിതോ?
ശിശുക്കളൻപൊടുകളിക്കുമമ്മണി
പിടിപ്പതിന്നുടനാടുകയാൽ
ഞാടുത്തുനിന്നുടലൊടുക്കുമെന്നതു
ധരിക്കനിലഹ്നടക്കെടോ!
മനുജനെന്നാകിലുംമനുജനെന്നാകിലും
മടമൊടുടനിവിടെവരുമമരനെന്നാകിലും
യക്ഷിയെന്നാകിലുംപക്ഷിയെന്നാകിലും
യമവരുണനിരൃതിപുരവൈരിയെന്നാകിലും
കാലനെന്നാകിലുംബാലനെന്നാകിലും
കടുതകളൊടിടപെടുമരക്കനെന്നാകിലും
വീരരെന്നാകിലുംശൂരരെന്നാകിലും
വിരവിലിഹവരുമളവുതടിതിപൊടിയാക്കുവൻ
ഋക്ഷനെന്നാകിലുംയക്ഷനെന്നാകിലും
പടിയടിയിലടൽകരുതുമേവനെന്നാകിലും
ഇന്ദ്രനെന്നാകിലുംചന്ദ്രനെന്നാകിലും
ചതിയുടയഭ്രതവേതാളമെന്നാകിലും
കടിലഗതികലരുമുരഗേശനെന്നാകിലും
പേടിക്കുടാതെനീചാടിവന്നീടിനാ-
നിഹസപദിജാംബവാനെന്നുകേളായ്കയോ
സൂര്യവംശേപണ്ടുജാതനായുള്ളൊരു
ശ്രീരാമഭദ്രനെന്നങ്ങുകേൾപ്പില്ലയോ?
ഇത്തരമുള്ളൊരുവാക്കുപറഞ്ഞവ-
നുത്തമപുരുഷൻതന്നുടനേരേ
സത്വരമലറിയണഞ്ഞതിഘോരാൽ

Digitized By Kerala Sahitya Akademi

മുഷ്ടിമടക്കിത്തിരുമാറിൽചില
കുത്തുകൊടുത്തിയമത്തുപിടിച്ചു
മങ്കകൊതന്നുടെകൊങ്കയിലിഴകും
കുംകുമമതുകൊണ്ടങ്കിതമാകിന
പങ്കജനയനൻതന്നുടെമാവിൽ
തൻകൈകൊണ്ടുവനാരെന്നുള്ളൊരു
ശങ്കവെടിഞ്ഞുടനാടിതട്ടീടിന
ഹുംകൃതിയോത്താലത്ഭുതമത്രേ!
ഗോപീനായകനതുകൊണ്ടേതും
കോപംമനസിജനിച്ചതുമില്ല;
നമ്മുടെഭക്തൻനമ്മെച്ചൊല്ലി
പലകുറിപലരോടേറുപിണങ്ങി;
കലപെട്ടീടിനഗാത്രത്തോടെ
കലഹത്തിന്നണയുന്നൊരുനേരം
കലഹിക്കുന്നതുചിതമല്ലെന്നി-
ട്ടവനുടെയിടയുംകടിയുംപിടിയും
തുക്കൈകൊണ്ടുതടുത്തുതടുത്താൻ
വൻകരുമാകളടപ്പാനുള്ളൊരു
വക്കാനെത്തിനുഭാവിച്ചില്ലാ:
ഉൽക്കടനാകിയമക്കടനപ്പോൾ
ധിക്കാരത്തെയകത്തുനിറച്ചു
ഇക്കുഴിയന്നമതല്ലുംകുത്തും
വെക്കമടുത്തുതടുപ്പാറായോ?
നോക്കെടപാഴാ!നിന്നുടെയുടലുക-
ടിച്ചുപൊളിച്ചുവരുന്നൊരുചോരകു-

Digitized By Kerala Sahitya Akademi

ടിച്ചുകളിച്ചീടുന്നേനെന്നവ-
നിടയിടെഘോഷിച്ചുംകൊണ്ടുടനേ
അടലിലണഞ്ഞുപിണങ്ങുന്നേരം
പുരുഷോത്തമനുംമനസികരുത്തൊരു
കോപത്തോടെയടിച്ചുതുടങ്ങി;
യദുനായകനുംകപിനായകനും
ഘനതരമാകിനയുദ്ധംചെയ്തു
ഫണിനായകനുംവർണ്ണിപ്പാനതി
പണിയെന്നത്രേതോന്നീടുന്നു.
തടിച്ചുമരശതമൊടിച്ചുകരമതിൽ
പിടിച്ചുമുടനുടനടിച്ചുമുടലുകൾ
കുടിച്ചുംഇടയിടെപിടിച്ചുംകടുഞ്ചോര
തുടച്ചുഗിരികളുമുടച്ചുപലവിധ
മുരച്ചുതരംനോക്കിച്ചിരിച്ചുമിരുവരു-
മുറച്ചുപിണങ്ങുമ്പോൾവിറച്ചുധരണിയി-
ലുറച്ചുഗിരികളുംനിറച്ചുഭയമുള്ളി-
ലുറച്ചുദിഗ്ഗജങ്ങൾവിറച്ചുതാപമോടേകുറച്ചുമതുനേരം
നരവരവാനരവീരന്മാരവ-
രുരുതരയുദ്ധംചെയ്തുതുടങ്ങി;
കടുതരകിറിനമരങ്ങളുതങ്ങളി-
ലുടനുടനവിടെയടിഞ്ഞുതടഞ്ഞും
ദൃഢതരമടലിലടിച്ചുഞെരിച്ചും
ചടചടരവമൊടുതമ്മിലടിച്ചും
തക്കംനോക്കിച്ചാടിയടിച്ചും
വെക്കംചെന്നൊരുകുത്തുകൊടുത്തും

Digitized By Kerala Sahitya Akademi

മട്ടതകത്തുംമുഷ്ടിയടിച്ചും
കാട്ടിച്ചടത്തുമരങ്ങൾപറിച്ചും
കോട്ടിലടത്തുപിടിച്ചുപറിച്ചും
പർവ്വതശിഖരമെടുത്തുപിടിച്ചും
ഗർവ്വൊടുധരണിചവിട്ടിയിടിച്ചും
വട്ടത്തിൽപലമട്ടമണഞ്ഞും
കെട്ടിത്തങ്ങളിലൊട്ടുപിണഞ്ഞും
കാലൊടുകാലുംകയ്യൊടുകയ്യും
മുട്ടൊടുമുട്ടുംതട്ടൊടുതട്ടും
തല്ലൊടുതല്ലുംപല്ലൊടുപല്ലും
മാറൊടുമാറുംതലയൊടുതലയും
മലയൊടുമലയുംമരമൊടുമരവും
തങ്ങളിലവിടെയിടഞ്ഞുതുടർന്നാരു
ചടചടരടിതംത്തടിതിനിറഞ്ഞാരു
ഭവനകടാഹമുടഞ്ഞിടുന്നു.
ജലധികളുങ്കുകലങ്ങിമറിഞ്ഞും
ജലമതുപൊങ്ങിമരങ്ങൾപറിഞ്ഞും
ജലജകുലങ്ങളൊടിഞ്ഞുനിറഞ്ഞും
ജലമതിൽമുങ്ങിപ്പുംഗികുറഞ്ഞും
മലകൾകുലുങ്ങിയുലഞ്ഞുപതിഞ്ഞും
മലയാചലവുംപേടിപിടിച്ചും
മലജലവൃക്ഷമശേഷമൊടിച്ചും
മലനാദിയങ്ങുകലങ്ങിമറിഞ്ഞും
ഭ്രമിനാടുങ്ങീഭ്രുതിമുടങ്ങീ
ഭ്രുതമടങ്ങീഭിതിതുടങ്ങി

Digitized By Kerala Sahitya Akademi

രവമതുപൊങ്ങീരവിരുചിമങ്ങീ
രഭസമടങ്ങീരാഗമിണങ്ങീ
ഗോപീനായകനാകിയദേവൻ
കോപംകൊണ്ടുമഹാകുപിതനുടെ
കവിളിലടിച്ചുപിടിച്ചുപരിച്ചും
മാവിലണഞ്ഞുനഖങ്ങളിതറച്ചും
മാറതുതന്നൊരുസമരമുറച്ചും
വാലുപിടിച്ചുവലിച്ചുമുലച്ചും
കാലുപിടിച്ചുമലച്ചുവതിച്ചും
ചാട്ടുതുടൻനും ചാടിയകന്നും
നിഖിലചരാചരനാഥൻതന്നൊട്ട
നിജഭാവത്തെനടിച്ചുഭവിച്ചോരു
നിഖിലഭയങ്കരമാകിയയുദ്ധം
ദിവസംതോറുംവർദ്ധിക്കുന്നു;
ഈക്ഷേശ്വരനന്തൽക്ഷണമങ്ങേ
ലക്ഷ്മീപതിയുടെവക്ഷോഭാഗേ
വൃക്ഷംകൊണ്ടുഥരുക്ഷമടിച്ചും
ദക്ഷതതേടിനദക്ഷിണപാണിയി-
ലക്ഷതമാകിനവൃക്ഷമെടുത്തു
ഇക്ഷുകണക്കെതൽക്ഷണമോടവ-
ന്നുക്ഷാധിപനാമക്ഷയസാരൻ
ശിക്ഷയിലങ്ങുപൊടിച്ചുതകർത്തും
സാക്ഷാൽഭുവനംരക്ഷിച്ചീടിനാ
പക്ഷിവരാസനനിക്ഷിതിതന്നിൽ
ഭക്ഷിതിപാലകശിക്ഷയ്ക്കായി

Digitized By Kerala Sahitya Akademi

തൽക്ഷണമങ്ങുസമക്ഷംവന്നതു-
മൃക്ഷകുലാധിപനാഞ്ജീഭോത്രം
തിരുമാറിടമതിലിരുമാറുള്ളായ
വനമാലചെളിപറ്റിമാലകളും
കഷ്ടമവൻചിലമുഷ്ടികൊണ്ടതി
ഉന്നതബാഹുസഹസ്രൻപോനാൻ
തന്നുടെഭവനേപുക്കതിവേഗം
നന്നായിട്ടുസുഖിച്ചുവസിച്ചാൻ.

ബദ്ധനായുള്ളൊരനിരുദ്ധനെക്കണ്ടനേരം
മുഗ്ധവിലോചനയാംഭ്രതലത്തിൽ
വീണമുരുണ്ടുംപാണിമാറത്തുചേർത്തിട്ടു
ഏണവിലോചനയാളാശ്രുകേണതുനേരം
തൈലത്തിൽകത്തീടുന്നവഹ്നിതന്നിലല്പം
സലിലംതളിക്കുംപോലെവന്നിതപ്പോൾ
ചലലോചനതന്നെറഖേദംമാറീടുവാൻ
പലപലവാക്കുചൊന്നതെല്ലാമപ്പോൾ
ഫലമില്ലാതായിവനുവാരിധിയിൽമേഘം
വരിഷിക്കുംമാരിപോലെയെന്നേവേണ്ടു
നാണിച്ചുമാറാതവൾപിന്നെയുമങ്ങോരോരോ
വാണീവിശേഷങ്ങളെയോതിയോതി
ഏണാങ്കാനനാതന്നെറഖേദവുമൊട്ടുമാറി

Digitized By Kerala Sahitya Akademi

വാണൊരുകോണിൽനാണിച്ചേണനേത്രാ
പഞ്ജരംതന്നിൽഅനിരുദ്ധനായൊരുനല്ല
കുഞ്ജരവൈരിയെന്നപോലെതന്നെ
അന്ധനായുള്ളോരനിരുദ്ധൻകോപിച്ചുഥ
ബന്ധുവിരോധനായ്നിനകാലം
ഭോജന്മാരെല്ലാവരുംനിദ്രവെടിഞ്ഞുകൊണ്ട
രാജകുമാരൻതന്നെക്കാണാഞ്ഞിട്ട
എങ്ങുപോൽഗമിച്ചവനെത്രകഷ്ടമാര -
മെങ്ങുംഗ്രഹിച്ചീടാതെപോവാനെന്തു?
ഇന്നുവന്നീടുമവനിന്നുവരുമുണ്ണി
ഇന്നുവരുമെന്നേവംചിന്തചെയ്തു
സുന്ദരനാമവനെക്കാണാഞ്ഞിട്ടനല്ല
സുന്ദരിമാരുംദുഃഖസാഗരത്തിൽ
മങ്ങിമയങ്ങിമുങ്ങിപൊങ്ങിവീണുംകൊണ്ട
തുംഗസ്തനങ്ങൾനോക്കിസന്താപിച്ചും
നാലുമാസമീവണ്ണംചെന്നാരെയുമെങ്ങും
ബാലകനെക്കാണാഞ്ഞങ്ങുലോകരെല്ലാം
മാലുമുഴുത്തുമധുരേ ക്ഷിയൊടങ്ങുചെന്ന
ബാലകൻറെവാത്തചൊല്ലിവാഴുംകാലം.
നാരദമുനിവീണയുമായി
ദ്വാരകതന്നിൽപുക്കൊരുനാളിൽ
നാരായണനുംവന്നുവണങ്ങി
സാദരമർഘ്യാദികളുംചെയ്തു
ദ്വാരകവാസികളെല്ലാംനാരദ -
പാദസരോജേവീണവണങ്ങി;

Digitized By Kerala Sahitya Akademi

ശ്രീനാരദമുനിയപ്പോൾതന്നെ
ശ്രീമാധവനൊടുകല്പിച്ചീവ്യം
ശ്രീപതിനിന്തിരുവടിയുടെപേർത്രൻ
ശ്രീദ്വാരകയതിലിന്നില്ലുഞ്ഞല്ലി
ക്ഷേമംപൂണ്ടുജഗദ്വാസികളൂതി
മോദംകൂടാതേമരുവുന്നു?
ബാണൻസമരങ്കണമതിലവനേ
നാണക്കേടുഭവിപ്പിച്ചാവധി
ക്ഷ്മീണിപ്പിച്ചൊരുകോണിലിരുത്തീ
പ്രാണൻപോകാഞ്ഞതുതൽഭാഗ്യം;
ആദ്യമതായുള്ളക്ഷരഹീനാ-
താക്കിക്കുമാരംസമരേബ്യാണൻ;
അപ്പുരികാത്തുവസിച്ചീടുന്നതു
മുപ്പുരവൈരിയതെന്നറിയണം,
നാരദനിങ്ങനെകല്പിച്ചുടനേ
യാദവരോടേവീണതെറിച്ചു
നാരായണശിവയെന്നുജപിച്ചു,
നേരേമീതെകിളുന്നുനടന്നു
വൃഷ്ണികളെല്ലാവരുമൊരുമിച്ചു
കൃഷ്ണൻതിരുവടിയോടുംകൂടി
ഉഷ്ണിച്ചസുരനെവെലപാനായി
കൃഷ്ണൻതിരുവടിയാത്രതുടങ്ങി.

നരകരിപുനാളിനദളലോചനൻമാധവൻ
നരകടിതൗഘശാന്തിപ്രദൻകേശവൻ
നരജരകളാദിമദ്ധ്യാന്തമില്ലാത്തവൻ

Digitized By Kerala Sahitya Akademi

കരിമുകിലൊടിടയുമൊരുചികുരമൊരുമിച്ചുടൻ;
വിരവിനൊടുനെറുകയിൽകൂടിണ:ഡിച്ചുടൻ
സരസമൊടുനിറമധികമുള്ളപിലിത്തരം
സരസിജവിലോചനൻചേത്തുചിലപുഷ്പം
മധുമഥനനതുപൊഴുതുനെറിത്തടമതിൽ
മഹിതയൊടുഗോപിയുംചേത്തുതിലകവും
ഗളമതിലണിഞ്ഞുതൻമാലഹാരങ്ങളും
തുളസികൃതമാലജാലങ്ങളണിഞ്ഞുടൻ
കരമതിലെടുത്തുശരചാപഖഡ്ഗാദിയും
കരുണാകനമിതകുതുകേനപീതാംബരം
തിരുവുടയുമരയിലതികുതുകമൊടുചേത്തുടൻ
പരിചിനൊടുപൊന്നരഞ്ഞാണമിട്ടുസാ
ദരണനൊടുസഹതരുണതരുണിയുയരുന്നപോൽ
കരുണാനിധിമാധവൻതേരിൽകരേറിനാൻ
മുനികളുടെമാമതിലുംവനിതകടെമാവ്വിലും
കനിവിനൊടുമമമതിയിലുംവിളങ്ങീടുണ
ആനന്ദമുത്തിയെക്കണ്ടുവീരന്മാം
ആനന്ദമോടുകൊണ്ടാടിപ്പുറപ്പെട്ട
ആനതേർകാലാൾകുതിപ്പടകളും
അമിതകരബലമുടയയടുവരുമൊക്കയും
മാനംനാടിച്ചുവർതേരിൽകരേറിനാർ
മഹിമകളൊടുതുപൊഴുതുതെരുതെരെമടിച്ചുടൻ
ആലവട്ടങ്ങളുംവെൺചാമരങ്ങളും
അഴകിനൊടുകൊടിതഴകൊപടലമിവയൊക്കെയും
ചുറുംപിടിപ്പിച്ചുകുറങ്ങാക്കുടാതെ

Digitized By Kerala Sahitya Akademi

പറവലൊടേറുപടവെട്ടുവതിനായിട്ട
കോട്ടങ്ങൾക്കൂടാതെകണ്ടങ്ങുനേരം
എട്ടടിശിപൊട്ടമളവിട്ടുചെറുഞാണൊലികൾ
ആരവാരങ്ങളുംസിംഹനാദങ്ങളും
അമിതകരബലമുടയയദിവരനിനാദവും
മറുശൃംഗങ്ങൾചക്രങ്ങൾതമ്മിട്ടവും
മധുരതരമൃദുലരസപൂങ്കുഴൽകാഹളം
പെയ്യുമളത്തൊടുകുംഭികൾറാദവും
പെരിയരഥമലറിയുടനിളകുമതിഘോഷവും
നാരദവീണാമനോഹരനാദവും
നരകരിപുകരഗളിതഗ്രണനിനദഘോഷവും
അങ്ങൊട്ടുമിങ്ങൊട്ടുമന്തിയുംതള്ളിയും
ഹരിയുടയപടകളുടെപട്ടരനിനാദവും
അംബുധിശയനത്തമപുരുഷൻഅഖിലജനേശൻ

(കൃഷ്ണൻ

തുംബുരുസനകാദികൾസേവിതനമിതാനന്തൻതാരം
തംബുരുകരന്തന്നിലെടുത്തുകളിച്ചുചിരിച്ചുവിളിച്ചും
പട്ടതപെരുത്തൊരുപടനായകരുടെപടവന്നിങ്ങറിയേ-

(ണം

പടയതിനൊരുകുറവുവരാതെഭരിച്ചുവഹിച്ചീടേണം
നെടുതാകിനകൊടിമരമുകളിൽകൊടികളുശോഭിക്കേണം
പടഹങ്ങളടിപ്പിക്കേണംമതിപടുതകൾകാട്ടീടേണം
പടയുടെയിടകണ്ഭഥഘോഷകപാളിനിരത്തീടേണം
കഠിനതരമുൾത്തടിയുള്ളൊരുകരികൾനിരത്തീടേണം
കല്പകൾകവിണത്തരമെന്നിവകയ്യിലെടുത്തൊരുകാലാൾ

Digitized By Kerala Sahitya Akademi

തെല്ലുംഭയമില്ലാതനവധിവന്നുപരന്നീടേണം
വെള്ളത്തിരതള്ളിവരുന്നതുപോലെപരക്കണമിപ്പോൾ
കള്ളമൊഴിഞ്ഞുള്ളോരുവെള്ളക്കുതിരകളുള്ളതശേഷം
കൊള്ളരുതാതുള്ളോരുധൂളിപ്പടകളകറ്റീടേണം
കള്ളുകുടിച്ചുനകളിക്കുംപൊണ്ണന്മാരിവരാരും
കൊള്ളരുതുപടയ്ക്കിന്നിവരുടെചെള്ളയ്ക്കുടികൊള്ളേണം
ഇത്തരമഖിലേശൻതന്നുടെകല്പനകേട്ടവരെല്ലാം
സത്വരമവ്വണ്ണംപലപലകോപ്പുകൾകൂട്ടിതദാനീം
തിത്തിയിടക്കയുടുക്കുംതിമിലകളം
കത്തുംമദ്ദളമെത്രവിധത്തിൽ
കാളംചെങ്കിച്ചെങ്ങടകളംതിമിലകളം
നീളംകുറയുംകൊമ്പുംകുഴലും
ആമ്പിളിവളയുംതമ്പേറെന്നിവ —
മേളംകൊണ്ടുജഗത്തുമുഴക്കി
ശക്തിപെരുത്തജനങ്ങളെടുക്കും
ശക്തികടുത്തിലമുൾത്തടിവാളും
വേലുംവെൺമഴുഗദയുംകുന്തം
ശൂലംപരശുപരശ്വധവട്ടക
ചക്രംനല്ലശതഘ്നികളുനവധി
വക്രതരംചിലശസ്ത്രസമൂഹം
ചൊട്ടകളംനല്ലുകടുത്തിലചുരികക-
ളീട്ടികളോട്ടളിചാട്ടളിയെന്നിവ
യൊക്കെയെടുത്തുതിരിച്ചുവർതന്നുടെ
ചെക്കന്മാരൊടുകൂടിട്ടൊരുവക
വെക്കംദ്വാരകനഗരിയിൽ നിന്നഥ

Digitized By Kerala Sahitya Akademi

ചിക്കെന്നങ്ങുകടന്നുനടന്നു
പൊടിപടലങ്ങൾകിളർന്നുദിഗന്തം
പൊടിപെടുമാറുടനാർത്തുവിളിച്ചു
വട്ടപ്പരിശതുടയ്ക്കിടമപ്പോൾ
പൊട്ടിജഗത്തുകൾഞെട്ടീടുന്നു
വെട്ടമിടിക്കുസമാനംഘോരം
നിഷ്ഠുരരാത്തുകളിച്ചുപുളച്ചും
ദുഷ്ടന്മാരുനടന്നിടുമ്പോൾ
കട്ടംപൊളിയല്ലുവാരികുലുങ്ങും
അഷ്ടഗജങ്ങടെചെവികളശേഷം
പൊട്ടിയണഞ്ഞുവലഞ്ഞുചമഞ്ഞു.
കളിച്ചുംവീരവാദമുരച്ചുമോരോജനം
വിളിച്ചുംപുളച്ചുഹങ്കരിച്ചുമടിച്ചുടൻ
കഥിച്ചുമോരോകഥരസിച്ചുമതുകേട്ടു
ഭ്രമിച്ചുചിലർപടഭരിച്ചുസന്തോഷിച്ചും;
തടിച്ചുഗജത്തിൻറെകഴുത്തിൽകരയേറി
ചൊടിച്ചുവില്ലുമമ്പുംധരിച്ചുവിരുതന്മാർ;
ചിരിച്ചുരാഗദ്വേഷംജപിച്ചുപരതാരിൽ
സ്മരിച്ചുമുകുദനെകഴിച്ചുബാണയുദ്ധം
തരത്തിലോരോവാജിവരുത്തിത്തരംകണ്ടു
പരത്തിക്കരുത്തന്മാരൊരുത്തരൊഴിയാതെ
തരത്തിൽവില്ലുമമ്പുംകരത്തിലെടുത്തുടനേ
രഥത്തിൽകരയേറിയുരത്തിലാചനാഴി
ധരിച്ചുവിരുതന്മാർമരിപ്പാൻമടിയെന്യേ
തരക്കേടായുള്ളാതെതിരിച്ചുനിന്നിപ്പടെ

Digitized By Kerala Sahitya Akademi

തിരിച്ചുനേരംബാണനിരിക്കുംരാജ്യമെല്ലാം
വിറച്ചുപടകണ്ടുഭ്രമിച്ചുനാടുവാസികൾ
തിരിച്ചുംസംഗരമുള്ളിൽകൊതിച്ചുംചിലർക്കുട്ടരെ
വിളിച്ചുംകാടുകൾതേടിച്ചുരിച്ചുംകാട്ടിൽകരേറി
കളിച്ചുംക്കുട്ടപിരിഞ്ഞുവിളിച്ചുംക്കുട്ടകാർ ചിലർ
ചൊരിച്ചുംകഷ്ടമിതെന്നുവടിച്ചുംകട്ടേടമോടി
തിരിച്ചുംകട്ടകൾതട്ടിപ്പുറിച്ചുംകട്ടകാരങ്ങൾ
തറച്ചുംകട്ടുപേർകണ്ടുചിരിച്ചുംദുഷ്ടന്മാർശൌര്യം
ജപലിച്ചുംകട്ടല്ലുഹാജരാങ്ങൾവലഞ്ഞുതോൽത്താൽ
പടവന്നിങ്ങുകരേറീനാമ്മൂടെ
വടിയിങ്ങോട്ടെടികുഞ്ഞിപ്പെണ്ണേ!
വടിഞാനിവിടെക്കണ്ടില്ലെന്നും
പിടലിക്കൊന്നുതരുന്നുണ്ടെന്നും
പുടവയുടുത്തുഞെളിഞ്ഞുനടന്നാ-
ലുടലുമുറിഞ്ഞുമരിക്കുമിതെന്നും
പാളയമവിടെക്കണ്ടൊരുതടിയൻ
വാളുകളഞ്ഞുതിരിച്ചുനടന്നു
കേളച്ചാരതുനേരംനാമ്മൂടെ
കാളിപ്പെണ്ണുംകൂടിനടന്നു
ഇട്ടിക്കാളിയുമിട്ടിച്ചുരനും
പെട്ടെന്നൊരുടിശിനാക്കിനടന്നു
കഷ്ടമിതെന്നുപറഞ്ഞുംകൊണ്ടു
മട്ടോലുംമൊഴിമാർചിലരപ്പോൾ
കെട്ടിയപുരുഷംകാണാഞ്ഞിട്ടു
കുട്ടവിളിച്ചുകരഞ്ഞുവലഞ്ഞും

Digitized By Kerala Sahitya Akademi

കുട്ടികളെച്ചിലരെളിയിലെടുത്തും
കുട്ടിപ്പെണ്ണേ!വാപറയട്ടേ
കുട്ടച്ചാരയളെങ്ങുഗമിച്ചു
കുട്ടല്ലുവളുടെതാന്തോന്നിത്തം
കഷ്ടമിതെന്നോപറവാനുള്ളൂ
കൊച്ചിളയച്ചീ!കേട്ടില്ലേനീ
ഈമൃതനുടെപടവന്നുകരേറി
കൊച്ചുകളോടുകളിക്കാംപിന്നെ
നിച്ചിരിയത്തിവെക്കംവാനീ!
കുഞ്ഞച്ചാരെക്കണ്ടില്ലല്ലോ
പങ്ങച്ചാരയളെങ്ങുഗമിച്ചു?
കുഞ്ഞിപ്പെണ്ണിന്നുള്ള * * *
പെണ്ണിനെയന്വേഷിച്ചുനടന്നു
നിത്യവുമിങ്ങിനെയിവിടെച്ചെന്നു
നിച്ചിരിയതപംപുണരാമെന്നും
കൊച്ചുക്കാളിപറഞ്ഞതുനമ്മോ-
ടിച്ചയതില്ലെന്നിപ്പോൾതോന്നി
മാടച്ചാരെന്നുള്ളിലുരുവിരുതൻ
മാടണിമുലമാരോടുംകൂടി
പടിമേലേറിപ്പായുന്നേരം
പടയുടെവിരുതേകേൾപ്പാനുള്ളൂ
പടവന്നപ്പോളോടിയൊളിച്ചാരു
വിടുഭോഷച്ചാരെന്നോവേണ്ടൂ
കടിലാപാംഗികൾതന്നുടെവീട്ടിൽ
വിടുപണിചെയ്തുവസിപ്പാനല്ലാ-

Digitized By Kerala Sahitya Akademi

തൊരുഫലമില്ലാത്തടിയന്നാരുടെ
തടികൊണ്ടെന്നുധരിക്കേവേണ്ടൂ
കെട്ടിയപന്തലിൽവന്നൊരുദുഷ്ടൻ
കട്ടിക്കവണിമുറിച്ചുനാമുക്കു
കഷ്ടമൊരുത്തനൊടൊന്നുപറഞ്ഞാൽ
പെട്ടെന്നടിക്കുട്ടീടുംതടിയൻ
ചീട്ടിനകത്തൊരുപുരുഷൻവന്നാൽ
പെട്ടുവതിന്നുംമടിയില്ലെന്നും
കട്ടല്ലിങ്ങൊപാടുപെടുന്നതി-
ന്നാരുമതില്ലുപറഞ്ഞെന്നാകിൽ
കുട്ടികൾനാലഞ്ചുണ്ടായിട്ടും
കുട്ടുംമുമുഖമറിയുന്നില്ല
ആങ്ങിനെയുള്ളസമത്ഥനിതാപട
വന്നെന്നുള്ളതുകേട്ടൊരുനേരം
തിങ്ങിനഭീത്യാതെരുതെരെമണ്ടീ-
ട്ടെങ്ങാൻപോയ്മുകണ്ടോനിങ്ങോ
കൊച്ചുകിടാങ്ങളുനാലഞ്ചുണ്ടതി-
ലയ്യോകൊച്ചുകരഞ്ഞീടുന്നു
ഒന്നിനെയെളിയിലെടുക്കാംപിന്നെ
ഒന്നിനെകൈക്കുപിടിച്ചുനടത്താം
പിന്നുള്ളതിനെക്കൊണ്ടൊരുപായം
കണ്ടില്ലേഞാനെങ്ങിനെവേണ്ടൂ
ഇങ്ങിനെപലപലതുംഗസ്സനിമാ-
രങ്ങുപറഞ്ഞുനടന്നുതുടങ്ങി.

Digitized By Kerala Sahitya Akademi

മങ്ങാടാ! താനെവിടപ്പോണു?
ഇങ്ങോട്ടേക്കുനടന്നീടുകടോ!
അങ്ങോട്ടീവഴിയാടിച്ചെന്നാൽ
തിങ്ങിനപടയിൽപെട്ടുമരിക്കാം;
കാലിനൊരേന്തുനമുക്കുണ്ടതിനാൽ
ഓടുവതിന്നുംവശമില്ലാതായ്;
പീലിക്കുന്തമെടുത്തൊരുവൻഗ്രഹ
കാലിണവന്ദിച്ചുനടന്നു;
തെക്കൻകുത്തിയെടുത്തൊരുവിദ്വാൻ
വെക്കംതോളിലതേറിക്കൊണ്ട്
ചെക്കനെയങ്ങുമറിഞ്ഞുഥനോക്കി
ചിക്കെനനുകടന്നുനടന്നു;
വില്പുംശരവുമെടുത്തവരരിയെ
ക്കൊല്ലാമെന്നുനിനച്ചിട്ടൊരുവൻ
നല്ലൊരുവിരുതുകൾപലതുംചൊല്ലി-
ച്ചെല്ലുന്നേരംപടകണ്ടായാൾ
വില്ലൊരുകാട്ടിലെറിഞ്ഞൊരുവണ്ണം
മെല്ലെപ്പോന്നിഹഭവനംപുക്കു
നാരായണനുംപടകളുമെല്ലാം
പാരാതവിടെച്ചെന്നുനിറഞ്ഞു
ധീരന്മാരവർബാണപുരത്തിൻ
ഗോപുരസീമനിചെന്നുകരേറി
കണ്ണൻതിരുവടിയൊരുബാണംകൊ-
ണ്ടുന്നതമാകിനകൊടിമരമെയ്തു
മണ്ണിൽമുറിച്ചുമറിച്ചുതുനേരം

Digitized By Kerala Sahitya Akademi

പൊണ്ണൻബാണനുമാണ്ടവിറച്ചു
മതിലുകൾഗോപുരമെന്നിവയെല്ലാം
മതിബലവാന്മാർകുത്തിയുടച്ചതു
മതികലചൂടുമരൻകണ്ടുടനേ
മകനാംശരജന്മാമൊട്ടചൊന്നാൻ
"കേട്ടതിനുനാമിവിടെപ്പാഞ്ഞതി-
മൂഷ്ടതയോടുഭുജിച്ചീടുന്നു
ദുഷ്ടന്മാരാംവൃഷ്ണികൾമൂലം
കഷ്ടംചോരുമുടങ്ങുകയുള്ളൂ;
യോഗ്യതയല്ലിനിനോക്കിയിരിപ്പതു-
മാക്കമൊടേറുപിണങ്ങീടേണം"
ഇങ്ങിനെകല്പിച്ചുടനേതന്നുടെ
പുംഗവകണ്ഠേകേറിശിവൻഹരി
തന്നൊടുചെന്നുപിണങ്ങിത്തങ്ങളിൽ
അങ്ങിനെനിന്നുകുറഞ്ഞൊരുനേരം
ആൺമയിലേറിഷൺമുഖനംപ്ര-
ദ്യുമ്നനൊടേറുശരങ്ങൾപൊഴിച്ചു
ചെറുവലഞ്ഞിതുരുഗ്മിണിനന്ദന-
നേറുതുണച്ചാരുദ്ധവപ്പോൾ
സിന്ധുരമാനവരിപുവായുള്ളോ-
രന്തകവൈരിയുമന്ധകനാഥനു-
മന്ധതകൈവിട്ടുടനേതന്നെ
ബന്ധുരമോടമിയന്നതുനേരം
അസ്ത്രംകൊണ്ടുകളിച്ചുംതങ്ങളി-
ലസ്ത്രവിശാരദരാമവർതമ്മിൽ

Digitized By Kerala Sahitya Akademi

ഈരേഴുലകിനുകാരണരാകും
വീരനാരവർനേരിട്ടപ്പോ-
ളീരേഴുലകുംഞെട്ടിവിറച്ചു
വാരിധിപൂരവുമൊന്നുകലങ്ങി.
ബാണനണഞ്ഞുടൻസാത്യകിതന്നൊടു
ബാണഗണംപൊഴിച്ചു,കരു-
ക്ഷീണംകൂടാതവൻതാനു-
മതുനേരംപ്രത്യസ്ത്രമെയ്തുനിന്നു
ചൊല്ലിനാൻബാണനോ-
ടുല്ലാസമോടവൻനല്ലസമത്ഥനെടാതട-
വില്ലാതടിതകൎത്തീടുന്നതുണ്ടതിനില്ലവികല്പമേതും
നില്ലെടാവില്ലെടുത്താഹവംചെയ്കിൽനീ
ഇല്ലെന്നുവന്നുകൂടുംദ്ധ-
മില്ലതിനിങ്ങൊരുവല്ലന്തിതെല്ലുമേകോരിശം
മല്ലബാണാരിതൻഭക്തനെന്നുള്ളൊരു
ഡംഭുകൊണ്ടല്ലേഭവാൻ മമ
മല്ലവിലോചനൻതന്നുടെപുത്രന്റെ
പുത്രനെബന്ധിച്ചതും
ചൊല്ലിയന്നോരനിരുദ്ധനെയിന്നുനീ
മല്ലാക്ഷിമൌലിയോടുംകൂടെ
മല്ലാരിതൻമുമ്പിൽവച്ചുവണങ്ങുകിൽ
കൊല്ലാതയയ്ക്കുംനിന്നെ
ഇപ്രകാരംപറയുന്നൊരുസാത്യകി
തന്നോടതിരോഷത്താൽബാണൻ
ക്ഷിപ്രംശരങ്ങൾപൊഴിച്ചതുകണ്ടവ-

Digitized By Kerala Sahitya Akademi

നപ്രിയംപൂണ്ടതിനാൽ
ബദ്ധരോഷത്തോടരണ്ടുപരിഷയും
ക്രുദ്ധന്മാരായിനിന്നുകൊണ്ടു്
ബുദ്ധിമാന്മാരവർതങ്ങളിലുണ്ടായ
യുദ്ധമതെത്രചിത്രം!
പലരുംപലവിധത്തിൽരണംതുടങ്ങി
മലയുംപത്തുരണ്ടുപുറത്തുമുള്ളോർ
ചലിക്കുന്നുചിത്തംകാണുംജനങ്ങൾക്കെല്ലാം
കലിക്കുന്നുചോരപ്പുഴപലവഴിക്കും
കരുത്തന്മാർഗദകയ്യിലെടുത്തുകൊണ്ടു്
കരുത്തേറുംകരികളെപ്പൊരിച്ചീടുന്നു
കരത്തിൽവാളിളക്കിക്കൊണ്ടടുത്തീടുന്നുചിലർ
കഴുത്തുമുറിച്ചുകലെക്കളഞ്ഞീടുന്നു
ശരങ്ങൾഗളുങ്ങളിടേനടന്നീടുന്നുചില-
രൊരുക്കംനോക്കിപ്പോരിൽകയത്തീടുന്നു
സമരേചീണമരിക്കുംജനങ്ങളെല്ലാ-
മമരസ്ത്രീകളോടൊത്തുരസിച്ചീടുന്നു
കലഹംഭയങ്കരമാ യ്ചമഞ്ഞിതപ്പോൾ
കലഹപ്രിയമുനിയുംരസിച്ചീടുന്നു
മലകളുലഞ്ഞിളകിച്ചമഞ്ഞീടുന്നു
കടൽകലങ്ങീടുന്നുപാരുകുലുങ്ങീടുന്നു
ചിലർ ചിലരോടേറുപിണങ്ങിടുന്നു
ചിലരൊഴിച്ചീടുന്നുചിലർമരിച്ചീടുന്നു
കടകൊടിതഴകളുംമുറിച്ചീടുന്നു
താഴെപ്പതിച്ചീടുന്നുരക്തകുഴച്ചീടുന്നു

Digitized By Kerala Sahitya Akademi

കാളിക്കുളിംകുതംകണ്ടുമടിച്ചീടുന്നു
ചോരകുടിച്ചീടുന്നുഅഹങ്കരിച്ചീടുന്നു
ഭയമുടയവരോടിത്തിരിച്ചീടുന്നു
പാരംഭയമില്ലാത്തവർകണ്ടുരസിച്ചീടുന്നു
മിടുക്കുള്ളവർകഥപാഞ്ഞടുത്തീടുന്നു
ബാണംപൊഴിച്ചീടുന്നുകാണെക്കഴിച്ചീടുന്നു.
വേലായുധനുംപ്രദ്യുമ്നൻമായ്
കോലാഹലമൊടുസംഗരമുണ്ടായ്
വേലുമുറിഞ്ഞതുനേരംസരസം
മേലാസംഗരമെന്നഥവാങ്ങി
ചോറരിനുചലയെടുത്തിതുഞാനും
കൂറാനല്ലിന്നെന്നതുതന്നെ
കൂറാനാംശ്രീനാരായണനോ-
ടേറുപിണങ്ങാനെന്താവശ്യം?
അച്ഛനുമാനസതാരതിലിപ്പോ-
ളിച്ഛാഭംഗംവന്നിട്ടെന്നെ
സച്ഛത്രുമതംമമമേഹംകിരീ-
ട്ടയ്യോവേദനസഹിയായല്ലോ
എന്നുനിനച്ചഥസുന്ദരഗാത്രൻ
പോന്നൊരുദിക്കിലിരിക്കുംനേരം—
കുടവയറേന്തിനഗണനായകനും
കുടവയറുംകൊണ്ടോടിയണഞ്ഞു
ആടലിടപുക്കുശരങ്ങൾതറച്ചി-
ട്ടുതരുതരുതെന്നുതിരിച്ചുനടന്നു
കളിക്കയുംചിലരൊളിക്കയുംചിലർ

Digitized By Kerala Sahitya Akademi

വിളിക്കയും ചിലർപുളസ്സിയും
ചിലർവരിക്കയും മോദമിളസ്സിയും;
ഖേദംപെരുക്കയും പാരംഹസിക്കയും
ആട്ടഹസിക്കയും രണംസ്തുതിക്കയും
ചിലരൊഴിക്കയും ചിലർപഴിക്കയും
പടുതപമുള്ളവർപിടിക്കയും പട
ഭടിക്കയും ഭേരിയടിക്കയും
ആടൽക്കളമൊക്കെപ്പൊടിക്കയും വെട്ടി-
നാടുക്കയും ചിലർതിരിക്കയും
കടുത്തകരിവടമുടസ്സിയും വടി-
യെടുത്തുചിലർതച്ചുതകർക്കയും,
ശരങ്ങൾപലവിധമയസ്സിയും
തലതെറിക്കയും ഉടൽമുറിക്കയും,
പരന്നപടകേട്ടതിരിക്കയും ചോര
പാരന്നുപലവഴിയൊലിക്കയും,
പരന്നകുതിരകൾമരിക്കയും ശരം
നിരന്നുജനമൊക്കെമറക്കയും വില്ലു
മുറിച്ചുരഥികളുമടിക്കയും
പടസ്സുനാശംകണ്ടുകടുത്തകോപംപൂണ്ടു
മിടുക്കനെന്നബാണനടുത്തുകുണ്ഡലൊടു
കടക്കണ്ണും പുരികത്തിക്കൊണ്ടടുത്തുടൻമോദരൻ
എടുത്തുശരംവില്ലിൽതൊടുത്തുപ്രയോഗിച്ചു
കടുത്തമാവിടത്തിൽകൊടുത്താനതുനേരം
തൊടുത്തുചിലബാണംതടുത്തിതസുരരും
പടുത്തോരമ്പൻതനൊക്കെടുത്തദേവൻനരകേതൻ

Digitized By Kerala Sahitya Akademi

തടിച്ചബാണനെന്നുനിനച്ചിടാതെകൃഷ്ണൻ
ചൊടിച്ചബാണങ്ങളെപൊടുക്കെന്നയയ്ക്കുമ്പോൾ
പടയ്ക്കുമിടുക്കെന്നങ്ങടുത്തങ്ങസുരനും
കടുത്തരോഷത്തോടുംമടിക്കാതെയ്തബാണം
തടിച്ചവൃത്രൻതാനുംഅമർത്ത്യനാഥൻതാനും
നടിച്ചുപണ്ടുണ്ടായസമരംകണക്കെയും
ശ്രീപതിനാരായണൻശ്രീദശരഥപുത്രൻ
ശ്രീരാമദേവൻതാനുംവീരനാംരാവണനും
ദാരുണതരംനേത്തുതമ്മിൽപൊരുമ്പോലെയും
ഘോരതരംസമരമുണ്ടായിതതുനേരം
ചൊല്ലേറുംപുരവൈരി
ചൊല്ലിക്കൊണ്ടങ്ങയച്ചുശരനികരം
മൂർത്തടിവാർകുന്തങ്ങൾ
കൽക്കടപരശുപ്രാസവിശിഖം
കൈക്കയെടുത്തതുനേരം
തക്കംനോക്കിച്ചൊരിഞ്ഞസുരേശ്വരൻ
ബാണങ്ങൾവഷ്ടിച്ചു
നാരായണനുംപുനരതുഖണ്ഡിച്ചു
ഖണ്ഡിച്ചുഖണ്ഡിച്ചാ-
ഖണ്ഡലസഹജനുമടുത്തിതതുനേരം
തേരെയ്തുപൊടിയാക്കി
വാരിജനയനൻസനാതനൻകൃഷ്ണൻ
ആശ്വങ്ങൾകൊലചെയ്തു
വിശ്വപ്പെരുമാളുമേയനവ്യക്തൻ
ചൊല്ലിക്കൊണ്ടതുനേരം

Digitized By Kerala Sahitya Akademi

വില്ലുംകുടയുംമുറിച്ചുതഴപലതും
കൊല്ലാനായതുനേരം
വില്ലുംകുഴിയെക്കുലച്ചുമല്ലാരി
ചെല്ലുമ്പോൾബാണൻറ
മാതാവതിഭീതിപൂണ്ടുവന്നോടി
അംബുജനായനൻതന്നുടെമുൻപിൽ
അംബരമംബരമാക്കീട്ടവളും
നിന്നതുകണ്ടുമുകുദൻതിരുവടി
നിന്ദിച്ചുടനേപിനുതിരിഞ്ഞു
അന്നേരത്തുടനോടിച്ചാടി-
ച്ചെന്നൊരുമുറിയിലൊളിച്ചിതുബാണൻ
പുനാശനഭഗവാനതുനേരം
പരിചൊടുടൻപനിനിമ്മിച്ചുടനേ
തെരുതെരെവീണുവിറച്ചുതുടങ്ങി
കരികാലാൾകുതിരപ്പടയെല്ലാം
വൃഷ്ണികളെല്ലാംപനിപൂണ്ടുടനേ
വീണുവിറച്ചീടുന്നതുകണ്ടു
ഉഷ്ണിച്ചുടനേവൻപനിതന്നെ
കൃഷ്ണൻതിരുവടിയുംനിർമ്മിച്ചു
വിഷ്ണുജ്വരമതുവന്നുതുടങ്ങി
വൻപനിതന്നൊടുസംഗരമപ്പോൾ
തോറുതുടങ്ങിശിവജ്വരമപ്പോ-
ളേറുതടുപ്പതിനാളുതല്ലാഞ്ഞു
പോറുവതിന്നൊരുവരുമില്ലാഞ്ഞു
പോരറിവിളിച്ചുകരഞ്ഞതിവേഗം

Digitized By Kerala Sahitya Akademi

നാരായണനുടെപാദസരോജേ
അതിനുതിചെയ്കുതിഭയമോടേ
നാഥാമുകുന്ദശൌരേ!പരിപാഹിനാഥാ
മുകുന്ദശൌരേ!നാഥാനീയല്ലാതില്ലേ
പരാശ്രയംപാഥോജനേത്ര!ഭവാൻ
ഭീതിയൊഴിച്ചുപരിപാലിച്ചീടണം
ഭൂമീപതേപുരുഷോത്തമകൃഷ്ണാ (നാഥാ)
അച്യുതാനന്തജയജയജയ!
സരസീരുഹലോചനസച്ചിൽസ്വരൂപ
സനാതനകൃഷ്ണാ
സത്യസ്വരൂപാവിഭോ! (നാഥാ)
താവകപാദയുഗംഗതിമമ
പാവനശീല!വിഭോമാധവ!
നിൻകൃപാവൈഭവംകൊണ്ടെന്റെ
ആധിയുംവ്യാധിയുംനീക്കിരക്ഷിക്കണം—
സർവ്വലോകേശപരാപരവര
ദിവ്യകരശയനസർവ്വസ്ഥിതികരാ!
സച്ചിത്താത്മക! സർവ്വാപാഹിമാം
പാഹിദയാലോ! (നാഥാ)
ഇങ്ങിനെയുള്ളൊരുനുതികേട്ടടനാ
മംഗലമൂർത്തിമധുരിപുഭഗവാൻ
തിങ്ങിനപരവശഭാവമിയന്നൊരു
വൻപനിതന്നഭയത്തെയുമരുളി;
നിന്നീടുന്നതുനേരത്തിങ്കൽ
വന്നിതുപോരിനുവിണ്ടുത്രണനാണൻ

Digitized By Kerala Sahitya Akademi

നീണ്ടുതടിച്ചുള്ളൊരായിര-
മുള്ളതിൽവില്പുംശരവുമെടുത്തു
കണ്ണനയെന്നുദശകണ്ണൻവൈ-
കുണ്ഠൻതന്നൊടുനേർത്തുപോലെ
ആർത്തുതിമർത്തുകളിച്ചുപുളച്ചുട-
നാത്തിവെടിഞ്ഞുപടജ്ജനമോടും
നേർത്തിരുപടവാക്യങ്ങൾപറഞ്ഞതി
ധൂർത്തൻപേർത്തുമടുത്തതുനേരം
"രേരേഗോകുലകീടാനില്ലെട
നേരേനമ്മോടുവാടാപോരിനു
കൂടാരിന്നടവിക്കുതികളുന്നൊട്ട
ത്രുഢാമോദംപോരാടീടുക
നരകനല്ലമുരനുമല്ലവാരണ
മുഖരമല്ലകംസനല്ലിതതിനുമല
മേറെയുള്ളിവിരനെന്നകുതുക;
വിരുതുകളൊരുവകതെരുതെരെവളരുമ-
തഖിലമൊഴിപ്പാൻശരനിരതുരുതുരെ
വരുമതുവീരനെങ്കിൽനേരിനിന്നുസംഗര
ശൂരനാകുമെന്നൊടെയ്യുവിക്രമ-
മൊക്കെയിന്നനിങ്കലെങ്കിലച്യുത!
കരുതിനാന്നപൊരുതുകൊൾകമാധവ!
കൊടിയുംകുടയുംവിരുതുകൊംവടിവിലെടുത്തു
നിന്നുടലടലിൽപൊടിപെടുത്തു
നിന്നുടെതടിതകർത്തുനിന്നമർത്തി
വൈക്കമിഹധടിതികുഴച്ചാരു

Digitized By Kerala Sahitya Akademi

പിണ്ഡമതാകുവിയ്യുമീഞാനൊരു
ഖണ്ഡമെന്നിയേവെണ്ണതിന്ന
പൊണ്ണനായനിന്നുടെ ചണ്ഡ-
ബാഹുവിക്രമങ്ങളൊക്കെയും
മുന്നിൽനിൽക്കിലോക്കയിന്നസങ്കടം
വന്നുകൂടുമെന്നുധ്രുത്തയാമവേ!
എന്നുപറഞ്ഞുടനെയ്തിതുബാണൻ
കുന്നിടിഞ്ഞുമഴപെയ്യുംപോലെ
പന്നഗശായിയുമതുകണ്ടപ്പോൾ
സന്നാഹത്തൊടടുത്തസുരൻപെ-
യ്യൊന്നൊഴിയാതെതറച്തിതുബാണം
വന്നൊരുകോപംസഹിയാഞ്ഞപ്പോൾ
പേരാൽതന്നുടെവേടുകാംപോലേ
പെരുതായുള്ളകരങ്ങളശേഷം
നാരായണനഖിലേശൻകൃഷ്ണൻ
നേരേനിന്നുമുറിച്തുതുടങ്ങീ
പുരരിപുഭഗവാനതുകണ്ടുടനേ
മുരരിപുതന്നെറസമീപംപുക്കു
അരുതരുതിവനെക്കൊല്ലരുതെന്നു
തെരുതെരെയരുളിച്ചെയ്താനപ്പോൾ
കരുണാകരനുടെപാദസരോജേ
ശരണംചൊല്ലിവണങ്ങിമഹാഗ്രണി-
നിധിയായീടിനഭഗവാൻഗണപതി
ജനകൻസ്തുതിചെയ്തിടമതുനേരം
"കൃഷ്ണമുകുന്ദ!മുരാന്തക!മാധവ!

Digitized By Kerala Sahitya Akademi

ജിഷ്ണുമുഖാമരവന്ദിതകേശവ!
ജിഷ്ണുസഖേ!ജഗദീശമനോഹര!
വൃഷ്ണികുലോത്തമ!വിശ്വംഭരജയ!
കൃഷ്ണപയോദനിഭാംഗവിലോചന!
തൃഷ്ണാതരളിതചിത്തമുനീനാം
തൃഷ്ണാശാന്തിദവിഗ്രഹഭഗവൻ!
വിഷ്ണോജയജയ!വിശ്വസ്ഥിതികര!
തവ്വചരണാംബുജചിന്താപരിവൃത
നിശ്ചലബുദ്ധിമഹാബലിതനയൻ
മച്ചരണാച്ചനകാരണതോഹൃദി
തൽകൃതദോഷമശേഷമിദാനീം
വിസ്മരണംചെയ്തിപ്പരിപാലയ!
ഭക്തപരായണദീനദയാലോ!"
കാലാന്തകനുടെകല്പനയിങ്ങിനെ
കോലാഹലമൊടുകേട്ടടനപ്പോൾ
നീലക്കാർനിറമൊത്തമുകുന്ദൻ
കാലോചിതതരമരുളിച്ചെയ്തു;
"തവ്വൽഭക്തനതാമിവനിനിമേലിൽ
മൽഭക്തനതായ്വന്നീടട്ടേ!
മിഞ്ചിനപാണികഠനാലുംകൊണ്ടഥ
നിൻചരണങ്ങൾപണിഞ്ഞിഹപാശ്വേ
കിഞ്ചനഭീതിഭവിക്കാതനിശം
സഞ്ചിതമോദംവാണീടട്ടേ"
നാരായണനുടെകല്പനയിങ്ങിനെ
മാരാന്തകനുംകേട്ടതെളിഞ്ഞു

Digitized By Kerala Sahitya Akademi

പാരാതടിമലർവീണുവണങ്ങി
ഘോരേപുരിപുക്കുടനോവാണു;
ശുദ്ധനതാമനിരുദ്ധൻതന്നെ
ബദ്ധാനന്ദംഉഷയൊടുകൂടി
മുദ്ധവിലോചനഥസ്സാനൽകി
ബുദ്ധിയിൽമോദമിയന്നുവണങ്ങി
ദേവദേവദയാനിധേ!ദനുജാന്തകാ! പരിപാഹിമാം
വേദസാരമനോഹരാനന!മോദശീലനമോസ്തുതേ
ആദിയിൽമകരാകൃതിമഴകോടുപൂണ്ടുനിരാമയം
ചാരുകുമ്പകളേബരധര!ലോകനാഥ!നമോസ്തുതേ!
കോലകോലമിയന്നകേശവനീലലോലവിലോചന
മാലശേഷമൊഴിച്ചുപാലയ!പത്മനാഭ!നമോസ്തുതേ!
നരകനാശനാദുരിതഹരമൃതിഭവഹരകരുണാനിധേ
നാരസിംഹമഹാകൃതീധര!ദേവപാഹിനമോസ്തുതേ
പണ്ടുമൂവടിയായളന്നുഭയങ്കരംഭുവനത്രയം
ഭ്രമികാന്തമനോഹരാ!ഭുവനൈകനാഥനമോസ്തുതേ!
പരശുധരവടിവായതുംദശരഥനന്ദനനായതും
പരമപുരുഷനാതായതുംബലദേവനായുളവായതും
വൃഷ്ണിവംശകുലോത്തമപുരുഷോത്തമായനമോസ്തുതേ
ദുഷ്ടകമ്മമഹോഭയാനൊടുഷ്ടനായിഹചെയ്കയും
കഷ്ടവാക്കുപറഞ്ഞതുംശരമിട്ടടക്കിയയച്ചതും
ഒക്കെനിന്തിരുമേനിതന്നെക്ഷമിക്കിലേഗതിയുള്ളുമേ
നിഷ്കളങ്കനിരാമയാനിഖിലേശനിർമ്മമനിർമ്മല
നാളിൽനാളിൽവരുംവിപത്തുകളൊക്കെയങ്ങുകളഞ്ഞുടൻ

Digitized By Kerala Sahitya Akademi

നാളികേക്ഷണനിത്യവുംവരമേകണംകരുണാനിധേ
നിസപരിൽപ്രിയനീരജാനനസത്യരൂപനമോസ്തുതേ
മാധവാമധുരാധരാമധുകൈടഭോന്മഥനാവിഭോ!

ഈവണ്ണംസ്തുതിചെയ്തബാണനോടതുനേരം
ഈരേഴലകിന്നീശൻകാവ്വണ്ണനരുൾചെയ്തു
ബാണാ! വരികനല്ലവണ്ണംവരുംനിനക്കു
പൊണ്ണന്മാർവൈരികളാൽഭംഗമുണ്ടാകയില്ല
ശ്രീമഹാദേവൻതന്നെശ്രീപാദങ്ങളുംകൂട്ടി
ശ്രീമാനായിവിടത്തിൽശോഭയിൽവാഴുനീയും;
ശ്രീപതിഃയവംകല്പിച്ചുമോദത്തോടുകൂടെ
ശ്രീസുതാത്മജനോടുംശ്രീസമയുഷയോടും
ശ്രീമദ്ദ്വാരകാപുക്കനേരംജനങ്ങൾജയ
ശ്രീയോടുമൊരുമിച്ചുവാണുസുഖിച്ചിതപ്പോൾ.

ബാണയുദ്ധം ഓട്ടൻതുള്ളൽ

സമാപ്തം.

Digitized By Kerala Sahitya Akademi

6. സന്താനഗോപാലം

ഓട്ടൻതുള്ളൽ.

വെള്ളിക്കുന്നിലമർന്നൊഴുന്നഭഗവാൻ
വെള്ളപ്പൂങ്കാഭയും
വെള്ളംനല്ലൊരുവെള്ളെരുക്കിവജട-
യ്ക്കുള്ളിൽസദാചൂടുവാൻ
ഏള്ളോളംതിരുവുള്ളമെന്നിലധുനാ
തുള്ളക്കഥയ്ക്കേകുവാൻ
കിള്ളിക്കുർശ്ശിയമന്നദേവമനിശം
കള്ളംവിനാഭാവയേ.

സന്തതിധനധാന്യാദിസമസ്തം
ചിന്തിച്ചതുപോലാശുകൊടുക്കും
സന്താനഗോപാലകഥയതുകഥനീയം;
അതിമോദത്തോടരചെയ്യാമതു
മൽകൃതികൾക്കൊരുചിഴവന്നാലും
സൽകൃതിയെന്നിഹവരുവാനായി
സുകൃതികളാകിയകൃതികളെയിന്നനു-
മസ്കൃതിചെയ്തെന്നെല്ലാവരെയും;
വികൃതിപറഞ്ഞുനടക്കുംപുഞ്ജനാ
നികൃതികൾക്കൊണ്ടൊരുകുസലുമില്ല;
നാരായണനുടെകഥപറയുമ്പോ-

Digitized By Kerala Sahitya Akademi

ളോരോഷ്ട്യംവന്നെന്നാലും
പോരായ്മകളില്ലെന്നതുകൊണ്ടോ
ധീരതയുള്ളിൽവളർന്നീടുന്ന
കാരണപുരുഷനാകിയഭഗവാ-
നാരണപൂജിതനതിസുകുമാരൻ
കാരുണ്യാലയനാ ച്യുതനജ്ജുന-
സാരഥിഭക്തപ്രിയനാംകൃഷ്ണൻ
ഈരെണ്ണായിരവുംപുനരെട്ടം
മാരങ്ങളുതാംതരുണികളോടും
മാരകയെന്നമഹാപുരിതന്നിൽ
സൈരംവാണരുളീടിനകാലം
ശതമുഖമുഖസുരവന്ദ്യൻകൃഷ്ണൻ
വിരവൊടുമയമേധംചെയ്വാനായ്
ചിതമൊടുയജനപുരാഭികഥതീർത്തി-
ട്ടതിനുപ്രയത്നംചെയ്തുതുടങ്ങി;
ജ്യേഷ്ഠനതാംബലഭദ്രരൊടുംപരി-
തുഷ്ടന്മാരാംവൃഷ്ണികളോടും;
ഇഷ്ടന്മാരിൽശ്രേഷ്ഠനതായയു-
ധിഷ്ഠിരസോദരനാംസഖിയോടും
എട്ടംനിജപതിനാറായിരവും
മറ്റോൽമൊഴിമാർപെറുളവാകും
എട്ടുസഹസ്രംമക്കളൊടുംപരി-
തുഷ്ട്യാഗേഹംപുക്കതിമോദാൽ
സദ്യശ്രമിപ്പാനായിതദ്ധാടികഥ
തദ്ദിശിപാകെനാവായയച്ചു;

Digitized By Kerala Sahitya Akademi

ശ്ലാഘ്യതപൈരുകിനമാമുനിവരരുടെ
യോഗ്യതപോലെയിരുത്തിയഥാവൽ
യാഗത്തിന്നായ്വന്നൊരുനരവര-
യോഗത്തോടുമിരുത്തിമുകുന്ദൻ;
അന്തണവരരുമസംഖ്യംവന്നി-
ട്ടന്തികസീമ്നിയിരുന്നുതുടങ്ങി
അടിതിരിഞാക്കിത്തിരിചോമാതിരി-
പട്ടേയ്മ്പ്രാൻനമ്പൂതിരിയും
പട്ടന്മാരുംകുട്ടികളൊരുവക
വട്ടംപറവാൻകാലംപോരാ
മറുംപലപലസാധുജനാങ്ങൾ-
മറ്റാരുംക്ഷണമാത്രത്തിനകം
ചുറ്റുംവന്നുനിറഞ്ഞുശശിയുടെ
ചുറ്റുംനക്ഷത്രങ്ങൾകണക്കെ;
ഏറാംഘോഷിച്ചുങ്ങിനെജഗതീ-
പോററിയുമവിടേനിന്നരുളുമ്പോൾ
തത്രസമീപത്തുള്ളൊരുഭൂസുര-
സത്തമനുംപുനരന്തർജ്ജനവും
ഏത്രകൊതിച്ചിട്ടുണ്ടായ്വന്നൊരു
പുത്രൻചത്തുപിറന്നുധരായാം
അത്തലൊടടിജവരനുംതന്നുടെ
ഹസ്തതലത്തിലെടുത്തുകുമാരം
ഉത്തമപുരുഷപദാംബുജസേവക-
നത്തമമാകിനവക്ഷസിതാഡി-
ച്ചുത്ഥിച്ചിലിവണ്ണംശിവശിവ!

Digitized By Kerala Sahitya Akademi

പത്തിരുനൂറുവിലാപിച്ചിട്ട
ചിത്തവിഷാദാൽചൊന്നാനപ്പോൾ.

പദം.

ഹന്തഹന്ത!മുരാന്തകബന്ധുരാംഗളയാരാശേ
ബന്ധമെന്തെനിക്കിവണ്ണംസംഭവിപ്പാനും
വിപ്രകർമ്മംപിഴയാതെകിൽബിഷാംശമണയാതെ
ചിൽപുരുഷാച്ചനസേവലുബ്ധമാക്കാതെ
കൃഷ്ണകൃഷ്ണ!എന്നല്ലാതെതൃഷ്ണയെന്യേയെന്മനസ്സിൽ
വൃഷ്ണിവംശശിഖാമണേ!ചിന്തയില്ലമേ,
പാലയകൃപാലയലോകാലയഗുണാലയമാം
വേലയില്ലഭവാനോത്താൽപാലനഞ്ചെയ്വാൻ
ഇത്ഥംദുഃഖിച്ചുപുനരുത്ഥാനംചെയ്തുവിപ്രൻ
പുത്രനെയുമെടുത്തുപ്രസ്ഥാനംചെയ്തുശീഘ്രം
പേത്തുശയിച്ചുദുഃഖമോത്തുശരീരംപാരം
നേത്തുംആനനംപാരംവീത്തുംകണ്ണുനോടുക-
യത്തുംകണ്ണുനീരൊട്ടവാത്തുംകൈകൊണ്ടുകൂടേ
തോത്തുംഭായ്മേടെടുഃഖമോത്തുംപാരാതെയാത്ര
പേത്തുംപറഞ്ഞുശീഘ്രമാത്തനായ്പുറപ്പെട്ട
സത്യസപത്രുവനാംശ്രീകൃഷ്ണന്റെറമുമ്പിൽകൊണ്ടായ്
സത്വരംവച്ചുനിജപുത്രനെയുമദ്ദേഹം
നിരക്കുംപന്തിയിൽചെന്നങ്ങിരിക്കുംനിമ്മലന്മാരാ
യിരിക്കുംമാലോകക്കുള്ളമെരിക്കുംകന്മഷത്തെസം-
ഹരിക്കുംമാലോകർമറുള്ളവക്കുംഗ്ലഥമാനസ-
മിരിക്കുംശോകവഹ്നിയിൽദഹിക്കുംബ്രാഹ്മണനെന്നു
നടിക്കുമാറെല്ലാവരുംനടിക്കുംകൈകൊണ്ടുമാറ-

Digitized By Kerala Sahitya Akademi

ത്തടിക്കുംപേടിയാംവണ്ണമിരിക്കും കച്ചകൾകൊണ്ടു
നടുങ്ങുംപാഞ്ഞടുമിങ്ങുംനടക്കും ഉണ്ണിയെമാറ-
ത്തെടുക്കുംകണ്ണനുകൊണ്ടെക്കൊടുക്കുംകാൽത്താ
രിൽവീണു
കിടക്കുംകാലിണകെട്ടിപ്പിടിക്കും ഉണ്ണിടെജീവൻ
കിടയ്ക്കുംപിന്നുള്ളഭാവംനടിക്കുംഭ്രസുരൻതന്റെ
തിടുക്കമിങ്ങിനെകഷ്ടം!
തുഷ്ടമാനസരാകുംഭ്രസുരരെല്ലാവരും
ഞെട്ടുമാറുരചെയ്തിടിവെട്ടുംനാദംപോലെ
"പാരംപരവശമാമെൻപീഡകൾ
നേരംപോക്കാൻതിന്നുനിനക്കും
മരണമടുത്തപുമാനുടെശ്വാസവി-
കാരംകണ്ടുരസിക്കുംപോലെ
നാരികൾനാലഞ്ചുണ്ടല്ലോതവ-
പുത്രന്മാരുംമൂന്നാലില്ലെ?
കക്ഷമാനസഞ്ഞങ്ങളുമിങ്ങനെ
ദുഃഖിച്ചിട്ടുകിടപ്പാറെന്നോ?
എണ്ണുകിലെത്താതുള്ളോരുനിന്നുടെ
പെണ്ണുങ്ങൾക്കുപ്രതിപ്രതിയനവധി
ഉണ്ണികളുംപെണ്ണുങ്ങളുമുള്ളതി-
ലൊന്നിനുമില്ലാസൌഖ്യക്കേടും
കണ്ടാലമ്പതുമറുപതുമൊരുദിന-
മുണ്ടാകുന്നുനിനക്കുസുതന്മാർ
കൊണ്ടാടിക്കൊണ്ടവരെപ്പരിചൊടു
കണ്ടുരസിച്ചുംകൈകളിലാക്കി

Digitized By Kerala Sahitya Akademi

കണ്ണനതിന്നുവസിച്ചീടുംവൈ-
കുണ്ഠാ!നിന്നുടെനാട്ട്യംകൊള്ളാം.
വിപ്രന്മാരുടെദുഃഖംകണ്ടാൽ
ഉൾപ്പൂവിങ്കൽകൃപയില്ലാത്തൊരു
ദുഷ്ടഭവേനീയേറെഞെളിഞ്ഞാൽ
ക്ഷിപ്രംനിന്നെശപിക്കുംഞാനും?
കുഴലുവിളിച്ചുരസിപ്പാൻകൊള്ളാം
തോഴിയെവിളിച്ചുനടപ്പാൻകൊള്ളാം
ചേലകഠകട്ടുനടപ്പാൻകൊള്ളാം
പാലുകവന്നുഭുജിപ്പാൻകൊള്ളാം
അംഗനമാരെയൊളിപ്പാൻകൊള്ളാം;
ഇങ്ങിനെയുള്ളതിനൊക്കെക്കൊള്ളാം;
പാർത്ഥിവധർമ്മംതിരിയാതുള്ളൊരു
ധൂർത്തമതേ!യീവണ്ണംരാജ്യ-
ത്താർത്തിവളർന്നുകാണുമവസിച്ചാൽ
കീർത്തികളുംതിരമായിത്തീരും.

നാട്ടിലിരിക്കുന്നൊരുനാനാജനത്തിന്റെയും
പാട്ടിലിരിക്കുംദ്രവ്യംപാടേകരസ്ഥമാക്കി
വീട്ടിലിരുന്നോരോരോഗോഷ്ഠികഠകാട്ടംനിന്നെ
ആട്ടിക്കളവാനുമീനാട്ടിലാരുമില്ലല്ലോ!

അന്യായംപലതിങ്കുനെബ്രാഹ്മണ-
നന്യായംവരുത്തിച്ചെയ്കിട്ടും
മന്നവവരനതിനുത്തരമായി-
ട്ടൊന്നുംതന്നേയുരിയാടീലാ;
പിന്നതുപണ്ടുവിഷണ്ണന്മാരായ്

Digitized By Kerala Sahitya Akademi

നിന്നുചടഞ്ഞുമഹാജനമെല്ലാം
എന്നേവീസ്മയമെന്നുവിചാരി-
ച്ചന്യോന്യംചിലവാക്കുതുടങ്ങി:—
ഈരേഴലകിനുവേരായ്മരുവിന
നാരായണനുംനരനുംകൂടി
പാരാതിവിടെയിരുന്നരുളുമ്പോൾ
നേരേവന്നൊരുഭ്രസുരനിങ്ങിനെ
ചേരാതുള്ളതുചൊന്നതുനല്ലൊരു
നേരായ്വരുമോയെന്നുംചിലരു';
നീരസമേതാൻകാട്ടീട്ടുണ്ടോ
സാരസനാഭനൊടെന്നുംചിലരു';
മാരണമേവതകൊല്ലുകയോപല
ബാലകമരണമിതെന്നുംചിലരു';
മാരണമേവതകൊല്ലുന്നതിനുനി-
വാരണമുണ്ടോഎന്നുംചിലരു
കൂട്ടികഥചത്താലിവിടെക്കോബത
കെട്ടിക്കൊണ്ടുവരേണ്ടുശവത്തെ
ഭ്രസുരവരരുടെ ചുടലക്കളമോ
ഭാസ്വരമാമീദ്വാരകനഗരം?
ഒരുമല്ലിതുമല്ലുങ്ങിനെയല്ല
മതിസംശയമതുനിശ്ചയമാക്കാം
ആറുംരണ്ടുംചത്തസുതന്മാ-
രാരേക്കാട്ടിസ്സംശയമാററി
ബലഭദ്രാജ്ജുനനാളികളാലൊരു
ഫലമില്ലാതായ്വനെന്നുംചിലർ;

Digitized By Kerala Sahitya Akademi

പലരുംപലവിധമുരചെയ്യുന്നതു
ബലവുംകേട്ടിട്ടുരിയാടീലാ

കുലിശായുധസമനാകിയഭൂപതി-
കുലമണിമകുടമഹാമണിവിജയൻ
കുലിശംപോലെകഠോരവചസ്സുകൾ
കലശലൊടിങ്ങനെകേട്ടദശായാം
വളരുംകോപമടക്കരുതാഞ്ഞുക-
തളിരുംക്കൂടെവിറച്ചുതുടങ്ങി;
വളറുംതോട്ടിയുമാടരിയാതൊരു
കളഭംനിന്നമദിക്കുംപോലെ
ബലവീര്യാംബുധിവിജയൻനിജകുച-
ചിലയുംകയ്യിലെടുത്തുപതുക്കെ
പലപലവിരുതുകളവിടെനടിച്ചു
ഫലനജനാമമഹരനാകിയവിജയൻ
ദുഃഖംപൂണ്ടുകിടക്കുംദ്വിജനെ
കൈക്കുപിടിച്ചെഴുനേല്പിച്ചുടനെ
ഭക്തിയൊടേദ്വിജവരനെത്തൊഴുതുസ-
ശക്തിനടിച്ചുപറഞ്ഞുതുടങ്ങി:—

ദുഃഖംകൊണ്ടുള്ളതുപോരുംമേലിൽ
സൌഖ്യംവരുത്താൻഞാൻപോരും
ഇക്കഥാകേട്ടിട്ടുമാരുമിളകാതെ
നിൽക്കുന്നതെന്തിതുധിക്കാരമല്ലയോ (ദുഃഖം)
ഇന്നിയൊരുണ്ണിയുണ്ടാകുമെങ്കിൽ
വന്നുരക്ഷിച്ചുതരുന്നോൻ

Digitized By Kerala Sahitya Akademi

പന്നഗഭ്രഷണകാരുണ്യംകൊണ്ടിപ്പോൾ
ഒന്നുംനമുക്കുകഴിയാത്തതില്ലഹോ! (ദുഃഖം)
പാരംപരിതാപത്തോടെയുള്ള
ഗീതുകളിങ്ങനെകേട്ടാൽ
പൂതുകുലത്തിൽപിറന്നവളന്നൊരു
പുരുഷനേതുംസഹിക്കയില്ലേതുമേ! (ദുഃഖം)
പാത്തലമൊക്കെനിറഞ്ഞൊരെന്റെ
കീർത്തികഥകേട്ടിട്ടില്ലയോ?
മൂർത്തികഥമൂന്നാംമറുപക്ഷത്തായാലും
രക്ഷിപ്പൻബാലമെൻറച്യുതനാണുഞാൻ (ദുഃഖം)

ഇത്തരമുള്ളൊരുവാക്കുകഥകേട്ടുക-
യത്തുപറഞ്ഞുടനജ്ജുനനോടേ
"മതിമതിനിന്നുടെഗർവ്വുകളെല്ലാം
ചതിവുകളുംഞാനറിയുംമൂഢാ!
ക്ഷിതിപതിമാരുടെദുസ്സാമർത്ഥ്യം
ക്ഷിതിസുരവരരൊട്ടുകൂട്ടുകയില്ല;
അക്കടൽവണ്ണ്നമഗ്രജനുംപുന-
രിക്കണ്ടാളുകഥമറുള്ളവരും
ദുർഘടമാകിയകായ്മതെന്നുനി-
നച്ചിട്ടവരാൽസാദ്ധ്യവുമല്ല:
ആനപിടിച്ചാലിളകാത്തൊരുതടി
ശാപവിനാകൊണ്ടുഗമിക്കായ്വരുമോ
ഊറക്കാരനമ്മാരാംനിങ്ങളെ
നൂറുവരാട്ടിപ്പായിച്ചുന്നു"

Digitized By Kerala Sahitya Akademi

ഉറ്റാരംകൊണ്ടൊരുഫലമില്ലാതെ
തോറുമടങ്ങാനെന്തൊരുബന്ധം?
ഏണവിലോചനയാളാംനിന്നുടെ
മാനിനിയെപ്പിടിപെട്ടസഭായാം
ദീനതയെന്നിയെടുത്തുസനന്നവ-
മാനമതോരോനോചെയ്തുപോൽ
നാണംകൂടാതവിടെവസിച്ചതു
മാണുങ്ങൾക്കിഹയോഗ്യമതാമോ"
ആക്ഷോണീസുരനാഥനിവണ്ണമ-
ധിക്ഷേപിച്ചുപറഞ്ഞതുകേട്ട
വീര്യപരാക്രമശാലിയതായകി-
രീടിയുമപ്പോളേവംചൊന്നാൻ:—
"കഷ്ടംഭ്രസുരനിത്ഥമുരപ്പാ-
നൊട്ടുംമടിയില്ലാത്തതുമെന്തേ
കേട്ടിട്ടില്ലേഭ്രസുരനെൻറവി-
ചേഷ്ടിതമൊട്ടുമറിഞ്ഞിട്ടില്ലേ
മാരുതനന്ദനസോദരനായമ-
ഹാരഥനർജ്ജുനനെന്നറിയേണം
കാട്ടാളാകൃതിപൂണ്ടൊരുഹരനൊടു
കാട്ടിയഘോരപരാക്രമമെല്ലാം
കിട്ടിനമുക്കിഹപാശുപതാസ്ത്രം
ഒട്ടുംഭിജ്ഞവരഃകേട്ടിട്ടില്ലേ?
പാഞ്ചാലഭ്രപാലനൊടേറുര-
ണംചെയ്തുശ്രുജയിച്ചുപിടിച്ചുഥ
കെട്ടിയെടുപ്പിച്ചുന്നടെഗ്രതവിനാ

Digitized By Kerala Sahitya Akademi

പുഷ്ടകുതൂഹലമക്ഷിണചെയ്തു;
വമ്പന്മാരാംഭൂപതിമാരവർ
ഡംഭംകാട്ടിഞെളിഞ്ഞുങ്ങവരുടെ
ഝംഭത്തരവുംവമ്പത്തരവും
കൊമ്പത്തരവുംമുമ്പത്തരവും
പിമ്പിട്ടാശ്രമടക്കിദ്രൌപദി
തൻപാണിഗ്രഹണോത്സവകാലേ
യന്ത്രംഭിതപാവേളികഴിച്ചതു-
മന്തണനാഥാ!കേട്ടിട്ടില്ല
യാദവകേളിയതെന്നമഹാവിധി
മാധവിഹരണംകേട്ടിട്ടില്ല?
സുരലോകേചെന്നമരാരികളാം
അരിയന്നിവാതകകവചന്മാരേ
വിരവിൽവധിച്ചടനവരെവരിച്ച
വിവശമൊഴിച്ചപുരിയിലയച്ച
കേൾക്കടിജേന്ദ്ര!വിരാടന്യപനേറപ-
ശ്രുക്കളെയൊക്കെഹരിച്ചതുമൂലം;
ഭീഷ്മദ്രോണകൃപാചാര്യന്മാർ
ഭീഷ്മപരാക്രമരാമവർപലരും
പോരിനുവന്നവരോടുപിണങ്ങി
ധീരതയോടടനവരുമടങ്ങി;
അപ്പുശ്രുവുന്ദമശേഷംവീണ്ടി-
ട്ടുഴ്വിവീവരനാശ്രുകൊടുത്തു;
ഭാരതമാകിനപോരതിലേററം
ധീരതപൂണ്ടമഹീപതിമാരെ

Digitized By Kerala Sahitya Akademi

തേരതിലേറിയെതിർത്തുജയിച്ചോരു
വീരൻവിജയൻഞാനറിയേണം;
ലോകാധിശനാകിയഭഗവാൻ
ശ്രീകൃഷ്ണപ്രിയനാഥമറിയേണം
തന്റെ വലിപ്പം താൻ പറയരുതതു
കൊണ്ടുമിതിങ്ങറിയാഞ്ഞിട്ടല്ലാ
ധാത്രീസുരരുടെദുഃഖംകാൺമതു
ക്ഷത്രിയഭ്രപക്ഷചിതവുമല്ല
അതിനുശ്രമിച്ചാലവരെദുഷിപ്പതു-
മനുചിതമയിതവഭുവനസുരേശാ!
സംശയമൊട്ടുംവേണ്ടമഹീസുര-
വംശപരാക്രമപൊയ്പ്പോണ്ടാലും!
പത്താംതനയനെരക്ഷിപ്പൻഞാ-
നിത്ഥംചൊല്ലിയസത്യഗിരംമേ
വ്യർത്ഥമതാകിലരക്ഷണവുംബത-
പാർത്തിരിയാതതിനുടനേഞാനും
കയ്യിലിരിക്കുംഗാണ്ഡിവമോടും
തിയ്യിൽചാടിഭഹിച്ചീടുന്നേൻ,
സത്യംഗുരുവരചരണത്താണ
സത്യംപൂവ്വജപാദത്താണ
ശ്രീഗാണ്ഡിവമാംചാപത്താണ
ശ്രീകൃഷ്ണൻശ്രീപാദത്താണ
നിശ്ചയമായിടമുഠംക്കൊണ്ടാലും
സജ്ജനനാഥാ!പൊയ്പ്പോണ്ടാലും"
മേദുരമജ്ഞാനവാക്കുകളിങ്ങനെ

Digitized By Kerala Sahitya Akademi

ആദരവോടഥകേട്ടൊരുവിപ്രൻ
ദുർജ്ജനരിപുവാംപാർത്ഥൻതടഞ്ഞൊട്ടു
വിപ്രൻതാൻപുനരരുളിച്ചെയ്തു: —
അറിവില്ലാതെഞാൻവല്ലതുംപറഞ്ഞുപോയെ
നിരിക്കിലും
അറിവുള്ളോരുഭവാനുള്ളിൽകരുതിവെക്കല്ലേ.
സജ്ജനവന്ദിതനായോരർജ്ജുനാ!നീയെന്യേമറു
ഇജ്ജനത്തിനാരുമൊരുശരണവുമില്ലേ;
പുത്രന്മാരൊമ്പതുംക്ഷിപ്രംചത്തുപോയദുഃഖം
കൊണ്ടു
ഇപ്രകാരംദുർഭാഷണംചെയ്തുപോയേൻഞാൻ;
എന്നതുകൊണ്ടൊന്നുമിന്നുമനവ!നിന്നകതാരിൽ
കന്മഷങ്ങൾതോന്നരുതേറിമ്മലുത്തേ!
ക്ഷീണവചസ്സുകളോരോന്നിങ്ങിനെ
കേണുപറഞ്ഞുതുകേട്ടുകിരീടി
പാണിതലംകൊണ്ടുദ്ദേഹത്തെ
താണുതലോടിപ്പുനരതിസദയം
പോണംഭ്രസുരനീയെന്നങ്ങൊരു
വാണിയുമൻപൊടുയാത്രപറഞ്ഞു;
മണ്ണിൽമരിച്ചുമലന്നുകിടക്കുമൊ-
രുണ്ണിയെവേഗാൽകോരിയെടുത്തൊരു
വണ്ണംയാത്രപറഞ്ഞെല്ലാരും
ഉന്നതഘ്രാണനിധിയാത്രതിരിച്ചു;
വില്വാനായിക്കൊണ്ടുഗമിച്ചുമ-
രുപ്പാവക്കിഹവിപ്രചോരാഞ്ഞാൽ

Digitized By Kerala Sahitya Akademi

അപ്പൊഴതുടനേതിരിയെക്കൊണ്ടുഗ-
മിപ്പാൻഭാവിച്ചെന്നകണക്കേ;
അരനാഴികകൊണ്ടില്ലത്തെത്തി
തെരുതെരവേഗമകായിൽപുക്കു
ഉടകക്രിയവിധിയെല്ലാംചെയ്തി-
ട്ടുടനോതന്നുടെകാന്തസമീപേ
പരിതാപേനാവിമൂർഛിതയായി-
ട്ടരിയാടാതെകിടക്കുംപതിയെ
തരസാകോരിയെടുത്തുമനോഹര-
ലീലാമന്ത്രവുമാശ്രുതുടങ്ങി;
'ഖേദംമതിമതി!മതിമുഖി!നീയിനി
മോദിച്ചിട്ടുടനെഴുനീറാലും
നാഥേ!നമ്മുടെകാര്യമിതെല്ലാം
സാധിപ്പാനൊരുയോഗംവന്നു;
പൊയ്യല്ലെന്നുടെഭാഷകണ്ടി-
ട്ടയ്യോ!കഷ്ടമിതെന്നുപറഞ്ഞു
കയ്യേറാനിക്കാര്യംനമ്മുടെ
കയ്യുക്കുള്ളൊരുപാത്ഥനമിപ്പാൽ.
ചൊന്നതിനിന്നൊരുനീക്കംവന്നാൽ
മന്നവവരനതിനുടനേതന്നേ
കയ്യിലിരിക്കുംഗാണ്ഡിവമോടും
തീയിൽചാടിദഹിക്കുമിദാനീം;
നമ്മുടെസുകൃതവിശേഷംകൊണ്ടു
മന്നാവവരനുടനിങ്ങനെചെയ്തു;

Digitized By Kerala Sahitya Akademi

നന്നായിവിടെവസിച്ചാലുംനീ
മന്ദതപഴുതെവൃഥാഫലമല്ലോ"
ശാന്തിടവാക്കതുകേട്ടൊരുനേരം
കാന്തയുമാശ്രുതെളിഞ്ഞുഴനീറു
കാന്തനുമായിട്ടോരോരോവൃ-
ത്താന്തംതമ്മിലുരച്ചുതുടങ്ങി:—
"കേണ്ണനെയുണ്ടോകണ്ടെങ്ങാനും?
കണ്ണനെയുംഞാനവിടെക്കണ്ടു;
ഉണ്ണിയെയുണ്ടോകണ്ടുമുകുന്ദൻ?
ഉണ്ണിയെയുംഞാൻകാട്ടിമുകുന്ദം
കല്പനയെന്തെല്ലാമുണ്ടായി?
കല്പനയൊന്നുംഞാൻകേട്ടില്ലാ;
കാരണപുരുഷൻമിണ്ടാത്തതിനുടെ
കാരണമെന്തെന്നുണ്ടോകാന്താ!
കാരണപുരുഷൻമിണ്ടാത്തതിനുടെ
കാരണമെന്തെനാക്കറിയാവൂ?
ബലഭദ്രാദികളെന്തുപറഞ്ഞു?
ബലഭദ്രാദികളൂരിയാടീലാ;
പാത്ഥനുടേചരിതംകേൾക്കട്ടേ:
പാത്ഥനുടേചരിതംകേട്ടാലും!
ഹേഹേ!പാത്ഥനിതിന്നെളുതാമോ?
ഓഹോപാത്ഥൻപോരുമിതിന്നു
കുന്തീസുതനുടെസത്യത്തിന്ന-
ങ്ങന്തരമുണ്ടായ്വരുമോനാഥ!
കുന്തീസുതനുമരിപ്പാനുണ്ടോ

Digitized By Kerala Sahitya Akademi

ാന്തുപിടിച്ചുശിരസ്സിലെഴുത്തു"
ാനിശ്ചലപുരയന്നാരായിട്ടവ-
രച്യുതപൂജകൾചെയ്തവസിച്ചും
ഹരാരുടെനാമവിശേഷമുരച്ചും
അവരുടനവിടെവസിച്ചസുഖേന
ഏവംകഴിഞ്ഞെല്ലാരുംമേവുന്നകാലമങ്ങു
ഭാവംതെളിഞ്ഞുതത്രഭ്രസുരൻപത്നിയോടും,
തോന്നമിയന്നോരോവിശേഷങ്ങൾചോദിച്ചപ്പോൾ
ഭയാന്വാർമെയ്വലിതാവംശാനുരുളിച്ചെയ്തു;
അങ്ങിനെവളരുന്നിവസംചെന്ന-
ങ്ങംഗനമണിമാർഗർഭവുമലിക്കുന്നു
പത്താംഗർഭവുമുണ്ടായ്വന്നു
പത്താംമാസവുമുതിക്കുന്നു
ഭ്രസുരവരനന്താപമിയന്നു
കുറതിസുതനെക്കൊണ്ടിഹവരുവാൻ
സത്വരമങ്ങുഗമിച്ചുനരവര-
പത്തനസീമാവിചെന്നിഹകണ്ടു.

പദം.

"ഇന്ദ്രാത്മജാ!ഇതുകേൾക്കമനോഹര
സാന്ദ്രവചനമിങ്ങിന്നു-
ചന്ദ്രാനനയോൽഭ്രത!പോരികൊരൈകാതെ
മന്ദിരേമോദമോടും.
സൂതിസമയമടുത്തവിടെയെൻകൂടപ്പോന്നീടു-
കൂടലർകാലനാംകൃഷ്ണന്റെമുമ്പിന്നു (കുറി
ഭവിഷ്യസമയമിപ്പോൾ

Digitized By Kerala Sahitya Akademi

അതിശ്രൂരാ! മറന്നിതോപോകുന്നാംവൈകാതെ
മാനസേമോദമോടെ!
അയ്യോയെൻമാനിനിതാനേവസിക്കുന്ന
പൊയ്യല്ലേപാത്രിവേന്ദ്രാ! കരു-
കലുഷംകൊണ്ടുവളരുംപരിതാപം
നന്ദസുതപ്രിയകേൾ;
കൂടലർകാലനാംകൃഷ്ണനോടുംനിന്നെറ
കൂടിപ്പിരനോരോടുംഇന്ന
കൂടിപ്പുറപ്പുനീതേരിൽകേറുക
പാടവശാലിൻവിഭോ!

എന്നുള്ളവാക്യംകേട്ടനന്നായ്തെളിഞ്ഞുവീരൻ
അഗ്രജപാദാംബുജംവ്യഗ്രതവിട്ടുക്കുപ്പി
ഭീമപാദാരവിന്ദംഭീമമാംഭക്തിയോടും
താണുതൊഴുതു നിജമാതൃപാദാംബുജവും
സോദരന്മാരെനന്നായാശ്ലേഷംചെയ്തുകൊണ്ടു
"ഖേദംകൂടാതെവാഴുസോദരന്മാരേ! നിങ്ങൾ
പാഞ്ചാലരാജകന്യേ! വന്നാലുമരികത്തു
വാഞ്ചല്യംകൂടാതെനിമാതാവോടൊത്തുപാർക്ക
ഭദ്രേ! വരികശ്രുതേ! ഭദ്രംഭവിച്ചീടുക!
ഭദ്രംഞാൻദ്രുസുരൻറെവത്തനേഗമിക്കുന്നു;
നിന്നുടെസോദരൻറെകാരുണ്യമുണ്ടെന്നാകിൽ
കണ്ടീടാമല്ലെന്നാകിൽകണ്ടതുകായ്മതന്നെ"

എന്നുപറഞ്ഞുപുറപ്പെട്ടുനിജ
മന്ദതവിട്ടുപരാക്രമശാലി,

Digitized By Kerala Sahitya Akademi

പോരികവിപ്രാപക്ഷനമ്മുടെ
പോരുകൾകിഞ്ചനകാട്ടുന്നുണ്ട്
എന്നുപറഞ്ഞുരഥമതിലേറീ-
ട്ടന്നതഗ്രണനിധിയാത്രതിരിച്ചു:
പൂച്ചവിടഞ്ഞെച്ചാടുകയുംപല-
ടുഗ്രുകുറുംപുനരങ്ങിനൊക്കുണ്ട്:
വാഗ്രുതുരങ്ങുഗമിച്ചീടാംപുറ-
രീശപരവിധിപോലൊത്തുവരട്ടെ
എന്നുപറഞ്ഞുനടന്നുകടന്നു
മദ്രിരസീമനിചെന്നുകരേറി:
ഗഭവിലാപവുമങ്ങുതുടങ്ങി
വിപ്രാംഗനമാർവരവുതുടങ്ങി
ഈശപരേ സവകൾചെയ്യുന്നു ജഗ-
ദീശപരനാമംചൊല്ലുന്നുചിലർ!
സാശ്രയമാകെന്നോരുനുപുവിബു-
ധേശപരനാടിടയവാഴ്ത്തുന്നുചിലർ
തൽഗ്രഹവിലഗതിപാക്കുന്നുചിലർ
നിഴലടിനോക്കിയളക്കുന്നുചിലർ
വിരലുകൾകൊണ്ടുപിടിക്കുന്നുചിലർ
മാറിടമാശ്രുതലോടുന്നുചിലർ
ഭേഷജവരമെത്തേടുന്നുചിലർ
വേരുമുറിപ്പാനോടുന്നുചിലർ;
ഘോഷമതിങ്ങനെകേട്ടതദാമ-
ഘോഷസുതാരിസഖൻവിജയൻതാൻ
ഗാണ്ഡിവചാപമുടൻകുലമൂട്ടി

Digitized By Kerala Sahitya Akademi

തൂണിയിലമ്പുനിറച്ചഥകെട്ടി
തൂണ്ണംകൈച്ചുരടഴകൊടുകെട്ടി
പാണ്ഡവനംശരക്കൂടംകെട്ടി
ഭൂതലവാസികളാകവെഞ്ചെട്ടി
ഭൂമിയുമൊന്നുവിറച്ചഥഞ്ഞെട്ടി
ഉമ്പരിൽമുമ്പൻഗാംഭീര്യാംബുധി
ഉമ്പർകുലാധിപതനായൻവിജയൻ
ഉടനുടനോരോചുറുഞ്ചാണൊലിയിട്ടു
ഇടിനിനാദങ്ങൾവിറച്ചഥഞ്ഞെട്ടി
ഉറവറില്ലത്തിനകത്തുപുറത്തൊരു
ടത്തുകരത്തിൽധനുസ്സുമെടുത്തുര -
ടത്തുകരത്തിലുതാരമുറുക
ന്തുത്തുപെരുത്തശരത്തെയുമേന്തി
ഭൂരന്തകഭടരെവിരോധിച്ചുഴകോ
ടനണനാലനൊരക്ഷിക്കണം;
ഏവമുറച്ചുകിരീടിവസിച്ചു
ഹീസുരമാനിനിയുംപ്രസവിച്ചു
അതിശയമായൊരുസുതനുണ്ടായത്തു
വധുകുലമണിമാർനോക്കിയിരിക്കെ
ഹാഹാ!കഷ്ടം!കഷ്ടം!ശിവശിവ!
ദേഹത്തോടുമറഞ്ഞകുമാരൻ

"ഹന്തഹന്ത!മരിച്ചകുമാരകൻ
എന്തുചെയ്തുഞാനൊന്നൊരടൈവമേ!
കുന്തിനന്ദനൻതന്നുടെസത്യവും

Digitized By Kerala Sahitya Akademi

ഹന്തപാഴിലുണ്ണാമറഞ്ഞല്ലോ
പാത്രമല്ലയോഇല്ലത്തിരിക്കുന്ന
വാത്സ്യയേതുമറിഞ്ഞതുമില്ലയോ?
കമ്മതോഷമിതെന്നുടെജാതകം
നിർമ്മലൻപാത്രൻതന്റെപരാക്രമം
രുന്നമിപ്പോഴറിക്കാഞ്ഞതെന്നുടെ
കമ്മദോഷമതെന്നോപറയാവൂ:
മുന്നമൊന്നുമേയീവണ്ണംകണ്ടതി-
ല്ലെന്നൊവഞ്ചിച്ചുപോയായോബാലകൻ
അയ്യോബാലക!എന്തുനീയിങ്ങിനെ
മെയ്യോടെമറയുന്നകുമാരക!
കുഞ്ഞയെങ്കിലുംകേൾപ്പാനില്ലായിതു
നിശ്ചയംകൃഷ്ണൻതന്നുടെമായകം
കൃഷ്ണാങ്ങുകൃപയേതുമില്ലാഞ്ഞാൽ
ജിഷ്ണുഭാവിച്ചാൽസാധിക്കുമോകായ്മം?
കൃഷ്ണകൃഷ്ണ!മുകുന്ദ!മുരാന്തക!
പത്മനാഭ!പരപുരുഷോത്തമ!"

മാനിനിമാരുടെമുറവിളികേട്ടഭി-
മാനികിരീടിമഹേന്ദ്രതനൂജൻ
എന്തിതിവാഞ്ഛകൾചെവിപാക്കുമ്പോൾ
അന്തണനോടിവരുന്നതുകണ്ടാൻ
നിർദ്ദയമാനസനാകിയഭ്രസുര-
നാജ്ഞനനോടുപറഞ്ഞവയെല്ലാം
ഇജ്ജനമെങ്ങിനെചൊല്ലീടേണ്ടൂ
ഉജ്ജയമുണ്ടിസ്സഭയിൽപറവാൻ:

Digitized By Kerala Sahitya Akademi

"പാത്ഥാ! ശൃണുപടുധൂർത്താ! നിന്നുടെ
വാർത്താപൈഭവമതിശയമോർത്താൽ;
ശശികുലജാതനുപൻഞാനെന്നും
ശചിരമണനൊരസുതൻഞാനെന്നും,
ചൊല്ലിഞ്ഞെളിഞ്ഞുപറഞ്ഞതുനേരെ-
ന്നെന്നുള്ളത്തിൽനിനച്ചതബദ്ധം;
അതിമാനവുമതിവൻപുംമുൻപും
തവമാനസമതിലമ്പുംഡംഭും
ചൊന്നവലിപ്പമതെവിടെപ്പോയി?
മന്നവരിൽജള! ഹീനജളാഗ്ര്യ!
തണ്ടുംതപ്പിനടക്കുംനിന്നൊട്ട
പണ്ടേഞാൻവന്നരചെയ്തിട്ടാ?
എന്നുടെമക്കൾമരിച്ചൊരുദുഃഖം
നിന്നൊടുഞാൻവന്നരചെയ്തിട്ടാ?
സത്യംചെയ്തതുമെന്തിനൊടാ! നീ
മദ്ര്യംസവതുടങ്ങീട്ടുണ്ടോ?"
പേയാമീവകടുഷിവചനംപല
ഭ്രയോഭ്രയോഭവനസുരേശൻ,
വായിൽതോന്നിയതഖിലമുരച്ചു
കായത്തിൽകൊതിവിജയനൊഴിച്ചു;
ചേതസ്സിൽപുനരേവമുറച്ചു
ശ്രീകൃഷ്ണൻഉഡമെന്നെയൊഴിച്ചു!
ഹാ! കഷ്ടം.പോരായ്മഭവിച്ചു;
കേട്ടിട്ടില്ലാത്തവമാനോക്തികൾ
കേട്ടുസഹിപ്പാനെളുതല്ലുതും

Digitized By Kerala Sahitya Akademi

കായത്തോടേ നിജവരബാലക-
മായത്തോടെകൊണ്ടുതിരിച്ചതു
ന്യായത്താലല്ലെന്നതുനൂനമു-
പായത്താലെന്നാകിലുമുടനേ
പോയെത്തീടിനദേശത്തോളം
പോയിത്തിരവൻകൊണ്ടിഹവരുവൻ!
ഏവമുറച്ചുകിരീടിവസിച്ചു
ദേവവരാത്മജനതിനശ്രുമിച്ചു

ആംബരായണമഹാസ്ത്രതവിദ്യാ-
ഡംബരേണകപികേതനവീരൻ,
ധർമ്മരാജപുരിനോക്കിനടന്നു
ധർമ്മജാനുജനുമീഷലകന്നു;
കണ്ണുടച്ചുധർമമിഴിക്കുമിടയ്ക്കാ-
ഖണ്ഡലാത്മജനുമന്തകദേശേ
ചെണ്ടുത്തളവുകാലഭടന്മാർ
നിന്നുതങ്ങളിലിവണ്ണമുരച്ചാർ:—
"ഏവനിന്നൊരുനരൻപടുധീരൻ
ഏകനായധികചാരുശരീരൻ
പ്രേതനായകപുരിക്കുവരുന്നു
ഭീതിഭാവമവനുള്ളിലകന്നു;
ചെന്നുകൊണ്ടിഹവരാതെയൊരുത്തൻ
ഇന്നുവന്നതുമതിവവിചിത്രം?
അസ്ത്രയുദ്ധങ്ങളൊടുമശ്രുമമിപ്പോൾ
ആയവൻവരുവതാശ്രുതടുപ്പൻ"

Digitized By Kerala Sahitya Akademi

എന്നാറച്ചുബതകാലഭടന്മാർ
നിന്നാചാപവിശിഖാദികളോടും

അടുത്തുഗോപുരദ്വാരമത്ര്യായകസൂനു
എടുത്തുഗാണ്ഡീവചാപംകുലച്ചുപൂണിയുമേന്തി
ധിമന്തീംധിംധിമന്തീദംതകത്തുഞാണൊലിപാത്ഥ
അമന്സംഭ്രമംപൂണ്ടങ്ങുഴന്നാരന്തകദ്യുതർ; (ൻ

ഹുങ്കാരോദയചെറുഞാണൊലിയും
ശംഖാരവവുംകേട്ടകൃതാന്തൻ
നമ്മുടെതനയസഹോദരനാകിയ
വെൺമതികുലമണിശക്രതനൂജൻ;
അവനുടെശംഖദ്ധ്വനിയതുനിണ്ണയ-
മവനെവിരോധിച്ചാസ്ഥിൻവെറുതെ
ഗോഷ്ഠിക്കവനൊടുകലഹിക്കാതെ
കൂട്ടിക്കൊണ്ടിഹവരുവിൻവിരവിൽ;
അന്തകശാസനകേട്ടനവരും
കുന്തീസുതനെക്കൊണ്ടിഹവരുവാൻ
നരനോടവരുൾപൊരുൾചെയ്തിതുദന്തം
സുരനാഥജനംക്ലുപ്തികൃതാന്തം
വിരവിലനുഗ്രഹമരുളിമുദായമ-
നരുളിച്ചെയ്തുകപിദ്ധ്വജനോടു
"കിമതോഉണ്ണിധനഞ്ജയ!വരുവതി-
നെന്തൊരുകാരണമുരചെയ്താലും!"
ഹരിസഖനാകിയഹരിസുതനപ്പോൾ
യമവചനംകേട്ടിദമുരചെയ്തു:—

Digitized By Kerala Sahitya Akademi

"മതിമതിമഹാമതേ!മാധുര്യവാക്കുകൾ
ചതികളിഹചെയ്തതുമത്ഭുതമോക്കിലോ
ധരണിസുരവരനുടയബാലകൻതന്നെഞാൻ
ധരണീസുരാലയേകാത്തുനിൽക്കുംവിധൌ
മമചരതശരനികരക്കുടങ്ങൾതേടിച്ചു
ചാരത്തുബാലനെക്കൊണ്ടിങ്ങുപോന്നതും
അമരവരതനയനാരമെന്നൊയോക്കാഞ്ഞിലെ-
ൻറഗ്രജൻതന്നെറിചിന്തചെയ്തീലയോ?
മധുമഥനനാഖിലജഗദീശനാംകൃഷ്ണന്റെ
കാരുണ്യപീയൂഷമുണ്ടുനാമുക്കുറാ!
തരികമകരതളിരിലുകൊട്ടുകുമാരനെ
താലുയ്യുമാമെന്നൊഗംഭീരസത്യവും
ഓർത്തുകൊള്ളുല്ലാഞ്ഞിലന്തകനാന്നുള്ള
ധൂർത്തുപോക്കീടുവാൻപാർത്ഥൻമടിക്കുമോ!
"ഭൂരികാതിരത്തൊരുഭൂസുരബാലന്മാരെ
വാരാതെൻപത്തുപേരെചോരിക്കൊണ്ടുപോന്നു;
പത്താംതനയനെഞാൻരക്ഷിച്ചുകൊടുപ്പാനായ്
സത്യവുംചെയ്തുകൊണ്ടുപത്തനോവസിക്കുമ്പോൾ
ചിത്തഭയംകൂടാതെപൃത്ഥിസുരസുതനെ
ആർത്തുകൊണ്ടുപോന്നതെത്രയുംധിക്കാരമായ്
ആയതിനിന്നറിന്റെനാശംവരുത്തുവാനായ്
ആശുഞാൻവന്നതെന്നുകൂശാതെകേട്ടുകൊൾകാ
ശുദ്ധനാംപാർത്ഥനെന്നുആർത്തിശങ്കിക്കേണ്ടാ
പക്ഷേരണത്തിന്നായിപക്ഷങ്ങൾകൂട്ടുവാനായ്
കുന്തീനന്ദനനെന്നുകേട്ടിട്ടില്ലയോഭ്രുവാ!

Digitized By Kerala Sahitya Akademi

അന്തകവൈരിഞാനും അന്തരമെന്നോവേണ്ടൂ
കുത്തുള്ളശരംകൊണ്ടുപോക്കളന്തന്നിൽനിന്നെറ
ധൂർത്തുകളവാനിന്നുപാർത്ഥൻമടിക്കയില്ലാ."
ഇത്തരമുള്ളൊരുവിജയൻതന്നുടെ
അത്തൽമുഴുത്തൊരുവാക്കുകൾകേട്ട
ആധിപിടിച്ചുവിയർത്തുകൃതാന്തനു-
മാദരവോടങ്ങരുളിച്ചെയ്തു:—
"എന്തൊരുഭ്രഷ്ടുരനെന്തൊരുബാലക-
നേതൊരുദിക്കിനുകൊണ്ടുതിരിച്ചു
ഹേതുവതെന്തിതുവരുവാനെന്നും
ഏതുമറിഞ്ഞിട്ടില്ലേഞാനും;
മത്തടരാരുംപോയിട്ടില്ലാ
മൽപുരിയിൽകൊണ്ടന്നിട്ടില്ലാ
നിന്നെക്കബളിപ്പിച്ചാരാണ്ടതി-
നെന്നൊടുകോപിച്ചാൽഫലമുണ്ടോ?
അങ്ങാടീത്തോറെറനാലിങ്ങതി-
നമ്മയൊടെന്നപഴഞ്ചൊല്ലൊത്തു;
സംശയമുണ്ടെന്നാകിലഹോരിപു-
വംശപരന്തപപോരികകൂടെ"
എന്നുപറഞ്ഞുതുറന്നിതുയമനും
തന്നുടെവൻനരകൌഘകവാടം
പാപംചെയ്തൊരുജീവനെയിങ്ങനെ
ദുഃഖിപ്പിപ്പതുകണ്ടുകിഠിടി;
കണ്ടാലുമോരോമഹാപാപികൾകിടക്കുന്നു
കണ്ണുമറുത്തുകൊണ്ടുകുണ്ഠിതംപ്രാപിക്കുന്നു

Digitized By Kerala Sahitya Akademi

ദേവസംബ്രഹ്മസഭവുംകേവലമടക്കിക്കൊ-
ണ്ടാരോമൽപൂമേനിയായുള്ളൊരുകാന്തയോടും
സാദരംപുലരുന്നമൂഢന്മാരുടെതന്ര-
താഡനംചെയ്തുകൊണ്ടുവാട്ടിവലച്ചീടുന്ന
കള്ളുകുടിക്കുംനായന്മാരുടെ
വള്ളുസ്സിട്ടുകൊടുക്കണകണ്ടു;
വള്ളികഠംകൊണ്ടുവരിഞ്ഞതുകണ്ടു;
പാശംകൊണ്ടുമുറുക്കണകണ്ടു;
പിന്നെപ്പലപലജീവനെയിങ്ങിനെ
ഭണ്ഡിപ്പിപ്പതുകണ്ടജ്ഞാനം,
അസ്ഥലമഖിലംപാത്തുകിടീടി
നാസ്തികമാരനതോത്സാഴൽതേടി,
താതൻപാടവുമാശ്രമിച്ചു
ഖേദാദികളഖിലങ്ങളൊഴിച്ചു
അവിടെയുമില്ലെന്നുടനെവിധിച്ചു
ദിക്പാലാഷ്ടകളുവനാംപുരു
തത്രതിരഞ്ഞുംകാണാഞ്ഞതിനാൽ
നാണംകെട്ടമനസ്സുമടങ്ങി
മാനംകെട്ടമഹീന്ദ്രതനൂജൻ,
നിശ്ചയമായിമനസ്സിലുറച്ചു
അച്യുതനെന്നെയുപേക്ഷിച്ചെന്നു;
മൽചരിതംപുനരഗ്നിയിൽവീണു-
ഹിച്ചൊരവസ്ഥഗ്രഹിച്ചീടേണം
ഏവംനിജമനതാരിലുറച്ചു
ദേവവരാത്മജനതിനുശ്രമിച്ചു;

Digitized By Kerala Sahitya Akademi

അനവധിചിരകാലമുത്തിരിച്ചു
മനമതിലതിശയഭക്തിയുറച്ചു;
ആശ്രുകളിച്ചവിഭ്രതിധരിച്ചഖി-
ലേശപരേറിജഭക്തിയുറച്ച
ഇന്ദ്രനാശ്രുവതത്തിയുയത്തി
ലലനാവടയുംപുനാരതിശയമോടെ
അഗ്രജനാകസഖായനതായാ-
രഗതിയെവിടൊടുവികിൻനടുവേ
കുത്തിചടുത്തുചുഴന്നവിളുന്നവ-
നാശ്രയമാശ്രുത്തോളമുയത്തി
ദിക്പതിമാരെപുരാരാധിച്ച-
ങ്ങവനിയെപുനാവലത്തംവച്ച
ശരവുംശരധിശായനസമ്മുഗ..
കരതലപരിചോടെഴുലിചെയ്യ
ദേവകദംബവരിഷ്ടാധികനാം
പാവകദേവനൊടായറിയിച്ച.

"പാഹിധനഞ്ജയ! പാതമദന്നായ
പാഹിധനഞ്ജയമയമിഹഭഗവൻ
തപ്തനായതപാവസമേതം
തപ്തിയതെതൊടുചാടുന്നൻഞാൻ"
എന്നതടക്കിയെന്നവിളിച്ച
വനിടെനാടുവെചന്നവതിപ്പാൻ
ആങ്ങിനുങ്ങിയമൻകതിച്ചജ-
നങ്ങൾക്കനാവധിടയുമുറച്ച;
ഉണ്ണിസമേതയജനാരികുത

Digitized By Kerala Sahitya Akademi

കുണ്ണാറിഞ്ഞാൻജിണ്ണജസമയം
ആയ്യാ!കഷ്ടംനന്മുടെപാത്ഥൻ
തീയിൽച്ചാടിദഹിക്കുമിദാനീം;
പേടിമുഴത്തൊരുഭാവത്തോടെ
കാടിജനാട്ടാനരിമതിമേളാൽ
മഞ്ഞപ്പട്ടുടകുത്തുകിഴിഞ്ഞും
മഞ്ഞീരധരിതരുപൊഴിഞ്ഞും
കാടിവലഞ്ഞുംവാഡികുഴഞ്ഞും
വാടിയുലഞ്ഞുംമാടിവിളിച്ചും
വിജയാ!വിജയാ!യെന്നുവിളിച്ചും
ഞാനതേസാരാസനമെന്നുപറഞ്ഞും
വിജയൻവാനിയിൽവീഴുംമുൻപേ
തൽസാകൂടെന്നുവിടിച്ചുമുകുദൻ
മുൻപോൽകീട്ടുകുതിച്ചുപാത്ഥൻ
പിൻപോൽകീട്ടുതിരിഞ്ഞുദ്രുവീണ
അപ്പോഴത്തെയവസ്ഥകിനച്ചാ-
ലത്ഭുതമെന്നേപാവാനുള്ളൂ!
വിശ്രമമോടുപോരാടുന്നേരം
തൽഗിണിവരനൊക്കാൻമറായി
ശ്രീളാവിവശതപൂണ്ടുകിടിടി
കാളാഭാംഗനൊചിന്നാവണങ്ങി
തൊണ്ടുവിറച്ചുംനെഞ്ചുവിറച്ചും
മിണ്ടുന്നുതാതെവിയത്തുതളർന്നും,
അണ്ടർവരാതുജനിണ്ടൽമുഴുത്തത
കണ്ടുഭയാനികാർമുകിൽവർണ്ണൻ

Digitized By Kerala Sahitya Akademi

പുഞ്ചിരിപൂണ്ടിദമരുളിച്ചെയ്തു;
"നിഞ്ചരിതംബഹുവിസ്മയമോത്താൽ!
കുന്തീകുമാരകാ!നീഎന്തിനാസ്സ്വാണ്ടീവണ്ണം
ഛന്നവിനച്ചചെയ്തതന്ധകാരോദയമോ?
ചെന്തീയിൽവീണദേഹംവെന്തുമരിപ്പാനൊരു
ബന്ധംഭവിച്ചീടുവാൻകാരണമെന്തുപാത്ഥ!
ബുദ്ധിതെളിഞ്ഞുകേൾക്കതടിധമായെല്ലാം
സിദ്ധിടമാക്കിയഞാൻപ്രസ്താപകാരിയായോ
ഭാരതായോധനത്തിൽതേരതിലേറിനിൻറെ
വീര്യവുംപൂരിപ്പിപ്പാൻസാരഥിയായില്ലേഞാൻ?
പോരിനായാരംഭിച്ചവീരന്മാരുമായ്നേരേ
ലോഭിച്ചനേരത്തുനീതേരിൽപരിപതിച്ചു
അനേരംമോഹന്തീർത്തുനാന്നായുപദേശിച്ച
തന്നൊരുപനിഷത്തുമിന്നുമറന്നുപോയോ?
ലോകങ്ങളേഴരണ്ടുംകീഴ്മേൽമറിപ്പതിന്നു
മാകുലമില്ലചിത്തേമേവിചാരിച്ചീടുമ്പോൾ,
ഭൂസുരബാലപരിപാലനാവീരവാദ-
ഹേതുവതെന്നോടുപറയാഞ്ഞതെന്തുപാത്ഥ!
പൃഥ്വീസുരേശൻതൻറെപുത്രകുമാരന്മാരിൽ
പത്തിലൊരുത്തനെവീകാത്തുതരുന്നേനെന്ന-
സത്യവചനമിന്നുവ്യർത്ഥമായ്വന്നതിന്നു
ബുദ്ധിക്ഷയവുംവേണ്ടാചിത്തഖേദവുംവേണ്ടാ
പുത്രകുമാരന്മാരുമൊത്തുധരിത്രീദേവ
സത്തമനാസ്സ്വാണ്ടക്കൊടുത്താലുമജ്ജുന!നീ
ദാഹകർമ്മത്തിനിന്നുമോഹമുണ്ടായതുനിൻ-
സാഹസമെന്നല്ലാതെഹാ!ഹാ!പറഞ്ഞീടാമോ."

Digitized By Kerala Sahitya Akademi

ഇതിമാധവഗിരമമരാധിപസുത-
നതിമാധുര്യ്യസമേതംശ്രുതപാ
നതപാമുരരിപുചരണസരോരുഹ-
മുകുതപാഭിമസഹോദരനേവം
കരുണാകരതവതരുണാരുണസമ-
ചരണാംബുജയുഗമാധാരംമമ
പിഴകളശേഷമൊഴിച്ചരുളേണം
അടിയനെയാത്തുക്ഷമിച്ചീടേണം
മുട്ടീടുന്നീയഗനിജപാലയിൽ
പെട്ടീടുന്നഹരേപരിതാപം
മുട്ടീടുന്നവിവേകവുമകമേ
വ്വണ്ണിവംശജ! ജഗദീശമുരാരേ!
ഇതിനരപതിഗിരമഖിലംകേട്ട
അതിമോദേനചിരിച്ചുമുകുന്ദൻ
അഗനിജപാലയിലുണ്ണമകന്നു
ശക്രതനൂജനുദിഖേമകന്നു
ടാരുകനാംനിജസൂതനൊരാസ-
താരകമേകരുതീജഗദീശൻ;
രഥവുംകൊണ്ടഥവന്നവനുംനിജ-
പടവുംവന്ദിച്ചുളവുതദാനീം
നരനൊടുസഹിതംനാരായണനും
വിരവിനൊടത്ഭുതരഥമതിലേറീ
ട്ടംബരമാശ്ശ്വേയാത്രതുടങ്ങിജ-
വംബുഹൃദുരമകന്നുതുടങ്ങി
രവിമണ്ഡലവുംശശിമണ്ഡലവും

Digitized By Kerala Sahitya Akademi

ധ്രുവമണ്ഡലവുംതാഴെക്കാണായ്
വിബുധാധിപപുരിനിശാനായകപുരി
നവഖേചരഗതിസുരദീർഘികയും
കല്പകവൃക്ഷംപുഷ്പോദ്യാനവു-
മണ്ഡികളംകനകാചലശിഖരം
ഏറെത്താഴത്തെത്താഴെ
ദൂരേദൂരേകാണായ്വന്നു;
ലോകാലോകവുമങ്ങുകടന്നു
മാഹാക്രൂരിരുളാധിമുഴുത്തു
കൺകാണാഞ്ഞുമുടർകമലേശ
മുഖംകാണാഞ്ഞുവലഞ്ഞുകിടി
ശക്രതനൂജനുദുഃഖമൊഴിപ്പാൻ
വിക്രമശാലിജഗൽഗുരുകൃഷ്ണൻ
ചക്രപരായണനുൾക്കമലോദിഭു
ചക്രത്തെപ്പരിശീലനംസ്മൃത്വാ
ലോകൈകാഞ്ചിതദിവ്യാകൃതിജഗ-
ദേകാശീതസുദർശനചക്രം
തുണ്ണമുടിച്ചുകോപമൊഴിച്ചു
പാണ്ഡവനുള്ളിൽവിഷാദമൊഴിച്ചു
പുത്രവിനാശനപുത്രനൊടൊത്തുജ-
ഗത്രയനായകനത്രവിനാളാൽ
എത്രയകന്നിതുപദ്ധതിളംമ-
തിത്രിദശേശജനോർത്തുരുതെറ്റു;
യോജനദൂരമൊരൻപതിനായിര-
മനവധിക്കൂടീട്ടപ്പുറമായിതു

Digitized By Kerala Sahitya Akademi

ഒരോത്തരമിടമരുളിയനേര-
ത്തേറിയളരമകന്നിതുതേരും
ശ്രീപാൽക്കടലുടെതിരയടിനാദം
താപാൽകേട്ടമഹാത്ഭുതജാതം
വൈണ്ണവരൂപമഹാത്ഭുതപൂർണ്ണസു-
ഖസ്ഥലമോഹനനാഗ്രത്തുടെ
ചെന്നണയുമ്പോളമ്പൊടുകണ്ടു
സുന്ദരമബ്ജേതേജോനിലയം;
ശ്രീകണ്ഠാദിനിഷേവിതമാംഹരി
വൈകുണ്ഠംജഗദേകമനോജ്ഞം
ക്ഷീരാണ്ണവമതിൽനാഗാധിപനുടെ
ചാരുഫണാഞ്ചിതമണിവരതല്പേ
നാരായണനധിവാസംകണ്ടുമു-
രാരികിരീടിയൊടരുളിച്ചെയ്തു;
കണ്ണെതിരമിതുകണ്ടീടുകവൈ-
കുണ്ഠപുരംപുരുഷോത്തമവാസം,
എന്നുപറഞ്ഞുഥനദസുതോപിപു-
രന്ദരനന്ദനനോടുസമേതം
സുന്ദരമതിൽനിന്നുമ്പൊടിറങ്ങിജ-
ഗന്നിലയസ്ഥലമാശ്രുവണങ്ങി;
അതിമോദത്തൊടുനോക്കുന്നേരം
അതിശയമനവധികണ്ടുതുടങ്ങി;
കനകക്കൊടിമരമുയരെക്കണ്ടു
ഖഗസത്തമസുനിവാസംകണ്ടു;
ഹേമസമാനശയപ്രഭകണ്ടു

Digitized By Kerala Sahitya Akademi

സോമസമാനമതിൽപ്രഭകണ്ടു;
നവരത്നോജ്ജ്വലപരിഭാസുരമാം
സുരവർദ്ധിതസോപാനംകണ്ടു;
ഹരിപദഭക്തജനത്തെക്കണ്ടു
സുരമുനിമാരെയുമഴകൊടുകണ്ടു;
ഓരോതരമവർസേവകൾകണ്ടു
നാരദമുനിയെവിശേഷാൽകണ്ടു;
മേരുസമാനകിരീടംകണ്ടു
ചാരുഗളോന്നതമാലകൾകണ്ടു;
പുഷ്പോദ്യാനവിശേഷംകണ്ടു
ഝഷപ്പടജാലവിലാസംകണ്ടു;
പീതാംബരമാമുടുപുടകണ്ടു
പാടാംബുജയുഗമഴകൊടുകണ്ടു;
ലക്ഷ്മീദേവിയെയരികേകണ്ടു
അക്ഷ്മാപതിയുടെവാസംകണ്ടു;
ശ്രീവൈകുണ്ഠവിശേഷമുരപ്പാ-
നാകാംക്ഷിതമെന്നാകിലുമിപ്പോൾ
ആവുന്നതിനേമോഹിക്കാവൂ
ഭാവിച്ചാലെല്ലുതല്ലുതുരപ്പാൻ;
നരനൊടുസഹിതൻനാരായണനും
ഹരിചരണാംബുജമാശ്രയണങ്ങി
ഭ്രമാഭഗവതിമാരൊടുകൂടി
ആമോദേനവസിച്ചരുളുന്നൊരു
ഭഗവദ്ഭവനവിലാസംകണ്ടു
പെരുകിനഭക്ത്യാസംസ്തുതിചെയ്തു

Digitized By Kerala Sahitya Akademi

മുരഹരനരന്തതിഗിരമിതിഖിവിധം
ഹരികരുണാകരനരമഖിലശൻ
ശ്രുത..ാകൃതപാമുദ്ധസ്മിതമിദ-
മുക്തപാമധുരമനോഹരവാക്യം
"രാമസഹോദര! ഭീമസഹോദര!
ഹേമമപാരുകുമാരന്മാരേ!
ഭൂതലവാസംസുഖമല്ലേതവ?
സാധുജനത്തിനുമിഹവിങ്ങൾക്കും
കുന്തീനന്ദനടശ്രുരസുതാടികയ്ം
തുണ്ടാസുഖമൊടുവാഴുന്നില്ലേ!
മുസലിക്കുംതവജനനിക്കുംമന-
മൊരുമിക്കുന്നയടിപ്രവരക്കും
ഉപജനകനുമുപമാതാവിനും
തവസുഖവാസമതല്ലേകുന്തി!
നിർമ്മലഹൃദയാ!വിജയാ! നമ്മുടെ
ധർമ്മതനൂജനു സുഖമോവാസം
മാരുതസുതനുംമാദ്രീസുതരും
ശൂരജസോദരിതവമാതാവും
കുശലസമേതനിവാസരതല്ലേ?
വിശദമതേശതമന്യൂതനൂജ!
ശത്രുഹരായുധചിത്തരസോദയ-
നിത്യസുഖേനവസിക്കുന്നില്ലേ?"
ഇതിമധുസൂദനനതിമധുരോദയ-
മുചിതകുതൂഹലമുരുളചെയ്യുമ്പോൾ
ഭക്തിനിറഞ്ഞുവഴിഞ്ഞുപൊഴിഞ്ഞനു-

Digitized By Kerala Sahitya Akademi

സൂകൃതമുവാചജഗൽപതികുണ്ഡൻ!
"കുശലംസകലംകരുണാജലധേ!
കുശലമതില്ലരമറിയുന്നില്ലേ
നിന്തിരുവടിയറിയാതഖിലാശയ!
കിഞ്ചിടുദന്തംനഹിനഹിഭൂവനേ"
കുന്നംപറവാൻതോന്നാതേബത
നിന്നുകിഴിടിമുകുന്ദസമീപേ;
അന്നേരംമധുകൈടഭനാശൻ
അന്യോന്യാദരമരുളിച്ചെയ്തു;
"ഉർവ്വീതലപരിതാപഹരാ!തവ
ദുർവ്വാരബലചരിതവുമവരം
സർവ്വിശ്രേഷ്ഠമശ്രേഷ്ഠമറിഞ്ഞേൻ
വസുദേവാത്മജവിജയന്മാരേ!
നിങ്ങളെയുള്ളൊരുവാത്സല്യംപുനാ-
രിങ്ങുമുഴുത്തുഭവിച്ചതുമൂലം,
ഇരുവരുമെന്നടെമുമ്പിൽവരേണം
പരിഭവരഹിതംകണ്ടിടേണം
അതിനൊരുപെരുവഴിഞാനിഹകരുതി
ക്ഷിതിസുരസുതരെക്കൊണ്ടിഹപോന്നു
ഇന്നവരുംബതനിങ്ങളുതുംപുനാ-
രെന്നുനിനച്ചുവസിച്ചിതുഞാനും
പത്തുകുമാരരെയൊത്തവനീസുര-
സത്തമനാശുകൊടുത്തുസുഖേന
മന്ദമതിമാരൊടനുഗ്രഹവുംബാഹ്യ
സംപ്രതിവാങ്ങിവസിച്ചീടുകപോന്തു"

Digitized By Kerala Sahitya Akademi

അതുകേട്ടളവഥതൊഴുതുനിവന്നള-
വതികൌതുകമിഹകാണായ്വന്നു;
പൃഥ്വീസുരനുടെപത്നികുമാരരു-
മത്രകളിച്ചുവസിച്ചീടുന്നു;
അച്ഛൻമക്കളെയെന്നാകണക്കേ
ആശ്ശ്വയ്യംബഹുമായാസഹിതം
വാഞ്ഛാരാസാകമൊരുണ്ണിയെഭഗവാൻ
ചാഞ്ചാടിച്ചുകളിപ്പിക്കുന്നു
പോക്കാക്കെക്കെയെന്നുപറഞ്ഞു
വിരലുപിടിച്ചുനിവൃത്തികുമാൻ
ഇതിച്ചിതിച്ചതിലിതിലെന്നുപറഞ്ഞു
വിരലുകൾചെന്നുപിടിച്ചുനിവർത്തും
കൌസ്തുഭമാശുപിടിച്ചുവലിച്ചു-
കഴുത്തിലുടൻകരയേറിയിരുന്നും
മടിയിൽപുക്കുസുഖേനശയിച്ചും
മകരക്കാതിലകണ്ടുരസിച്ചും
വിടുവിടമുട്ടകൾകുത്തിറാടന്നും
ഫണിവരതല്പവിണമറിഞ്ഞും
വലുസാധികമാംവചനമുരത്തും
കലിതരസേനകളിച്ചുരസിച്ചും
തുക്കെകൊണ്ടുപിടിച്ചുമുറുക്കി
ശീഘ്രംനിറുകയിലാഘ്രാണിച്ചും
ലക്ഷ്മീഭഗവതിപത്നാംതനയനെ
യാശ്ലേഷിച്ചുകുചങ്ങൾകൊടുത്തു
ഭൂവനീദേവിയുമവനുടെപൂവ്വജ-

Digitized By Kerala Sahitya Akademi

മാമരയോടഥതാലോലിച്ചും
ബാലകലീലാവിലസിതമഥവശ്യ
പാലകിരീടികയംകണ്ടുരസിച്ചും
പുഞ്ചിരിപൂണ്ടുപരൻപുരുഷൻപുന-
രഞ്ചിതത്രുപൻതെല്പുബഭാഷേ
"വിശ്രുതി വിപ്രകുമാരന്മാരേ
പശ്യതമുരഹരവിജയന്മാരേ!
പത്തുശിശുക്കയംക്രമത്തെയുമവരുടെ
നിത്യവളച്ചുവയസ്സുകളുംബത
ഉണ്ണികളെപ്രതിപരിപാലിച്ചുട-
നുണ്ണാജാക്ഷനുമിടമരുവംചെയ്തു;
സുഖമായങ്ങുഗമിച്ചുവസിപ്പിൻ!
സുകുമാരാകൃതിമാരേ! നിങ്ങയം
നിങ്ങയംക്കുന്നനമമ്മയുമുണ്ടു
നിങ്ങളെയോർത്തുവിലാപിക്കുന്നു;
എന്നതുകൊണ്ടിനിവൈകാതവരെ
ചെന്നഥകണ്ടുവരേണമിദാനീം."

മധുകൈടഭാരിതൻറെമധുരമാംവാക്കുകേട്ടു
അധികസന്താപത്തോടുംകരയുന്നബാലകന്മാർ
പൊഴിയുന്നകണ്ണുനീരുംകരയുന്നമാനസവും
പതറുന്നഖേദത്തോടെപറയുന്നിതോരോതരം
വിയക്കുന്നദീർഘശ്വാസംപിളർത്തുന്നചുണ്ടുരണ്ടും
തളരുന്നുപാരവശ്യംപറയുന്നിതോരോതരം
ജനകജനനിമാരുംഇവിടെയുണ്ടല്ലോഞങ്ങൾ-
ക്കിനിയതൊരമ്മനമ്മെഅറിയുന്നില്ലുല്ലോഞങ്ങൾ;

Digitized By Kerala Sahitya Akademi

ഒരുനാളുംപോകയില്ലെന്നരചെയ്യുനാഥൻതന്റെ
തിരുമുഖംനോക്കിനോക്കിക്കരയുന്നബാലകന്മാർ
മഹിമാഭഗവതിമാരത്തുകണ്ടുട-
നഴമോടേനസമാശ്ലേഷിച്ചു
ദുഃഖമൊഴിച്ചുടമരുളിച്ചെയ്തു
മക്കളെ!യങ്ങുഗമിക്കസുഖേന,
നിങ്ങൾക്കച്ഛനമ്മമ്മയുമുണ്ടു
നിങ്ങളെയോർത്തുവിചാപിക്കുന്നു
പിതൃമാതാക്കളെദുഃഖിപ്പിക്കരു-
തതിദോഷംവരുമതിനുണ്ണികളെ!
എന്നതുകേട്ടുകുമാരന്മാർക്കുട-
നൊന്നുപകുന്നുചമഞ്ഞുസ്വഭാവം;
ഞങ്ങളുള്ളവരെക്കണ്ടീടേണം
ഞങ്ങൾക്കങ്ങുഗമിച്ചീടേണം
അച്ഛനമ്മമ്മയുമുള്ളടത്തേ-
ക്കിക്ഷണമിപ്പൊളയച്ചീടേണം
മായാമയനാംനാരായണനുടെ
മായാവൈഭവമതിശയമോർത്താൽ
നിശ്ചലമാനസനാകിനഭഗവാൻ
കുട്ടികളോടിടമരുളിച്ചെയ്തു:—
എങ്കിൽസുഖമായങ്ങുഗമിപ്പിൻ
സങ്കടമുള്ളിലശേഷമൊഴിപ്പിൻ
കാജസ്സോടേചെന്നുടനവരുടെ
തേജസ്സോടലയിക്കുകനിങ്ങൾ;
ഇടമരുൾചെയ്തഥഭ്രയോഭ്രയോ

Digitized By Kerala Sahitya Akademi

വിരവൊടുതഴുകിയനുഗ്രഹമേകി;
യാത്രയയച്ചുമുകുന്ദൻകൃഷ്ണനു-
മാസ്ഥയൊടദ്വിജപാലന്മാരെ
തേരതിലേറിയുഴറൊടുവേഗാൽ
ദ്വാരകതന്നിലിറങ്ങിവിളങ്ങി
ധരണീസുരനുടെഭവനേചെന്നാ-
ക്കരുണാകരനുടെവചസാവിജയൻ
പൃഥ്വീദേവനെയാശ്വസിപ്പിച്ചു
അപ്പൊഴുതുംകൃതമായിശകാരം
വേണ്ടാപരിഭവഗിരമിനിദ്വിസുര-
നിണ്ടലശേഷമൊഴിപ്പതിനായി
പങ്കജനായനൻശ്രീകൃഷ്ണൻവ-
ന്നങ്കണസീമനിരുവീടുന്നു;
മുറ്റത്തോളംവരികഭവാനിഹ
കുറ്റംപറവാൻപിന്നെയുമാമേ;
എന്നതുകേട്ടുപുറത്തുമിറങ്ങി
മന്നിടദേവൻമഹിഷീസഹിതൻ
ശ്രീധരദേവനുമിദമരുൾചെയ്തു
ദ്വിസുരനാഥനൊടയിഹ്രണരാശേ!
മൃത്യുവേചിച്ചസുതന്മാരെത്തവ
പത്തിനെയുംബതപശ്യമഹാത്മൻ!
ഒന്നിനെവിജയൻരക്ഷിച്ചതുമതിൽ-
മുന്നേപോയവരൊമ്പതുപേരും
കണ്ണൊള്ളുകതവപുത്രരെയതിസുഖ-
മാണ്ണൊള്ളുകതവനിത്യനിവാസം;

Digitized By Kerala Sahitya Akademi

എന്നരുൾചെയ്തുഥനാനദജനാശ്രുപു-
രന്ദരജാതൻതന്നുടെകയ്യാൽ
നന്ദിച്ചൻപൊടുനന്ദനശകം
മന്നിടദേവനുനൽകിപ്പിച്ചു
മേദിനിദേവനുമാനിനിയോടും
മോദമുടിച്ചതുചൊല്ലാവല്ലേ
അത്ഭുതമത്ഭുതമെന്നുമഹാജനാ-
മുല്ലലനേത്രനൊവാഴ്ത്തീടുന്നു;
ആലിംഗനമവർ ചുംബനമങ്ങവ-
രാവോളമവർചെയ്തീടുന്നു
അവനീസുരനുംരമണീസഹിതം
കമലാകാമുകവിജയന്മാരെ!
മക്കൾമരിച്ചൊരുദുഃഖനിമിത്തമി-
നിക്കുടവിച്ചൊരതിഭ്രമമൂലം
ദുഷ്കൃതവചനമുരത്തവചെയ്യാം
സൽകൃതമെന്നോബോധിക്കാവൂ;
ഭ്രൂസുരവരനുടെശീലമിതെന്നോ
ചേതസിവിങ്ങാതിരുപിക്കാവൂ;
ആത്തകുതൂഹലമോടവനാപ്പാൽ
വാഴ്ത്തിമുദാനകവിജയന്മാരെ
മേദിനിതന്നിൽമാനിനിയോടും
സാദരമത്രസുഖിച്ചുവസിച്ചു;

സന്താനഗോപാലം ഓട്ടന്തുള്ളൽ

സമാപ്തം.

Digitized By Kerala Sahitya Akademi

7. ഗോവർദ്ധനചരിതം

ഓട്ടൻതുള്ളൽ.

ധരണീഭാരമൊഴിപ്പാൻ ദേവകൾ
കരുണാകരനാം നാരായണനൊടു
പരിതാപങ്ങളുണർത്തിയ മൂലം
പരമാനന്ദശരീരിമുകുന്ദൻ
പരിചൊടു ദേവകിതന്നുടെസുതനായ്
ധരണിയിൽവന്നവതാരംചെയ്തു
പിരിയാതഗ്രജനാകിനരാമൻ
തിരുവടിയോടുംസഖിമാരോടും
പരിതോഗോകുലമതിൽവിളയാടി-
ട്ടുരിതോഷവുമുളവാക്കിജനാനാം
സുരജനകായ്മനിമിത്തംകൈതവ-
നരശിശുഭാവാൽവളരുംകാലം
ഉന്നതഭാഗ്യഗുണാംബുധിനന്ദനം-
മന്നയശോദാദേവിതനിസ്സ്വം
തന്നുടെസുതനെന്നോർത്തുടനാംപ്രതി
വന്നൊരുസമ്മതമെന്തുരചെയ്വൂ.
നന്ദാദികളാംഗോപകുമാരരൊ-
ടൊന്നിച്ചാരോലീലകൾചെയ്തും
സാന്ദ്രാനന്ദംമുരളിയുമൂതി-
സ്സുന്ദരമൂർത്തിചസിച്ചുളവൊരുനാൾ

Digitized By Kerala Sahitya Akademi

നവദാരികളാംപശുപാലന്മാ-
രിന്നുപ്രീതിവരുത്തുവതിന്നാ-
യൊന്നിച്ചൊരുമഖമാരംഭിച്ചതി-
നൊന്നൊഴിയാതേകോപ്പുകളൊക്കുട്ടി
പുല്ലും ചമതകളുംമേലരിവിറകും
നല്ലവെളുത്തരിപുഷ്പാടികളും
ചൊല്ലേറുന്നൊരുനറുനൊശക്കര
എള്ളുംകടലിപ്പഴവുംതേനും
എല്ലാമീവകയോരോടിശിടിശി
മെല്ലെവരുത്തിനിരക്കെക്കൂട്ടി
പുല്ലാംബുജളനായാൻകൃഷ്ണനി-
തെല്ലാംകണ്ടറിയാത്തകണക്കേ
നാല്ലൊരുസമയേനവദാരികളോട
മെല്ലെയണഞ്ഞിടമരുളിച്ചെയ്തു
ഹന്തഭവാന്മാരുച്ചനുമൊരുചി-
ച്ചെന്തൊരുകായ്മനിമിത്തമിതോനീം
അന്തരമെന്യേപലവകകോപ്പുകളും
സന്തതമിവിടെവരുത്തീടുന്നു
ഹന്തകഥിക്കാമെങ്കിൽചൊല്ലുക
ചിന്തിച്ചറിയാനാളല്ലിഹഞാൻ
അന്ധനാരായുള്ളകിടാങ്ങൾ-
ക്കെന്തിതറിഞ്ഞിടുന്നുമനസ്സിൽ
ചിന്തിക്കുന്നുഭവാന്മാരെങ്കിൽദു-
രന്തംനമ്മുടെചാട്യംപുഴതേ
തന്നുടെമകനുടെവാക്കുകളിങ്ങനെ

Digitized By Kerala Sahitya Akademi

നന്ദൻകേട്ടമനസ്സുതെളിഞ്ഞു
മന്ദംമടിയിലിരുത്തിത്തഴുകി
മന്ദസ്മിതമൊടിവണ്ണംചൊന്നാൻ.
പുന്നാഗവരാളി—മുറിയടന്ത.
കടൽവണ്ണാ!തവായകണ്ണകേൾക്കമേവാചം
കമനീയഗുണനിലയാ
എന്നുണ്ണിക്കിടാവാകുംനിന്നോടുപറയാതെ
ഒന്നുമില്ലിതിനുന്നുനന്നായിധരിച്ചാലും (കടൽ)
വൃഷ്ടിക്കുടാതെസസ്യപുഷ്ടികൾഭവിയ്ക്കുമോ
കഷ്ടംമാനുഷരെല്ലാംനഷ്ടപ്പെട്ടഴലുന്നു (കടൽ)
പുല്ലുംവെള്ളവുംനല്ലപല്ലവാടികളൊന്നു-
മില്ലാതെപശുക്കളുട്ടംവല്ലാതെവലയുന്നു (കടൽ)
എന്നതുകൊണ്ടുനമ്മൾനന്നായിയജിക്കേണം
ഇന്ദ്രനംപ്രസാദിച്ചുതന്നീടുംവരമെല്ലാം (കടൽ)
ആട്ടെനിങ്ങനെപറഞ്ഞതുകേട്ടുചി-
രിച്ചുകൃഷ്ണനരുൾചെയ്തുപതുക്കെ
വാച്ചമൂഢരുരചെയ്തുപോലെ
നിറച്ചുനിങ്ങനെപറഞ്ഞതുചിത്രം
ചേച്ചിയില്ലിതിനുചെറുമിനിക്കൊരു
നിശ്ചയംമനസിവന്നതുമില്ലാ
മന്നിടത്തിൽമഴപെയ്യിക്കുന്നതു
മിന്നുനെന്നിഹകഥിച്ചതുകൊള്ളാം
മന്ദനായവനുമിക്കഥനേര-
ല്ലെന്നതന്നെയറിയാംമനതാരിൽ
ഇന്നുകാട്ടുകയില്ലുംമലതോറും

Digitized By Kerala Sahitya Akademi

നിന്നിടുന്നൊരുതരുക്കളശേഷം
ഇന്ദ്രനായ്ബലികൊടുപ്പതുമാക്കം
മുന്നമെങ്ങുമൊരുകേളിയുമില്ലാ
സവ്വസമ്മതമദ്ദുഷ്ടബലത്താ-
ലുവ്വിതന്നിൽമഴപെയ്തീടുന്നു
ഗവ്വുകൊണ്ടുപറയുന്നതുമല്ലിതു
നിവിഡാടമതുവേണ്ടതുചൊല്ലാം
ഗോകുലമല്ലോകുലധനമായതു
ഗോപജനങ്ങൾനാമുക്കെല്ലാക്കം
ആകുലമതിനുഭവിയ്ക്കുമ്പോൾനാ-
മാകെപ്പരവശരായിത്തീരും
നല്ലൊരുജലവുംപുല്ലുംതളിരുക-
ളില്ലെന്നാകിൽപശുകുലമുടനെ
അല്ലൽമൂഴുംജീവനകാരണ-
മെല്ലാവക്കുംഭോജനമല്ലോ
ചൊല്ലേറുന്നൊരുഗോവർദ്ധനഗിരി-
യെല്ലാനാളുംപശുവൃന്ദത്തിനു-
തെല്ലുംകുറവുവരാതുണാടിക-
ളുല്ലാസേനകൊടുത്തിടുന്നു
അരുവികളിതന്നിലെജലമൊരുദിവസം
പിരികിൽപരവശമീപശുവൃന്ദം
പെരുകിനദിഷ്ടമൃഗങ്ങളിൽനിന്നൊരു
പരിഭവവുംപുനരില്ലിവിടത്തിൽ
ജീവനപൂത്തികൊടുക്കുന്നവനെ
കേവലമേവനുമച്ചിക്കേണം

Digitized By Kerala Sahitya Akademi

സേവിക്കാതെടിനാംപ്രതിഃഗാക്കൾ-
ക്കാവശ്യപ്രദനാകനിമിത്തം
ഭാവിഃക്കണ്ടതിനേതുംവിമുഖത
സേവിക്കേണ്ടതുമവനെത്തന്നെ
ഗോവദ്ധനഗിരിയത്രേനമ്മുടെ
ശ്രീവദ്ധിപ്പാൻകാരണഭൂതൻ
എന്നതുകൊണ്ടീപവ്വതരാജനു
നന്നായിട്ടൊരുബലിനാൾകേണം
വന്നപടാത്ഥംപഴുതാക്കീടാ-
തിന്നേതുടതുകുപവ്വതയാഗം
തന്നുടെമൂത്ഥ്യാഗോവദ്ധനഗിരി
വന്നുമഹവിഭാഗമുമിഹവാങ്ങും
മന്ദൻഞാനീചൊന്നതശേഷം
നന്നെന്നുള്ളിൽതോന്നുന്നെങ്കിൽ
സന്നാഹങ്ങൾതുടങ്ങുവിനതിനാ-
യന്നേരത്തറിയാംപരമാത്ഥം
അന്ധതകൊണ്ടുജഗല്പതിഞാനെ-
ന്നന്തഗ്ഗ്വംവാസവനുള്ളതു-
മന്തരമെന്യേകളവാനൊരുവഴി
ചിന്തിച്ചംബുജനാഭനിവണ്ണം
സന്ധിച്ചരുൾചെയ്തതനവധിയുക്തികൾ
ഹന്തമുടക്കീവാസവയജ്ഞം
സന്തോഷിപ്പിച്ചദ്രിമഖത്തിനു-
മെന്തൊരുചിത്രമുറപ്പിച്ചവരെ

Digitized By Kerala Sahitya Akademi

നന്നിപ്പുറത്തുതന്നുനന്ദാദിഗോപവൃന്ദം
നന്ദിച്ചുസംഭാരങ്ങളൊന്നിച്ചെടുപ്പിച്ചുടൻ
ചെന്നുഗോവർദ്ധനാദ്രിസന്നിധൌമഖത്തിൻറെ
സന്നാഹംപലവിധമൊന്നൊന്നായാരംഭിച്ചു
ഒരുനാളുംകാണാതുള്ളുഗിരിരാജമഖംകാൺമാൻ
തരസാപോകണമെന്നുകുതിഗോപികമാരും
നിറയെഭ്രഷണമണിഞ്ഞൊരുമിച്ചുപുറപ്പെട്ടു
തരസായശോദയോടുഗിരിസാനുവിങ്കലെത്തി
കൊണ്ടൽനോവ്ണ്ണനിപ്പോൾമപണ്ടില്ലാതൊരുയാഗ-
മുണ്ടുതുടങ്ങീട്ടെന്നുകണ്ടുവർചൊല്ലിക്കേട്ട
കണ്ടുകൊള്ളുവാനുള്ളിലുണ്ടായസന്തോഷത്താ-
ലിണ്ടലറിയാതാശ്രമണ്ടിമഹീസുരന്മാർ
കുണ്ഠതയെന്യേചെന്നുവേണ്ടക്രിയകളെല്ലാം
കൊണ്ടാടിക്കഴിപ്പാനായ്ക്കൊണ്ടുടനുദ്യോഗിച്ചു
ഉത്തമപുരുഷൻറെചിത്തമറിയുംമുനീ-
സത്തമന്മാരുംപലരെത്തിയചിടെയപ്പോൾ
പാത്തലവാസികളാംമർത്ത്യന്മാരനവധി
ചിത്തമോദേനവന്നുപാർത്തുമഖത്തെക്കാൺമാൻ
ആർത്തിനാശനൻജഗന്നാർത്തികൃഷ്ണൻറെമായാ
വിസ്താരംനിരൂപിച്ചാലെത്രയുംചിത്രമത്രെ.
ചിലമുനികൾകുളിച്ചുജപിച്ചു
പലക്രിയകളുമങ്ങുകഴിച്ചു
നലമൊടുമറയോതിരസിച്ചു
കുലഗിരിവരമന്ത്രമുരച്ചു
കുംഭതാളംബലിച്ചുജകളെന്നിവ

Digitized By Kerala Sahitya Akademi

ബഹുവിധവിധികൾതുടങ്ങിയുംബത-
വാങ്ങിയുംചിതമായവർചെയ്തചിതം
ചലമിഴികളശേഷമൊരുങ്ങി
പലപുതുമകളോടുമിറങ്ങീ
ബലിവിധിയതുകണ്ടുതുടങ്ങീ
അലർശരനുടെകീർത്തിവിളങ്ങീ
അതിമോഹനമവരുടെയനുപമഗുണഗണശീലവും
ശുഭശീലവുംകൂടിലേക്ഷണവീക്ഷണവും
മഖവിധിയതുകണ്ടുമിരുന്നും
സഖിമാരൊടുസപദിനടന്നും
സുഖമിടയിടെലീലതുടന്നും
പരിതോഷവിധങ്ങൾപകർന്നും
ഗിരിന്ദ്രബലിയതുകണ്ടാപ്രഭൃതികളു-
മന്ദമോദംചെയ്യുന്നാളവിൽ
മഹേന്ദ്രജാലത്തിലുമിതുനാന്നെ-
ന്നുപേന്ദ്രനവരെബോധിപ്പിപ്പാൻ
നിനച്ചുമാനസതാരിലുപായവു-
മുറച്ചുമായാമൂർത്തിവസിച്ചു
ഉരച്ചുമന്ത്രപുരസ്സരമദ്രിയെ
വരിച്ചുബലിനാൾകുന്നൊരുസമയേ
ധരിച്ചുതാനേപവ്രതവേഷം
ധരിച്ചുചെന്നാസ്സദസിസമക്ഷം
ഗ്രഹിച്ചുമോദാൽതന്നുടെബലിയതു
തിരിച്ചുപോനാഥസപദിമറഞ്ഞു
കടത്തൊരത്ഭുതമിങ്ങനെകണ്ടു-
വടുത്തുനിന്നമഹാജനമെല്ലാം

Digitized By Kerala Sahitya Akademi

തടുത്തുദാമോദരനൊടുചൊല്ലിയ
പടുതപശാലികൾഗോപതിമാരും
പെരുത്തവിശപാസേനവിചിത്രം
വിചിത്രമിങ്ങനെപണ്ടൊരുനാളും
കരുത്തരാൽഭവികണ്ടിട്ടില്ലീ-
ത്തരത്തിലുണ്ടോമറെറാരുയാഗം!
നമസ്കരിപ്പിൻഗോവർദ്ധനഗിരി
നമുക്കുദൈവംസംശയമില്ലാ
മിടുക്കനുണ്ണികൃഷ്ണൻചൊല്ലിയ-
തൊടുക്കമത്രേസാധിച്ചുള്ളു.
എടുത്തിവണ്ണംവാഴ്ത്തിബ്ബലിയതി-
നടുത്തദക്ഷിണയുംബഹുചെയ്തു
മുകുന്ദനുംബലദേവൻനന്ദനു-
മമന്ദമോദാൽഗോപന്മാരും
പുരന്ദരശ്രീവിളയുംഗോകുല-
മമന്നുനിജനിജഭവനംപുക്കാർ.
അന്നുമഹേന്ദ്രൻദേവകളോടും
വന്നുസുധമ്മയിൽവാഴുംകാലം
തന്നുടെയാഗത്തിന്നുവിഭംഗം
നന്ദതനുജൻചെയ്തതറിഞ്ഞു
വന്നൊരുകോപാൽകണ്ണുകളായിര-
മൊന്നുചുകന്നുതുറിഞ്ഞുമറിഞ്ഞു.
ഒന്നുവിറച്ചുകറുത്തമുഖത്തോടു
നിന്നൊരുദേവകളോടരുൾചെയ്തു
"കഷ്ടംകഷ്ടംഗോകുലവാത്തുകൾ

Digitized By Kerala Sahitya Akademi

കേട്ടറിയുന്നോനിങ്ങളിദാനീം
ഇത്തരംബാലന്റെവാക്കുകൾകേട്ടതി-
നുത്തരംനാരദൻസാരമരുൾചെയ്തു;
"സതരംനാരായണന്റെപാദാംബുജം
ചിത്തത്തിലുറപ്പിച്ചുകൊൾകനീബാലക!
ആത്തൽനീങ്ങിടുവാനിതുനന്നായിട്ട
വേറുമൊന്നില്ലതിന്നുബോധിക്കനീ:
ലോകനാഥൻപരൻലോകൈകകാരണൻ
ലോകരക്ഷയ്ക്കുവൻദീക്ഷിച്ചിരിക്കുന്നു
ആകുലന്മാരുടെശോകമകറ്റുവാൻ
ആകുവേമാധവൻതന്റെചരിത്രങ്ങൾ:
മീനാന്പിരന്നുഹയഗ്രീവനാകിയ
ദാനവപ്രൌഢനെപ്പണ്ടുവധിച്ചതും,
താനൊരുകൂർമ്മരൂപത്തെദ്ധരിച്ചുടൻ
താണൊരുമന്ദരംപൊക്കിയെടുത്തതും,
ഘോരനായുള്ളഹിരണ്യാക്ഷനെപ്പൂരാ-
വാരാഹരൂപണചെന്നുടൻകൊന്നതും
വീരനായുള്ളഹിരണ്യകശിപുവി
നാരസിംഹാകൃതിപൂണ്ടുപിളർന്നതും
വാമനനായിമഹാബലിതന്നോടു

Digitized By Kerala Sahitya Akademi

ഭ്രമിടയല്ലാമേയളന്നമേടിച്ചതും
മിത്രവംശേരാമചന്ദ്രനായിപ്പുരാ
രാത്രിഞ്ചരേന്ദ്രന്റെകണ്ണംമുറിച്ചതും
പുണ്ണിവംശേബലഭദ്രനാകുന്നതും
കൃഷ്ണനാകുന്നതുംബുദ്ധിയാകുന്നതും
മന്നാചന്തരങ്ങളിലിങ്ങനെരൂപങ്ങൾ
പിന്നെയുംപിന്നെയുംനിവ്വഹിക്കുന്നതും
സന്ന്യാസിമാക്കുമോക്ഷംകൊടുക്കുന്നതും
ധന്യജനങ്ങൾക്കുപുഷ്ടിനൽകുന്നതും
ശത്രുകുലങ്ങളെസ്സംഹരിക്കുന്നതും
ഇത്രിലോകങ്ങളെക്കാത്തുകൊള്ളുന്നതും,
സത്രാശനന്മാക്കുനായകനായതും
സത്രങ്ങടെഫലദായകനായതും
സ്ഥാവരമായതുംജംഗമമായതും
കേവലംവിഷ്ണുതാനൊന്നുബോധിക്കുനീ;
ഈവണ്ണമുള്ളത്തിലോർത്തുകൊണ്ടാലിനി
ഈവകടുഃഖങ്ങളുണ്ടാകയില്ലെടോ!
ഈരേഴലകെന്നപേരായഭാരുവിൻ
നാരായവേരായനാരായണസ്വാമി
ഞരായദേവനിന്നോരായ്കമൂലമി-
പ്പാരായവങ്കടൽപോരായടുഃഖത്തി-
ലോരായിരക്കോടിപോരാമനുഷ്യരു-
മോരോവിധങ്ങളിൽവീണടുഃഖിക്കുന്നു;
മാനുഷന്മാരുടെമോഹങ്ങളോരോന്നേ
ഞാനുരചെയ്യുന്നുകേൾക്കുനീബാലകാ!

Digitized By Kerala Sahitya Akademi

കിട്ടുംപണമെങ്കിലിപ്പോൾമനുഷ്യർക്ക
ദുഷ്ടതകാട്ടുവാനൊട്ടുംമടിയില്ല;
കിട്ടിയതൊന്നുംമതിയല്ലുപിന്നെയും
കിട്ടിയാലുംമതിയല്ലുരാഗ്രഹം;
രണ്ടുപണംകിട്ടുമെന്നുകേട്ടാലവർ
മണ്ടുംപതിനെട്ടുകാതമെന്നാകിലും;
കിട്ടിയാലപ്പൊഴേകണ്ടപെണ്ണുങ്ങൾക്ക
കൊണ്ടുപോയ്ക്കൊടുപ്പാനുംമടിയില്ല;
ഭോജനത്തിനുംപ്രഥനത്തിനുംപിന്നെ
രാജസേവയ്ക്കുംരാഗ്രഹംലോകർക്ക
രാജാവിനെച്ചെന്നുസേവിച്ചുനിൽക്കയും
വ്യാജംപറഞ്ഞുപലരെച്ചതിക്കയും
കൈക്കൂലിമെല്ലെപ്പിടുങ്ങുവാനല്ലാതെ
ഇക്കാരിയക്കാരനാക്കില്ലുവാബ്രഹ്മാവും
മുക്കിൽവിരൽതള്ളിനിൽക്കുന്നവരെയും
നോക്കുവാൻപോലുമവസരമില്ലുപോൽ;
എത്രയുംദുഃഖമാംരാജസേവാടികൾ-
ക്കെത്രജനമുണ്ടതിനുതുനിയുന്നു
ശ്ലോകങ്ങളുണ്ടാക്കിയാലിന്നുനമ്മുടെ
ശോകങ്ങൾതീരുമെന്നെല്ലാംനിരൂപിച്ചു
ശ്ലോകംചമയ്ക്കുംപടങ്ങളുംനിർമ്മിക്കു-
മേകൻരുരാഗ്രഹംകൊണ്ടതുചെയ്യുന്നു;
പട്ടുകിട്ടുമ്പൊഴുംസന്തോഷമില്ലുവ-
നൊട്ടുപണംകൂടെമുമ്പേനിനയ്ക്കുയാൽ
വീരവാളിച്ചേലകിട്ടിയെന്നാകിലോ

Digitized By Kerala Sahitya Akademi

പോരാത്തതിവളുകിട്ടുവാനാഗ്രഹം
പാരിലോരോജനംദ്രവ്യമുണ്ടാക്കുവാൻ
ഓരോരോവിദ്യകഠംകാട്ടുന്നസന്തതം;
ആട്ടംപഠിക്കുന്നുപാട്ടംപഠിക്കുന്നു
കൊട്ടുപഠിക്കുന്നുപാട്ടസാധിക്കുന്നു;
മുട്ടാതെകച്ചകെട്ടുന്നുചിലർനിന്നു
വെട്ടുംതടയുംചടിയുംപയറുന്നു;
വായുനകൊണ്ടുഫലിപ്പുവിക്കാലമെ-
ന്നായതിന്നുംചിലരുണ്ണുംപിടിക്കുന്നു
ആയുധംവേണമെന്നാൽപണംകിട്ടുമേ
നായുധവിദ്യയ്ക്കുരുവൻതുനിയുന്നു
വിദ്യകഠംമറുള്ളതെല്ലാംവൃഥാതന്നെ
വൈദ്യംപഠിക്കണംദ്രവ്യമുണ്ടാക്കുവാൻ
കാരസ്കരാദ്യുതംഗ്രൽഗ്രൂതികൃതകം
ചേരുന്നനൈകളുമെണ്ണപൊടികളും
സാരമായുള്ളുഗ്രളികയുംകൊണ്ടുചെ-
ന്നോരോവിധംചണംകൈക്കലാക്കീടുന്നു
മന്ത്രവാദംപഠിക്കുന്നുചിലർപിന്നെ
മന്ത്രങ്ങളോരോന്നെഴുതിക്കൊടുക്കുന്നു
മന്ത്രികളോടുമരചരോടുംചെന്നു
മന്ത്രിച്ചുപട്ടംവളയുംപറിക്കുന്നു
ജ്യോതിഷശാസ്ത്രംപഠിച്ചുവർമിക്കുന്നു
പാതിരാജ്യംകൈക്കലാക്കാൻതടവില്ല
ജാതകംനോക്കീട്ടുവർപറഞ്ഞീടുന്നു
കൈതവംകൊട്ടിക്കൊടുക്കുംപലവസ്തു;

Digitized By Kerala Sahitya Akademi

"ജ്യോതിഷക്കാരനുംമന്ത്രിവാദിക്കുമ-
ച്ചാതുയ്മേറുന്നവൈദ്യനുംവേശ്യയ്ക്കും
ഏതുംമടിയ്ക്കാതെവേണ്ടതുനൽകുവാൻ
ഭൂതലവാസികൾക്കില്ലൊരുസംശയം
മറുള്ളവിദ്യകളെല്ലാംപണിപ്പെട്ട
പറഞ്ഞുകൊണ്ടുനടക്കുന്നാഭോഷക്ക്
കൊറുമാത്രംപോലുമെങ്ങുംകഴിവരാ
മറുള്ളതോപിന്നെയൊട്ടുംനിനയ്ക്കേണ്ട"
നീറിലെപ്പോളയ്ക്കുതുല്യമാംജീവനെ
പ്പോറുവാനത്രദുഃഖിക്കുന്നുമാനുഷർ
ആറുമില്ലോരോന്നു ചിന്തിച്ചുകാണുമ്പോൾ
മൂറുംദുരാഗ്രഹമെന്നേപറയാവൂ;
കാണുന്നതൊന്നുംപരമാത്മമല്ലെന്നു
കാണിനേരംബോധമില്ലുമനുഷ്യർക്കു;
ഉണ്ണുമുറക്കവുംകൊണ്ടുദിവസങ്ങൾ
പോണതുമാക്കുംമനക്കാമ്പിലില്ലേടോ
കാണത്തിനില്പുത്തുവേണ്ടുംപരാത്മാക്കൾ
കാണാഞ്ഞൊരുത്തനുഴന്നുനാടക്കുന്നു;
കാണപ്പുടവത്തരങ്ങളെടുപ്പുതി-
ന്നോണച്ചുരക്കുവന്നില്ലെന്നൊരുവിധം
പ്രാണനോടുംകൂടിവാഴുന്നനാണൊങ്കി-
ലേണമിഴിയാർക്കുവേണ്ടുതുനൽകുവാൻ
ആടലില്ലുതുംചിഷുവിനാകംപുറം
പീടപണിയിക്കുമെന്നാഞ്ഞൊരുവിധം:
കേട്ടതിൽത്താൽമതിമാളികയുണ്ടിനു-

Digitized By Kerala Sahitya Akademi

മോടിറക്കാൻപണമില്ലെന്നൊരുവിധം;
കണ്ടേടമൊട്ടുള്ളടിക്കിൽക്കടിയിരു-
ന്നുണ്ടുകൊള്ളാമെന്നാരുത്തന്റെവാഞ്ഛിതം;
കെട്ടുചമട്ടമെടുത്തുനടന്നിട്ടു
വീട്ടിലുള്ളോരെപ്പൊറുപ്പിക്കയുംചിലർ;
കിട്ടുന്നതെല്ലാംകളത്രത്തിനേകീട്ടു
പട്ടിണിതന്നേകിടക്കുന്നിതുചിലർ;
പട്ടംപണങ്ങളുംകെട്ടിവച്ചുംകൊണ്ടു
നാട്ടിലുള്ളാൾകൾതേടുന്നിതുചിലർ
പട്ടരോടേറുംകടംകൊൾകകാരണാൽ
പട്ടരെക്കണ്ടാലൊളിക്കുന്നിതുചിലർ;
മായാസചിവിയാംനാരായണൻതന്റെ
മായാസമുദ്രത്തിൽമുങ്ങിയുംപൊങ്ങിയും;
പ്രാണേയസവ്വജനങ്ങളുംദുഃഖിക്ക-
നായവസ്ഥാന്തരം ചിന്തിക്കബാലക!
നാനാജനങ്ങൾജനിച്ചുംമരിച്ചും
നാനാവിധങ്ങൾമനിനച്ചുംസുഖിച്ചും
കാരോരോടിക്കിൽചരിച്ചുംചിരിച്ചും
കാരോരോഭാവംനടിച്ചുംതടിച്ചും
മദ്യമാംസാദികൾകടിച്ചുംപൊടിച്ചും;
ഉദ്യോഗംമോടേമുടിച്ചുംമടിച്ചും
സാധുജനാത്തോടടുത്തുംകടുത്തും
സാധനമാരോനൊടുത്തുംകൊടുത്തും,
സംസാരദുഃഖംസഹിച്ചുംവഹിച്ചും
കംസാരിനാമംജപിച്ചുംരസിച്ചും

Digitized By Kerala Sahitya Akademi

സൽസ്വഭാവങ്ങൾകൊച്ചുമറച്ചും,
ദുസ്സ്വഭാവങ്ങൾനിറച്ചുംവിറച്ചും
സുന്ദരിമാരെത്തിഞ്ഞുംവിരഞ്ഞും
മന്ദതയോടെകരഞ്ഞുംപറഞ്ഞും
കണ്ടിതമെല്ലാംകളഞ്ഞുംതെളിഞ്ഞും
തണ്ടാർശരത്താൽവലഞ്ഞുംപിണഞ്ഞും
ഗർവ്വാഭിമാനംതിളച്ചുംപുളച്ചും
സർവ്വാചെന്നുകുളിച്ചുംചിരിച്ചും
ദിഗന്തേനടന്നുംഗൃഹത്തിൽകടന്നും
സുഖിച്ചുകിടന്നുംസുഖത്തോടിരുന്നും:
ജഗത്തില്പരന്നുംപിണക്കംവളർന്നും
മനോരുചിതിന്നുംഹിതന്മാരിതെന്നും
സുതന്മാരിതെന്നുംസുമന്ത്രങ്ങളെന്നും
ചരിത്രങ്ങളെന്നുംവിചിത്രങ്ങളെന്നും
സാരങ്ങളെന്നുംവിസാരങ്ങളെന്നും
വിനോദങ്ങളെന്നുംമനസ്സിൽനിനയ്ക്കയാൽ
കാണുന്നതൊന്നുംപരമാത്മമല്ലെന്നു
കാണിനേരംബോധമില്ലാമനുഷ്യർക്കു
വേണുവീണാദികൾകൊണ്ടുപലനേര-
മാണറക്കംകൊണ്ടുംതൻപിണക്കംകൊണ്ടു-
മേണാക്ഷിമാരുടെകേളീരസംകൊണ്ടും
ആയുസ്സുപോകുന്നതാക്കുംനിനവില്ല;
കായംനശിക്കുമെന്നുള്ളതുമോക്കില്ല
കായാംപൂവർണ്ണനെച്ചിന്തിക്കയുമില്ല
മായാബ്ധിതന്നിൽമുഴുകിക്കിടക്കയാൽ

Digitized By Kerala Sahitya Akademi

ദേഹം മുടങ്ങിക്കിടക്കുന്നു ഭോഷാദൃം
മോഹത്തിനേതുംകുറവില്ലുബാലക!
ദേഹമെന്നുംതന്റെ ദേഹിയെന്നുംപല
സാഹസംചിന്തിച്ചുതന്നേനടക്കയും
ജ്ഞാനംമനസ്സിലുദിക്കുന്നനേരത്തു
ഞാനെന്നഭാവംനശിക്കുംകുമാരക!
ആനന്ദമുണ്ടാംമനക്കാമ്പിലേറെറവും
ഞാനെങ്കിലിപ്പോൾഗമിക്കുന്നിതുശിശോ!
ഇപ്രകാരംനാരദമുനിയുംനല്ല
സൽപ്രകാരംപറഞ്ഞാശ്വബോധിപ്പിച്ചു
ആഭമാറ്റുത്തിങ്കലൂടേപുറപ്പെട്ടി-
തുൾപ്രമോദംകലന്നാശ്വകുമാരകൻ
സത്യസച്ചരുപനിൽ ചിത്തമുറപ്പിച്ചു
ശുദ്ധമായുള്ളിവനപ്രദേശത്തിങ്ക-
ലുത്തമമാകുംയമുനാതടേനിന്നു
സതരമങ്ങുതപസ്സുചെയ്യുംവിധൌ;
വീണാധരനായനാരദമാമുനി
ക്ഷീണനാമുത്താനപാദനെപ്രാപിച്ചു
വാണീവിശേഷങ്ങൾകൊണ്ടങ്ങവനുടെ
പ്രാണനെരക്ഷിച്ചുഴനാരുളീടിനാൻ
മോദമോടക്കാലമങ്ങുധ്രുവൻതാനു
ദാരിമാസംകഴിവോളമൊരുപോലെ
സാദരംമുമ്മൂന്നുവാസരംകൂടുമ്പോ-
ളേതാനുമോരോഫലങ്ങൾഭുജിക്കയും,
രണ്ടായമാസത്തിലാറാമുവാസരേ

Digitized By Kerala Sahitya Akademi

കണ്ണുതുറക്കെവിട്ടുപത്രംഭുജിക്കയും
മൂന്നായമാസത്തിലൊമ്പതാംവാസരേ
നന്നായ്ക്കുറച്ചുജലപാനമാക്കിനാൻ
നാലാമതാംമാസിപന്തിരണ്ടാംദിനേ
ബാലാനിലന്മാത്രമാഹാരമാക്കിനാൻ
അഞ്ചാമതായുള്ളമാനസത്തിലമ്പാല-
നഞ്ചാതെസംപരിത്യജിച്ചീടിനാൻ
പഞ്ചാത്മകമായദേഹത്തിലുംവായു-
സഞ്ചാരമെല്ലാമടക്കിവാണീടിനാൻ
ഏകപാദംഭ്രമിതന്നിലുറപ്പിച്ചു
ലോകമീരേഴുംമനസ്സിലാവാഹിച്ചു
ലോകനാഥൻവിഷ്ണുതാനെന്നുകല്പിച്ചു
ശോകമോഹാദികളെല്ലാമുപേക്ഷിച്ചു,
കാമവുംക്രോധവുംരാഗവുംദ്വേഷവും
സാദ്ധ്വസവുംസ്വേദവുംദാഹമോഹാദിയും
രോഗാവരോഗവുംവേർപെടുത്തീടിനാൻ
ഘോരമായുള്ളൊരുനിഷ്ഠയുറച്ചപ്പോ-
ളീരേഴുലോകവുമൊന്നുഭയപ്പെട്ടു
മാരുതസഞ്ചാരമെല്ലാമടങ്ങുക
കാരണംമാരുണമായദശാന്തരേ
കൊത്തിച്ചമച്ചമരപ്പാവകാംപോലെ
മത്ത്യജനങ്ങൾക്കിളക്കമില്ലാതെയായ്
പത്തനംതോറുമിരിക്കുംജനങ്ങടെ
വൃത്താന്തമെത്രയുംചിത്രമായ്ത്തന്നിതു;
നിത്യകർമ്മങ്ങളുമെങ്ങുമില്ലാതെയായ്

Digitized By Kerala Sahitya Akademi

ധാത്രീതലത്തിലെവാഴ്ത്തുകളുത്തമം
ഉണ്ടിരിക്കുന്നവൻവായുംതുറന്നങ്ങു
മിണ്ടാതിരുന്നാരുമുയുംകൈക്കൊണ്ടു;
കണ്ടിരിക്കുന്നവൻകണ്ണുംതുറന്നൊരു
തണ്ടികപ്പാവയെപ്പോലിരുന്നീടുന്നു
മുണ്ടുടുക്കുന്നവൻരണ്ടുകരംകൊണ്ടു
മുണ്ടുംഞൊറിഞ്ഞുപിടിച്ചുനിന്നീടുന്നു
തണ്ടെടുത്തുംകൊണ്ടുമണ്ടുന്നവനൊരു
കുണ്ടിൽമറിഞ്ഞുകിടന്നാൻതടിപോലെ
മുങ്ങിക്കിടക്കുന്നുവെള്ളത്തിലും ചിലർ
പൊങ്ങുന്നതിൻമുമ്പുവായുശമിക്കയാൽ
എണ്ണുംതപ്പുന്നവരപ്പാടിരിക്കുന്നു
കണ്ണെഴുതുന്നവരങ്ങിനെപാക്കുന്നു,
കഞ്ഞികോരിക്കുടിപ്പാൻതുടങ്ങുന്നവൻ
മുഞ്ഞിയുംതാഴ്ത്തീട്ടനങ്ങാതിരിക്കുന്നു
പാട്ടുപാടുന്നവർകയ്യുംചെവിക്കൽവ-
ച്ചൊട്ടുവായുംപിളർന്നങ്ങിനെനിൽക്കുന്നു
മദ്ദളംകൊട്ടുന്നവിദ്വാൻകഴുത്തിലാ-
മദ്ദളമിട്ടുകൊണ്ടങ്ങിനെനിൽക്കുന്നു
പറവിളിക്കുംകുഴൽക്കാരനന്നേരം
തെറ്റെന്നുകാലുംകവച്ചുനിന്നീടുന്നു
എത്രയുംവിസ്മയംസർവ്വജനങ്ങളും
ചിത്രമെഴുതിയപോലെകാണാകുന്നു
ധാത്രീതലത്തിലെധർമ്മവുംകർമ്മവും
ധാത്രീപതികടെടാവുംമാറ്റാവും

Digitized By Kerala Sahitya Akademi

വിപ്രജനത്തിന്റെവേദവും ശ്രുതാനവും
ക്ഷിപ്രംനശിച്ചിതുകീർത്തിയുംപൂർത്തിയും
വൈശ്യാജനത്തിന്റെകേളിയുംമേളവും
വൈശ്യജനത്തിന്റെനാണിഭംവാണിഭം
ശൂദ്രജനത്തിന്റെവീര്യവുംശൌര്യവും
ശൂന്യമായക്കാലമെന്നേപറയാവൂ
ഇഷ്ടിയില്ലാഞ്ഞിട്ടുവേകാഠക്കൊക്കെയും
പുഷ്ടിയില്ലാതെയായ്അഷ്ടിയില്ലാതെയായ്
പുഷ്ടിയില്ലാതെയായ്വൃഷ്ടിയില്ലാതെയായ്
കഷ്ടമിതെല്ലാംപറഞ്ഞാലൊടുങ്ങുമോ?
ഇന്ദ്രനുമഥചന്ദ്രനുമക്നിനുമഗ്നിയുമമരന്മാരും
മന്ദനുമരവിന്ദജനിന്ദുജനക്ജനസുരന്മാരും
ശുക്രനുമതിവിക്രമമേറിനകാലനുമരുണൻവരുണൻ
ശക്രനുടേവടകളുമിടവകുമന്ത്രികളോതിക്കാനും
അഷ്ടകരികളഷ്ടവസുക്കളുമഷ്ടഫണീന്ദ്രന്മാരും
സപ്തമുനികൾസപ്തമരുത്തുകൾസപ്തഹരിക്കന്മാരും
യക്ഷമുനികൾകിന്നരചാരണസാദ്ധ്യവിദഗ്ദ്ധന്മാരും
വൃദ്ധമുനികളിത്തരമനവധിവാനവവൃന്ദംകൂടി
മുരഹരനുടെചരണസരോരുഹമുടനേനമനംചെയ്വാൻ
തെരുതെരെയൊരുപരിഷകളവരവരവിതമവശതയോടെ
അഹമഹമിതുപായണമുടനിതുപായണമരിയിക്കേണം
ബഹുഭയമിതുകുറയണമിഹവൃദ്ധനെന്നുപലക്കുംബോധം
പാൽക്കടലുടെതടവിപുലതരചടചടഘോഷത്തോടേ
വാക്കുകളിവപലതരമുരചെയ്തമരകളാശ്രമനിറഞ്ഞു
ജയ!ജയ!പുരുഷോത്തമ!മാധവകേശവ!വാമനശൌരേ!

Digitized By Kerala Sahitya Akademi

ജയ! ജയ! ജഗദീശപരിശ്രുതവിശപമഹാഗ്രണസിന്ധോ!
ജയ! ജയ! നരപാലനലോലവിശാലസുശീലനമസ്തേ!
ഇതിബഹുതരസ്തുതിവചനങ്ങളനേകമുരത്തുസുരന്മാർ
ദിതിസുതരിപുചരണയുഗത്തവണങ്ങിവണങ്ങിനിതാ
(ന്തം,
അതിതരമതിപരവശഭാവമൊടങ്ങവർനിന്നദശായാം,
കൃതുകമൊടുടനഖിലചരാചരനാഥനണന്നരുൾചെയ്തു,
'മതിമതിമതിഖേദമമന്ത്യന്നാരേ!
ഗതിപുനരതിനണ്ടിഹകണ്ടിഹുഞാനും
പരിചിനൊടിഹനിങ്ങടെദുഃഖമിതെല്ലാം
ചിരതരമതിടുസ്സഹമെന്നറിയേണം
ധ്രുവനുടനിയമാഗ്നിയെരിഞ്ഞുതുടങ്ങി
ധ്രുവമവനതിമാനുഷനെന്നറിയേണം
ശിവശിവ! ശിശുവെങ്കിലുമെത്രസമർത്ഥൻ
നവനവമൊരുഭക്തിയുമെത്രവിചിത്രം!
കുവലയദളലോചനനത്ഭുതശീലൻ
അവനഹമുടനിന്നവരങ്ങൾകൊടുക്കാം
പരിണതഗുണശാലികൾനിങ്ങൾഗമിപ്പിൻ!''
മുരഹരവചനങ്ങൾനിശമ്യതദാനീം
സുരകുലമുടനാശ്ശിശമിച്ചുഗമിച്ചു
പരിചിനൊടുനിജമന്ദിരമെത്തിരമിച്ചു
ഉരുതരമതികൌതുകമോടുവസിച്ചു.
മായാസത്രുപിയാംനാരായണൻജഗ-
ന്നായകൻതന്നുടെവാക്കാമാകിയോ-
രായിരംപത്രമുള്ളോരുഗരുഡന്റെ

Digitized By Kerala Sahitya Akademi

കായംതടവിക്കരംകൊണ്ടുമെല്ലവേ
കണ്ണത്തിലാമ്മാറുകേറിക്രമേണവൈ-
കുണ്ഡലോകത്തിങ്കൽനിന്നുപുറപ്പെട്ട
രണ്ടുഭാഗത്തുംനിറഞ്ഞുമുനികളും
കണ്ടുകൊണ്ടെത്തുന്നഭക്തജനങ്ങളും
തുംബുരുതന്നെൽതിരുനാമമോതുന്ന
തുംബുരുനാരദനെന്നുള്ളടിച്യുരും
അംബുജവാസിയുംവാണിയുംക്ഷോണിയും
അംബരചാരികൾതന്നുടെക്കൂട്ടവും
ത്ര്യംബകൻതാരംഗിരീന്ദ്രതനുജയും
തമ്മിലലങ്കാരമായിപ്പുറപ്പെട്ട
മന്നവബാലകൻകണ്ണുമടച്ചുനി-
ന്നുതപസ്സുചെയ്കീടുംപ്രദേശത്തു
ചെന്നുമധുകാനനാന്തേമുരാന്തകൻ
നന്നായ്പ്രസാദിച്ചുനിന്നരുളീടിനാൻ,
പാഞ്ചജന്യദ്ധ്വനികേട്ടുധ്രുവൻമുദാ
കിഞ്ചനനേത്രംതുറന്നുനോക്കുംവിധൌ
നെഞ്ചിൽനിനച്ചവണ്ണംകാൺകകൊണ്ടുരോ-
മാഞ്ചഹർഷാശ്രുക്കൾപൂണ്ടുനിന്നീടിനാൻ;
ആറുമാസംതപംചെയ്തൊരുബാലകൻ
ഏറിയകൌതുകത്തോടുമുരാരിയെ,
കുറുളവായിപ്രസാദിച്ചവൃത്താന്ത-
മീരേഴുലകിലുംപാടുന്നസജ്ജനം;
അപ്പോൾധ്രുവനാംനരേന്ദ്രകുമാരകൻ
തല്പാദപങ്കജേവീണുകൂപ്പീടിനാൻ

Digitized By Kerala Sahitya Akademi

തല്പരമാത്മമറിഞ്ഞുപുകഴ്ത്തുവാൻ
കെൽപ്പുകരകയാലാനന്ദമഗ്നനായ്
ഉൾപ്പൂവിലാകുലംതേടിനിൽക്കുന്നതും
ചിൽപ്പുമാൻബോധിച്ചുമന്ദസ്മിതംതൂകി,
തല്പാണിപത്മേവിളങ്ങുന്നശംഖുകൊ-
ണ്ടപ്പോളവനെറകപോലസ്ഥലങ്ങളിൽ
ആദരവോടൊന്നുതൊട്ടോരുനേരത്തു
മോദംകലന്നൊരുബാലകൻദേവേന്ദ്ര-
സോദരനായമുകന്ദനെവന്ദിച്ചു
വേദാത്മസാരംസ്തുതിച്ചുതുടങ്ങിനാൻ:
"വന്ദേജഗല്പതേ!വന്ദേവിയല്പതേ!
വന്ദേഹരില്പതേ!വന്ദേമരുല്പതേ!
വന്ദേരമാപതേ!വന്ദേദയാനിധേ!
വന്ദേമഹാപുരുഷ!വന്ദേഗുണാനിധേ!
സൃഷ്ടികർത്താവായിവാഴുന്നതുംഭവാൻ
പുഷ്ടികർത്താവായിവാഴുന്നതുംഭവാൻ
ഇഷ്ടിഫലത്തെവരുത്തുന്നതുംഭവാ-
നിഷ്ടമാത്രാവെന്നുകേൾക്കുന്നതുംഭവാൻ,
തുഷ്ടിഫലത്തെവരുത്തുന്നതുംഭവാൻ;
വിഷ്ടപാലംബനമാകുന്നതുംഭവാൻ
മായകൾകൊണ്ടുവലയ്ക്കുന്നതുംഭവാൻ;
ആയതുപിന്നെയൊഴിക്കുന്നതുംഭവാൻ,
ആയതമായുള്ളധാത്രീതലംഭവാൻ,
വൃക്ഷങ്ങളായിവസിക്കുന്നതുംഭവാൻ,
പക്ഷികളായിപ്പുറക്കുന്നതുംഭവാൻ

Digitized By Kerala Sahitya Akademi

പുല്ലുകളായിക്കിളുക്കുന്നതുംഭവാൻ
കല്ലുകളായിക്കിടക്കുന്നതുംഭവാൻ
നല്ലുകമ്മങ്ങൾതുടങ്ങുന്നതുംഭവാൻ,
വല്ലാതെയാക്കിച്ചമയ്ക്കുന്നതുംഭവാൻ
ഇല്ലുങ്ങളെപ്പൊറുപ്പിക്കുന്നതുംഭവാൻ
ചെല്ലുങ്ങളെല്ലാംനിറയ്ക്കുന്നതുംഭവാൻ;
അഷ്ടിക്കുവേണ്ടതുനൽകുന്നതുംഭവാൻ
പട്ടിണിതന്നേകിടത്തുന്നതുംഭവാൻ;
മുട്ടിപ്പതിന്നുതുടങ്ങുന്നതുംഭവാൻ
മുട്ടുനന്നേരത്തുനൽകുന്നതുംഭവാൻ;
വെട്ടത്തുകാണാതിരിക്കുന്നതുംഭവാൻ
ചട്ടറവസവ്വേശനാകുന്നതുംഭവാൻ
കാടുന്നതുംഭവാനാടുന്നതുംഭവാൻ;
വിശ്വത്തിലുള്ളപദാർത്ഥസാദ്ധ്യങ്ങളിൽ
വിശ്വനാഥാ!ഭവാനെന്നുഞാനെപ്പോഴും;
വിശ്വസിച്ചീടുന്നുവിശ്വാസവാരിധേ!
വിശ്വൈകബന്ധോ!നമസ്കാരമോസ്തുതേ"
സ്തോത്രങ്ങളിങ്ങനെകേട്ടുപ്രസാദിച്ചു
പത്രീശവാഹനനന്താനുമരുൾചെയ്തു:—
"ധാത്രീശനന്ദന!ഖേദംകളകനീ
ധാത്രീതലംനിനക്കെല്ലാമധീനമാം;
വിക്രമമേറുംലഭിക്കുംനിനക്കെടോ!
ചക്രവർത്തിത്വവുംവന്നുകൂടുംദൃഢം;
ശുക്രബൃഹസ്പതിമാരോടൊരുമിച്ചു
ശക്രലോകേവസിപ്പാനുംകഴിവരും

Digitized By Kerala Sahitya Akademi

മുപ്പതിനായിരംദിവ്യസംവത്സരം
കെല്പോടുരാജ്യവുംവാണുസുഖിക്കനീ
അപ്പുറംദേവലോകത്തിലങ്ങെത്രയു-
മൽഭുതമാംപദംകിട്ടുംനിനക്കെടോ!
പുല്ലുമിത്രമിയുമുള്ളോരുനാളിലും
ചൊല്ലാൻദിക്കിലിരിക്കുമെന്നല്ലെടോ?
എല്ലാപ്രപഞ്ചംനശിക്കുന്നകാലത്തു
മില്ലവിനാശംനിനക്കുമദ്ദിക്കിനും
ധാത്രിയിൽവാഴുന്നകാലംതവാനുജ-
നുത്തമൻനായാട്ടിനായിപ്പുറപ്പെടും;
എത്തിപ്പിടിപെട്ടയക്ഷപ്രധാനികൾ
കുത്തികൊലചെയ്യുമെന്നുബോധിക്കനീ
പെട്ടെന്നുപുത്രവിയോഗംസഹിയാഞ്ഞു
കാട്ടാതിയിൽപിണചാവുംസുരുചിയും"
ചട്ടങ്ങളിങ്ങനെയെല്ലാമരുൾചെയ്തു
തൊട്ടതലോടിധ്രുവനെവഴിപോലെ
വേണ്ടുംവരങ്ങളുംനൽകിപ്പുതുക്കവേ
തണ്ടാരിൽമാനിനികാന്തൻമറഞ്ഞപ്പോൾ,
ഇണ്ടലകന്നുസുനീതികുമാരകൻ
കുണ്ഠതരംപുരംപുക്കുവാണീടിനാൻ.

ഇതി ധ്രുവചരിതം ശീതങ്കൻതുള്ളൽ

സമാപ്തം.

Digitized By Kerala Sahitya Akademi

പ്രഹ്ലാദചരിതം.

ശിതങ്കൻതുള്ളൽ.

ലോകനാഥനാഥയായലോകനാഥേപാഹിമാം
ലോലലോചനേസുവേണിവാണിദേവിപാഹിമാം
അമലകമലഹൃദയവാസേകമലപാണേപാഹിമാം
കമലസദൃശവദനേമായേവിമലേദേവിപാഹിമാം
സകലദിതിജദനുജമനുജബോധത്രുപേപാഹിമാം
ദനുജാദിതിചെയ്തകുടജഗിരിനിവാസേപാഹിമാം
വചസാമടിയനഭയമരുൾക പാഹിപാഹിമാം
കൃഷ്ണമുകുന്ദമുരാരെപാഹിവൃഷ്ണികുലേശചരശൌരേ
കൃഷ്ണമതിയായൊരെന്നിൽഭവാൻതൃഷ്ണപൂണ്ടീടുകനാഥ

(കൃഷ്ണ

മാരാരിമുമ്പായദേവന്മാരുംആരാഞ്ഞറിഞ്ഞുതൊഴുന്ന
നാരായണസ്വാമികൃഷ്ണന്തന്റെ
മരതകാകൃതിപൂണ്ടതിരുവുടൽമുഴുവനടിയനുമനസിതോ

(ന്നുക—കൃഷ്ണ

അക്ഷികണ്ണുശായിയായഭവാൻലക്ഷ്മീഭഗവതിയോടും
ശിക്ഷയിൽവന്നതുണ്ടോപ്പാനായി
പക്ഷിവാഹനചരണസരസിജമിക്ഷണംഭക്തികരുതിനേനി

(ഹ—കൃഷ്ണ

Digitized By Kerala Sahitya Akademi

ചാരുപാദയുഗംസേവിപ്പോരിൽ
കാരുണ്യമേറുകയാലെ
ചേരുകവേണംമനസ്സതിന്നുകരുണതരുവതിനടിയനിഹ
ഹരുപവനപുരമതിൽമരുവുമീശ്വരകൃഷ്ണമുകുന്ദ
വല്ലകണക്കിലുംഞാൻചൊല്ലുന്നവാക്കിന്നൊരു
തെല്ലുംപിഴവരാതെകല്ലോലമെന്നപോലെ
നല്ലവണ്ണമുടിപ്പാനുല്ലാസത്തോടുംകൂടി
മെല്ലെന്നനുഗ്രഹിക്കകല്യാണൊലയേദേവി
മല്ലാരികൃഷ്ണൻകഥാസല്ലാപത്തെക്കാളൊന്നു
നല്ലതില്ലെന്നതിന്നുനല്ലോർപറഞ്ഞുകേട്ടു
വല്ലാതമോഹമതിനില്ലുസാമർത്ഥ്യമെന്നാൽ
നല്ലകഥയിലല്ലോചെല്ലുനുബുദ്ധിയെന്ന-
ങ്ങെല്ലാരുംനിരൂപിച്ചുനല്ലതെന്നാക്കിത്തിപ്പാൻ
മല്ലാരിസേവയിങ്കലുല്ലാസത്തോടുംകൂടി-
ട്ടുള്ളഭ്രസുരന്മാരുമല്ലാതെയുള്ളവരും
നല്ലപോലെയെനിക്കുകല്യാണംനൽകുവാനാ-
യെല്ലാവരെയുമിതാപെറ്റവെറെവണങ്ങുന്നേൻ.

വെള്ളക്കുറികളുംപുള്ളിമാനുംനല്ല
വെള്ളവുംവെണ്മഴുവുംധരിച്ചുംകൊണ്ടു
വെള്ളിമലയതിൽദേവിയോടുംപള്ളി
കൊള്ളുന്നനാഥനായുള്ളമഹേശ്വരൻ
ഉള്ളംതെളിവോടുകാത്തുകൊണ്ടീടുവാൻ
കള്ളംകളഞ്ഞുനമസ്കരിക്കുന്നുഞാൻ
വെള്ളംനിറഞ്ഞുസകലലോകങ്ങളും
ഉള്ളിൽപ്രവേശിച്ചകാലത്തതിങ്കുന്നു

Digitized By Kerala Sahitya Akademi

തള്ളിയലയ്ക്കുന്നകല്ലോലസംഘത്തി-
നുള്ളിൽശയിക്കുന്നനാഥന്റെഭക്തരാ-
യുള്ളജനങ്ങളിൽമുമ്പുള്ളപ്രഹ്ലാദ-
നെന്നുള്ളബാലകൻതന്റെചരിത്രവും
എല്ലാജനത്തെയുംകാത്തുരക്ഷിക്കുന്ന
മല്ലവിലോചനൻതന്നുടെലീലയും
തെല്ലുസംക്ഷേപിച്ചുചൊല്ലുവാനായ്മന-
സ്സുല്ലസിച്ചീടുന്നതെന്നാൽനമുക്കതു
എല്ലാവരുംകഥചൊല്ലുന്നതുകേട്ടു
ചൊല്ലാമതുപോലെയെന്നല്ലുവാഞ്ഛിതം
കല്യാണവാരിധിതൻകഥതന്നിലു-
ള്ളില്ലാസമല്ലാതെയൊന്നല്ലുകാരണം
ചൊല്ലിയന്നോരുസഭയതിൽകിഞ്ചന
ചൊല്ലിപ്പഫലിപ്പിപ്പതിനെന്റെവാക്കിനു
വല്ലഭമില്ലാത്തമൂലമബദ്ധങ്ങൾ
വല്ലതുംവന്നുഭവിപ്പാനെളുപ്പമാം
വല്ലതെന്നാകിലുംസൽക്കഥചൊല്ലിയാൽ
നല്ലതെന്നോർത്തുക്ഷമിക്കേണമേവരും
കല്യാണവാരിധേ!കൃഷ്ണ!കൃപാനിധേ!
കല്യാണമെന്നിൽവരുത്തേണമീശ്വരാ.

എങ്കിലോമുന്നംജഗന്നിവാസൻമലർ
മങ്കതൻകൊങ്കപുണരുന്നമാധവൻ
എങ്കലുള്ളോരുകളങ്കമൊഴിക്കുന്ന
സംക്രന്ദനാനുജൻപങ്കേരുഹേക്ഷണൻ
തങ്കലോഭകൃതക്ലേസങ്കടവങ്കടൽ

Digitized By Kerala Sahitya Akademi

തങ്കരകേറുന്നശങ്കരസേവിതൻ
തങ്കിങ്കരരാംജയവിജയന്മാരെ
വൻകോപമോടുസനകാദികൾശപി-
ച്ചങ്കുരിച്ചീടിനതാപംനിമിത്തമാ-
യ്പങ്കജാക്ഷൻതാനവരോടുചൊല്ലിനാൻ
കിങ്കരന്മാർനിങ്ങളെങ്കലെദോഷമാ
തങ്കംവരാതുരുഷ്ടിമൂകൊണ്ടീടുകിൽ
ശങ്കവേണ്ടാവന്നുജന്മനാനിങ്ങളു
മെങ്കലേചേന്നീടുമില്ലൊരുസംശയം
ഈശ്വരവാക്കുകളിങ്ങിനെകേട്ടട-
നാശ്വാസമാണ്ടവർരണ്ടുംപേരുംതദാ
കാശ്യപമാമുനിതന്നൈരതനായരായ്-
ക്കാശ്യപിതന്നിൽദിതിസുതരായതിൽ
കനുഹിരണ്യകശിപുവെന്നുംപിന്നെ
യന്യൻഹിരണ്യാക്ഷനുമെന്നുപേരുകൾ
മന്ദേതരമവർചെയ്തപരാക്രമ-
മിന്നുപറവതിനാളല്ലനന്തനും
പാണിതന്നുള്ളിൽഹിരണ്യാക്ഷനാദരാൽ
ക്ഷോണിയെയുംകൊണ്ടുപാതാളലോകത്തു
വാണൊരുകാലംപരൻപുമാനീശ്വരൻ
ശ്രോണിയായ്ചെന്നവൻതന്നെവധിച്ചുടൻ
ക്ഷോണിയെത്തേറാറമേൽവെച്ചുകൊണ്ടന്നതി-
ക്ഷീണംകളഞ്ഞുരക്ഷിച്ചുപരിഭവ
ക്ഷീണതമൂലംഹിരണ്യകശിപുവും
മാധവനെയുംപരിപന്ഥികളെയും

Digitized By Kerala Sahitya Akademi

ബാധകൂടാതെയുപദ്രവിച്ചീടുവാൻ
വേധാവുതൻകൃപകൂടെവേണമെന്നു
ബോധിച്ചതിന്നുതുനിഞ്ഞാനവൻതദാ
മന്ദരപർവ്വതേചെന്നുതപസ്സുചെ-
യ്തുന്നവിധാതാവുവന്നുപ്രത്യക്ഷനായ്
നിന്നുചൊന്നാൻനിനക്കുവേണ്ടുംവരം
തന്നുകൊള്ളാമെന്നുകേട്ടോരനന്തരം
നന്നായ്തൊഴുതവൻനന്ദികലർന്നുടൻ
മന്ദമന്ദംവിധാതാവിനോടുചിവാൻ.

വേധാവേഭവാനെനിക്കഭീഷ്ടത്തെതരുന്നാകിൽ
ബാധയാരാലുംകൂടാതാധികളൊഴിക്കണം
ബാധിച്ചീടൊലാമൃത്യുഭവൽസൃഷ്ടഗണങ്ങളാൽ
സാധിക്കാതിരിക്കേണംപതിനെട്ടായുധത്താലും
ബോധിക്കവിപക്ഷങ്ങൾപലതുണ്ടൊന്നിലുംമൃത്യു
ബാധിക്കാതിരിക്കേണംബലംപാരംമുഴക്കേണം
ചോദിച്ചാനിവയൊക്കെബോധിച്ചുവിധാതാവും
കാതിനാൻനിനക്കൊക്കെസാധിക്കുംഗമിച്ചാലും

ഇത്ഥംവിധിതന്നനുഗ്രഹംകൈക്കൊണ്ടു
ചിത്തകൌതൂഹലംപൂണ്ടുവന്നാളരാൽ
ഉത്തമനാകിയഭാർഗ്ഗവാനുജ്ഞയാൽ
ഭൃത്യരോടൊന്നിച്ചുപത്തുനവാണുടൻ
അത്യുഗ്രനാമവൻചെയ്കപരാക്രമം
അത്യന്തകഷ്ടംപറഞ്ഞാലൊടുങ്ങുമോ?
വൃത്രാരിമുമ്പായദേവോത്തമന്മാക്ക_
മത്തൽപ്പെടുത്താൻകുലസ്ത്രീജനത്തിനും

Digitized By Kerala Sahitya Akademi

ഉത്തമകർമ്മിസമൂഹത്തിനുംഉചിത
സത്തമന്മാക്കുംവരുത്തിനാൻഭൂഷണം
സത്തമരായവർപത്തനേവാഴ്കിലും
തത്രചെന്നത്തൽക്കൂടാതെവധിച്ചങ്ങു
തത്തത്സമസ്തപദാർത്ഥങ്ങളൊക്കയും
പത്തനവുംതൻകരസ്ഥമാക്കുംദൃതം
ചട്ടങ്ങളിങ്ങനെയെന്നല്ലവൻപിന്നെ
വിഷ്ണുപംമൂന്നുംകരസ്ഥമാക്കീടിനാൻ
വിഷ്ണുപേശംഭജിച്ചിഷ്ടലാഭേനസ-
ന്തുഷ്ടരായ്മേവുന്നശിഷ്ടമുനിജനം
ഞെട്ടംഹിരണ്യാക്ഷരംകേട്ടുവെങ്കിലോ
കട്ടല്ലവനുടെകഷ്ടകർമ്മംതുലോം.
വിഷ്ണുപേശൻഞാനിതിനില്ലസംശയ-
മിഷ്ടിഭാഗങ്ങളിനിക്കുതന്നീടണം
പുഷ്ടഭക്ത്യാജപിച്ചീടേണമെൻനാമ-
മിഷ്ടലാഭമവക്കെന്നാലകപ്പെടും
നാരായണനുടെനാമംജപിക്കൊലാ
മാരാരിനാമവുമുച്ചരിച്ചീടൊലാ
ആരെങ്കിലുംജപിച്ചീടുന്നതാകിലോ
ചേരുന്നനാവരിഞ്ഞീടുവനേഷഞാൻ
ധീരൻഹിരണ്യകശിപുതാൻചെയ്തതു
നേരേപറവതിനാളല്ലുഞാനഹോ
നാരായണഹരേപാഹിമാംപാഹിമാം
പാരേഴുണ്ടിനുംനാഥാമുരാന്തകാ!

Digitized By Kerala Sahitya Akademi

ഇത്തരമവനത്തൽപെടുത്തുജഗത്തുകളൊക്കയുമപ്പോ
സതപരമഥസത്തമദേവകൾഭൃത്യസമൂഹത്തോടും (ൽ
ഉത്തമമുനിമാരൊടുമൊത്തുടനോത്തിനനാഥനുമായി
ഉത്തമപുരുഷംപ്രതിഗതപാതൈത്യജമത്തലുംചൂ
മധുരിപുരിതിവിധിയൊടുമധുരമുവാച
പരവശതകളുള്ളതശേഷമൊഴിക്ക
കരബലനിധിനാശമടുക്കെയടുക്കും
സുരപതിയുടെപരവശമൊക്കെനശിക്കും
സുരരിപുവരസുതനുടെഭക്തിനിമിത്തം
നരഹരിവടിവാശുധരിച്ചുഹനിക്കും
സരസിജഭവപോകപുരംപ്രതിവാഴ്ക
മുരരിപുവുടെതിരുമൊഴിയിങ്ങിനെകേട്ട
നിജനിജപദമാശുഗമിച്ചുവസിച്ചു
അക്കാലമക്രമിയായഹിരണ്യന്റെറ
മക്കളിൽമൂത്തവൻവിഷ്ണുഭക്തോത്തമൻ
കല്ഹാരപുഷ്പമൃദുഗാത്രനായുള്ളൊ-
രാഹ്ലാദശാലിയാംപ്രഹ്ലാദബാലകൻ
ഉറവരായുള്ളബാലകരുംപിന്നെ
മറുള്ളദൈത്യബാലന്മാരുമൊത്തുടൻ
കുറമറിടുംഭൃഗുസുതന്മാരുടെ
ചുറുമിരുന്നുടനേറരംകുതൂഹലാൽ
അറമില്ലാതുള്ളവിദ്യകളൊക്കയും
തെറുക്കുടാതഭ്യസിക്കുംദശാന്തരേ
അത്യന്തബുദ്ധിമാന്മാരവരേവരും
അത്തൽക്കുടാതെപഠിച്ചുസമസ്തവും

Digitized By Kerala Sahitya Akademi

സത്തമന്മാരാമവരിൽവച്ചെത്രയും
ഉത്തമനാകിയപ്രഹ്ലാദബാലകൻ
ഉത്തമപുരുഷസകതിപുരൈവതാൻ
ചിത്തത്തിലാക്കിവച്ചീടുകകാരണം
സിദ്ധിച്ചഭക്തിയങ്ങുൾത്തടേവച്ചതിൽ
ശ്രദ്ധയാകുംവളമിട്ടുമുളപ്പിച്ചു
തുഷ്ടജ്ഞാനനമ്പുവേത്രുന്നിപ്പടന്നിതു
ജ്ഞാനങ്ങളാകുന്നപത്രസംഘങ്ങളും
ധ്യാനങ്ങളാകുന്നപുഷ്പസമൂഹവും
മോക്ഷമാംപകപംഫലിയ്ക്കുംലതയ്ക്കൊരു
വൃക്ഷമായ്വന്നിതുപ്രഹ്ലാദബാലകൻ
വിഷ്ണുഭക്ത്യാലയിച്ചീടുകകാരണം
വിഷ്ണുജഗൽസർവ്വമെന്നുതേറീടിനാൻ.
കൃഷ്ണകൃഷ്ണ!ഹരേ!നാരായണജയ
വിഷ്ണോജയജഗന്നാഥജയജയ!
ബാലനീവണ്ണമുറപ്പിച്ചുവാണൊരു
കാലമദ്ദൈത്യൻഹിരണ്യകശിപുതാൻ
ബാലകൻതന്നെവിളിച്ചുമടിയിൽവ-
ച്ചോലോലവീഴുന്നഹർഷാശ്രുധാരയാ
ക്ഷാളനംചെയ്തുടൻചുംബിച്ചുമുദ്നി
ലാളനശീലനാംബാലനോടു ചിവാൻ
ബാലാഭവാനിത്രനാളുംമെനക്കെട്ടു
ചാലേപഠിച്ചുള്ളവിദ്യകളുള്ളതിൽ
മേലേവിശേഷമാംവിദ്യയെന്തെന്നതും
നേരേപറകകുമാര മടിക്കാതെ

Digitized By Kerala Sahitya Akademi

ബാലകൻലീലയെടിഞ്ഞുമന്ദേതരം
കാലിണകൂപ്പിത്തൊഴുതുചൊല്ലിടിനാൻ
ലോലായതാക്ഷനാംവിഷ്ണുതൻഭക്തിയിൽ
മേലേമറൊന്നില്ലുഞാൻകണ്ടതിലഹോ
പാരംമനസ്സിലുറച്ചുനമുക്കതു
നേരേധരിക്കതിരുമനസ്സിൽഭവാൻ
ധീരതപൂണ്ടവൻചൊന്നതുകേട്ടതി-
ക്രൂരനാംദൈത്യൻപിടിച്ചുതള്ളീടിനാൻ
പാരംപണിപ്പെട്ടെഴുന്നേറുബാലനും
നാരായണപാഹിയെന്നുകൈകൂപ്പിനാൻ
കർക്കശൻദാനവൻക്രുദ്ധിച്ചുബാലനോ-
ടിക്കണക്കോനിൻറെബുദ്ധിമഹാജളാ
നോക്കെടാബാലകനിന്നുടെദുഷ്ടവാ-
ക്കുകളെല്ലാംമതിമതികൂമ്മല
നീക്കമില്ലാതെൻവിരോധിയായുള്ളൊരു
പാൽക്കടൽവർണ്ണനോനിന്നുടെനായകൻ
നോക്കുനോക്കെന്നുപറഞ്ഞുകോപിച്ചവൻ
പാത്തുട്ടഹ്രസുതന്മാരോടുചൊല്ലിനാൻ
ഉഠിക്കാമ്പിലോരോമതങ്ങൾധരിച്ചുട-
നിക്കണക്കേയിവൻതന്നെപ്പഠിപ്പിച്ച
ധിക്കൃതിയേറുന്നനിങ്ങളെല്ലാവരും
മൽക്കരദണ്ഡംസഹിക്കുമോചൊല്ലുക
വാക്കുകേട്ടീദൃശംകേട്ടഭയപ്പെട്ട
കാല്ക്കൽതൊഴുതുനിന്നാശുചൊന്നാരവർ
ഇപ്പോളിവൻചൊന്നവാക്കുകളൊക്കയു-

Digitized By Kerala Sahitya Akademi

പ്രഹ്ലാദചരിതം.

ധിക്കൃതിഃയരുന്ന നിങ്ങളെല്ലാവരും
മൽക്കരദണ്ഡം സഹിക്കുമോ ചൊല്ലുക.

Digitized By Kerala Sahitya Akademi

മെപ്പൊഴതെങ്കിലുംകേട്ടീലിതിൻകീഴിൽ
ഇപ്പാരിലേറാമഗതികളാരംഞങ്ങ-
ളല്പമെന്നാലുംപരിപ്പിച്ചതല്ലിതു
ഏറുന്നകോപങ്ങളിങ്ങനെകാൺകയാൽ
നീറുന്നുമാനസംപൊയ്യല്ലുമന്നവാ
ആരാൻപറഞ്ഞതുകേട്ടതോകശ്മലൻ
നേരേധരിക്കവിൻനേരറിഞ്ഞീടുവിൻ
വാരണംചെയ്യണംപാരംപ്രഹരിച്ചു
തീരണമീവിധംകാണരുതിന്നിമേൽ
പോകണംപോകണംബാലകംകൊണ്ടുപോ-
യാകുന്നവണ്ണംപഠിപ്പിച്ചുകൊള്ളുവിൻ
ഇത്തരംകേട്ടവർസത്വരംബാലനോ-
ടൊത്തുപുറത്തുപോന്നത്തലോട്ടംതദാ
ഉത്തമബാലകനോടുചോദിച്ചവ-
രിത്തരംനിന്നെപ്പഠിപ്പിച്ചതാരെടോ!
ചിത്തത്തിലുള്ളതോമറൊരുത്തൻനിന്നെറ
ചിത്തത്തിലാക്കിസ്ഥിരിപ്പിച്ചതോയിതു
സത്യംപറകെന്നുകേട്ടതിനുത്തരം
സത്യവന്മാരാമവരോടുചൊല്ലിനാൻ
ഭാവനാരൂപനാംവിഷ്ണുവിൻമായയാ
ഭാവനാഭേദങ്ങൾതോന്നുന്നിതനവധം
മായാമയൻമമാചായ്യൻജഗൽഗുരു
തോയാകരവാസിയായനാരായണൻ
ഏവംപറഞ്ഞുമുമ്പുംപ്രവൃത്തിച്ചു-
മീവണ്ണമുള്ളോരുബാലകൻതന്നുടെ

Digitized By Kerala Sahitya Akademi

ഭാവംപകരുവാനോരോവിധംക്രൂര-
ഭാവംനടിച്ചുശിക്ഷിച്ചുമുനിസുതർ
അടിക്കുംനിൻതലയ്ക്കിട്ടങ്ങിടിക്കുംപല്ലുകൾതല്ലി
ത്തകർക്കുംകാലുകൾരണ്ടുമൊടിക്കുംനിന്നുടെദേഹം
പൊടിക്കുംഭൂമിയിലുള്ളപൊടിക്കുംപാത്രമാക്കീഞാ-
നിഴയ്ക്കുംപാരമെന്നല്ലാകെഴിക്കുംഹിംസയുംപക്ഷേ
പാടവമേറുംമുനിസുതരിങ്ങനെ
ആടലോടുംശിക്ഷചെയ്തുത്രിവഴ്ഗവും
പാഠമാക്കിപ്പഠിപ്പിച്ചുരവരന്നു
ഘാടവശാലിയിവനെന്നുറച്ചുടൻ
കൈടഭവൈരിതൻഭക്തനെക്കൊണ്ടുപോയ്
പേടിക്കൂടാതെവണങ്ങിനാർതൈത്യനെ.
പേടിയുംമോടിയുമില്ലാത്തബാലനെ
മാടിവിളിച്ചരികത്തിരുത്തിത്തദാ
ലാളനാശ്ലേഷാദിചെയ്തുചോദിച്ചിതു
ബാലാപഠിച്ചതിൽനല്ലതെന്തെന്നുചൊൽ
വിഷ്ണുതൻഭക്തിയിൽമേലെമറൊന്നില്ല
കൃഷ്ണനാരായണഏന്നവൻപിന്നെയും
തൃഷ്ണപൂണ്ടിങ്ങനെചൊൽകേട്ടുമാനവൻ
ഉൾനിച്ചുഭേസിച്ചുചൊല്ലിനാനെന്തിദം
മൽക്കരതാഡനത്തിങ്കൽഭയപ്പെട്ട
ടിക്കുകളിൽപാക്കുതെന്നുറച്ചുടൻ
പാൽക്കടലിൽപുക്കൊളിച്ചവനെത്രയും
ശക്തനെന്നാരൊടൊചൊല്ലിക്കൊട്ടത്തതും?
അക്രമമിങ്ങനെപുത്രനെത്താന്നിച്ച

Digitized By Kerala Sahitya Akademi

ധിക്കാരികളായനിങ്ങളെല്ലാവരും
ഇക്കാലമില്ലാതെയാക്കുന്നതുണ്ടുഞാൻ
നിശ്ചയിച്ചാലതിനില്ലപക്ഷഭയം
ഇത്ഥംപറഞ്ഞതിക്രുദ്ധനായ്നില്ക്കുന്ന
ദൈത്യനോടത്തൽപൂണ്ടാശുചൊന്നാരവർ
ഭുവനനായകാവീരാഅവനാശീലനാംനാഥാ
ഇവരാരുംഗ്രഹിച്ചതല്ലിവനിച്ചൊല്ലിയവാഞ്ഛാ
മതിയിങ്കലിതുമുന്നംസ്ഥിതിയുള്ളതറിഞ്ഞാലും
ചതിയല്ലപറയുന്നുപിതാവാണസത്യമത്രെ
കരുപോതുംനിരൂപിച്ചാൽതരമില്ലെങ്ങളാലെന്നു
തിരുവുള്ളമതിലാവാൻപറയുന്നിന്നടിയങ്ങൾ
തിരുമേനിയൊഴിച്ചിന്നൊരുഗതിയില്ലചൊല്ലാം
പരമാത്മനിതെന്നതുകരുതിപ്പാലയനാഥാ!
ഏവംപറഞ്ഞതുകേട്ടോരനന്തരം
ഭാവംപകർന്നുഹിരണ്യകശിപുവും
ദൈവാനുകൂലമേറുന്നോരുബാലനെ
ദൈവംമറന്നുകൊണ്ടിങ്ങിനെചെയ്തവ
ഏവനുംചൊല്ലുവാനാവതല്ലാത്തതു
ദേവദേവ!ഞാൻപറഞ്ഞാലൊടുങ്ങുമോ
ഭക്ത്യാപിഞാനിന്നിതുപറയുന്നതിൽ
വ്യക്തിപോരാതെവന്നാലുംപിഴയ്ക്കിലും
ഭക്തപ്രിയ!ഭവാൻകാത്തുകൊള്ളേണമേ
മുക്തിപ്രദ!പാർത്ഥിപാർത്ഥിനാരായണ!
വാളിൽപരിചയമേറുന്നഭൃത്യനെ -
ത്യാദികൾചൊടുകല്പിച്ചുപ്പാപ്പിച്ചിതു

Digitized By Kerala Sahitya Akademi

ബാലനെക്കൊണ്ടുപോയ്ക്കൊല്ലുവിനെന്നുടൻ
വാളുംകൊടുത്തുപറയഞ്ഞയച്ചീടിനാൻ
ദുഷ്ടനാംദൈത്യനീവണ്ണംപറഞ്ഞങ്ങു
വിട്ടതുനേരംമഹാജനമൊക്കവെ
കഷ്ടമാഹന്തകഷ്ടംകഷ്ടമിങ്ങിനെ
ശിഷ്ടരായുള്ളവർചൊല്ലിനിന്നീടിനാർ
കേട്ടുകേട്ടങ്ങുലോകേവസിക്കുംജനം
കൂട്ടംതുടങ്ങിനാരിങ്ങനെതങ്ങളിൽ
കേട്ടീലയോതാൻവിശേഷങ്ങളൊന്നുമേ?
കേട്ടീലചൊല്ലുവിനെന്തൊരുവാസ്തവം
കൂട്ടിയെത്തമ്പുരാൻവെട്ടുവാൻകല്പിച്ചു
കൂട്ടിയേയോകൂട്ടിയെത്തന്നെനിശ്ചയം
തമ്പുരാൻതന്നുടെപുത്രനോഅന്യനവൻ?
തമ്പുരാൻതന്നുടെമൂത്തപുത്രനവൻ
എന്തൊരുകാരണംകൊണ്ടുഹനിക്കുന്നു
ബന്ധമേതെങ്കിലുംകേട്ടുവോതാനതു
ബന്ധംപറവാൻവിചാരിക്കണംകിഞ്ചിൽ
ബന്ധനമുക്കുംമരണത്തിനായ്വരും
എന്തോരുപേരുചൊല്ലിനാനായവൻ?
ബന്ധത്തെയിത്രയോളംപറഞ്ഞീടുവൻ
കൂട്ടികളെവിളിച്ചുവല്പിച്ചുകൊള്ളണം
കൂട്ടംപറയാതിരിക്കണംപേരിതു
നമ്മുടെബാലകനിശ്ശീലമെന്നതു
ചെമ്മേവിചാരിക്കിലില്ലനിസ്സംശയം
കേളനാംനമ്മുടെബാലകനിന്നലെ

Digitized By Kerala Sahitya Akademi

കാലിലൊരുകല്ലുതട്ടുകകാരണം
നാരായണായെന്നൊരുഗിരംശബ്ദിച്ചു
ആരുംഗ്രഹിച്ചീലതെൻഭാഗ്യമൽഭുതം
താച്ചനെന്നരുണ്ടൊരുബാലനിനിക്കവ-
നൊച്ചയില്ലാപുറത്തേക്കൊരുതെല്ലുമെ
തച്ചുവെന്നാലുംകരയുമാറില്ലവ-
നിച്ചരിത്രംനിരൂപിക്കിലത്ഭുതം
പേർപറയാത്തവൻപേർപറഞ്ഞീടൊലാ
പാരമാപത്തിനുകാരണമാക്കൊലാ
ഇത്ഥംപലരുംപറയുന്നതുനേര-
മുത്തമനായകുമാരനോടുംതദാ
എത്തിക്കൊലസ്ഥലത്തപ്പൊഴേഭൃത്യരും
ചിഞ്ചത്തിലുള്ളതോരോന്നവർചൊല്ലിനാർ
വെട്ടുകബാലനെയൊട്ടുംമടിക്കാതെ
വെട്ടുമോനീയെടാഅരാങ്ങനടായിത്
വെട്ടുവാൻതമ്പുരാനെന്നോടുകല്പിച്ചു
വെട്ടിയാൽകൊണ്ടുവായെന്നുകല്പിക്കിലോ
വെട്ടേണ്ടപോകനാമങ്ങോട്ടുവൈകാതെ
വെട്ടണംതാമസിച്ചീടുവിൻകാൽക്ഷണം
കൊച്ചുരാജാവേഭയാനെഹനിപ്പതി-
ന്നച്ഛന്നേറവാക്കിനാൽകൊല്ലുന്നഞങ്ങളും
അച്ഛനിന്നെന്നെവധിപ്പാൻപറഞ്ഞാകി-
ലിച്ഛയാകൊന്നാലുമെന്നുചൊല്ലിടിനാൻ
ഏവംപറഞ്ഞൊരുബാലകനപ്പോഴേ
ഭാവനാരൂപനെദ്ധ്യാനംതുടങ്ങിനാൻ

Digitized By Kerala Sahitya Akademi

ദേവ ദേവ കൃഷ്ണനാരായണപാഹി
ദേവാരിനാശന! പാഹിനാരായണ!
ലോകത്തിലെല്ലാംഭവാനുംവസിക്കുന്നു
ലോകങ്ങളെല്ലാംഭവാങ്കലുംവാഴുന്നു
ചാകുന്നതല്ലഭവൽകൃപയുണ്ടെങ്കി-
ലാകുന്നതല്ലാഹനിപ്പാനൊരുത്തനും
നാരായണാ! പാഹിനാരായണ! പാഹി
നാരായണ! പാഹിനാരായണ! ഹരേ!
ധ്യാനമീവണ്ണമുറച്ചുനിൽക്കുംവിധൌ
മാനംനടിച്ചതിലേകദൈത്യൻചെന്നു
കാലുവെച്ചുംമാറിനിന്നുമടുത്തുടൻ
ബാലനൊക്കൊല്ലുവാനായിവെട്ടീടിനാൻ
ബാലന്റെദേഹത്തിലെത്തുവാനായൊരു
കാൽവിരൽപോരാഞ്ഞുവാളുചെന്നപ്പോഴേ
കാലിന്റെമേലേമുറിഞ്ഞവനുംചെന്നു
കാലപുരിപുക്കുവാണതുകണ്ടതിൽ
അന്യൻപുറപ്പെട്ടുചെന്നുവെട്ടുമ്പൊഴ-
തൊന്നുപിടച്ചുവാൾമോല്പാട്ടുപോയിതു
കുത്തിനെറുകയിൽവീണിതതുകണ്ടു
തത്രനിന്നീടുന്നദൈത്യടേജനം
കുത്തുവെട്ടീടിനാർതങ്ങളിൽതങ്ങളിൽ
ചത്തുപോയെന്നേപറയേണ്ടുസവ്വരും
അത്തലുംബാലകനൊത്തീലതെല്ലുമേ
സതാരംപിന്നെയുംബാലനെക്കൊല്ലുവാൻ
ധിക്കൃതിയേറുന്നദിക്കരിചർത്തെ

Digitized By Kerala Sahitya Akademi

ഒക്കെവരുത്തിച്ചുകുത്തിച്ചുബാലനെ
പാൽക്കടൽവർണ്ണനെധ്യാനിച്ചിതപ്പൊഴം
അക്കരിവർഗ്ഗന്തെങ്ങാംപൊടിഞ്ഞിതു
അഷ്ടനാഗങ്ങളെവിട്ടിതവർചെന്നു
പുഷ്ടരോഷംകടിക്കുന്നതിൻമുന്നമേ
കൂറിയോടെപല്ലുശേഷംകൊഴിഞ്ഞുപോയ്
വിഷ്ണുദേവൻറെമായാവൈഭവത്തിനാൽ
കുണ്ഡത്തിലിട്ടെരിച്ചീടേണമെന്നോർത്തു
കുണ്ഡംകുഴിച്ചതിൽതിയ്യുംജ്വലിപ്പിച്ചു
തിണ്ണന്നുബാലനെക്കെട്ടിയെറിഞ്ഞിതു
കണ്ണനെയപ്പൊഴുള്ളിലാക്കീടിനാൻ
ഉണ്ണിയാംപ്രഹ്ലാദനങ്ങുചെല്ലുംവിധൌ
വഹ്നിയുംകെട്ടതണഞ്ഞുതദ്ദേശവും
സഞ്ജ്ഞബാലനെപ്പിന്നെപ്പിടിപെട്ട
ദുഷ്കരപാശബന്ധനംചെയ്തുകൊ-
ണ്ടുവ്വരാമേഖലതന്നിലാക്കീട്ടുമേൽ
പർവ്വതസംഘങ്ങളേറിമൂക്കീടിനാർ
സർവ്വംസഹാനാഥനെച്ചിന്തചെയ്തയാൽ
പർവ്വതസംഘംപൊടിഞ്ഞുപാശങ്ങളും
പൊട്ടിയബാലനെയപ്പുതികണ്ടുടൻ
അബ്ജിതൻതിരംകയേറിവെച്ചീടിനാൻ
ഭക്ഷണാദ്യങ്ങളിൽക്ഷേപളംകൊടുത്തതും
കുക്ഷിസ്ഥിതനീശൻഭക്ഷിച്ചുകൊണ്ടിതു
കാറുംചൂഴലിയുംവന്നടുത്താനതും
ഏറെറില്ലബാലകനെന്നല്ലുവാറിനെ

Digitized By Kerala Sahitya Akademi

ഏറാംപരവശമാക്കിട്ടഹിപ്പിച്ചി-
തൂറാംപെരുത്തൊരുദേവകൃപാവശാൽ
ഇങ്ങിനെയോരോന്നുചെയ്തതൊന്നുംബാല-
നങ്ങുതട്ടാഞ്ഞൊരുനേരത്തുമാനവർ
തങ്ങളിൽചൊല്ലീട്ടൊരുത്തൻപറഞ്ഞതി-
നിങ്ങൊരുകൌശലമുണ്ടതുചെയ്യണം
ഗഹ്വരംതീർത്തതിൽപ്രഹ്ലാദബാലനെ
സത്വരംനിക്ഷേപണംചെയ്തുഗഹ്വരം
മൃത്തികകൊണ്ടുമൂടീടുകതൽക്ഷണേ
ചത്തുപോയീബാലനെന്നുകഥിച്ചിടാം
അത്തൽതീർന്നനമുക്കുംപൈത്യരാജനും
ചിത്തത്തിലിത്ഥമുറച്ചിതുഞാനെന്ന-
ത്യന്തമൂഢനൊരുത്തൻപറഞ്ഞിതു
നിക്ഷേപണംചെയ്തുവെങ്കിലീബാലകൻ
തൽക്ഷണംതന്നെമൂച്ചുവരുംദൃഢം
വൃക്ഷമുണ്ടാകുംമഹീരുഹത്തിൽനല്ല
ശിക്ഷയാപ്രഹ്ലാദസംഘ്ലംഘലിച്ചിടും
ആയതുകൊണ്ടതുംചെയ്തുകൂടാനമു-
ക്കാവതല്ലെന്നങ്ങടങ്ങുകനല്ലതു
പിന്നെയുംബാലനെപ്പൈത്യേശ്വരൻതന്നെ
സന്നിധൌകിഞ്ചനപാപ്പിച്ചുകൊണ്ടുടൻ
മന്ദതപോവാൻഗുരുവിങ്കലാക്കിട്ടു
മന്ദേതരംപഠിപ്പിച്ചുതുടങ്ങിനാൻ
അന്നവർചെയ്തഭിചാരകർമ്മത്തിനാൽ
വഹ്നിയിൽനിന്നുജനിച്ചുള്ളകൃത്യകഥ

Digitized By Kerala Sahitya Akademi

ചെന്നകുമാരനെക്കൊല്ലുവാനോങ്ങിനാർ
തന്നുള്ളിൽവാഴുന്നവിഷ്ണുചക്രംകൊണ്ടു
വഹ്നിയിൽപാരകളെന്നകണക്കിനെ
നന്നായ്ഹിച്ചിതുകൃത്യകളൊക്കെയും
എന്നുള്ളവാത്തയുംകേട്ടദൈത്യേശ്വരൻ
തന്നുള്ളിലോരാംവിചാരംകലന്നിതു
നന്ദനനാമിവനിന്നുള്ളഭക്തിക്കു
മന്ദതയില്ലവർദ്ധിക്കുന്നുമേൽക്കുമേൽ
എന്തിനിവേണ്ടുവെന്നന്തരാസന്തതം
ചിന്തിച്ചുചിന്തിച്ചുമോനവാധീശ്വരൻ
പത്തുശതയോജനോന്നതമായുള്ളൊ-
രുത്തമസൌധാഗ്രദേശത്തിലേകദാ
ആസ്ഥാനമണ്ഡപേഭൃത്യരോടൊത്തുസ-
ന്തോഷംനടിച്ചുവാണീടുംദശാന്തരേ
പുത്രനാംപ്രഹ്ലാദനത്തൽതിന്നുള്ള
പുത്രരോടൊന്നിച്ചുതത്രചെന്നീടിനാൻ
സത്വരംചെന്നുതൊഴുതനേരംദൈത്യ
കല്പനമൂലമാഭൃത്യവർഗ്ഗംതദാ
ഉത്തമബാലനെരഹസ്സുംകാലുമ-
ങ്ങത്യന്തരോഷാൽവരിഞ്ഞുകൊണ്ടീഷ്യയാ
അക്ഷണമങ്ങവരാശുകീഴ്പോട്ടേയ്ക്കു
വിക്ഷേപണംചെയ്തുപ്രഹ്ലാദബാലനെ
പക്ഷിദ്ധ്വജനായനാരായണംനല്ല
ശിക്ഷയാമാനസംതന്നിലാക്കിദ്രുതം
തൽക്ഷണംപാശങ്ങളറുകീഴ്പോട്ടേക്കേ

Digitized By Kerala Sahitya Akademi

പക്ഷിപോലേപോന്നിതക്ഷീണനാമവൻ
അക്ഷികണ്ണുശായിതാൻനിയോഗിക്കയാൽ
അക്ഷിതിപ്രത്യക്ഷരൂപിയാസ്സുന്ദരൻ
ലക്ഷണയുക്തനാംബാലനെക്കയ്യിലേ
റക്ഷിതിതന്നിൽനിത്തീടിനാൾമെല്ലവേ
എന്നതുകണ്ടതിസന്തോഷസംയുതം
ധന്യനാംബാലൻതൊഴുതുചോദിച്ചിതു
എന്നെക്കരിച്ചിത്രകാരുണ്യശാലിയാ..
യിങ്ങനെതാങ്ങുവാൻസംഗതിയെന്തഹോ
എന്നമ്മയെന്നെയുപേക്ഷിച്ചിരിക്കവേ
നന്ദിപൂണ്ടിങ്ങിനെചെയ്തതുകാരണം
എന്നമ്മയാംദേവിതൻപാദപങ്കജേ
നന്നായ്വണങ്ങുന്നമേല്പുമേലേഷഞാൻ
എന്നുള്ളവാക്കുകൾകേട്ടുഭഗവതി
മന്ദംകുമാരനോടിങ്ങനെചൊല്ലിനാൾ
പന്നഗശായിതൻകല്പനയാലുടൻ
ധന്യനാംനിന്നെരക്ഷിച്ചുകൊണ്ടീടുവാൻ
മന്നിടമേവിനാൻവന്നുതാങ്ങിടിനോൻ
ഇന്നുംനിനച്ചാലെവിടയുമെത്തുവൻ
എന്നരുളിക്കരംകൊണ്ടുതലോടീട്ടു
മന്ദംമറഞ്ഞിതുഭൂമിദേവീതദാ
എന്നതുകണ്ടുടൻമന്നവൻതൈത്യനും
മന്ദതപൂണ്ടുവിഷണ്ണനായിടിനാൻ
അണ്ഡജവാഹനാംവിഷ്ണുതൻഭക്തിയി_
വണ്ണംകുമാരനുനിന്നൊരുകാരണം

Digitized By Kerala Sahitya Akademi

ധന്യനിവനൊന്നകാരണമൊക്കവേ
നന്ദിച്ചുവാഴ്ത്തിസ്തുതിച്ചുതുടങ്ങിനാൻ
പിന്നെയുംബാലനെവിദ്യപഠിപ്പതി-
ന്നന്യനരോഷാൽപറഞ്ഞയച്ചീടിനാൻ
ധന്യജനങ്ങൾക്കുചെയ്യുന്നതൊക്കെയും
നന്നെന്നൊഴിഞ്ഞുഭവിക്കുമോകുത്രചിൽ
അന്നൊരുനാൾഗുരുവില്ലെന്നുകാൺകയാൽ
തന്നൊടുകൂടിപ്പഠിക്കുന്നബാലരെ
കണ്ണൊഴിയാതേയരികേവിളിച്ചവർ
തങ്ങളോടുചിവാൻപ്രഹ്ളാദബാലകൻ
ഞാനിന്നൊരുവല്ലുവാക്കുചൊല്ലുന്നതു
മാനംനാടിച്ചുധരിപ്പിനെല്ലാവരും
മാനുഷനായ്ജനിച്ചാകിൽമുകുന്ദനെ
മാനസംതന്നിലാക്കീടുകനല്ലതും
മന്നിടംതന്നിൽജനിച്ചുള്ളഭോഗങ്ങൾ
നന്നെന്നുതോന്നുന്നതെത്രയുമത്ഭുതം
ജന്മമരണമോരോന്നുനിനക്കിലോ
നിന്ദിതമെന്നോപറയേണ്ടുസർവ്വവും
ഇന്നതൊന്നുംവരാതെകഴിച്ചീടുവാൻ
നന്ദജൻതൻനാമമുച്ചരിച്ചീടുവിൻ
എന്നുള്ളവാക്കുകൾകേട്ടടൻബാലരും
നന്നായ്ത്തൊഴുതുചൊടിച്ചിതുബാലകം.
അപ്പഴിനായകൻതന്നൊരസുതനായഭവാനിപ്പോ-
ളിപ്പയെല്ലാമെവിടുന്നുപഠിച്ചുചൊല്ലുകരാജൻ!
ഒരുനേരംഭവാനോടുപിരിയാതെയടിയങ്ങൾ

Digitized By Kerala Sahitya Akademi

കരുവൻതൻറികടത്തിലൊരുപോലെപഠിച്ചതിൽ
തിരുവുള്ളമതിലേവംവരുവാൻകാരണമിന്നു
പരമാത്മമടിയങ്ങൾക്കറിവാനാഗ്രഹംനാഥാ
മതിമാൻബാലകനോവംമതിയിൽകൌതുകമോടെ
ദിതിജബാലകരോടുമതിയിലുള്ളതുചൊല്ലി
പണ്ടൊരുനാൾപിതാവായദൈത്യാധിപൻ
കണ്ടൊരംതപസ്സിന്നുപോയാനാത്ത
കണ്ടുദേവേന്ദ്രൻജയിച്ചിതുദൈത്യരേ
കൊണ്ടുപോയീടിനാരുനൻറെമാതാവിനെ
കണ്ടുവന്നുമുനിനാരദനപ്പൊഴേ
വിണ്ടുമാതാവിനെക്കൊണ്ടുപോയ്പാപ്പിച്ചു
ഗർഭത്തിൽവാഴുമെന്നൊക്കുമതിക്കൊണ്ടു
ഗർഭിണിയാകിയമാതാവിനോടനു
ചിൽപുരുഷൻതൻറെഭക്തിയെപ്പേരുമേ
സൽപുമാൻമാമുനിനോരുത്തിനാൻ
ദുർഗ്ഗയാകയാലമ്മമറന്നിതു
ഭക്തനായഞാൻസൂക്ഷിച്ചുമാനസേ
അപ്രകാരംഗ്രഹിച്ചുള്ളൊരുവസ്തുവെ-
ന്നിപ്പുരമാത്മമറിഞ്ഞുകൊണ്ടീടുവിൻ
ഇപ്രകാരം പറഞ്ഞുദൈത്യബാലക്കു
ചിൽപുരുഷഭക്തിമാർഗ്ഗംകൊടുത്തിതു
തൽപ്രകാരങ്ങൾഹിരണ്യകശിപുവും
ക്ഷിപ്രംധരിച്ചതുനേരത്തുബാലനെ
കല്ലറതന്നിലിട്ടാശ്രുപൂട്ടി,ബാല-
നില്ലതുകൊണ്ടുംവിഷാദമശേഷവും

Digitized By Kerala Sahitya Akademi

നല്ലരാംദൈത്യബാലന്മാരവിടേയും
അല്പൽ തീർപ്പാൻചെന്നുചൊല്ലിനാരീദൃശം
കാരാഗൃഹത്തിൽകിടക്കയാലിന്നൊരു
വാരവശ്യംവേണ്ടരാജവൃദ്ധാമണേ!
കാരുണ്യരാശേഭവാനിഷ്ടമെന്തതു
ആരുംഗ്രഹിക്കാതെഞങ്ങൾതന്നീടുവൻ
ഏവംമൊഴികേട്ടപ്രഹ്ലാദബാലകൻ
ദേവദേവൻതാൻതരുമിനിക്കൊക്കെയും
എങ്കിലിനിക്കൊരുകിഞ്ചനനൽകണം
നിങ്കലെന്താഗ്രഹംചൊല്ലുകവേണ്ടതു
ഏൻകരേപാല്പായസംതന്നുവെങ്കിലോ
അങ്കുരിക്കുംമമസന്തോഷമേറവും
പങ്കജലോചനൻതന്നെസ്മരിക്കുനീ
ശങ്കവേണ്ടൊലഭിക്കുംനിനക്കായതു
അപ്രകാരമവൻ ചിന്തചെയ്തീടിനാ-
നപ്പൊഴേപാൽപ്പായസംനിറഞ്ഞുകരേ
ക്ഷിപ്രംപറഞ്ഞിതുമറൊരുത്തനിനി-
ക്കപ്പത്തിനാഗ്രഹംപാരമുണ്ടൊക്കണം
അപ്പംനിനച്ചാലതുംലഭിക്കുംനിന-
ക്കല്പംവിഘ്നാദംഭവിക്കേണ്ടമാനസേ
അപ്രകാരംകൊടുത്തപ്പരമാത്മനെ
എപ്പേരുമേനോരാധ്യനാക്കിനാൻബാലകൻ
നാരായണഭക്തിയെന്നിയേമറൊന്നും
നേരേവിചാരിക്കിലില്ലയെന്നുള്ളിതും
പാരമുദിച്ചുമനംതെളിഞ്ഞേവരും

Digitized By Kerala Sahitya Akademi

നാരായണഹരേ!ഗോവിന്ദമാധവ
നാരായണകൃഷ്ണവിഷ്ണോജഗല്പതേ
നാരായണാപാഹിയെന്നുതുടങ്ങിനാർ.
നാരായണഭജനത്തിൻപ്രഭാവങ്ങൾ
നാരേജനങ്ങൾക്കുബോദ്ധ്യമാക്കീടുവാൻ
നാരായണൻതാൻജനിച്ചവതാരമോ
നാരായണഹരേ!മറെന്തുചൊൽവതു
ഇത്തരംകേട്ടജനങ്ങളെല്ലാവരും
സതരമൊത്തുപുറപ്പെട്ടുചെന്നടൻ
തൈത്യാധിരാജൻഹിരണ്യകശിപുവിൻ
പത്തനംചെന്നുണർത്തിച്ചാരവസ്ഥകൾ
കേട്ടുകോപംപൂണ്ടുതൈത്യനാംചൊല്ലിനാ-
നൊട്ടല്ലവനുടെഭൂതപാക്കിലാ
പെട്ടെന്നുഭൃത്യരാംനിങ്ങൾവരുത്തുവിൻ
വെട്ടിയെൻവാളിനുഭോജനമാൽകീടുവൻ
ഒട്ടുംമടിക്കാതവർകൊണ്ടുവന്നിതു
ശിഷ്ടനാംബാലൻതൊഴുതുതൈത്യനോ
രുഷ്ടനാംതൈത്യനുംപുത്രനോടു ചിവാൻ
ദുഷ്ട!നിനക്കാരുടാസഖിചൊല്ലുക
ദുഷ്ടബുദ്ധേനിനക്കിഷ്ടനായുള്ളൊരു
വിഷ്ണുനാഥനെന്നുള്ളവനെങ്ങടാ?
ക്രുദ്ധനായ്തൈത്യനിത്തരംചൊന്നതി-
നുത്തരംബാലൻതൊഴുതുചൊല്ലീടിനാൻ.
ഈരേഴുലോകത്തിനീശനായീടുന്ന
നാരായണനെന്നുണർമിത്രമെന്നുള്ളതു

Digitized By Kerala Sahitya Akademi

നോരായതല്ലനിരൂപിക്കമാനസേ
നാരായണൻലോകബന്ധുതാനല്ലയോ
പാരേഴരണ്ടിലുംവാണരുളീടുന്ന
പാരാതതിലുള്ളവകളിലൊക്കെയും
തൂണിലുംകോണിലുംകാണുന്നവറിലും
കാണാതെകേൾക്കുന്നവറിലുമെന്നല്ല
എല്ലാപ്പൊരുത്ഥങ്ങളിലുംമറഞ്ഞുടൻ
കല്യാണവാരിധിവാഴുന്നസർവ്വദാ
അങ്ങിനെയുള്ളമുകുന്ദംസ്മരിക്കാതെ-
യിങ്ങിനെകാലംകഴിക്കേണ്ടനീവൃഥാ
മൈത്രേന്ദ്ര! നിന്നുടെമൈത്രബുദ്ധിംത്യജ
സത്യസങ്കല്പനോധ്യാനിക്കമാനസേ
ഇത്തരംകേട്ടതിക്രുദ്ധനാംദാനവൻ
സത്വരംവാളുമെടുത്തിളക്കിത്തദാ
രുഷ്ടതമൂലമാസ്തംഭിയിൽനിന്നുതീ-
ക്കട്ടകൊണ്ടൊട്ടിത്തെറിച്ചുചീഴ്ംവണ്ണ-
മഷ്ടദിക്പാലരുംഞെട്ടുമാറുച്ചത്തി-
ലട്ടഹാസംചെയ്തുചൊല്ലിനാനിങ്ങിനെ
ദുഷ്ടായെടാനിന്നെവെട്ടുന്നതുണ്ടുഞാൻ
ഇഷ്ടനാംനിൻറെനാരായണൻതൂണിൽനി-
ന്നിഷ്ടതചെയ്യുന്നതുകണ്ടീടണംശാ!
അട്ടഹസിച്ചുഹസിച്ചുകൊണ്ടിങ്ങിനെ
മുഷ്ടിയാൽപെട്ടെന്നിടിച്ചിതുതൂണതിൽ
വട്ടംതിരിഞ്ഞുഞെരിഞ്ഞാരുതൂണിൽനി-
ന്നട്ടഹാസംകേട്ടഞെട്ടിലോകത്രയം

Digitized By Kerala Sahitya Akademi

വട്ടത്തിലുള്ളൊരുദ്ധിയുംദംഷ്ട്രയും
അഷ്ടബാഹുക്കളുംനിഷ്ഠുരനാദവും
ഞെട്ടുമാറുള്ളൊരുഘോരസഭാവമാ-
യ്പൊട്ടിപ്പുറപ്പെട്ടനേരമദ്ദൈത്യവീരം
ഞെട്ടിഞ്ഞെട്ടുകൊണ്ടെട്ടുദിക്കിലും
ദൃഷ്ടികൾകൊണ്ടുനോക്കീട്ടുമണ്ടുംവിധൌ
ആട്ടിപ്പിടിപ്പാനടുത്തൊരുനേരത്തു
പെട്ടെന്നദൈത്യൻചെറുത്തുനിന്നീടിനാൻ
ഉദ്ധതന്മാരവർചെയ്തഭയങ്കര-
യുദ്ധംപറവാൻനമുക്കാവതല്ലഹോ
മാത്താണ്ഡനസ്തമിച്ചീടിനനേരത്തു
ദൈത്യാധിരാജനെച്ചന്നപിടിപെട്ട
പത്മനാഭൻദാരുമദ്ധ്യത്തിൽവച്ചുടൻ
ഹസ്തപാദങ്ങളുംമസ്തകവുമമ-
ത്തത്പൃഗുമാംതൻനഖങ്ങളാൽമാറിടം
ഭിത്വാവമ്പന്നൊരുശോണിതമൊക്കയും
പീതപാകുടർമാലവാരിയെടുത്തതു
തൃക്കഴത്തിൽചാർത്തിയട്ടഹാസംചെയ്തു
നിസ്സഹിക്കുന്നതുകണ്ടിട്ടുമാവ
വസ്ത്രങ്ങളുദ്ഭയത്തിനാലഗ്നിയിൽ
മഗ്നങ്ങളാകുന്നപാരകളെറ്റോലെ
ഭദ്രധരായ്വന്നാരടുത്തവരൊക്കയും
അപ്രഭാവംകണ്ടുമണ്ടീടിനാർചില-
രിപ്രകാരംചെയ്തനാഥൻജനാർദ്ദന-
നപ്പൊഴത്തല്പംശമത്തെധരിച്ചുടൻ
ക്ഷിപ്രമസ്സിംഹാസനവസിച്ചീടിനാൻ.

Digitized By Kerala Sahitya Akademi

നരഹരിയുടെതിരുവുടലുടനതിഭയമൊടുകണ്ടഥവിധിയും
പുരരിപുഭഗവാനുംസുരഗണസഹിതനതാകിയഹരിയും
സുരമുനികളുമവരൊടുചേരുന്നൊരുമുരരിപുസേവകജനവും
നരഹരിവടിവാശുധരിച്ചൊരുതിരുവുടൽതൊഴുതുപുകഴ്ത്തീ.

മാനുഷഹരിരൂപ!നതജനഹതപാപ!
മാമുനിമനദീപ!മനസിജസമരൂപ!
നീരജസുമലോല!നിരുപമഗുണശീല!
ദാനവകുലകാല!ദിതിസുതസുതപാല!
സാരസദളനയന!ശശധരസമവദന!
ഹാടകരുചിവസന!ഹലധരസഹജനന!
കോമളമൃദുഹാസ!കമലജഹൃദിവാസ!
പാലയപരമേശ! ജയ ജയ ജഗദീശ!

ഇപ്രകാരങ്ങളുംപിന്നേയുമോരോന്നു
സൽപുമാനേസ്തുതിച്ചിട്ടുംനമിച്ചിട്ടും
അല്പവുംഭാവംപകർന്നുകാണാഞ്ഞുകൊ-
ണ്ടല്പലസംഭവൻതാൻനിഃയാഗിക്കയാൽ
ഉല്പലപത്രാക്ഷിയായഭഗവതി
അല്പംസമീപത്തുചെന്നോരനന്തരം
സൽപുമാനൊന്നുകടാക്ഷിച്ചതുകണ്ടു
കെല്പുപോരാമനസ്സിനെന്നുമാറിനാൾ
ബ്രഹ്മാദിദേവകൾചെന്നുപ്രഹ്ളാദനെ
സമ്മാനപൂർവ്വംപറഞ്ഞയച്ചീടിനാർ
പ്രഹ്ളാദബാലകൻചെന്നുതൊഴുതപ്പോ-
ളാഹ്ളാദശാലിയായുന്നരഹരി
വത്സനാംപ്രഹ്ളാദബാലനെത്തന്നുടെ

Digitized By Kerala Sahitya Akademi

വത്സപിടിച്ചുചേത്താലിംഗനംചെയ്തു
ചിത്സച്ചരൂപനവൻമൂർദ്ധ്നിചുംബിച്ചു
തത്സമംഭാഗ്യമൊരുത്തക്കുകിട്ടുമോ!
ദേവദേവൻതങ്കലുള്ളൊരുഭക്തിയി-
വണ്ണംവരുന്നവനേകനെന്നാകിലും
ദേവൻപ്രസാദിച്ചുവേണ്ടതുനൽകുമെ-
ന്നോവരുംബോദ്ധ്യപ്പെടേണമെന്നിങ്ങിനെ
കാണികൾകാണുവാൻകാണിനേരംഹരി
പാണിയാൽബാലംഗ്രഹിച്ചിരുന്നീടിനാൻ
പാണികൾകൂപ്പിസ്തുതിച്ചിതുബാലകൻ
പ്രാണികൾക്കീശ്വരാനാഥരാജന്യജയ!
വാണീഭഗവതിനാഥനുമീശനും
വാനവർനാഥനുംദേവസമൂഹവും
ദാനവസംഘവുംമാനവസംഘവും
ദാനയജ്ഞാദിയാംസർവ്വകർമ്മങ്ങളും
നാടുംനഗരവുംകാടുംമലകളും
തോടുംപുഴകളുംക്കൂടുംസമുദ്രവും
കാടുംമൃഗങ്ങളുംചാടുംകപികളും
പാടുംകയിലുകളാടുംമയിൽകളും
മാടുംമഹിഷവുമാടുംതൃണങ്ങളും
ചാടുംരഥങ്ങളുമോടുംവഴികളും
എന്നുവേണ്ടാപിനൊമന്നിടമേഴും-
ണ്ടുള്ളതിലുള്ളസമസ്തവസ്തുക്കളും
മന്നിടദേവനായുള്ളഭവാനെന്നു-
മെന്നല്ലവഭവാൻതങ്കലെന്നുള്ളതും

Digitized By Kerala Sahitya Akademi

എന്നുള്ളിലോത്തിരിക്കുന്നുഞാനെപ്പോഴും
സുന്ദരാംഗ! ജഗന്നാഥാ ജനാർദ്ദനാ!
എന്നിങ്ങിനേയുംപലവിധവുംബാല-
നന്നുനമോദംസ്തുതിച്ചുകൈക്കൂപ്പിനാൻ
നാരായണൻതന്നെറഭക്തരിലുത്തമൻ
നാരായണസ്തുതിചെയ്കയായോരോന്നു
നേരേപറവാനറിയുതാഞ്ഞയാൽ
നാരായണായെന്നുകൈവണങ്ങുന്നുഞാൻ
നാരായണനിന്മയെല്ലാംധരിച്ചുടൻ
സാരജ്ഞനാംബാലനോടരുളീടിനാൻ
നേരേപറകനീവേണ്ടുംവരങ്ങളെ
പാരാതെഞാൻതരുന്നുണ്ടുനിനക്കെടോ
എന്നുകേട്ടപ്പൊഴേധന്യനാംബാലകൻ
നന്നായ്ത്തൊഴുതുകൊണ്ടിങ്ങിനെചൊല്ലിനാൻ
വന്നുകൂടുന്നരാഗാദിശത്രുക്കളും
മുന്നമപ്പൻചെയ്തദുഷ്കർമ്മസംഘവും
ഒന്നുംഫലിക്കാതിരിപ്പതിന്നായ്യൊണ്ടു
നന്നായനുഗ്രഹിക്കേണംദയാനിധേ!
എനാപേക്ഷിച്ചാനതുംകൊടുത്തുപിന്നെ
യൊന്നുപറഞ്ഞുജഗന്നിവാസൻഹരി
ഇന്നുനീവന്നിക്കലത്തിൽജനിക്കയാൽ
ധന്യരാംനിന്നുടെപൂർവ്വജന്മാരവർ
ഇന്നേവരെച്ചെയ്തപാപംനശിച്ചിതു
ചെന്നുതാതൻറസംസ്കാരാദിചെയ്കനീ

Digitized By Kerala Sahitya Akademi

മനാചന്തരാവധിദാനവശ്രേഷ്ഠനായ്
മന്ദതതീർന്നവാണാലുംമഹാമതേ!
പിന്നെയെന്നോടൊടെകമത്സ്യംലഭിച്ചിടാം
ഏന്നുപറഞ്ഞങ്ങനഗ്രഹിച്ചീടിനാൻ
നാരായണൻജഗന്നാഥൻജനാർദ്ദനൻ
കാരണപുരുഷൻകാരുണ്യവാരിധി
മാരാരിമുമ്പായവരോടുമൊന്നിച്ചു
പാരാതെയങ്ങുമറഞ്ഞരുളീടിനാൻ.
ഇപ്രകാരംചെയ്തനാഥൻമുരാന്തകൻ
സൽപുമാനാകിയനാരായണൻഹരി
അല്പജ്ഞനാമെന്നെരക്ഷിക്കവേണമേ
ഭക്തപ്രിയജയകൃഷ്ണജയജയ!

പ്രഹ്ലാദചരിതം ശീതങ്കൻതുള്ളൽ

സമാപ്തം.

Digitized By Kerala Sahitya Akademi

15. ശ്രേയോമോക്ഷം.

പറയൻതുള്ളൽ.

ശ്രീഗണേശ!നമസ്കാരംശ്രീഗുരുവേ!നമസ്കാരം
ശ്രീമഹേശ!നമസ്കാരംശ്രീമുകുന്ദ!നമസ്കാരം
ശ്രീമഹാഭാരതി!വന്ദേശ്രീമഹാലക്ഷ്മിദേവന്ദേ
ശ്രീഗിരീന്ദ്രാത്മജേവന്ദേശ്രീമഹാഭൈരവിവന്ദേ
അമ്പലപ്പുഴമേവുമംബുജനേത്രകൃഷ്ണനമോസ്തുതേ
അമലഗുണഗണനിലയജയജയകമലനാഭനമോസ്തുതേ!
വമ്പനായകിരീടിതന്നുടെസാരഥേമധുസൂദനേ
വരദമുരഹരനരകവിമഥനനരസുരേഡ്യനമോസ്തുതേ
തകഴിയിൽകുടികൊള്ളുമീശ്വരഹരിഹരാത്മജപാഹിമാം
സകലസുരനരഭുജഗനിഷേവിതായനമോസ്തുതേ
ശുകപുരേമരുവുന്നശങ്കരശൂലമൃഗധരപാഹിമാം
സുകവിതാഗുണമേശുവാൻമമസുകൃതവരമരുൾണമേ
സുകൃതനിധിഗുരുധരണിസുരകുലമകുടമണിമമമാനസേ
സുചിരമുകരുണയൊടുവിലസേണമേപരദൈവമേ
പാക്കനാരുടെവംശമാകിനപാൽക്കടൽക്കുപിറന്നഞാൻ
വാക്കിനാരൊട്ടുമിന്നകിഞ്ചനതോൽക്കയില്ലതുനിശ്ചയം
നീക്കമില്ലിനിപ്പിലുള്ളകവിപ്രബന്ധമതോതുവാൻ
നാക്കിനില്ലാരുതടവുമെന്നുടെഗുരുവരന്റെദയനുഗ്രഹാൽ
മുപ്പുരത്തുവസിക്കുന്നമനുമഹാവിദ്വജ്ജനങ്ങൾതാൻ
നിന്മിയന്നുഗമിക്കയില്ലസമർത്ഥബുദ്ധികളെങ്കിലും

Digitized By Kerala Sahitya Akademi

കരുപരവതിനധികവിരുതുപാരുത്തുജ്ജനനനിധേ
തിരമൊടൊരുകഥപറവതിനുപണിപാരമെങ്കിലുമേഷ-
(ഞാൻ
ചെറിയകഥകളിലെളിയകഥകഥയാമിസാധുജനങ്ങൾ-
(താൻ
അറിയുമഖിലവുമടിയനുടെഗതിവടിവിലേഷവണങ്ങി-
(നേൻ

അന്തണക്കുതണലാകുംഭദുഗ്ദ്ധകാശയന്തന്റെ
അന്തരംഗത്തിലുംനല്ലോരകണംതന്നിലുമിപ്പോൾ
അന്തികത്തിലമരുമെന്നന്തരംഗത്തിലുംമറും
സന്തതംചാണെഴുമേകദന്തനെഞാൻവണങ്ങുന്നേൻ
നീരജത്തിൽപിറന്നോരുനിഖിലനായികേതായേ
നീരസിച്ചെന്നുടെനാവിൽനൃത്തമാടിക്കളിക്കേണം:
പാരിടത്തിൽകവിയെന്നുപേരിനിക്കുപുകഴ് നീടാൻ
ഭാരതിക്കുള്ളൊരുപാടതാരിണയ്ക്കുനമസ്കാരം
കാലിമേച്ചുകഴലുതിക്കാട്ടുതാറുംനടക്കുന്ന
ബാലഗോപാലകനെന്നെപ്പാലനംചെയ്തരുളേണം
അമിതഗുണമെഴുമമരതടിനിയിലമരുമംബുജലോചനൻ
അമൃതകരനിഭവദനനിഹമമമനസിവിലസണമെ-
(പ്പൊഴും
വാസുദേവപുരേവിളങ്ങിനവാസുദേവനുമെത്രയും
ഭാസുരാശയരായിടുന്നൊരുഭ്രസുരാവലിയുംമുദാ
വ്യാസനാദിമുനീന്ദ്രരുംകനിവേറുമെൻഗ്രന്ഥനാഥനും
വാസരംപ്രതിവന്ദനമ്മുടെവാസനയ്ക്കുതുണയ്ക്കുണം
പാക്കനാരിതിഹപർപുകഴ്ന്നപറക്കുലപ്പെരുമാളുടെ
ഭാഗ്യമുള്ളകുലത്തിൽവന്നുപിറക്കുകൊണ്ടടിയന്നഹോ

Digitized By Kerala Sahitya Akademi

വാക്കിനിന്നുതടസ്ഥമുള്ളതൊഴിച്ചുനിന്തിരമേനിയെൻ
നാക്കിൽവന്നുവിളങ്ങണംകമലാലയേകരുണാലയേ!
അമ്പിളിക്കലതുമ്പചാമ്പലെലിമ്പുമമ്പൊടുവമ്പെഴും
ചെമ്പുലിത്തുകിലാടചെഞ്ചിടമുടിയുമഴകിനഗംഗയും
ചമ്പകായുധനെക്കരിച്ചുപൊരിച്ചുപാരമെരിച്ചിടും
ചെങ്കനൽപ്പൊരിചിതറുമഴകിയമിഴിയുമതിമുദ്ദഹാസവും;
ഏവമുള്ളൊരുദേവനെന്നുടെകേവലംപരദൈവതം
ജീവനുള്ളതിനൊക്കെയുംപുനരീശ്വരൻപരമേശ്വരൻ
വെണ്മചേർന്നവിശുദ്ധികൊണ്ടുവിളങ്ങിടുന്നൊരുവിഗ്രഹം
മന്മനസ്സിൽവിളക്കുപോലെവിളങ്ങിടുന്നുദിനംപ്രതി;
സന്തതംതിരുവൈരകീലതടാകവാസിമഹേശ്വരൻ
ചിന്തചെയ്കിലുടൻതെളിഞ്ഞുവരംതരുന്നൊരുമാധവൻ
അന്തകാരികൃപാമിലാസവിശേഷമിങ്ങുലഭിക്കയാൽ
ഹന്തസൽക്കഥയൊന്നുചൊൽവതിനെന്തുതണ്ഡമിനിക്കു-
(ഹോ

ദാനവാരിയെനിത്യവുംമനതാരിലുംകരതാരിലും,
മാനമോടുധരിച്ചിടുന്നൊരുമാനനീയഗ്രണാലയൻ
ദീനരായജനത്തിനുള്ളദരിദ്രദോഷമശേഷവും
താനറിഞ്ഞുനികൃത്തുവാനൊരുവാനവദ്രുമസന്നിഭൻ
ചൊല്ലെഴുന്നവിശാഖമാംതിരുനാളിൽവന്നുപിറന്നഭ്ര
വല്ലഭൻവനമാലിതന്നൊടുതുല്യനിന്നരുൾചെയ്കയാൽ
നല്ലപോലെസഭാസ്ഥലത്തെവലത്തുവെച്ചുവിനീതനായ്
ചൊല്ലുവാൻതുടരുന്നുസൽക്കഥവല്ലതെങ്കിലുമൊന്നുഞാൻ
ഇന്ദ്രശ്രീപദംപോലെവിളങ്ങുംപാണ്ഡ്യരാജ്യത്തു
ഇന്ദ്രദ്യുമ്നനെന്നോരംപ്രസിദ്ധൻഭൂമിപാലേന്ദ്രൻ

Digitized By Kerala Sahitya Akademi

ചന്ദ്രശ്രീമഹാകീർത്തിപ്രകാശംകൊണ്ടഹോരാത്രം
സാന്ദ്രശ്രേയസാലോകംജയിച്ചുവാണരുളുന്ന
വിഷ്ണുഭക്തനായുള്ളവിമലജ്ഞാനിയാംഭൂപൻ,
വിഷ്ണുശ്രീഭഗവാന്റെസചിത്രരൂപത്തെനിരൂപിച്ചു
നേത്രങ്ങളടച്ചുംകൊണ്ടിന്ദ്രിയാശ്വങ്ങളെത്തന്റെ
ഗാത്രത്തിന്നകത്താക്കിഹൃദയത്തോടുബന്ധിച്ചു
ആനന്ദസചിത്രരൂപന്റെതിരുവുടൽമനക്കാമ്പിൽ
ധ്യാനംകൊണ്ടുറപ്പിച്ചുദേഹമെങ്ങുമിളക്കാതെ
പ്രാണായാമവുംചെയ്തുപരബ്രഹ്മപ്രകാശത്തെ
പ്രാണങ്ങളടക്കിക്കൊണ്ടിരുന്നുലോചനംരണ്ടും
ഘ്രാണാഗ്രേസമധ്യാസംചെയ്തുകൊണ്ടുവഴിപോലെ
വാണാനാസനന്തന്നിൽവടിവോടെമഹീപാലൻ
കാണുന്നുജനങ്ങൾക്കുംകനമേറുംകരിങ്കല്ലിൻ
തൂണെന്നുതന്നെതോന്നുംആകാരസ്ഥിതികണ്ടാൽ
കാണാകുംപ്രതഞ്ചങ്ങളൊക്കെയുംവിഷ്ണുവെന്നുള്ളിൽ
ചേണാൻഭക്തിനന്നായ്മുഴുത്തുമേവിനകാലം
അഗസ്ത്യമാമുനിശ്രേഷ്ഠനവിടത്തിലെഴുന്നള്ളി
ആകത്തുചെന്നരചന്റെസമീപത്തെപ്രവേശിച്ചു
സമധ്യാസമുറപ്പിച്ചുവസിക്കുംപാണ്ഡ്യഭൂപന്റെ
സമക്ഷേമാമുനിശ്രേഷ്ഠൻബാഹ്യനേരംനിന്നരുളി
ക്ഷിതിപാലൻഗ്രഹിച്ചില്ലസമാധിബന്ധനംമൂലം
ക്ഷമപാരംകുറയുന്നമുനീന്ദ്രന്റെമനക്കാമ്പിൽ
ജ്വലിച്ചുകോപമന്നേരംചലിച്ചുദേഹമെപ്പേരും
കലങ്ങികണ്ണുകൾരണ്ടുംകുലുങ്ങിച്ചെഞ്ചിടാഭാരം;
വിയത്തുഭാവവുമൊന്നുകയത്തുഭൂപനോടേറ്റം

Digitized By Kerala Sahitya Akademi

കണ്ടിയാവുനപിറന്നവനാരെന്ത
സംഭ്രമത്തോടുനടക്കേണമായിരം
സംവത്സരങ്ങളുനങ്ങാത്തമൂഢ!
ഇത്ഥമുരുശപിച്ചു കുപിതനഗസ്ത്യമാമുനിപുംഗവൻ

P. 591

Digitized By Kerala Sahitya Akademi

ചെറുത്തുവെള്ളവുംകയ്യിലെടുത്തുകുംഭജന്മാവ -
ങ്ങടുത്തുചെന്നൊരുശാപംകൊടുത്തുകോപമാംവഹ്നി
തടുത്തുകൂടൊരുത്തക്കുംഅടുത്തുഭ്രഷ്ടനിക്കപ്പോ
(ളനത്ഥമെന്നതേവേണ്ടു

വിപ്രരെക്കണ്ടാലാദരവില്ലാത്ത
ദുഷ്ടബുദ്ധേ!നശിക്കേണമിപ്പോൾതാൻ
കുപ്രകൃതിക്കൊരനക്കംതരിമ്പില്ല
കുത്തിവച്ചീടുന്നപാവകണക്കേ
അന്തണന്മാരിൽബഹുമാനമില്ലാത്ത
ജന്തുവിനിനക്കെന്തുവിചാരം?
എന്തെന്നുമേതെന്നുമില്ലാത്തവല്ലാത്ത
തണ്ടതപ്പിയ്ക്കുന്തുചിന്തയ്ക്കുബന്ധം?
എന്തിന്നുപാഴിൽപ്രഭുവാക്കിക്കൊണ്ടിച്ചു
മന്ത്രികൾതാമറുള്ളമാടമ്പിമാരും
അന്തിക്കുമുച്ചയ്ക്കുംവന്നവഴിപോക്ക -
ക്കുനാംകൊടുക്കാത്തമന്നവ!നിന്നെ
എന്തിന്നാംകുംപറയുന്നുനീയൊരു
കുംഭിയായ്ചെന്നുപിറന്നുവനാന്തേ
സംഭ്രമത്തോടുനടക്കേണമായിരം
സംവത്സരങ്ങളനങ്ങാത്തമൂഢ!

ഇത്ഥമങ്ങുശപിച്ചകൂപിതനഗസ്ത്യമാമുനിപുംഗവൻ
തത്രനിന്നുഗമിച്ചുവിരവൊടുവിശ്വലോകനമസ്കൃതൻ
ശുദ്ധനാകിയപാണ്ഡ്യനരപതിശാപശകുതിനിമിത്തമായ്
മത്തവാരണമായ്ചമഞ്ഞുമദിച്ചുമണ്ടിമഹാവനേ
ക്ഷീരവാരിധിയിൽത്രികൂടശൈലകുളിനാൻ

Digitized By Kerala Sahitya Akademi

ഘോരകണ്ഠരവങ്ങൾകൊണ്ടുമുഴക്കിടുകളൊക്കവേ
വമ്പനാകിയകൊമ്പനാനതകത്തുകൊണ്ടുനടക്കയും,
കൊമ്പുകൊണ്ടുഗ്രകുത്തിമലയുടെകടകനികടമിടിക്കയും
വമ്പിയന്നമരാമരങ്ങളുടിച്ചുചാടിച്ചുപൊടിക്കയും
മുമ്പിൽവന്നണയുന്നസിംഹകുലങ്ങളെപ്പുനരൊക്കവേ
കുംഭിരാജനടുത്തുകുത്തിയമത്തുകൊണ്ടുമുടിക്കയും
സംഭ്രമത്തെവെടിഞ്ഞുകൊണ്ടുസമസ്തടിക്കുതകക്കയും
ഇമ്പമോടുകളിക്കയുണ്ടുപുളയ്ക്കയുണ്ടുമദിക്കയു-
ണ്ടമ്പരന്നുനടിക്കയുണ്ടുനടക്കയുണ്ടിഹപലവിധം
മലകളുംനിലകളുംതോടുംകലകളുംപുലികളുംനാനാ
കരികളുംകിരികളുമുചെന്നാനരികളുംപുലികളുംപേടി
ച്ചുഴലവേകാട്ടിൽപലതരംകലശലുംകൂട്ടി
കൊലകളുംപലതുചെയ്താനത്തലവനുംപലവനംതോറും
കൊലയാനത്തലവൻമദിച്ചുമഹാമലയാചലംപോലെ
കിളുന്നുടനേമലമീതിൽനടന്നുതകത്തുതിമ-
ത്തുലകെട്ടുമിയന്നഗജങ്ങളുടെ
ചെവിപൊട്ടുമിവണ്ണംഗളധ്വനിതം
ബതകേട്ടാൽജഗത്രയവാസിജനം
ഭയപ്പെട്ടുഴലുന്നുഗജേന്ദ്രനവൻ
പിടിയാനകളെയുമിരുവശത്തും
മടിയാതെനടത്തിക്കൊണ്ടാശ്രുതരം
പിടിയെത്താമുഗങ്ങളെത്തുമ്പിക്കരേ
പിടിയാത്തവനല്ലവനങ്ങുമിങ്ങുംപല-
കാട്ടിലുംകോട്ടിലുംകല്ലിലുംമുള്ളിലും
ചെള്ളിലുംചാറിലുംഅരുവിക്കയംചേറ്റിൽ

Digitized By Kerala Sahitya Akademi

ഏറാംകരുത്തുപെരുത്തുകൊണ്ടെത്രയു-
മാറക്കാരന്റെപരാക്രമമായത്ര
മറന്നാകഥക്കിഹമാറാനൊഴുതാമോ
മാറികളായുള്ളമറുള്ളുപന്തികഥ
കാറത്തുപാറകണക്കേപറക്കുന്നു

പൊക്കമുള്ളഞ്ജനക്കുന്നോടൊക്കുമക്കായമാകാശം
തിക്കിമേല്പോട്ടിവൻമെല്ലെപ്പൊക്കിവയ്ക്കുംഎന്നുതോന്നും
വട്ടമൊത്തുചുവന്നോരുകണ്ണുരണ്ടുമതിൽചെന്തീ-
ക്കട്ടപൊട്ടിത്തെറിക്കുന്നുണ്ടെന്നുതോന്നുമതുകണ്ടാൽ
കാലുനാലുംനെടുത്തോരു വാലുമേറംപെരുത്തോരു
നീലകണ്ഠഭ്രഷണനാം വാസുകിപ്പാമ്പിനോടൊക്കും
പണ്ടുദേവാസുരക്കൂട്ടം മന്ദരപർവ്വതംമത്തായ്
കൊണ്ടുചെന്നുപാല്ക്കടലിൽ ഇട്ടടൻവാസുകിദേഹം
കൊണ്ടുചുറ്റിക്കെട്ടിവാലുംതലയുമങ്ങിനെനീട്ടി
രണ്ടുഭാഗംപിടിച്ചാശുവലിപ്പാൻ നിന്നതുപോലെ
മുമ്പിലായുള്ളൊരു തുമ്പിക്കരവുമങ്ങിനെതന്നെ
പിമ്പിൽവാലുമതുകണ്ടാൽമന്ദരാദ്രിയെന്നുതോന്നും
ഇമ്പമോടേകയംതന്നിലിറങ്ങിക്രീഡചെയ്യുമ്പോൾ
പമ്പരമെന്നതുപോലെതിരിഞ്ഞുമുങ്ങിയുംപിന്നെ
പൊങ്ങിയുംനീന്തിയുംനല്ല ഭംഗിയുണ്ടാംജലേന്തി
പുംഗവന്റെവിലാസങ്ങൾക്കെങ്ങുമേഭംഗമില്ലെത്രം

വെള്ളത്തിൽനീന്തിക്കളിച്ചുംപുളച്ചും
വെക്കംപിടിയെവിളിച്ചുംതെളിച്ചും
ഉള്ളിലിരുത്തിക്കളിച്ചുംകളിച്ചും

Digitized By Kerala Sahitya Akademi

ഉള്ളംമദിച്ചുംകുതിച്ചുംപതിച്ചും
താമരപ്പൂക്കൾപറിച്ചുംകൊറിച്ചും
താമസംക്കൂടാതടുത്തുംകടുത്തും
മത്തഗജേന്ദ്രൻമദിച്ചുംനദിച്ചും
മസ്തകംകുത്തിക്കരണംമറിഞ്ഞും
ചിത്തപ്രസാദംകരുത്തുപെരുത്തൊരു
ഹസ്തിവരന്റെ ചരിത്രംവിചിത്രം

ഹൂഹൂഎന്നുപേരാകും ഗന്ധർവ്വാധിപൻവീരൻ
ബാഹുവീര്യമുള്ളൊരുദേഹംതാനതുകാലം
മോഹംകാരണമോരോസാഹസംപ്രവർത്തിച്ചു
മാഹാത്മ്യമതുംപോയിമാമുനിയുടെശാപാൽ
ദേവലാക്ഷ്യമുനിശ്രേഷ്ഠൻ കേവലംവാണരുളുന്നാ
ശൈലരാജാടവിതന്നിൽ ഖേലനംചെയ്വതിന്നായി
ഹൂഹൂവാകുന്നഗന്ധർവ്വൻ ഭാര്യമാരോടൊരുമിച്ചു
മോഹമൂലംജലക്രീഡയ്ക്കുചെമ്പട്ടപുറപ്പെട്ട
മാമുനീന്ദ്രൻകുളിക്കുന്ന വാപിതന്നിൽചെന്നിറങ്ങി
കാമിനിമാരോടുകൂടി കാമിതങ്ങൾക്കരുകുലൻ
മദ്യപാനംചെയ്തുന്നായാടിച്ചു മാനിനിമാക്കും
മദ്യകുംഭംകൊണ്ടുവന്നുകൊടുത്താശുകുടിപ്പിച്ചു
വസ്ത്രമെല്ലാമഴിച്ചുങ്ങു കരസ്ഥംവച്ചുടൻനല്ല
നിസ്തുലൻസ്ത്രീകളുമായിട്ടിറങ്ങി വാപിതോയത്തിൽ
ഒഴുകുന്നജലംതന്നിൽ മുഴുകുംഭാര്യയെച്ചെന്നു
തഴുകുംമേനിയിൽനാടൻപുഴുകുംകുംകുമംചാന്തു-
മിഴുകുംവാരിയിൽനീരതിപ്രതിച്ചും വീഴ്പുകൾമുട്ടി

Digitized By Kerala Sahitya Akademi

കിതച്ചുംകുണ്ടിലക്കാശ്രുപതിച്ചുംഇങ്ങിനെഘോഷം
ശ്രുവിച്ചുദേവലനുള്ളിൽഭവിച്ചുകോപവുമാശു
ശപിച്ചുമാമുനിശ്രേഷ്ഠൻ ശപിച്ചുപൊമെടാമൂഢാ!

വെള്ളംകലക്കിമറിക്കുന്നനിൻറ
ഉള്ളംകലക്കിമറിക്കുന്നുഞാനും
പുള്ളിമാൻകണ്ണിമാരോടുമൊരുമിച്ചു
കള്ളുകുടിച്ചുമദിച്ചുവന്നിപ്പോൾ
നമ്മുടെവാപിയിൽവന്നിറങ്ങിബഹു
നിന്മരിയാദങ്ങൾകാട്ടുന്നകൂട്ടം
നിന്മൂലമായജലത്തിന്നശുദ്ധിയും
നിന്മിച്ചുദുർമ്മതിയായൊരുനീതാ-
നക്രമമീവണ്ണംചെയ്തതുകാരണം
നക്രമായ്പോകനീഹഹവുഗന്ധവ്വ!
ആറിൽപതിച്ചാലുംആശ്രുഗമിച്ചാലും!
മാറിതപംവന്നതിനാവതുമില്ല

ഇപ്രകാരംമഹാകോപിദേവലമാമുനിശ്രേഷ്ഠൻ
ക്ഷിപ്രമങ്ങുശാപമേകിഗ്ഗമിച്ചങ്ങാശ്രമംപുക്കു
വികൃമിഹഹഗന്ധവ്വൻപിരവോടെകയംതന്നിൽ
നക്രമായിച്ചെന്നുചാടിക്കിടന്നങ്ങുബഹുകാലം
കുംഭസംഭവശാപമേറൊരുപാണ്ഡ്യനരപതിപുംഗവൻ
കുംഭിയായ്മരുവുംകയത്തിനകത്തുപുക്കിതുനക്രവും
ഇമ്പമോടുകളിച്ചുമേവിനകുംഭിയേക്കടിക്കുടിനാൻ
അക്കയത്തിൽവലിച്ചിഴച്ചുതിരിച്ചുകുണ്ടിലതാക്കിനാൻ
അക്കരീന്ദ്രനെവെക്കുമുക്കുപെരുത്തനാക്രകുലോത്തമൻ

Digitized By Kerala Sahitya Akademi

പുഷ്പലാകൃതിമുതലവന്നുകടിച്ചിഴച്ചദശാന്തരേ
വിക്രമേണരണംതുടങ്ങിമഹാകരീന്ദ്രനുമപ്പൊഴേ
പത്തുനൂറുഗജങ്ങൾചെന്നുകയത്തിനുള്ളിലിറങ്ങിനി- (തും
ന്നൊത്തുകൊണ്ടുപിടിച്ചുകേറുവതിന്നതോപണിചെയ്ക
തുമ്പിക്കൈകളെക്കൊണ്ടുകുംഭികൾകുംഭിരാജന്റെറ
തുമ്പിക്കൈപിടിച്ചാശുവലിച്ചുകരയേറും
വമ്പിച്ചമഹാനക്രംതാനൊരുത്തൻപിടിച്ചുടൻ
അംഭസ്സിന്നുള്ളിലാക്കിക്കൊണ്ടുപോകുമതുനേരം
പിന്നെയുംമത്തവാരണക്കുട്ടമങ്ങുകരയേറും
പിന്നെയുംനക്രരാജൻവലിച്ചുകൊണ്ടില്ലാക്കും
കരികളാശുകരസ്സുഴഞ്ഞുപെരിയമുതലജലത്തിലാക്കും
കരികൾപൊക്കുംമുമ്പുതാഴ്ത്തുംകരിവരൻവലഞ്ഞുപാരം
പടുതപെരുകിനമുതലകടിവിടുകില്ലുതെല്ലുമവൻരുഷാ
ഝടിതിഝടിതിചിടാതെഹന്തരണംതുടങ്ങിമഹാശഠൻ
കരിവരന്നുമനസ്സുമുട്ടിഅലഞ്ഞുലഞ്ഞുവലഞ്ഞഹോ
ഹരിപദാംബുജയുഗളമുള്ളിൽനിനച്ചുഭക്തിമുഴുത്തുടൻ
കരളിൽമുന്നമിയന്നമസ്സുജപങ്ങളോർത്തുതുടങ്ങിനാൻ
തരളചിത്തമുറച്ചുവിഷ്ണുപദാർച്ചനാങ്ങൾതുടങ്ങിനാൻ
നരകമുരഹരവരദ ജയ! ജയ! നളിനനാഭനമോസ്തുതേ
ദുരിതജലനിധിതരണമടിയനുശരണമതിനുനമോസ്തുതേ
കമലസുതയുടെരമണ! ജയ ജയ! കൈടഭവൃട്ടിഷ്ണോനമോസ്തുതേ
നമസ്തേമത്സ്യമൂർത്തേ! തേനമസ്തേ കൂർമ്മമൂർത്തേ! തേ
നമസ്തേസിംഹമൂർത്തേ! തേനമസ്തേവാമനാകാര!
നമസ്തേഭാർഗ്ഗവാകാരാ! നമസ്തേലോകപാലാംഗ!

Digitized By Kerala Sahitya Akademi

നമസ്തേലോകജാലാംഗ;നമസ്തേനാഥഗോവിന്ദ!
മാനസംകൊണ്ടിപ്രകാരംജപിച്ചുനാഗരാജേന്ദ്രൻ
ധ്യാനയോഗമുറപ്പിച്ചുവിഷ്ണുരൂപംനിരൂപിച്ചു
നാമസങ്കീർത്തനംചെയ്തുതന്നേറുനമ്പികരംകൊണ്ടു
താമരപ്പൂപറിച്ചാശുപൂണ്ണപുഷ്പാഞ്ജലിചെയ്തു
കൃഷ്ണകൃഷ്ണ!രാമരാമ!കേശവാമാധവാ!വിഷ്ണോ!
വിഷ്ണുവീരാ!വിശാലാക്ഷാ!വിശ്വമൂർത്തേ!പാഹിപാഹി
ഇത്ഥംമോദോസ്തുതിചെയ്തുകണ്ടുടച്ചുവിഷ്ണുരൂപം
ചിത്തതാരിലുറപ്പിച്ചുഹസ്തിരാജൻവസിക്കുമ്പോൾ
തത്രകാണായ്വന്നുമുൻപിൽമുദ്ധമന്ദസ്മിതത്തോടെ
പത്രിരാജൻഗരുഡന്റെറഗളന്തന്നിൽവിളങ്ങുന്ന
വിഷ്ണുദേവൻചതുർബാഹുവിശ്വലോകൈകനാഥൻതാൻ
കങ്കണംകടകംകിരീടമുരസ്ഥലേവനമാലയും
ശംഖുചക്രഗദാസരോരുഹശാർങ്ഗനാന്ദകകൌമിദൻ
കനകമണിഗണമണിയുമനവധിസുരസമൂഹവുമന്തികേ
ലക്ഷ്മിയുംഭൂമിയുംപിന്നെലളിതയുവതികുടുംബവും
പക്ഷിയുംപന്നഗംപിന്നെയമരമുനിവരസംഘവും
ഏവംപ്രാഭവത്തോടേവനിന്ദിരാകാന്തൻ
ഭാവപ്രീതിയുംപൂണ്ടുതാവൽതന്നിൽശോഭിച്ചു
വിക്രമമിയലുംത്രിവിക്രമൻസുദർശന-
ചക്രംകൊണ്ടെറിഞ്ഞുശ്രുനക്രത്തെക്കൊലചെയ്തു
ബന്ധംവേർപ്പെട്ടുഗന്ധർവ്വനെഴുന്നേറു
ചന്തമേറിനന്നുവംകാന്തിയുംപ്രകാശിച്ചു
സന്തുഷ്ടാശയൻദീനബന്ധുവാംഭഗവാനെ
വന്ദിച്ചുപ്രദക്ഷിണംവെച്ചുവന്ദനംചെയ്തു

Digitized By Kerala Sahitya Akademi

ദേവലശാപമൊഴിഞ്ഞുടനോനിജ
രൂപമെഴുന്നൊരുഗന്ധർവ്വനപ്പോട്ട
ദേവലോകത്തെഗമിച്ചുരനന്തരം
ദേവൻമുകുന്ദനെറകാരുണ്യംകൊണ്ടാശ്രു
കേവലംഭക്തിസചിത്രരൂപംവെടിഞ്ഞാശ്രു
ദേവനെറസാത്രുപ്യംപ്രാപിച്ചുമന്നവൻ
ഇന്ദ്രദ്യുമ്നാഖ്യനാംപാണ്ഡ്യനരപതി
ചന്ദ്രബിംബാനനൻചാരുകളേബരൻ
കേയൂരനൂപുരംകാഞ്ചിപൂഞ്ചേലയും
കൈവിൾമൽമോതിരംകങ്കണംകിങ്ങിണി
എന്നുതുടങ്ങിമഹാവിഷ്ണുചിഹ്നങ്ങ-
ളൊന്നൊഴിയാതെസമസ്തംധരിച്ചിന്ദ്ര-
ദ്യുമ്നമഹീപതിധന്യൻകൃതാത്മനായ്
വന്ദനംചെയ്തുമുകുന്ദപാദാംബുജം
മന്ദംതൊഴുതുനമസ്കരിച്ചുബഹു
നന്ദിച്ചുവന്ദിച്ചുവാഴ്ത്തിസ്തുതിച്ചു
കൃഷ്ണാഹരേ!ജയകൃഷ്ണാഹരേ!ജയ
വൃഷ്ണികുലോത്തമ!വിശ്വംബര!ജയ
സച്ചിദാനാമയ!നിഷ്കളനിർമ്മല!
നാരായണാനന്ദ! നാളീകലോചന!
നാരദസേവിതനാരകനാശന

കുംഭസംഭവശാപകാരണമേവമൊരുഗജമായിഞാൻ
സാംപ്രതംതവകരുണയാലവിനാശിമുകുതിലഭിച്ചുമേ
ദേവതാപസഭൃത്യനായ്ച പിടിവൻഗതിപെന്നതും

Digitized By Kerala Sahitya Akademi

ദേവദേവഹരമുകുന്ദജഗന്നിവാസനമോസ്തുതേ
ഇത്ഥമങ്ങുനമസ്കരിച്ചുഴനേരമുനിന്നിതുമന്നവൻ
ബദ്ധമോദമഥോയിമാനമുടൻകരേറിമഹാപ്രഭൻ
പത്രിരാജഗമേവസിച്ചുഗമിക്കുമീശപരസന്നിധൌ
തത്രചെന്നവസിച്ചുവിരവൊടുസത്വവാൻന്നുപപുംഗവൻ

ഗജേന്ദ്രമോക്ഷം പറയൻതുള്ളൽ

സമാപ്തം.

Digitized By Kerala Sahitya Akademi

അതിമനോഹരങ്ങളായ ചിത്രങ്ങളോടും കൗതുകകരമാ
യ ബൈൻറോടും മിനുസക്കടലാസ്സിൽ വൃത്തിയായ
അച്ചടിയോടും കൂടി പ്രസിദ്ധപ്പെടുത്തീട്ടുള്ള
വിശിഷ്ടഗ്രന്ഥങ്ങൾ.

അദ്ധ്യാത്മരാമായണം	1—8—0
പാട്ടുകൾ ഒന്നാം ഭാഗം	1—8—0
പാട്ടുകൾ രണ്ടാം ഭാഗം	2—0—0
ഓട്ടംതുള്ളൽകൾ (പന്ത്രണ്ടു മഹാകവികൾ) രചിച്ച 18 കഥകളോടുകൂടിയത്	2—8—0
കുഞ്ചൻനമ്പ്യാരുടെ തുള്ളൽകഥകൾ ഒന്നാം ഭാഗം	2—0—0
ടി. രണ്ടാം ഭാഗം	2—0—0
സർ രാമവർമ്മ	1—0—0
ജോഷ്വാ പട്ടാഭിഷേകം	1—0—0
ഷഷ്ടിപൂർത്തിലക്കം:—കൊച്ചി വലിയ തമ്പുരാൻ തിരുമനസ്സിലെ ജീവചരിത്രം 176 ചിത്രങ്ങളോടുകൂടിയത്.	0—8—0

ആവശ്യപ്പെടേണ്ടും മേൽവിലാസം:—

മാനേജർ,

മംഗളോദയം പ്രസ്സ്,

തൃശ്ശിവപേരൂർ.

Digitized By Kerala Sahitya Akademi